MR. K. GEORGE (*Chief Secretary to Government*): This notice is not for the Secretariat Officers to collect any information. The reason why this notice is required is not that the Secretariat does not possess information on the different subjects. But in the case of the Heads of the Departments, there would be some difficulty in the matter of preparing their answers to the cut motions. In some cases, they may have to make references to their subordinates. In some other cases they may have to take the orders of Government as to what they should say in reply to certain motions. For all these reasons, it is desirable that we have the period of notice now given in the Standing Order, namely, five days. It is not the Secretariat Officers that come and make demands here; it is the Head of the Department himself. He makes the demand; and *he* has to answer the questions raised during the discussion of the cut motions. He has to prepare his case; and that takes some time. And, in the preparation of his answers, sometimes, he has to consult other officers. Sometimes he has to make a consultation with Government. It is for these reasons that we desire to have the five days' notice now provided for in the Standing Orders.

I may also say a word about one other point, namely, the analogy of the adjournment motions. The difference between adjournment motions and cut motions on the Budget is this. The adjournment motion is and has to be only on one matter of urgent public importance. But, the motions for the reduction of grants, as the House well knows, deal with a multitude of important questions. That is the difference between cut motions and adjournment motions. That is all that I have to say.

MR. E. G. MCALPINE (*Director of Public Instruction*): It is not my habit, Sir, to intervene in a discussion that does not concern matters relating to the Education Department. Although this is a general topic, it has a practical significance for the Heads of Departments who have, in the Council, during the Budget Session, to answer for their respective departments and, there are practical difficulties which I do not think the members on the other side of the House appreciate. The Education Department, for example, last year, had over one hundred token cut motions.

Now, Sir, there are three kinds of token motions, one where the member does not specify what he wants to talk about; a second type where the member specifies the topic and the topic is a general one say for example, he wishes to discuss the grievances of a certain class of teachers under the reorganisation of the Vernacular School Teachers' salary. On a topic of such kind, it is natural to expect that the Director of Public Instruction will have information in his office, and, if *he* has not got it in *his* office, he can have access to the Chief Inspector who will have it. But, Sir, there is a third type of cut motions dealing with specific places and with specific teachers and with the grievance of perhaps of some headmaster of some school. In a case of this kind, generally, with three days' notice, it will not be possible for the member, in charge of the reply to the cut motion, to get all the information necessary. During the last Budget Session, I had an instance where the information required was not available in my office; it was not available in the office of the Chief Inspector, and I requested him to send for it to the office of the Assistant Inspector concerned. But the Assistant Inspector was not at headquarters; he is an officer who has to be out on tour for not less than two-thirds of the month. The letter goes to his camp. He might have gone to a place, sometimes twenty or thirty miles off from headquarters, so that by the time the letter goes to the camp he leaves that place and goes to another place. The letter thus follows him sometimes for days together.

MR. K. P. NILAKANTA PILLAI (*Chirayinkil*): Without reference to three classes of motions that the Director has now been speaking of, may I know from him whether there does not arise a presumption that the Head of the Department is expected to post himself with all information, about the conduct and other matters of all the headmasters of schools, in the ordinary course of things, apart from the motions in the Council?

MR. E. G. MCALPINE (*Director of Public Instruction*): As long as the members on the other side do not expect me to send for information from subordinate offices, and expect me only to place before them whatever information is available in *my* office, I am only delighted. But the fact remains that the members choose to move cut motions on any topic whatever; and I am expected to deal with them. On the last occasion, Sir, there were certain type of motions—and I have no reason to believe that such motions will not occur in future also—upon which it is impossible for any departmental head to get the required information in time. As long as the members on the other side of the House understand this, I dare say they would not fail to realise that this is a genuine difficulty that we have in the matter.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*) : May I ask the member whether the difficulties that he is now referring to are peculiar to the Travancore Legislative Council ?

MR. E. G. MCALPINE (*Director of Public Instruction*) : I have experience of only one other Legislative Council in India ; and there, the period of notice was longer than here.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*) : The learned Law Member said that for the convenience of the heads of departments these five days' notice was necessary. Are not these departmental heads expected to be thorough with every topic concerning their department ? We, the members on this side of the House, want to curtail this period of notice to three days, because we want to get ample time to study the Budget. We cannot be expected to be thorough with departmental matters as the heads of the departments concerned. The departmental heads have to prepare their Budgets and send them to Government early enough, when *they* could have studied everything concerned with their own Budgets long before the meeting of the Council. Therefore, for replying to the cut motions during the meeting of the Council, the heads of departments do not require any previous preparation. They know, long before the meeting, what the Budget contains. On the other hand, so far as we are concerned, we require time to study the Budget and to get a clear grasp of it. It is only after studying the Budget carefully that we can send in our cut motions. It is for that purpose that we want to curtail the period of notice to three days.

Then, Sir, the Education Director said that the members on this side of the House are not in the habit of sending in the topics of their motions, generally.

MR. E. G. MCALPINE (*Director of Public Instruction*): On a point of personal explanation, Sir, I did not say that the members were not *in the habit of* sending in their topics. I said that token motions were of three kinds and that in one of those three classes the members do not send in the topics which they wish to discuss. That is quite different from saying that the members are not *in the habit of* sending in their topics. I only said *some members did not do so*.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): At any rate, in the case of the majority of members it was suggested.............................

MR. K. P. NILAKANTA PILLAI (*Chirayinkil*): May I know from the member whether in the case of token cut motions the members are bound to inform the official members the objects of the motions?

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): I do not think the members are bound to do that.

The learned Law Member said that if we could not give the five days' notice as prescribed by the Standing Orders we could request the President to waive the notice. Sir, this waiver of notice depends entirely on the good wishes and sweet will of the President. Today, we may have a President who is kind enough to grant it. Tomorrow another President may come who refuses to waive the notice. We wish to curtail this period of notice, as a matter of *right* instead of craving for a *favour* from the President.

Then, the Law Member asked whether, if an assurance is given that copies of the preliminary edition of the Budget would be supplied to the members a certain number of days before the first day of the meeting of the Budget Session, the members would have any objection to the five days' notice now provided for in the Standing Orders. Sir, in the case of these assurances, there is no statutory obligation; and it may not always be adhered to. The assurance, therefore, has no value; and we cannot depend upon it. We want to amend the Standing Order in question so that we may claim it as a matter of right. With these words, I support Mr. Asan's motion.

MR. V. S. KRISHNA PILLAI (*Tiruvalla*): മി. ദാമോദരൻ ആശാൻെറ ഭേദഗതിയോടു ഞാൻ അനുകൂലിക്കുന്നു. എല്ലാ ഡിപ്പാർട്ടുമെൻറുകളുടേയും വരവുചിലവുകളെപ്പററി പഠിക്കുന്നതിനു മെമ്പറന്മാക്കു അനുവദിച്ചുകൊടുത്തിട്ടുള്ള സമയം രണ്ടുദിവസമാണ്. അതിനെ ഒരുവിധം പഠിച്ച് ഉപക്ഷേപങ്ങളോ മററോ കൊണ്ടുവരുന്നതിനു മെമ്പറന്മാക്ക് വളരെ കുറച്ചുസമയമേ ഉള്ളു. ഓരോഡിപ്പാട്ടുമെൻറുമേലധികാരിയും അവരവരുടെ ഡിപ്പാർട്ടുമെൻറിനെസംബന്ധിച്ചിടത്തോളം ഉണ്ട അറിവുകൾ സമ്പാദിച്ചതിനുമേലാണ് ഈ ബഡ്ജററു രൂപീകരിക്കുന്നതു്. അവക്ക് ഏതെങ്കിലും ഒരു തൃപ്തികരമായ ഉത്തരം തരുന്നതിനു അഞ്ചുദിവസത്തിൽകുറഞ്ഞാൽ വളരെ പ്രയാസമായിരിക്കും. തൃപ്തികരമായ സമാധാനമല്ലാതെയിരുന്നാൽ മെമ്പറന്മാർ വളരെ അതൃപ്തരുമായിരിക്കുമെന്നാണ് പണ്ഡിതനായ ലാമെമ്പർ ഇവിടെ പ്രസ്താവിച്ചതു്. കേവലം സാധാരണബുദ്ധിക്കുതന്നെ അശേഷം യോജിക്കുന്നതായിട്ടു് ഇരിക്കുന്നില്ല എന്നാണ് എനിക്കു തോന്നുന്നതു്. പൊതുവേയുള്ള ഒരു ജ്ഞാനം സമ്പാദിക്കുന്നതിനു രണ്ടുദിവസം മാത്രമാണ് ഞങ്ങൾക്കു അനു

[Mr. V. S. Krishna Pillai.]

വദിച്ചിരിക്കുന്നതു്. ആ സ്ഥിതിക്കു് പ്രത്യേകമായ ഒരു ഡിപ്പാർട്ടുമെൻറിൻെറ ഏതെങ്കിലും ഒരു സംഗതിയെപ്പററി തൃപ്തികരമായ സമാധാനം കൊടുക്കാൻ അഞ്ചുദിവസം പോരായെന്നുപറയുന്നതു് സാധാരണബുദ്ധിക്കുതന്നെ യോജിക്കുന്നതായും ഒരിക്കലുമിരിക്കുന്നില്ല. ആ സ്ഥിതിക്കു് ഈ വാദപ്രതിവാദത്തിനുതന്നെ അവകാശമുണ്ടോയെന്നും എനിക്കുതോന്നുന്നില്ല. തീച്ചയായും മൂന്നുദിവസം ധാരാളം മതിയാകുമെന്നു സെലക്ററ്കമ്മിററി അഭിപ്രായപ്പെട്ടിരിക്കുന്നതു് വളരെ ബുദ്ധിപൂർവമാണെന്നാണു് എൻെറ അഭിപ്രായം. അതുകൊണ്ടു് മി. ആശാൻെറ ഭേദഗതിയെ ഞാൻ ഹാർദ്ദമായി അനുകൂലിച്ചുകൊള്ളുന്നു.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Sir, at the outset I must say that I would not have asked for reducing the number of days of notice from five days to three days if I thought that it would lead to inaccurate and unsatisfactory replies from the Government side. As for that matter, I submit, even at present the replies given are not satisfactory enough. If the reduction in the number of days of notice is going to lead to even more unsatisfactory replies from the official members, I am not one who would prefer that. From what the learned Law Member said I infer that the constitution of the Government machinery here is something less efficient than that of the Government of India. Otherwise, there is no reason why the Officials here alone should require a longer notice than those in the Assembly. It appears that there is something wrong either with the Government *machinery* here, or with the *personnel*. Our complaint has always been that the Government Officers are now over-paid and that they ought to be able to manage their affairs with much more efficiency than at present. Now, they themselves admit that they are not as efficient as the Officers of the Government of India. Sir, it is within the power of the Government to alter the machinery or the personnel. There is no use in telling us that they are not able to give satisfactory answers since they have been handicapped by the shortening of the period of notice.

A suggestion was made by the learned Law Member that the President has got the power to waive the notice for motions; and the Law Member asked the question whether any member on this side of the House has applied to the President for waiver of notice. I know, as a matter of fact, Sir, that several motions have been disallowed on the ground that the required notice had not been given. I may cite just one instance, Sir. I do not think any purpose would be served by my citing a number of instances. That would amount to a comment on the action of the President, which we would not be justified in making.

In *my* own case, Sir, there has been one unfortunate instance. For questions, Sir, twelve clear days' notice has to be given. For the first meeting of the Council, after I was newly elected, I sent some questions by Anchal just in time for the Secretary to get the twelve

clear days' notice. Unfortunately for me, on account of the fault of the Anchal Department, the letter was delayed, and the Secretary got only eleven days' notice. Most mercilessly, Sir, my question was rejected for want of a single day's notice.

MR. L. A. BISHOP (*Commissioner of Police*): Did the member affix the necessary stamp for his letter?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): I sent a bearing letter. We are privileged to send bearing letters to the Secretary. I wrote to the Secretary to ascertain the date of receipt of my letter. I adduced evidence as to the date of posting of the letter at Quilon. I wrote to the Anchal Superintendent. A lot of correspondence took place, but without any satisfactory result.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Did he request the President to waive notice?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): I got a reply from the Secretary, about the want of notice and the consequent rejection of my question, only about five days before the date of the meeting. I had then to write to the President for waiver of notice, get it sanctioned, again write to the Secretary and get the answers prepared after all that. I thought, all that was not easy or possible and that it would end in mere waste of my stationery.

I therefore submit, Sir, that the observations of the Law Member do not satisfy me, nor do I think that it is safe or sure to go and trouble the President for waiver of notice and get it sanctioned every time we have the difficulty.

Another question which the Law Member asked was whether this side of the House would be satisfied if an assurance is given as regards the early and timely supply of copies of the preliminary edition of the Budget. I submit, that assurance will not do. The preliminary edition of the Budget gives us only the figures. They are actually explained only during the presentation of the Budget by the Financial Secretary; and it is only after hearing the Financial Statement of the Financial Secretary that we can decide whether any cut motion is necessary. Sir, why should we undergo all these troubles when we have the right to reduce the number of days of notice? In the Assembly, Sir, they have only two days' notice.

In Madras they have only three days' notice. Sir, this is the only occasion on which I find myself happy for the fact that Travancore is after all only a small State. If it had been bigger, the learned Law Member and the other official members would demand much longer notice than even five days; because the learned Director would have to ascertain facts about the conduct of headmasters who are thousand miles away from Trivandrum. Sir, the Heads of Departments and the Secretariat Officers must be thorough with matters relating to the Heads of the Budget that they have to deal with. They have no excuse for asking for more time than what is allowed in such Councils elsewhere. With these words, I press the motion.

PRESIDENT : I think it may now be put to vote.

Those who are for the motion will please raise their hands.

All the non-official members voted for the motion and hence the motion was declared carried.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : I demand a poll.

PRESIDENT : All the non-official members who are present to-day as a body have voted for the motion. I do not think there is any necessity for taking a poll.

Already a note has been made of the members who are present to-day and all the non-officials in a body have voted for the motion.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*) : I demand a a poll just to know whether there are any neutrals among the official members.

PRESIDENT : Among the officials, let me know those who are against the motion.

All the official members stood up against the motion so that there was no neutral.

PRESIDENT : I think you are satisfied now, Mr. Kesava Pillai. There is no room for neutrals here. (Laughter).

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : I move that this Bill be taken up and passed on a subsequent meeting.

PRESIDENT : What is the sense of the House as regards the leave that is applied for?

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : This is only a continuation of the other proceeding namely that this Bill be taken up and passed on a subsequent meeting.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*) : I second it.

PRESIDENT : May I take it that the House sanctions it?

The motion was carried.

THE TRAVANCORE KSHATRIYA BILL.

MR. REVATI NAL RAMA VARMA RAJA (*Eduvagai*) : സർ, തിരുവിതാംകൂർ ക്ഷത്രിയ ബിൽ ഈ കൌൺസിലിൽ അവതരിപ്പിക്കുന്നതിന് അനുവാദം ചോദിച്ചുകൊള്ളുന്നു.

PRESIDENT : As there is no opposition I take it that leave is granted to introduce the Travancore Kshatriya Bill by Mr. Revati Nal Rama Varma Raja.

The motion was carried.

A BILL TO AMEND THE TRAVANCORE NAYAR REGULATION, II OF 1100.

MR. K. MADHAVAN PILLAI (*Trivandrum cum Neduvangad*) : I beg to move for leave to introduce a Bill to amend the Travancore Nayar Regulation II of 1100.

PRESIDENT : There is no opposition and so I take it that leave is granted to introduce a bill to amend the Nayar Regulation II of 1100.

The motion was carried.

THE TRAVANCORE MINORITY MARUMAKKATHAYAM BILL.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanacherry cum Peermade*) : I beg to move for leave to introduce the Travancore Minority Marumakkatayam Bill.

PRESIDENT : There is no opposition and so I take it that leave is granted to introduce the Travancore Minority Marumakkatayam Bill.

The motion was carried.

THE TRAVANCORE PARTITION BILL.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : I ask permission for leave to introduce the Travancore Partition Bill.

PRESIDENT : There is no opposition and so I take it that leave is granted to introduce the Travancore Partition Bill.

The motion was carried.

A BILL TO AMEND THE LAW RELATING TO INHERITANCE AND SUCCESSION AMONG MUSLIMS OF TRAVANCORE.

MR. P. S. MAHOMED (*Nominated*): മുസ്ലിമീങ്ങളുടെ ഇടയിൽ ചിൻതുടച്ചാവകാശത്തെപ്പററി നിശ്ചയിക്കുന്നതിനു ഒരു ബിൽ ഈ സഭയിൽ ഹാജരാക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചു കൊള്ളുന്നു.

PRESIDENT : There is no opposition and so I take it that leave is granted to introduce a Bill to amend the Law relating to inheritance and succession among Muslims of Travancore.

The motion was carried.

RESOLUTIONS ON MATTERS OF GENERAL PUBLIC INTEREST.

ADVERTISEMENT OF VACANCIES AND COMMUNAL REPRESENTATION IN PUBLIC SERVICE.

MR. A. C. KURIAKOSE (*Minachil cum Devicolam*) : This Council recommends to the Government that, in regard to the appointments to be made during the next five years in the various departments and grades of the Travancere Public Service, notification be published inviting applications for vacancies occurring in any department, that preference be given to the applicant belonging to the community that is least represented in the particular department on the basis of population, provided his examination qualifications are not inferior to those prescribed for the same appointment in the Travancore Service Regulations, and that the same policy be adopted in the case of appointments made from the service to the various grades.

MR. A. C. KURIAKOSE (*Minachil cum Devicolam*) : സർ, ഇന്നത്തെ കാര്യപരിപാടിയിൽ ഉള്ള ഒന്നാമത്തെ പ്രമേയം ഞാൻ ഇവിടെ അവതരിപ്പിച്ചു കൊള്ളുന്നു.

"തിരുവിതാംകൂർ പബ്ലിക്കസർവീസിലെ വിവിധ ഡിപ്പാർട്ടുമെൻറുകളിലേക്കും ഗ്രേഡുകളിലേക്കും അടുത്ത അഞ്ചുവർഷക്കാലത്തേക്കു നടത്തുന്ന നിയമനങ്ങളുടെ സംഗതിയിൽ ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൽ ഒഴിവുണ്ടാകുമ്പോൾ ആ വിവരം പരസ്യപ്പെടുത്തി അപേക്ഷകൾ

[Mr. A. C. Kuriakose.]

ക്ഷണിക്കുകയും ടി ഡിപ്പാർട്ടുമെൻറിൽ ജനസംഖ്യകണക്കിനു ഏററവും കുറഞ്ഞ പ്രാധിനിധ്യമുള്ള വർഗ്ഗത്തിൽപ്പെട്ട അപേക്ഷകനു തിരുവിതാംകൂർ സർവീസു ചട്ടങ്ങളിൽ ടി ഉദ്യോഗത്തിനു നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസയോഗ്യതയിൽ കുറവില്ലാത്ത പരിക്ഷായോഗ്യതയുണ്ടെങ്കിൽ പ്രസ്തുത അപേക്ഷകനു പ്രാഥമ്യം നൽകുകയും ഓരോ ഗ്രേഡിലേക്കും സർവീസിൽ നിന്നു നിയമനം നടത്തുന്ന വിഷയത്തിലും ഈ നയം തന്നെ അനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യണമെന്നു ഈ കൌൺസിൽ ഗവൺമെൻറിനോടു ശുപാർശചെയ്യുന്നു. ''

ഇതാണു എൻെറ പ്രമേയം. ഈ പ്രമേയം തന്നെ ഇതിനു മുൻപൊരിയ്ക്കൽ ഈ കൌൺസിലിൻെറ ആലോചനക്കു വിഷയമായികൌൺസിൽ പ്രൊസീഡിംഗ്സ് ൧൬-ാം വാല്യം ൭-ാം പുസ്തകം ൪൩൯ മുതൽ ൪൪൯ വരെ വശങ്ങളിൽ ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നതിൻെറ ഉദ്ദേശത്തെപ്പററി വിവരിച്ചു പറഞ്ഞിട്ടുള്ളതു രേഖപ്പെടുത്തിയിട്ടുള്ളതായി കാണാം. ഈ പ്രമേയത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതായ സംഗതികൾ എല്ലാം അന്നു പറയുകയും, അന്നു ഈ കൌൺസിലിലെ ചില സാമാജികന്മാർ അതിനെ അനുകൂലിച്ചു പ്രസംഗിക്കുകയും ചെയ്തുകഴിഞ്ഞിരിയ്ക്കുന്നു. നമ്പൂതിരി ബിൽ ഇതിനെ തുടർന്നു വാദപ്രതിവാദം നടത്തിയതു കൊണ്ടു ഈ പ്രമേയത്തെ സംബന്ധിച്ചു കൂടുതൽ നിരൂപണം ചെയ്യുന്നതിനു സന്ദർഭം ലഭിക്കാത്തതു നിമിത്തം ഇപ്പോൾ വീണ്ടും അവതരിപ്പിക്കാൻ ഇടയായിട്ടുള്ളതാകുന്നു.

ഈ പ്രമേയത്തെപ്പററി കൂടുതലായ വിമർശനം കൂടാതെ ഞാൻ അന്നു പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾ ഏതൊക്കെയാണോ അവയെ ആസ്പദമാക്കിത്തന്നെയാണ് എനിയ്ക്കു ഈ പ്രമേയത്തെ സംബന്ധിച്ചു കൌൺസിലിൻെറ ശ്രദ്ധയെ ആകർഷിക്കേണ്ടിയിരിക്കുന്നതു്. അതിനാൽ ഈ കൌൺസിലിൻെറ ഗാഢമായ ശ്രദ്ധയ്ക്കും തീരുമാനത്തിനും വിഷയമായിത്തീരുന്നതിനായി ഞാൻ ഈ പ്രമേയത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. P. S. MAHOMED (*Nominated*): ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

MR. ITTOOP ITTEECHAN (*Kunnatnad*) : ഈ പ്രമേയത്തിന് ഞാൻ ഒരു ഭേദഗതി ഹാജരാക്കുന്നു. ഈ പ്രമേയത്തിൽ ഡിപ്പാർട്ടുമെൻറുകളിലേക്കും ഗ്രേഡുകളിലേക്കും എന്നുള്ളതിനും നടത്തുന്ന നിയമന

ങ്ങളുടെ എന്നുള്ളതിനും മദ്ധ്യേ അടുത്ത ൫ വർഷക്കാലത്തേക്ക് എന്നുള്ളതിനെ എടുത്തുകളയണം. "അപേക്ഷകരെ ക്ഷണിക്കുകയും", എന്നതിനും "ടി ഡിപ്പാർട്ടുമെൻറിൽ" എന്നതിനും മദ്ധ്യേ "അതാതു ആണ്ടുകളിൽ ഉണ്ടാകുന്ന നിയമനങ്ങളിൽ ൫൦ ശതമാനം" എന്നു ചേർക്കണം. "പ്രാധാന്യം നൽകുകയും" എന്നുള്ളതിനും "ഓരോ ഗ്രേഡിലേക്കും" എന്നുള്ളതിനും മദ്ധ്യേ "ആദ്യത്തെ ൫൦ ശതമാനത്തിൻെറ വിതരണത്തെ കണക്കാക്കാതെ ബാക്കിയുള്ള ൫൦ ശതമാനം മദ്രാസിലെ റൊട്ടേഷൻ സ്കീം അനുസരിച്ച് ഓരോ സമുദായത്തിനും വീതിച്ചുകൊടുക്കണം." എന്നു ചേർക്കണം. ഇങ്ങിനെ വരുമ്പോൾ ഭേദഗതി പ്രമേയം താഴെപറയുന്നപ്രകാരമായിരിക്കും.

"തിരുവിതാംകൂറിലെ പബ്ലിക്ക് സർവീസിലെ വിവിധഡിപ്പാർട്ടുമെൻറുകളിലേയ്ക്കും ഗ്രേഡുകളിലേക്കും നടത്തുന്ന നിയമനങ്ങളുടെ സംഗതിയിൽ ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൽ ഒഴിവുണ്ടാകുമ്പോൾ ആ വിവരം പരസ്യപ്പെടുത്തി അപേക്ഷകരെ ക്ഷണിക്കുകയും അതതു ആണ്ടിൽ ഉണ്ടാകാവുന്ന നിയമനങ്ങളുടെ അൻപതു ശതമാനം ടി ഡിപ്പാർട്ടുമെൻറിൽ ജനസംഖ്യക്കണക്കിന് ഏററവും കുറഞ്ഞ പ്രാതിനിധ്യമുള്ള വർഗ്ഗത്തിൽപെട്ട അപേക്ഷകന്, തിരുവിതാംകൂർ സർവീസ്ചട്ടങ്ങളിൽ ടി ഉദ്യോഗത്തിന് വിദ്യാഭ്യാസയോഗ്യതയിൽ കുറവില്ലാത്ത പരീക്ഷായോഗ്യതയുണ്ടെങ്കിൽ പ്രസ്തുത അപേക്ഷകന് പ്രാധാന്യം നൽകുകയും ആദ്യത്തെ അൻപതു ശതമാനത്തിൻെറ വീതത്തെ കണക്കാക്കാതെ ബാക്കിയുള്ള ൫൦ ശതമാനം മദ്രാസിലെ റൊട്ടേഷൻ സ്കീം അനുസരിച്ച് ഓരോ സമുദായത്തിനും വീതിച്ചു കൊടുക്കുകയും ഓരോ ഗ്രേഡിലേക്കും സർവീസിൽനിന്നും നിയമനം നടത്തുന്ന വിഷയത്തിലും ഈ നയം തന്നെ അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യണമെന്ന് ഈ കൌൺസിൽ ഗവൺമെൻറിനോട് ശുപാർശചെയ്യുന്നു."

MR. D. FRANCIS (*Nominated*): I second the amendment.

MR. A. C. KURIAKOSE (*Minachil cum Devicolam*): ഞാൻ ഈ ഭേദഗതിയെ സ്വീകരിക്കുന്നു.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*); I move the following amendment to the resolution now placed before the House.

1. Delete "during the next five years in the various Departments and Grades of" and substitute "in."

2. Delete the portion after the word "department" in line 5 and substitute the following.—

> "that appointments be made (in order) out of the list of candidates selected for appointments to the various grades of Public Service, by a Staff Selection Board consisting of an elected non-official majority appointed for the purpose and that the mere accident of a citizen having been born in or belonging to a particular community, caste or creed shall not prejudice or directly or indirectly affect his rights and claims for selection to any appointment or promotion thereon in the service of the State appointments carrying a salary of Rs. 15 and below, and Rs. 500 and above, per mensem, may of course be exempted."

ഈ പ്രമേയത്തിനു എനിക്ക് ഒരു ഭേദഗതി ഹാജരാക്കാനുണ്ട്. ആ ഭേദഗതി ഇപ്പോൾ ഹാജരാക്കാമെന്നു ഞാൻ വിചാരിക്കുന്നു. മി. കുര്യാക്കോസ് പറഞ്ഞതുപോലെതന്നെ ഈ പ്രമേയം ഇതിനുമുൻപൊരിക്കൽ അവതരിപ്പിച്ച സമയത്തു ഞാൻ ഏതെല്ലാം കാരണങ്ങൾ പറഞ്ഞ് എത്തുത്തുവോ അതിനെക്കാൾ കൂടുതലായി യാതൊന്നും പറയണമെന്നു ഞാനും വിചാരിക്കുന്നില്ല. ഇവിടെ ചില സമുദായക്കാർക്ക് ഉദ്യോഗം ശരിയായ വിധത്തിൽ കിട്ടാത്തതുകൊണ്ടു സങ്കടമുണ്ടെന്നു ഞാൻ മനസ്സിലാക്കിയതുകൊണ്ടാണു ഇതിന് ഇങ്ങനെ ഒരമൻഡുമെൻറു ഹാജരാക്കിയിട്ടുള്ളതു്. ഈ പ്രമേയം പാസാകാതെ ഈ ഭേദഗതി പാസാകണം എന്നാണ് എൻെറ അഭിപ്രായം. ഞാൻ ഈ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു് ഒരു സ്റ്റാഫ് സെലക്ഷൻ ബോർഡ് ഏർപ്പെടുത്തണമെന്നും ഉദ്യോഗത്തിനു നിയമിക്കപ്പെടേണ്ടവരുടെ ലിസ്റ്റ് അവർ തയ്യാറാക്കണമെന്നും അതിലേക്കുവേണ്ട കണ്ടീഷൻസ് എല്ലാം ഗവൺമെൻറും സ്റ്റാഫ് സെലക്ഷൻബോർഡും കൂടി നിശ്ചയിക്കണം എന്നുമാണ്.

ചില സമുദായക്കാർക്ക് ഉദ്യോഗം ശരിയായി ലഭിക്കാതിരിക്കുന്നതിനെ പരിഹരിക്കുന്നതിനുള്ള ഒരു മാർഗ്ഗം ഈ പ്രമേയത്തിൽ വിവരിക്കുന്നതുപോലെ ആണോ എന്ന് എനിക്കു സംശയമാണ്. അതുകൊണ്ട് ഈ പ്രമേയം മതിയാകയില്ലെന്നും പല സന്ദർഭങ്ങളിലും ഇതു് അപകടം ഉണ്ടാക്കിത്തീർക്കുമെന്നും എനിക്കു തോന്നുന്നു. ൧൫ രൂപായിൽ താണ ശമ്പളക്കാരുടേയും ൫൦൦ രൂപാക്കു മേലുള്ള ശമ്പളക്കാരുടേയും നിയമനം സ്റ്റാഫ് സെലക്ഷൻ ബോർഡിൽനിന്നും ഒഴിവാക്കണമെന്നു ഞാൻ ഈ ഭേദഗതിയിൽ പറഞ്ഞിട്ടുണ്ട്. അതിനുള്ള കാരണം

ഒന്നാമത്തു് ൧൫ രൂപാക്കുതാഴെയുള്ള ശമ്പളക്കാരുടെ കാൎയ്യമല്ലാ പ്രയോക്താവു് ഈ പ്രമേയംകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു് എന്നുള്ളതുകൊണ്ടും രണ്ടാമത്തു് അതിൽ വലിയ വഴക്കുണ്ടാകയില്ല എന്നു തോന്നിയതുകൊണ്ടും ആണു്. ൫൦൦ രൂപാക്കുമേൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാർ മിക്കവാറും ഡിപ്പാർട്ടുമെൻറു് മേലധികാരികളാണു്. അങ്ങനെയുള്ള ഉദ്യോഗത്തിനു പല വിദഗ്ദ്ധന്മാരേയും നിയമിക്കേണ്ടിവരും എന്നുള്ളതുകൊണ്ടു് ആ അധികാരം ഗവണ്മെൻറിനുതന്നെ ഒഴിച്ചുവയ്ക്കേണ്ടതാണു്. ദിവാൻജിയെ സ്റ്റാഫ്സെലക്ഷൻബോർഡുവേണം നിയമിക്കാൻ എന്നു പറയുന്നതു് ശരിയല്ലല്ലോ. ഞാൻ ഇതിൽ ൫൦൦ രൂപാക്കുമേൽ എന്നു പറഞ്ഞിരിക്കുന്നതു് ഒരു തോതു നിശ്ചയിച്ചു എന്നേയുള്ളു. അതു് ഈ കൌൺസിലിൻെറ യുക്തംപോലെ ഭേദപ്പെടുത്തുന്നതിനു് എനിക്കു വിരോധമില്ല.

MR. N. K. KRISHNA PILLAI (*Neyyattinkara*): സ്റ്റാഫ്സെലക്ഷൻ ബോർഡിൻെറ ഫങ്ക്ഷൻ എന്താണെന്നു വ്യക്തമായി പറഞ്ഞാൽ കൊള്ളാം. അതായതു് ഒരു ഡിപ്പാർട്ടുമെൻറിൽ ഒരു ഒഴിവു വരുമ്പോൾ ഒരാളിനെ നിയമിക്കാനുള്ള അധികാരം ആ ഡിപ്പാർട്ടുമെൻറിനു ഇല്ലാതെ സ്റ്റാഫ്സെലക്ഷൻ ബോർഡിനാണോ കൊടുക്കേണ്ടതു് എന്നു വ്യക്തമായി പറഞ്ഞാൽകൊള്ളാം?

MR. L. R. RAJA RAJA VARMA KOILTAMPURAN (*Changanachery cum Peermade*): സ്റ്റാഫ്സെലക്ഷൻ ബോൎഡ് ഒരു എലക്റ്റഡ്നാൺ അഫിഷ്യൽ മെജാറിട്ടിയോടുകൂടി ഗവണ്മെൻറു രൂപീകരിക്കണം എന്നാണു ഞാൻ ഉദ്ദേശിക്കുന്നതു്. അടുത്ത പ്രമേയത്തിനു ഞാൻ അയച്ചിട്ടുള്ള ഭേദഗതിയിൽ ഇതു കുറെക്കൂടി വ്യക്തപ്പെടുത്തിയിട്ടുണ്ടു്. അടുത്തുവരാൻപോകുന്ന രണ്ടു പ്രമേയവും ഏതാണ്ടു് സാമ്യമുള്ള വിഷയങ്ങളാകയാൽ അവയെല്ലാം ഒന്നിച്ചു് വാദപ്രതിവാദം നടത്തുന്നതാണു് നല്ലതെന്നു എനിയ്ക്കു തോന്നുന്നു. ഒരു സ്റ്റാഫ്സെലക്ഷൻബോഡ് ഏർപ്പെടുത്തി മാസംതോറുമോ അല്ലെങ്കിൽ മൂന്നു മാസത്തിൽ ഒരിയ്ക്കലോ അവരുടെയോഗം കൂടി ഉദ്യോഗത്തിനുള്ള അപേക്ഷകന്മാരുടെ ഒരു ലിസ്റ്റെടുത്തു് ആ ലിസ്റ്ററു ക്രമത്തിനു ഉദ്യോഗങ്ങൾനൽകണം. അതിൻെറ ഡീറെറയിൽസ് എല്ലാം ഇപ്പോൾ എനിയ്ക്കു പറയാൻ കഴിയുമായിരുന്നു എങ്കിൽ ഇങ്ങനെ ഒരു പ്രമേയംതന്നെ ഞാൻ അവതരിപ്പിക്കുമായിരുന്നു. അതിൻെറ ഡീറെറയിലെല്ലാം ഗവണ്മെൻറും സ്റ്റാഫ്സെലക്ഷൻബോഡും കൂടി ആലോചിച്ചു

[Mr. L. R. Raja Raja Varma Koil Tampuran.]

ചെയ്യേണ്ടതാണ്. ഇതുപോലെ ഒരു ബോഡ് മദ്രാസിൽ ജോലിചെയ്തിരുന്ന എന്നും അടുത്തകാലത്ത് അത് എടുത്തുകളഞ്ഞു എന്നും ഞാൻ കേട്ടു. ഇപ്പോഠം ആ ബോഡ് ഉണ്ടോ എന്ന എനിയ്ക്ക നിശ്ചയമില്ല. ഏതായാലും ഒരു വലിയസംസ്ഥാനത്തുള്ള നിയമനങ്ങളെ സംബന്ധിച്ച് ഇങ്ങനെ ഒരു ബോഡ് ജോലിചെയ്തുവന്നിരുന്ന എന്ന് എനിക്കറിയാം.

PRESIDENT: നിങ്ങഠം മി. ഇട്ടീച്ചൻ ഭേദപ്പെടുത്തിയ പ്രമേയത്തെ സംബന്ധിച്ചാണോ പറയുന്നത്?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഞാൻ മി. കുര്യാക്കോസിൻെറ പ്രമേയത്തെപ്പററിമാത്രമാണ് സംസാരിയ്ക്കുന്നത്.

PRESIDENT: ആദ്യത്തെ പ്രമേയമല്ല കൗൺസിലിൻെറ ആലോചനയിൽ ഇരിക്കുന്നത്. മി. കുര്യാക്കോസ് അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തിന്മേ മി. ഇട്ടീച്ചൻ ഒരു ഭേദഗതി ഹാജരാക്കി. അതിനെ സ്വീകരിച്ചിട്ടുണ്ട്. ഇങ്ങനെ ആ ഭേദഗതിയോടുകൂടിയ ഒരു പ്രമേയമാണ് സഭാമുമ്പാകെ ഇരിക്കുന്നത്.

MR. L. R. RAJA RAJA VARMA KOILTAMPURAN (*Changanachery cum Peermade*): ആ ഭേദഗതി പ്രമേയ കത്താവുമാത്രമേ സ്വീകരിച്ചിട്ടുള്ളു. പ്രമേയകത്താവുമാത്രം സ്വീകരിച്ചതു ഈ കൗൺസിൽ സ്വീകരിച്ചതായിട്ടു വരുന്നതല്ല.

PRESIDENT: മി. കുര്യാക്കോസിൻെറ പ്രമേയം സ്വീകരിക്കണോ ഇല്ലയോ എന്നുള്ളതു് പിന്നീട നിശ്ചയിക്കേണ്ടതാണ്. ഇപ്പോഠം മി. ഇട്ടീച്ചൻെറ ഭേദഗതിയോടുകൂടിയ പ്രമേയമാണ് ഇവിടെയിരിക്കുന്നതു്. ആ ഭേദഗതി മി. കുര്യാക്കോസ് സ്വീകരിക്കയും ചെയ്തു.

MR. L. R. RAJA RAJA VARMA KOILTAMPURAN (*Changanachery cum Peermade*): എല്ലാ ഭേദഗതിയും കൂടി ഒന്നിച്ച ഡിസ്കസ് ചെയ്താൽ നന്നായിരിക്കുമെന്ന ഞാൻ ആദ്യമെ അഭിപ്രായപ്പെട്ടു. ഇപ്പോഠം മി. കുര്യാക്കോസിൻെറ പ്രമേയം അവതരിപ്പിച്ച സെക്കൻഡുചെയ്തിരിക്കയാണ്. മി. ഇട്ടീച്ചൻെറ ഭേദഗതി ഈ കൗൺസിൽ ഇനിയും അനുവദിച്ചിട്ടില്ല. അതുകൊണ്ടു ഈ പ്രമേയത്തിനുള്ള ഭേദഗതികളെല്ലാം കൂടി ഒരുമിച്ച വാദപ്രതിവാദം നടത്തുകയും ഒടുവിൽ പ്രത്യേകം പ്രത്യേകം വോട്ടിനിടുകയും ചെയ്യണമെന്നാണ് എൻെറ അഭിപ്രായം. അങ്ങനെ ഇതിനുമുമ്പുചെയ്തിട്ടുണ്ട്.

മി. കുര്യാക്കോസിനുതന്നെ ഈ പ്രമേയം പിൻവലിച്ചു് ഈ ഭേദഗതികൊണ്ടു വരാമല്ലൊ. മുമ്പിൽക്കൂട്ടി ഈ നോട്ടീസ് കണ്ടു ഭേദഗതി ഹാജരാക്കാൻ നിവ്വാഹമില്ല.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar-Vakil*): It seems to me the resolution as well as all the amendments may be discussed together. At the time of putting the question to vote they may be put in a convenient order so as to bring out the sense of the House.

PRESIDENT: That is, the resolution must be discussed independently of the amendments, and all the amendments must be discussed and judged on their merits.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): When the amendments come to the voting stage they may be put separately.

MR. A. C. KURIAKOSE (*Minachil* cum *Devicolam*). ഈ പ്രമേയം ബാലട്ടു ചെയ്തുകിട്ടിയതാണു്. ഇതു് ഇവിടെ ഹാജരാക്കാൻ പോകുന്നു എന്നു അജൻറാകൊണ്ടുകാണാം. അങ്ങനെയുള്ള പ്രമേയത്തിനു ഓരോരുത്തർ അയച്ച അമെൻറുമെൻറു സ്വീകരിച്ചു നോട്ടീസ് കൊടുത്തിട്ടുണ്ടു്. അങ്ങനെ മുമ്പിൽക്കൂട്ടി നോട്ടീസു കൊടുത്തിട്ടുള്ളതുകൊണ്ടു വന്നിട്ടുള്ള ഒരു ഭേദഗതിയാണ് മി. ഇട്ടീച്ചൻ ഇവിടെ അവതരിപ്പിച്ചതു്. അതിനെ ഞാനും അനുകൂലിക്കയും ചെയ്തു. ആ ഭേദഗതി പ്രമേയത്തിൽ ചേക്കുന്നതു സമ്മതമാണെന്നു ഞാനും പറഞ്ഞുകഴിഞ്ഞു. എൻെറ പ്രമേയത്തെ അനുകൂലിച്ചയാളും അതു സമ്മതിച്ചുകഴിഞ്ഞു. ഈ കൌൺസിലിലും അതു സമ്മതിച്ചുകഴിഞ്ഞു.

MR. REVATI NAL RAMA VARMA RAJA (*Edavagai*): കൌൺസിലിൻെറ സമ്മതം ചോദിച്ചുവോ?

MR. A. C. KURIAKOSE (*Minachil* cum *Devicolam*): കൌൺസിലിൻെറ സമ്മതം ചോദിക്കേണ്ടതു ഞാനല്ല. അദ്ധ്യക്ഷനാണ്. എന്നാൽ കൌൺസിൽ വിസമ്മതം കാണിച്ചിട്ടില്ല.

MR. G. P. NILAKANTA PILLAI (*Karunagapalli*): I rise to a point of order. Under Standing Order 50 a member who has moved a resolution shall not withdraw the same except by leave of the Council. The leave of the Council has not been given. Therefore Mr. A. C. Kuriakose is not in order in withdrawing his resolution.

PRESIDENT: മി. രാജരാജവമ്മ, നിങ്ങളുടെ ഭേദഗതിയെപ്പററി നിങ്ങൾക്കെന്താണ് പറയുവാനുള്ളതു്?

MR. L. R. RAJA RAJA VARMA KOILTAMPURAN (*Changanachery* cum *Peermade*): ഞാൻ ഭേദഗതിയെപ്പററി പറഞ്ഞുകഴിഞ്ഞു. അതിനു എതൃപ്പുണ്ടെങ്കിൽ അപ്പോൾ കൂടുതൽപറയാം. കഴിഞ്ഞതവണ ഈ പ്രമേയത്തെപ്പററി വേണ്ടിടത്തോളം വിമർശനം കഴിച്ചതാണ്.

MR. P. S. MAHOMED (*Nominated*): Standing Order No. 24 says

"An amendment must be relevant to and within the scope of the subject matter of the clause or motion to which it relates.

An amendment may not be moved which has merely the effect of a negative vote."

മി. കുര്യാക്കോസിൻെറ പ്രമേയം ഉദ്യോഗനിയമന വിഷയത്തിൽ അസമത്വസമുദായക്കാർക്കു കൂടുതൽ പ്രിഫ്റൻസു കൊടുക്കണമെന്നുള്ളതാണ്. എന്നാൽ മി. കോയിത്തമ്പുരാൻെറ ഭേദഗതി, ഇപ്പോൾ ഉദ്യോഗ നിയമനം നടത്തിക്കൊണ്ടിരിക്കുന്ന സ്ഥാനത്തെതന്നെ മാററി വേറൊരു പുതിയ സ്ഥാനമുണ്ടാക്കി അവിടെ നിന്നും ഉദ്യോഗ നിയമനം നടത്തണമെന്നാണ്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): മി. കുര്യാക്കോസിൻെറ പ്രമേയവും, മി. കോയിത്തമ്പുരാൻെറ ഭേദഗതിയും രണ്ടും ഉദ്യോഗ നിയമനത്തെ സംബന്ധിച്ചാണല്ലോ.

MR. P. S. MAHOMED (*Nominated*): അതിനെപ്പററി പറയാം. മി. കുര്യാക്കോസിൻെറ പ്രമേയം അസമത്വ സമുദായക്കാർക്കു കൂടുതൽ പ്രിഫ്റൻസ് കൊടുക്കണമെന്നാണ്. നേരെമറിച്ച് മി. കോയിത്തമ്പുരാൻെറ ഭേദഗതി അസമത്വ സമുദായത്തെപ്പററിയുള്ള ആലോചന കൂടാതെ ഒരു ലിസ്റ്റ് ശരിപ്പെടുത്തണമെന്നാണ്.

Mr. P. S. Mahommed in support of his argument read from the resolution of Mr. A. C. Kuriakose beginning with the words belonging to a particular community, etc.

MR. REVATI NAL RAMAVARMA RAJA (*Edavagai*): എന്നല്ലല്ലോ പറഞ്ഞത്.

MR. P. S. MAHOMED (*Nominated*): സാമുദായികമായ യാതൊരവകാശങ്ങളേയും മുൻനിർത്തി ചെയ്യരുതെന്നാണ്. അത് ഈ പ്രമേയത്തിൻെറ ഉദ്ദേശത്തിനു വിപരീതമാണ്.

MR. L. R. RAJA RAJA VARMA KOILTAMPURAN (*Changanachery* cum *Peermade*): പ്രമേയത്തിൻെറ ഉദ്ദേശം അതൊന്നു മാത്രമാണോ?

MR. P. S. MAHOMED (*Nominated*): അതുതന്നെയാണ് പ്രധാനമായ ഉദ്ദേശം.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*) : ഈ പ്രമേയത്തിൽ രണ്ടു ഭാഗമാണുള്ളതു്. അതിൽ എന്റെ ഭേദഗതി ആദ്യത്തെ ഭാഗത്തെ സംബന്ധിക്കുന്ന ഒന്നാണു. അതായതു് ഉദ്യോഗ നിയമനത്തിനു് ഒരു വ്യവസ്ഥയുണ്ടാകണം. മേലുദ്യോഗസ്ഥന്മാരുടെ ഇഷ്ടപ്രകാരം ഓരോരുത്തരെനിയമിക്കാൻ പാടില്ല. എവിടെയെങ്കിലും ഒഴിവുവരുമ്പോൾ നോട്ടീസ് പരസ്യപ്പെടുത്തി അപേക്ഷകരെ ഇൻവയിററ് ചെയ്യണം; ഇത്രയും ഒന്നാമത്തെഭാഗം. രണ്ടാമത്തെഭാഗം ഏതുതരത്തിലാണു് ഉദ്യോഗം നൽകേണ്ടതെന്നുള്ളതിനെപ്പററിയാണു്. ഇതിനാണു് ഞാൻ ഭേദഗതികൊണ്ടുവന്നിട്ടുള്ളതു്. അതുകൊണ്ടു് ഇതു റസല്യൂഷന്റെ ഭേദഗതിയല്ല എന്നുപറയുന്നതു ശരിയല്ല. ഇതിൽ ആദ്യത്തെഭാഗം മുഴുവനും സമ്മതിക്കുന്നു. രണ്ടാമത്തെ ഭാഗത്തിനു ഒരു നിവൃത്തിമാർഗ്ഗം ഞാൻ നിർദ്ദേശിച്ചു എന്നേയുള്ളു.

MR. P. S. MAHOMED (*Nominated*): ഈ അമൻറുമെൻറു പ്രമേയപ്രയോക്താവിന്റെ ഉദ്ദേശത്തിനു വിപരീതമല്ലേ ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*) : അമൻഡുമെൻറു അങ്ങിനെയല്ലാതെവരാൻ തരമില്ലല്ലോ. അല്പ സ്വല്പമെങ്കിലും വിപരീതമാകാതെയിരിക്കാൻ നിവൃത്തിയില്ല.

PRESIDENT : മി. കുര്യാക്കോസ്, പായിൻറ് ആഫ് ആർഡറിനെപ്പററി നിങ്ങൾക്കുവല്ലതും പറയുവാനുണ്ടോ?

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : എന്റെ പ്രമേയത്തിന്റെ ഉദ്ദേശത്തെ സ്പർശിക്കാതെ അദ്ദേഹം ഉദ്യോഗനിയമനത്തിനായി ചില പദ്ധതികൾ കൊണ്ടുവരികയാണു് ചെയ്തിട്ടുള്ളതു്. അതു എന്റെ പ്രമേയത്തോടു യാതൊരു ബന്ധവുമില്ല. അതിനാൽ ഇതു നോട്ടീസുകൊടുത്തു് പ്രത്യേകം ഒരു പ്രമേയരൂപത്തിൽ കൊണ്ടുവരേണ്ടതാണു്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : മെമ്പറുടെ പ്രമേയത്തിലും ചില പദ്ധതികളല്ലേ അടങ്ങിയിരിക്കുന്നതു്?

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : അല്ല.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : പരസ്യംചെയ്തു അപേക്ഷകന്മാരെ ക്ഷണിച്ചു വരുത്തണമെന്നും മററുമുള്ളതെല്ലാം ഒരു പദ്ധതിയല്ലേ?

MR. A. C. KURIAKOSE (*Minachil* cum *Devicolam*): അല്ല. അമെൻഡുമെൻറിൽ ആ ഭാഗം തൊട്ടില്ലാഎന്നാണ് അദ്ദേഹം പറയുന്നത്. ആ അമെൻറുമെൻറ് ഒരു അമെൻറുമെൻറിൻെറ രൂപത്തിൽ സ്വീകരിക്കാൻ പാടില്ല. ഇതിൽ കൂടുതലായിട്ട് എനിക്കൊന്നും പറയാനില്ല.

MR. REVATI NAL RAMA VARMA RAJA (*Edavagai*) : ഈ സംഗതിയെപ്പററി എനിക്കും രണ്ടു വാക്കു പറയാനുണ്ട്. മി. പി. എസ്. മഹമ്മദ് പറയുന്നത് ഈ ഭേദഗതി പ്രമേയത്തെ സംബന്ധിക്കുന്നതല്ല എന്നാണ്. എന്നാൽ ഇതു് പ്രമേയത്തെ സംബന്ധിക്കുന്ന ഒന്നുതന്നെയാണ്. മി. കുര്യാക്കോസിൻെറ പ്രമേയത്തെ രണ്ടുഭാഗമായി എൻെറ സ്നേഹിതൻ മി. രാജരാജവർമ്മ കോയിത്തമ്പുരാൻ ഭാഗിക്കാമെന്നു പറഞ്ഞു. അതിൽ ഒന്നു ഗവണ്മെണ്ടു ചെയ്യേണ്ട കൃത്യം—അതായതു പരസ്യം പ്രസിദ്ധപ്പെടുത്തി അപേക്ഷകന്മാരെ വരുത്തി അതിൽ അസമത്വസമുദായക്കാൎക്കു പ്രാധാന്യം കൊടുക്കണമെന്നുള്ളതാണ്. രണ്ടാംഭാഗം ഒരു സ്റ്റാഫ് സിലക്ഷൻ ബോർഡുണ്ടാക്കി അവർ വേണം നിയമനം നടത്താൻ എന്നുള്ളതാണ് ഭേദഗതി. അതു പ്രമേയത്തോടു സംബന്ധമുള്ളതു തന്നെയാണ്.

MR. A. C. KURIAKOSE (*Minachil* cum *Devicolam*) മി. രാജരാജവർമ്മ കോയിത്തമ്പുരാൻ നോട്ടീസ് പരസ്യംചെയ്യണമെന്നുള്ള ഭാഗത്തെ സ്പർശിക്കുന്നില്ല എന്നു പറഞ്ഞതായിട്ടറിയാമോ ?

MR. REVATI NAL RAMA VARMA RAJA (*Edavagai*) : ഞാൻ ഇങ്ങിനെയാണ് ധരിച്ചതു്.

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : ആദ്യത്തെ പ്രമേയരൂപത്തിൽ നോട്ടീസ് പരസ്യംചെയ്യണമെന്നു പറഞ്ഞിട്ടുള്ളതിൻെറ ഉദ്ദേശംതന്നെ അസമത്വസമുദായക്കാൎക്ക് കൂടുതൽ പ്രാതിനിധ്യം കൊടുക്കാനാണ് എന്നു മനസ്സിലാകുന്നില്ലേ?

MR. REVATINAL RAMAVARMA RAJA (*Edavagai*) : ആയിരിക്കാം.

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : അങ്ങിനെയിരിക്കെ ഈ അമൻഡുമെൻറുകൊണ്ടു ഉദ്ദേശവ്യത്യാസം വരുന്നില്ലേ?

MR. REVATI NAL RAMAVARMA RAJA (*Edavagi*) : ഉദ്ദേശവ്യത്യാസം വരുന്നില്ല.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*) : അസമത്വസമുദായക്കാൎക്കു കിട്ടാത്തതുകൊണ്ടു മാത്രമല്ല,

ഗവൺമെന്റിൽനിന്നും അനീതി ചെയ്യുന്നുവെങ്കിൽ അതു പൊതുജനങ്ങൾ അറിയണമെന്നും കൂടി അർത്ഥമാക്കുന്നതോ?

MR. REVATI NAL RAMA VARMA RAJA (*Edavagai*) : ഗവൺമെണ്ട് അനീതി ചെയ്യുന്നു എന്നു അർത്ഥമാക്കാൻ പാടില്ല. ഗവൺമെണ്ടുദ്യോഗസ്ഥന്മാർ പല അനീതികളും ചെയ്യുന്നു എന്നു അർത്ഥമാക്കാം.

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : ഗവർമ്മെണ്ട് ഉദ്യോഗസ്ഥന്മാരുടെ അനീതിയെ സ്പർശിച്ചിട്ടില്ല. ഈ പ്രമേയം കൊണ്ടു വന്നിരിക്കുന്നതു്, എന്നു മെമ്പർ വായിച്ചുനോക്കിയാൽ മനസ്സിലാവുകയില്ലേ?

MR. REVATI NAL RAMA VARMA RAJA (*Edavagai*) : അതൊക്കെ ഓരോരുത്തർ വായിക്കുന്നതുപോലെയും അർത്ഥമാക്കുന്നതുപോലെയുമാണ്.

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : പ്രമേയംതാവിന്റെ ഉദ്ദേശം എന്താണെന്നറിഞ്ഞുകൂടെയോ?

MR. REVATI NAL RAMA VARMA RAJA (*Edavagai*) : ഞാൻ വായിച്ചു് അർത്ഥമാക്കിയതിനെപ്പറ്റി മാത്രമേ പറയുന്നുള്ളു.

അതുകൊണ്ടു് ഞാൻ മി. രാജരാജവർമ്മ കോയിത്തമ്പുരാന്റെ ഭേദഗതിയെ അനുകൂലിക്കുന്നു.

PRESIDENT : The point of order now raised is that the amendment now put forward by Mr. Raja Raja Varma is repugnant to the provisions of Standing Order No. 24 in that it absolutely negatives the intention of the mover of the resolution. The mover points out that his intention is clear from the wording of the resolution and that what he wants by the resolution is to see that the complaint regarding consideration not having been given to the qualified candidates of the several unrepresented communities, should be remedied and that he has brought forward the resolution only for that purpose ; while Mr. Raja Raja Varma says that the resolution as worded could be divided into two distinct parts and that it virtually proposes two distinct courses of action to be adopted in filling up vacancies in the future in the several departments of the State, the one being that a Notification should be published inviting applications for vacancies occurring in any department and the other being that, in filling up the vacancies after such applications have been invited, a fairer representation ought to be given to the communities hitherto not properly represented. I am not prepared to say that the contention now put forward by Mr. Raja Raja Varma is entirely baseless. Whatever may have been the object which the mover had in view, I think that the construction attempted to be put forward by Mr. Raja Raja Varma is not unfounded. I would therefore allow the amendment and see that a discussion is had on all the

[President.]

questions involved in the resolution and the amendment. A free discussion is allowed, the two parts being taken up thereafter for vote separately. In the discussion, these two parts may be dealt with independently and the discussion proceeded with; for, to my mind it cannot be said that such a construction is not possible at all. In support of the wholesome action directed to be taken now in this matter, I would refer to Standing Order No. 24 (7). It may not be clearly applicable but then there seems to have been precedent in regard to this matter in our Council for the course of action proposed to be adopted by me. Any member who desires to speak on the resolution may do so now.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*) : സർ, ഈ കൗൺസിലിൽ കുറഞ്ഞൊരു കാലമായി.........

PRESIDENT: Because these two parts are closely connected I will allow the discussion to proceed on both these parts together.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): അവകാശമായിട്ടു ഗണിച്ചു വാദിച്ചു കൊണ്ടുവരുന്ന സംഗതി ഇതു മാത്രമാണു്. വർഗ്ഗീയപ്രാതിനിധ്യം ഉദരപൂരണം ഇതുരണ്ടിനുമാണു് പ്രതിനിധികൾ പ്രാധാന്യം കല്പിച്ചിരിക്കുന്നതെന്നു പറയുന്നതിനു എനിക്കു ഒട്ടും ലജ്ജ തോന്നുന്നില്ല. എന്നാൽ ഇതിനു ഗവണ്മെന്റുത്തരവാദിയാണെന്നുള്ളതിനും തർക്കമില്ല. ഓരോ സമുദായത്തിനും അവരവർക്കു ആവശ്യമുള്ളതായ ആഹാരം കൊടുക്കണമെന്നു ഒരുഭാഗം വാദിക്കുന്നുണ്ടു്. എഴുത്തുപള്ളിപോലും കണ്ടിട്ടില്ലാത്ത മലംതോട്ടത്തുള്ളവർക്കു കൊടുക്കണമോ, അതല്ല ഭൂരിപക്ഷാഭിപ്രായമുള്ള വർഗ്ഗക്കാർക്കു കൊടുക്കണമൊ എന്നുമറ്റൊരു ഭാഗവും വാദിക്കുന്നുണ്ടു്. ഇങ്ങനെ ഉദ്യോഗനിയമന വിഷയം ഒരു വലിയ കുഴപ്പമായി തീർന്നിരിക്കുന്നു. ഒരുവലിയ സദ്യകഴിഞ്ഞാൽ സാധാരണ പട്ടികളുടെ ശബ്ദം വലിയ ഉച്ചത്തിൽ കേൾക്കുന്നതുപോലെ ഉള്ള ഒരു കുഴപ്പമായിട്ടാണു് ഈ മുറവിളിയെ സംബന്ധിച്ചു കൃഷിക്കാരുടെ പ്രതിനിധിയായ ഞാൻ നിരൂപണം ചെയ്യുന്നതു്. തിരുവിതാംകൂറിലുള്ള പൊതുജന പ്രതിനിധികൾ ആരും തന്നെ അവർക്കോ അവരുടെ ആളുകൾക്കോ ഉദ്യോഗം വേണമെന്നു ആശിക്കുന്നില്ല. പൊതുജനക്ഷേമത്തെ ഉദ്ദേശിച്ചു് ഗവണ്മെന്റിൽ നിന്നും ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തെക്കുറച്ചു് ഇറിഗേഷൻ മുതലായവകയ്ക്കു കൂടുതൽ പണം ചിലവാക്കുന്നപക്ഷം ഈമാതിരി ഒരു വിപത്തു ഈ നാട്ടിൽ ഉണ്ടാകുന്നതല്ല. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ഉദ്യോഗം സ്വദേശിക്കു കൊടുക്കണമോ വിദേശിക്കു കൊടുക്കണമോ, ജാതി അനുസരിച്ചു കൊടുക്കണമോ

മതം അനുസരിച്ചു കൊടുക്കണോ; ആണിനു കൊടുക്കണോ പെണ്ണിനു കൊടുക്കണോ; ക്രിസ്ത്യാനിക്കു കൊടുക്കണോ, ഹിന്ദുവിനു കൊടുക്കണോ; എന്നിങ്ങനെയുള്ള തക്കങ്ങളൊന്നും വരികയില്ലായിരുന്നു.

MR. A. C KURIAKOSE (*Minachil* cum *Devicolam*): അവകാശമുള്ളവക്കു കൊടുക്കുന്നതു കൊണ്ടു വിരോധമുണ്ടോ?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ഇവിടെ ഏതെല്ലാം സമുദായക്കാരുണ്ടെന്നുള്ളതു സെൻസസ റിപ്പോർട്ടുവന്ന ശേഷം വേണം നിശ്ചയിക്കാൻ.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): ഇപ്പോഴും നിലവിലിരിക്കുന്ന റിപ്പോർട്ടുകൊണ്ടു അതു നിശ്ചയിക്കാൻ നിവൃത്തിയില്ലേ?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): നിവൃത്തിയില്ല. വേദമാണിക്കം എന്നൊരാൾ ഉദ്യോഗത്തിനുവേണ്ടി ഹിന്ദു നാടാനാണെന്നു പറയുന്നുണ്ട്. അതുപോലെതന്നെ ഒരു നായർ ഉദ്യോഗത്തിനുവേണ്ടി ഒരു അരയസ്ത്രീയെ കല്യാണം കഴിക്കാമെന്നും വിചാരിക്കുന്നു.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): ഉദ്യോഗം കൊടുക്കുന്നതിനും വിവാഹത്തിനുമായിട്ടു യാതൊരുബന്ധവുമില്ലെന്നറിയാമോ?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ധാരാളമുണ്ട്. ചിലരുടെ മനഃസ്ഥിതി അങ്ങിനെയും ആയിരിക്കും.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): ഈ അവകാശംതന്നെയും ഗവണ്മെൻറു നിശ്ചയിച്ചിട്ടുള്ള പരീക്ഷായോഗ്യതയുണ്ടെങ്കിൽ കൊടുത്താൽ മതി എന്നു പ്രമേയത്തിൽ വ്യക്തപ്പെടുത്തിയിട്ടുള്ളതായി അറിയാമോ?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ഏതായാലും ഞാൻ നിങ്ങളുടെ പ്രമേയത്തെ അനുകൂലിക്കുന്നില്ല. റവന്യൂ ഡിപ്പാർട്ടുമെൻറിൽ നായന്മാർ കൂടുതലാണെന്നും സ്കൂൾഡിപ്പാർട്ടുമെൻറിൽ ബ്രാഹ്മണരും ക്രിസ്ത്യാനികളും കൂടുതലാണെന്നും P. W. D. യിൽ മുഴുവൻ ബ്രാഹ്മണരാണെന്നും കൺട്രാക്ട് കൊടുക്കുന്നതിൽ ആ ഉദ്യോഗസ്ഥൻെറ ജാതിക്കാരെ നോക്കുന്നു എന്നും മററും പല കുഴപ്പങ്ങളും കേൾക്കുന്നുണ്ട്. റവന്യൂഡിപ്പാർട്ടുമെൻറിൽ ഇനി ക്രിസ്ത്യാനികൾക്കുമാത്രമേ ഉദ്യോഗംകൊടുക്കാൻ പാടൊള്ളു എന്ന ഒരുത്തരവുള്ളതായും കേൾക്കുന്നു. കുറ്റം്വക,നാ

[Mr. T. C. Kesava Pillai.]

ടാർ തുടങ്ങിയ ചിലസമുദായക്കാൎക്കു എക്സൈസ്ഡിപ്പാർട്ടുമെൻറിൽ ശിപായിജോലികൊടുക്കണമെന്നു പലതവണയും ഞാൻആവശ്യപ്പെട്ടിട്ടുണ്ടു്.

റവന്യൂഡിപ്പാർട്ടുമെൻറിൽ ക്രിസ്ത്യാനികൾക്കു ഉദ്യോഗം കൂടുതൽ കൊടുക്കാമെന്നു ഒരു കട്മോഷനിൽ സമ്മതിച്ചിട്ടുള്ളതായി കൌൺസിൽ പ്രൊസീഡിംഗ്സ് ൧൮-ാം വാല്യത്തിൽ കാണുന്നുണ്ടു്.

ഏതായാലും ഈ വിപ്ളവഘട്ടത്തെ ഒരുവിധം ഒഴിച്ചുവയ്ക്കണമെന്നു വിചാരിക്കുന്നപക്ഷം മനസ്സിൽ ജാതി എന്നോ മതമോ എന്നോ യാതൊരു ഭാവഭേദവുമില്ലാതെ നിഷ്കളങ്കമായി പെരുമാറുന്ന ഡിപ്പാർട്ടുമെൻറുമേലധികാരികൾ ഈ സംഗതിയിൽ പ്രത്യേകം ശ്രദ്ധിക്കണം. ഇതിലേക്കു ഒരു സ്റ്റാഫ് സിലക്ഷൻബോർഡോ ഒരു കമ്മിററിയോ ഉണ്ടായിരിക്കണം. ജാതിതിരിച്ചും മതം തിരിച്ചും സ്ത്രീപുരുഷവ്യത്യാസം തിരിച്ചും ഓരോരുത്തൎക്കും ഇത്രയിത്രഎന്നു കണക്കാക്കി അതായതു് കത്തോലിക്കാസ്ത്രീകൾക്കിത്ര നായർസ്ത്രീകൾക്കിത്ര, ബ്രാഹ്മണസ്ത്രീകൾക്കിത്ര, തോവളതാലൂക്കിനിത്ര, പറവൂർതാലൂക്കിനു ഇത്രഎന്നിങ്ങനെ കണക്കാക്കിഉദ്യോഗവിതരണം ചെയ്യണമെന്നും മററുമുള്ള സംഗതികൾ ഈ കൌൺസിലിൻെറ വിലയേറിയ സമയത്തെകളയാതെ തല്ക്കാലം നിൎത്തിവെച്ചാൽകൊള്ളാം. ധൃതിയായിട്ടുവേണമെന്നുവിചാരിക്കുന്നപക്ഷം ഞാൻ മി. രാജരാജവൎമ്മകോയിത്തമ്പുരാൻെറ ഭേദഗതിയെ അനുകൂലിക്കുന്നു.

MR. P. S. MAHOMED (*Nominated*): സർ, എൻെറ സ്നേഹിതൻ മി. കേശവപിള്ളയുടെ ഭാഷയിൽതന്നെ പറയുന്ന ഈ പട്ടിയുടെകഥ മലയാളിമെമ്മോറിയൽ കാലംമുതൽ തുടങ്ങീട്ടുള്ളതാണെന്നുള്ള സംഗതി ഓൎക്കുമ്പോൾ ഇതു കുറെ അധികം കാലമായിട്ടു നടന്നുകൊണ്ടിരിക്കുന്ന ഒരു സംഗതിയാണെന്നു മനസ്സിലാകും. എന്നുമാത്രമല്ല സാമുദായികമായ അവകാശങ്ങളെ ഗവൺമെൻറു് ഒരുവിധത്തിൽ ഗണിച്ചുവരുന്നുണ്ടു എന്നുള്ള സംഗതിയും വിസ്മരിക്കാൻ പാടുള്ളതല്ല. ഓരോ സമുദായങ്ങളുടെ അവകാശങ്ങൾ വേണ്ടവിധത്തിൽ ലഭിക്കണമെന്നു വാദിക്കുന്ന ഒരു പ്രമേയം എൻെറ സ്നേഹിതൻ പറയുന്ന ഭാഷയിൽ തള്ളിക്കളയാവുന്ന ഒന്നല്ല.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഈ അവകാശം എന്നുപറഞ്ഞതു് ഓരോ സമുദായത്തിനാണോ, അതല്ല സമുദായത്തിലെ ഓരോ അംഗങ്ങൾക്കാണോ?

MR. P. S. MAHOMED (*Nominated*): അതു പ്രമേയംകൊണ്ടുതന്നെകാണാൻ സാധിക്കും. ഓരോ സമുദായത്തിലേയും ജനസംഖ്യയനുസരിച്ചു അതിൽ യോഗ്യതയുള്ളവൎക്കു ഉദ്യോഗം കിട്ടിയാൽമതിയെന്നാണു പ്രമേയം.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): തിരുവിതാംകൂറിൽ ഇത്രസമുദായമുണ്ടെന്നു ഇതുവരെ തീരുമാനിച്ചിട്ടുണ്ടോ?

MR. P. S. MAHOMED (*Nominated*): ഗവൎമ്മെണ്ടു സ്റ്റേററുതന്നെ പലപ്പോഴും ഇതിനെസംബന്ധിച്ചു പട്ടികചോദിച്ചു് അവ മേശമേൽ വച്ചിട്ടുണ്ടു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഞാൻ ഒരു പട്ടികയും ചോദിച്ചിട്ടില്ല.

MR. P. S. MAHOMED (*Nominated*: ഇക്കൂട്ടത്തിൽ സ്റ്റേററിനെപ്പോലെയുള്ള മററു പലരും ചോദിച്ചിട്ടുണ്ടു്.

MR. MATTHEW MURIKKAN (*Vaikam*): തിരുവിതാംകൂറിലുള്ള സമുദായങ്ങളുടെ ഒരു പട്ടിക വരുത്തുന്നതു പ്രയാസമാണോ?

MR. P. S. MAHOMED (*Nominated*): ഒരു പ്രയാസവുമില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഈ കൌൺസിലിൽ തരുന്ന പട്ടിക തെററാണെന്നു പലപ്പോഴും പട്ടിക ആവശ്യപ്പെട്ട മെമ്പർമാർതന്നെ പറഞ്ഞിട്ടുള്ളതായി കേട്ടിട്ടില്ലേ?

MR. P. S. MAHOMED (*Nominated*): ഇല്ല. ഇങ്ങനെ തിരുവിതാംകൂറിൽ പലസമുദായക്കാരും ഉണ്ടെന്നും ഈ വഴക്കു് ആരംഭിച്ചിട്ടു വളരെ കാലമായിഎന്നും ഈ അവകാശം ചിലസമുദായത്തു വകവച്ചുകൊടുത്തിട്ടുണ്ടെന്നും ശരിയായി അവകാശം ലഭിച്ചിട്ടില്ലാത്ത സമുദായക്കാരാണു് ഈ മുറവിളികൂട്ടുന്നതു്എന്നും ഓൎക്കുമ്പോൾ ഇതൊരു പുതിയ സംഗതിയല്ല എന്നു മനസ്സിലാകും.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഈ പ്രമേയം ആളുകളെ അന്യസമുദായത്തിൽ ചേരുന്നതിനു് ഒരു പ്രേരകമായി കൂടിവരികയില്ലേ?

MR. P. S. MAHOMED (*Nominated*): മററുസമുദായക്കാൎക്കു ധാരാളം ഉദ്യോഗം ലഭിച്ചുകൊണ്ടിരിക്കയും അന്നു അസമത്വം അനുഭവിക്കുന്ന സമുദായക്കാൎക്കു കിട്ടാതെയിരിക്കയും ചെയ്തുകൊണ്ടിരുന്നകാലത്തു ഇങ്ങനെ സമുദായം മാറിപ്പോകുന്നതിനെപ്പററി ആരും ഭയപ്പെട്ടില്ല. അസമത്വസമുദായക്കാൎക്കു അവരുടെ ഓഹരിലഭിക്കുമ്പോൾ ഉയൎന്നസമുദായ

[Mr. P. S. Mahomed.]

ക്കാർ കീഴ്പോട്ടു വരുന്നുവെങ്കിൽ അതു അവരുടെ സമുദായാഭിമാനത്തിന്റെയും മതാഭിമാനത്തിന്റെയും ദോഷം മാത്രമാണ്. അല്ലാതെ അതു ഈ പ്രമേയത്തിന്റെ കുററമല്ല.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): മതത്തെ സംബന്ധിച്ചല്ല പറഞ്ഞത്.

MR. P. S. MAHOMED (*Nominated*): ഞാനും സമുദായത്തെ സംബന്ധിച്ചുതന്നെയാണ് പറയുന്നത്.

MR. A. C. KURIAKOSE (*Minachil cum Devicolam*): ഉദ്യോഗം അത്രമാത്രം പ്രാധാന്യമുള്ളതായിട്ടു കരുതുന്നില്ലെങ്കിൽ എല്ലാ സമുദായക്കാർക്കും ഉദ്യോഗം കൊടുക്കണമെന്നു പറയുമ്പോൾ അതിൽ വൈമനസ്യം കാണിക്കുന്നതിന്റെ അർത്ഥമെന്താണ്?

MR. P. S. MAHOMED (*Nominated*): ഉദ്യോഗം അത്ര പ്രധാനമല്ല എന്നു വല്ലവരും പറയുന്നുണ്ടെങ്കിൽ അതു് അവരുടെ മനസ്സാക്ഷിക്കു എതിരായിട്ടാണ് പറയുന്നത്. ഉദ്യോഗം വളരെ പ്രധാനമായിട്ടുള്ളതാണ്. സാമ്പത്തികമായും രാഷ്ട്രീയമായുമുള്ള ഐശ്വര്യത്തെകാംക്ഷിക്കുന്നവർ ഉദ്യോഗം പ്രധാനമായിട്ടു കരുതും.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഉദ്യോഗം പ്രധാനമല്ല എന്നു ആരെങ്കിലും ഇവിടെ പറഞ്ഞോ?

MR. P. S. MAHOMED (*Nominated*): അങ്ങിനെ ആരും പറയുകയില്ലെന്നാണ് എന്റെ വിശ്വാസം.

അതുകൊണ്ടു ഇങ്ങിനെയുള്ള ഒരു വിഷയത്തെ സംബന്ധിച്ചു വാദപ്രതിവാദം നടത്തുമ്പോൾ എന്റെ സ്നേഹിതൻ പറഞ്ഞമാതിരിയുള്ള ഒരു സ്വരമല്ല ഇവിടെ പുറപ്പെടുവിക്കേണ്ടതു്. അങ്ങിനെയുള്ള ഒരു സ്വരം എന്റെ സ്നേഹിതൻ പറഞ്ഞതുപോലെ പരിഷ്കാരം ഇന്നതാണെന്നറിയാത്ത കൃഷിക്കാർക്കും പാടങ്ങളിൽ നില്ക്കുന്നവർക്കും മാത്രമേ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ.

മി. തമ്പുരാൻ അവതരിപ്പിച്ച ഭേദഗതി ഒരിക്കലും അനുവദിക്കാൻ പാടുള്ളതല്ല. ഉദ്യോഗദാനവിഷയത്തിൽ ഗവണ്മെന്റിനുള്ള അധികാരത്തെ നശിപ്പിക്കണമെന്നുകൂടി ആ ഭേദഗതികൊണ്ടു വരുന്നുണ്ടു്.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): അടുത്തപ്രമേയത്തിനു മെമ്പർ ഭേദഗതി അയച്ചിട്ടുണ്ടോ?

MR. P. S. MAHOMED (*Nominated*): അതു് പ്രത്യേകം ഒരു പ്രമേയമാണു്.

MR. L. R RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): ഗവണ്മെൻറിൻെറ നിയമനത്തിൽ ശരിയാണെന്നു ബോധമുണ്ടെങ്കിൽ ഒരു സ്റ്റാഫ്സിലക്ഷൻ ബോർഡു വേണമെന്നു പറയുമോ?

MR. P. S. MAHOMED (*Nominated*): ഈ റെസല്യൂഷൻകൊണ്ടു ഗവണ്മെൻറിൻെറ അധികാരത്തെ എടുക്കണമെന്നു ഞാൻ ഉദ്ദേശിച്ചിട്ടില്ല.

MR. REVATI NAL RAMA VARMA RAJA (*Edavagu*): ഗവണ്മെൻറിനുള്ള അധികാരം ഈ സ്റ്റാഫ് സിലക്ഷൻ ബോർഡുകൊണ്ടു എടുക്കുന്നുണ്ടോ?

MR. P. S. MAHOMED (*Nominated*): ഉണ്ടു്. തിരഞ്ഞെടുക്കാനുള്ള അധികാരം ഗവണ്മെൻറിൽനിന്നും എടുക്കുന്നുണ്ടു്. അസമത്വസമുദായക്കാൎക്കു പ്രാധാന്യം കൊടുക്കണമെന്നാണു പ്രമേയം. ഭേദഗതി ഇന്നസമുദായമാണെന്നു കാണിക്കാതെ ഒരു സ്റ്റാഫ് സിലക്ഷൻ ബോർഡുണ്ടാക്കി അവരുടെ ലിസ്റ്റനുസരിച്ചു ഉദ്യോഗം കൊടുക്കണമെന്നാണു്. ഈ ഭേദഗതി സ്വീകാൎയ്യയോഗ്യമല്ല അതു അസമത്വസമുദായക്കാൎക്കു കൂടുതൽ ഉപദ്രവം ഉണ്ടാക്കുന്നതിനു മാത്രമാണു് അങ്ങിനെ പറയുന്നതു്. ഈ ബോർഡുതന്നെ ഇലക്റ്റഡ് മെംബൎമാരെക്കൊണ്ടു് നിറഞ്ഞിരിക്കണമെന്നാണ് പറയുന്നതു്. ആ സ്ഥിതിക്കു ആ ബോർഡിൽ ഭൂരിപക്ഷം അംഗങ്ങളുടെ സമുദായത്തിൽപെട്ടവൎക്കുമാത്രമെ ഉദ്യോഗം ലഭിക്കാൻ മാൎഗ്ഗമൊള്ളു. ഇപ്പോഴത്തെപ്പോലെ ഗവണ്മെൻറിനോടു പരാതി പറയുന്നതിനും നിവൃത്തിയില്ല. ഗവണ്മെൻറിനോടു പറഞ്ഞാൽ അതു ബോർഡ് ചെയ്തതാണെന്നു പറയും. അതുകൊണ്ടു ഞാൻ ഈ ഭേദഗതിയെ എതിൎക്കുന്നു.

MR. N. R. KRISHNAN (*Nominated*): എൻെറ സ്നേഹിതൻ മിസ്റ്റർ രാജരാജവൎമ്മകോയിത്തമ്പുരാൻ അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയെ ഞാൻ എതിൎക്കുന്നു. അസമത്വസമുദായങ്ങൾക്കു ഉദ്യോഗസംബന്ധമായി ഇപ്പോഴുള്ള കുറവിനെ പരിഹരിക്കുന്നതിനു വേണ്ടിയാണു് മിസ്റ്റർ കയ്യാക്കോസ് അദ്ദേഹത്തിൻെറ പ്രമേയം ഈ സഭ മുമ്പാകെ അവതരിപ്പിച്ചിരി

[MR. N. R. Krishnan.]

കുന്നതു്. ആ പ്രമേയകർത്താവു ഉദ്ദേശിച്ചിട്ടുള്ള ഫലത്തെ പാടെ നശിപ്പിക്കത്തക്ക വിധത്തിലാണ് അതിനു ഒരു ഭേദഗതി ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ളതു്. പ്രഥമദൃഷ്ടിയിൽ മിസ്റ്റർ കയ്യാക്കോസ അവതരിപ്പിച്ചിട്ടുള്ള പ്രമേയം ഒരു വർഗ്ഗത്തിനു പ്രത്യേകം ആനുകൂല്യം ചെയ്തുകൊടുക്കുന്നതിനു വേണ്ടി കൊണ്ടുവന്നിട്ടുള്ളതാണെന്നു തോന്നാൻ ഇടയുണ്ടു്. ഇന്നു ഉദ്യോഗത്തിനു നിശ്ചയിച്ചിരിക്കുന്ന തോതു വിദ്യാഭ്യാസയോഗ്യതയാണ്. അങ്ങിനെ വിദ്യാഭ്യാസയോഗ്യത സമ്പാദിക്കുന്നതിനു പോലും ഈ രാജ്യത്തെ പല സമുദായക്കാരേയും തടഞ്ഞു വച്ചിരുന്നു എന്നുള്ള കഥയും ഈ അവസരത്തിൽ സ്മരിക്കേണ്ടതാണ്. ഏതാനും കാലം വരെ എല്ലാ സമുദായക്കാർക്കും പാഠശാലകളിൽ പ്രവേശനം അനുവദിക്കപ്പെട്ടിരുന്നില്ല.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Chunganachery cum Peermade*): ഈ പ്രമേയം അങ്ങിനെയുള്ള സമുദായത്തെ കൂടി സംബന്ധിക്കുന്നതാണോ?

MR. N. R. KRISHNAN (*Nominated*): എനിക്കു പറയാനുള്ളതു മുഴുവനും പറഞ്ഞു തീരട്ടെ. പിന്നീടു ചോദ്യം ചോദിച്ചാൽ ഉത്തരം പറയാം. ഇങ്ങനെ ഉദ്യോഗത്തിനു ഏററവും ആവശ്യമായിരിക്കുന്ന വിദ്യാഭ്യാസം പോലും ചെയ്യുന്നതിനു യാതൊരു സൌകര്യവും ലഭിക്കാതെ അനേകം സമുദായക്കാർ ഈ രാജ്യത്തു കഴിഞ്ഞു കൂടേണ്ടതായിട്ടു വന്നിരുന്നു. അതിനു ശേഷം ഗവൺമെൻറിൻെറ കാരുണ്യാതിരേകം കൊണ്ടു ഏതാനും സ്കൂളുകൾ ഇവർക്കു തുറന്നു കൊടുത്തു. പത്തുപന്ത്രണ്ടു സ്കൂളുകൾ ഒഴിച്ചു ബാക്കി എല്ലാ സ്കൂളുകളിലും പ്രവേശനം നൽകി. ഇനിയും ഈ സമുദായക്കാർക്കു വിദ്യാഭ്യാസം സിദ്ധിക്കുന്നതിനുള്ള അവസരം പൂർണ്ണമായി കൊടുത്തിട്ടില്ല. ഇങ്ങനെ വളരെക്കാലം വിദ്യാഭ്യാസത്തിനു സൌകര്യം നൽകാതെയിരുന്നു. പിന്നീടു ഈ വിദ്യാഭ്യാസം സമ്പാദിച്ചുവരുന്ന സമുദായക്കാർക്കു അതിനു ശേഷവും ഗവൺമെൻറിൽ നിന്നു കിട്ടേണ്ട ന്യായമായ പ്രോത്സാഹനം ലഭിച്ചില്ലെങ്കിൽ അവരുടെ സ്ഥിതി എന്താണെന്നു സഭ തന്നെ തീർച്ചപ്പെടുത്തണം. ഈ രാജ്യത്തുള്ള പല ഡിപ്പാർട്ടുമെൻറുകളും ചില സമുദായക്കാർക്കായിട്ടു തിരിച്ചു വച്ചിരിക്കയാണ്. അങ്ങിനെയുള്ള ചില ഡിപ്പാർട്ടുമെൻറുകളെപ്പററി ഈ കൌൺസിലിൽ പറയാൻ പാടില്ലെങ്കിലും പേർ മാത്രം പറയുന്നതു കൊണ്ടു വിരോധമി

ല്ലെന്നു തോന്നുന്നു. നായർ പട്ടാളം എന്നു ഒരു വകുപ്പുണ്ടു്. അതിൽ നായന്മാർക്കല്ലാതെ വേറെ ആർക്കും അവകാശമില്ല. വിദേശികൾ പലരും അതിന്റെ മേലദ്ധ്യക്ഷന്മാരായിട്ടും സുബേദാർമാരായിട്ടും ഇരിക്കാൻ അനുവദിച്ചിട്ടുണ്ടു്.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*) : രാജ്യത്തിനു വേണ്ടി മരിച്ചതാരാണു്?

MR. N. R. KRISHNAN (*Nominated*) : എല്ലാ സമുദായത്തിൽ പെട്ടവരും മരിച്ചു.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*) : അതിനു റിക്കാർഡു് ഉണ്ടോ?

MR. N. R. KRISHNAN (*Nominated*): ഉണ്ടു്.

PRESIDENT : You are referring to a question of policy. It is better that you avoid it.

MR. N. R. KRISHNAN (*Nominated*): പല ഡിപ്പാർട്ടുമെന്റിലും എല്ലാ സമുദായക്കാരേയും പ്രവേശിപ്പിക്കാതെയിരുന്നു. റവന്യൂ ഡിപ്പാർട്ടുമെന്റിൽ ദേവസ്വം കൂടി യോജിച്ചിരുന്നതുകൊണ്ടു അവിടെയും പ്രവേശനമില്ലാതെയിരുന്നു. ഇപ്പോൾ ദേവസ്വം വകുപ്പിലും പ്രവേശനം ഇല്ലാതെയിരിക്കുന്നു. അതു കൊണ്ടു അസമത്വസമുദായക്കാർക്കു ഉദ്യോഗം കിട്ടത്തക്കവണ്ണമുള്ള തുറ തന്നെ വളരെ കുറവാണു്. ഉള്ള തുറകളിൽ തന്നെ വേണ്ട പ്രോത്സാഹനം കിട്ടാതെയിരുന്നാൽ അതു വളരെ സങ്കടവുമാണു്. അതിനാൽ ഇവരെ ഉദ്യോഗത്തിനു നിയമിക്കേണ്ടതു ഗവണ്മെന്റിന്റെ കടമയാണു്. അനേകം കാലമായി ഉദ്യോഗത്തിൽ പഴക്കവും തഴക്കവും ഉള്ള വർഗ്ഗക്കാർക്കു കൊടുത്ത ശേഷം ഇവർക്കു കൊടുക്കാമെന്നു പറയുന്നതു ശരിയല്ല. അതു കൊണ്ടു ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയും മിസ്റ്റർ രാജരാജവർമ്മ കോയിത്തമ്പുരാന്റെ ഭേദഗതിയെ പ്രതികൂലിക്കയും ചെയ്തുകൊള്ളുന്നു.

MR. MATTHEW MURIKKAN (*Vaikam*) : Sir, I also wish to speak a few words in connection with this question of representation in public service. Of course this matter has been discussed on the floor of this House on various occasions and as I gather from the proceedings of the Council itself our Government want the various Heads of Departments to show preference to unreprsented communities in the matter of public service and instructions have been issued to the various Heads of Departments from time to time for that purpose. Now Mr. Kuriakose in his resolution only makes a suggestion that in making appointments

[Mr. Mathew Murikkan.]

in future some preference should be given to the unrepresented communities and for the realisation of this object he makes certain suggestions which are matters of detail. Mr. Itteechan goes a little more into the detail and his amendment makes two particular suggestions. Mr. Kuriakose freely concedes that he is prepared to accept the amendment; and now comes our member from Changancherry with his suggestion of a Staff Selection Board. This was fiercely opposed by my friend Mr. Mahomed who said that the amendment cannot for a moment be entertained because it is inconsistent and it is an entirely independent point. Of course the President ruled and to that ruling we have to submit, that there is nothing in it repugnant to the rule which regulates the admission of resolutions. Anyhow to my mind it is an entirely independent point.

PRESIDENT: That would amount to discussing the ruling of the President upon the point of order.

MR. MATTHEW MURIKKAN (*Vaikam*): I submit to the ruling, stil I think I am at liberty to express my opinion.

PRESIDENT: That is questionable. The question as to whether it is an independent point or not has been decided by the Chair. You will not be in order to make your observations on that point.

MR. MATTHEW MURIKKAN (*Vaikam*): Certainly, I could have said more about the point if it were not for the fact that I submit to the ruling of the Chair. Anyhow the amendment suggested by Mr Raja Raja Varma appears to be a sort of remedy for the trouble suggested by Mr. Kuriakose. And what is the remedy? If we analyse the remedy it is nowhere. He suggested that a Board be appointed; but he does not say what should be the constitution of the Board. That is the most important thing. He says it must be an elected body.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Would the member concede that the election of the Staff Selection Board would in any way contribute to the successful solution of this problem?

MR. MATTHEW MURIKKAN (*Vaikam*): Certainly not. It depends upon various factors.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): സ്റ്റാഫ്സിലക്ഷൻ ബോർഡ് എങ്ങിനെയാണ് വേണ്ടതെന്നു പറയാമോ?

MR. MATTHEW MURIKKAN (*Vaikam*): I have something constructive about the Staff Selection Board and when coming to that question I will make the necessary suggestions.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): May I know from the learned member if an elected Selection Board will not function properly?

MR. MATTHEW MURIKKAN (*Vaikam*): Certainly not. I am going to answer that point The member need not be anxious about it. I anticipated that question and I say that it will not satisfy my apprehension and that it will not work properly. Again, Mr. Raja Raja Varma does not say whether the members of the Board are to be elected by the Legislative Council or the Assembly. He does not say what would be the basis of the election?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Which is the least objectionable form of selection according to my friend?

MR. MATTHEW MURIKKAN (*Vaikam*): Election is at all times good.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Which is the least objectionable form or the most acceptable form of election according to my friend?

MR. MATTHEW MURIKKAN (*Vaikam*): I do not approve the suggestion made by Mr. Raja Raja Varma Koil Tampuran. Therefore it is I am exposing the defects therein. Only when I approve his suggestion that a Selection Board be accepted I should suggest the most desirable form the Board should take. Now I entirely disapprove of it. Many suggestions of this kind have come and gone. On passing I may say a word of explanation with reference to what my friend Mr. T. C. Kesava Pillai said, namely, that this cry for representation in public service is a cry for bread. I entirely disapprove of that suggestion. On the other hand, I say it is only an attempt on the part of the public to secure efficiency in the public service.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറയ്ക്കുന്നതുകൊണ്ടു വിരോധമുണ്ടോ?

MR. MATTHEW MURIKKAN (*Vaikam*): I am not concerned with officers now. I am only concerned with representation in public service.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ശമ്പളം കൂടാതെ ഉദ്യോഗം സ്വീകരിക്കാൻ സ്നേഹിതന്നു സമ്മതമുണ്ടോ?

MR. MATTHEW MURIKKAN (*Vaikam*): I am not in favour of the suggestion that our Government should go in for men who are prepared to serve for nothing. We should get, of course, good men for good amount.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): Has the member any objection to have a competitive examination?

MR. MATTHEW MURIKKAN (*Vaikam*): These are unnecessary questions.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): മത്സരപരീക്ഷവച്ചാൽ പോരെ?

MR. MATTHEW MURIKKAN (*Vaikam*): I am only amazed at the question. That is the only answer I can give.

[Mr. Mathew Murikkan.]

Sir, instead of calling this cry for representation in public service an idle cry for bread, I would say it is an attempt on the part of the responsible citizens of the State to secure efficiency in public service. If I am asked how, I may say that the proper representation of all communities in service will ensure better efficiency; because, for example, in the Huzur Secretariat, if the members of the various communities are put in, it will exercise a healthy influence and all will turn out good work. That is how I view the question. It is therefore idle to say that the cry in regard to these representations in service is an idle one. By the way, I do not understand why should we be jealous of people who by honest work want to earn the bread. It should not be considered merely as an attempt for bread winning. Mr. T. C. Kesava Pillai again said that this matter may be postponed till the Census Report is received. It is also an idle suggestion; there is no necessity for waiting till then.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ജാതി തിരിച്ചു കൊടുക്കണമെന്നോ അതല്ലാ മതം തിരിച്ചു കൊടുക്കണമെന്നോ ഏതാണ് അഭിപ്രായം?

MR. MATTHEW MURIKKAN (*Vaikam*): These questions are only amusing.

MR. T. C. KESAVA PILLAI (*Kulkulam* cum *Vilavankod*): അതിന്റെ മാതൃക ഏതാണെന്നു പറഞ്ഞാൽ മതി.

MR. MATTHEW MURIKKAN (*Vaikam*): I will come to that afterwards. What I say is there is no meaning in adjourning the consideration of this resolution till the Census Commissioner sends his report. We have got recognised communities and we have various assurances given by the Government during the previous sessions of the Legislative Council. We know our Government have recognised this matter. Then, why should we wait till the Census Commissioner's report is received? If Government think that there is some difficulty in arriving at the different figures in regard to these communities why not a committee go into the matter? Let us come to some definite understanding.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): ഇങ്ങനെ ഒരു ഭേദഗതി അടുത്ത പ്രമേയത്തിലും വരുത്തിയിട്ടുണ്ടെന്നറിയാമോ?

MR. MATTHEW MURIKKAN (*Vaikam*): I am at this resolution now I do not know what comes afterwards and what my friends may say in their speeches afterwards.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Will he be satisfied if a committee will go into the whole question?

MR. MATTHEW MURIKKAN (*Vaikam*): I would be quite satisfied.. But at the same time I may say that the Government should assure us that the question will be solved in a couple of months. If the Government want to have a committee appointed, that should be done at once. That is what I want. To my mind, the postponing of the solution of this question is calculated to do immense harm to the State. It is also likely to produce bad feelings between the various communities. If at all there is any important question to be considered by Government at this oment, it is this question. So I would support the resolution of Mr. Kuriakose as amended by Mr. Ittoop Itteechan. As regards the suggestion of my friend, Mr. Raja Raja Varma Koil Tampuran, I do not for a moment find it desirable or expedient to agree with that amendment.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഞാൻ മി. രാജരാജവർമ്മകോയിത്തമ്പുരാൻെറ ഭേദഗതിയെ ശക്തിയായി എതിർത്തുകൊള്ളുന്നു. ഉദ്യോഗനിയമനത്തെ സംബന്ധിച്ചു ഈ രാജ്യത്തു വലുതായ അഴിമതികളും അക്രമങ്ങളും നടന്നുവരുന്നു എന്നുള്ളതു് ഈ നാട്ടൊട്ടുക്കു പ്രസിദ്ധമാണു്. പ്രജാസഭയിലേയും നിയമസഭയിലേയും മെമ്പർമാർ ഈ വിഷയത്തെപ്പററി പല ആവർത്തി പറഞ്ഞിട്ടുണ്ടു്. പത്രങ്ങളിലും യോഗങ്ങളിലും ഈ സംഗതി വളരെ ആക്ഷേപത്തിനു് ഇടയാക്കിയിട്ടുണ്ടു്. ഗവൺമെൻറിനും ഇതു ഏറെക്കുറെ ബോദ്ധ്യപ്പെട്ടിട്ടുമുണ്ടു്.

ഉദ്യോഗനിയമനവിഷയത്തെ സംബന്ധിച്ചു വേണ്ട വ്യവസ്ഥ ചെയ്യണമെന്നു ഒരു പക്ഷേപത്രപ്രകാരം ൧൦൪-ലെ ബഡ്ജററു് യോഗത്തിൽ മെമ്പർമാർ പ്രസ്താപിച്ചപ്പോൾ പ്രസിഡൻറു അവർകൾ വേണ്ട വ്യവസ്ഥകൾ ചെയ്യാമെന്നു മറുപടി പറഞ്ഞിട്ടുണ്ടു്. അതിൽപിന്നീടു് എന്താണു് ചെയ്തതു്? ഈ വലുതായ അനീതിക്കു് ഒരു പരിഹാരം ഏതുവിധത്തിൽ ഉണ്ടാക്കാൻപോകുന്നു എന്നു ജനങ്ങൾ ഉൽക്കണ്ഠയോടുകൂടി വീക്ഷിച്ചുകൊണ്ടിരിക്കയായിരുന്നു. ഇതുവരെയായിട്ടും യാതൊരു നിവൃത്തിയും ഉണ്ടായില്ല. ഈ സംഗതി രാജ്യത്തു ഐകമത്യത്തോടുകൂടി വർത്തിക്കേണ്ട—അല്ലെങ്കിൽ മററു വിഷയങ്ങളിൽ ഐകമത്യത്തോടുകൂടി വർത്തിച്ചുവരുന്ന ജനങ്ങളുടെയിടയിൽ വലിയ കുഴപ്പമുണ്ടാക്കുന്നു. ഈ ഗൌരവമുള്ള കാര്യം വിട്ടുകളയാൻപാടില്ല. അനീതിയേയും അക്രമത്തേയും ശക്തിയോടുകൂടി എതിർക്കേണ്ടതു എല്ലാവരുടേയും കടമയാണല്ലോ. ഗവൺമെൻറു ഇനിയും ഈ വിഷയത്തിൽ കാലതാമസം വരുത്താൻപാടില്ല.

ഈ ഭേദഗതിയിൽ നിർദ്ദേശിച്ചിരിക്കുന്ന മാർഗ്ഗം ഈ അനീതിയെ

[Mr. Tariatu Kunjitomman.]

നിൎത്തുന്നതിനു ഒരിക്കലും പററിയതല്ല. ഈ പ്രമേയത്തോടു സാരമായ വിധത്തിൽ ബന്ധവുമില്ല. ഉദ്യോഗനിയമനങ്ങളിൽ കാണിക്കുന്ന അഴിമതികൾ വൎഗ്ഗീയമായിട്ടാണ് ഇരിക്കുന്നതെന്നു അടിക്കടി ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നുണ്ടു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): വൎഗ്ഗത്തെ ഗണിക്കേണ്ട എന്നു പറയുന്നതു് വൎഗ്ഗീയമായ നിയമനം നടത്തരുതു് എന്നു വിചാരിച്ചല്ലെ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): വൎഗ്ഗീയമായ നിയമനം നടക്കണം. നേർവഴിയിൽനിന്നും കുറെ തെക്കോട്ടുപോയാൽ അവിടെനിന്നും നേർവഴിപോകയല്ല വേണ്ടതു്. തിരിയെ നേർവഴിയിൽ വന്നിട്ടു പിന്നീടാണ് പോകേണ്ടതു്. അതുപോലെ തന്നെ ൫൦൦ രൂപാ പത്തുപേൎക്കു കൊടുക്കാനായിട്ടുവച്ചു; അതിൽ ൪൦ രൂപാ ഒരാൾ എടുക്കുന്നു. അതുപോലെ ശേഷമുള്ള പത്തുരൂപാ പത്തുപേൎക്കായിട്ടു ഭാഗിക്കാമെന്നല്ലാ പറയേണ്ടതു്. നേരെമറിച്ചു ആ ൪൦ രൂപാകൂടി തിരിച്ചു വാങ്ങിച്ചു ൫൦ പേൎക്കായിട്ടു വീതിക്കയാണ് വേണ്ടതു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): അതുകൊണ്ടു ഇപ്പോൾ ഉദ്യോഗത്തിലിരിക്കുന്നതിൽ ഓരോ വൎഗ്ഗത്തിലും കൂടുതൽ ഇരിക്കുന്നവർ രാജികൊടുക്കണമെന്നാണോ പറയുന്നതു്?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): അങ്ങിനെ പറഞ്ഞില്ല. ഉദ്യോഗവിഷയം ദുഷമാണെന്നു ചിലർ പറഞ്ഞു. അതു അവരുടെ പ്രവൃത്തികൊണ്ടു കാണിച്ചിരുന്നാൽ സമ്മതിക്കാമായിരുന്നു. സ്വയം സ്വീകരിക്കാൻ തയ്യാറില്ലാത്ത തത്വം ആരുപറഞ്ഞാലും അതു സ്വീകാൎയ്യയോഗ്യമല്ലല്ലൊ. ഉദ്യോഗം ദുഷമാണെന്നു ആരു പറയുന്നുവോ അവരാണ് അധികപക്ഷം ഉദ്യോഗത്തിൽ ഇരിക്കുന്നതു്. അതുകൊണ്ടു മററുള്ളവരെക്കൂടി പ്രവേശിപ്പിച്ചാൽ അതു തങ്ങൾക്കു നഷ്ടമാണെന്നു വിചാരിച്ചാണ് ഇവർ ഇങ്ങിനെ പറയുന്നതു്. വൎഗ്ഗീയമായി ഉദ്യോഗദാനം ചെയ്യരുതെന്നു ആരു പറയുന്നു എന്നു പ്രത്യേകം ആലോചിക്കേണ്ടതാണ്.

മറെറാരൎത്ഥത്തിൽ പറഞ്ഞാൽ ഉദ്യോഗസ്ഥന്മാരുടെ സമൂഹമാണ് ഗവൺമെൻറ്. ഗവൺമെൻറിൻെറ സകല അധികാരങ്ങളും പ്രയോഗിക്കുന്നതു ഇവരാണു. ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും, അധികാരവും എടുത്താൽ പിന്നെ ഗവൺമെൻറ് എന്നുള്ളതെന്താണ്. ഞങ്ങൾക്കു ഞങ്ങളുടെ ന്യായമായ അവകാശം നൽകണം. തിരുവിതാംകൂ

റിലെ ജനങ്ങൾക്കുതന്നെ വർഗ്ഗംനോക്കികൊടുക്കണം. ഏതു വർഗ്ഗമായാലും ആ വർഗ്ഗം ആ രാജ്യത്തെ പൌരന്മാരുടെ ഒരു വിഭാഗമാണ്. അതു കൊണ്ട് ഉദ്യോഗനിയമനവിഷയത്തെ സംബന്ധിച്ച് ഖണ്ഡിതമായ ഒരു വ്യവസ്ഥ ഉണ്ടാക്കണം. അതല്ലാതെ ഇങ്ങിനെ ഒരു ബോർഡ് ഏർപ്പെടുത്തിയാൽ കൂടുതൽ ദോഷമേയുള്ളു. ഈ ബോർഡുതന്നെ മദ്രാസിൽ ഏർപ്പെടുത്തി പ്രായോഗികമല്ലാത്തതുകൊണ്ട് പിൻവലിച്ചു എന്നു മി: രാജരാജവർമ്മ കോയിത്തമ്പുരാൻതന്നെ പറയുകയുണ്ടായി.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): ഞാൻ അങ്ങിനെ പറഞ്ഞില്ല.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): മദ്രാസിൽ അങ്ങനെ ഒരു ബോർഡുണ്ടായിരുന്നു എന്നും ഇപ്പോൾ അതു നടക്കുന്നില്ലെന്നും പറഞ്ഞു.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): ഇപ്പോൾ അതു നടക്കുന്നുണ്ടോ ഇല്ലയോ എന്ന് എനിക്കറിഞ്ഞുകൂടാൻ പാടില്ല. അതിനെ മാതൃകയാക്കി ഇവിടെയും ഒന്നുണ്ടാക്കണമെന്നാണ് ഞാൻ പറഞ്ഞത്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അങ്ങനെയെങ്കിലും പറഞ്ഞല്ലോ. അപ്പോൾ അവിടെയും ഇതൊരു വലിയ വാദമാണെന്നു വരുന്നുണ്ട്. മൈസൂരിലും ഇതുപോലെ ഉദ്യോഗത്തെ സംബന്ധിച്ചു വലിയ വാദം നടക്കുന്ന ഒരു സ്ഥലമാണ്. അവിടെയും ഇതുപോലെ ഒരു ബോർഡില്ല.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): അവിടത്തെ വാദം ഈ പ്രമേയത്തിൽ ഉദ്ദേശിച്ചിരിക്കുന്ന സംഗതിയാണോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അതേ സംഗതിതന്നെയാണ്. ഉദ്യോഗം വർഗ്ഗംനോക്കി ന്യായമായി വീതിക്കണമെന്നുതന്നെയാണ് മദ്രാസിലും മൈസൂരിലും ഉള്ള വാദം. ഈ പ്രമേയത്തിലുള്ള വാക്കുകൾക്കും അതിലെ വാക്കുകൾക്കും ഒരു പക്ഷെ വ്യത്യാസം കാണുമായിരിക്കും

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): മൈസൂരിലെ ഏർപ്പാടുകൾപോലെ ഇവിടേയും ചെയ്യുന്നതുകൊണ്ടു മെമ്പർക്കു വിരോധമുണ്ടോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അതിന്റെ ആവശ്യമില്ലല്ലോ?

MR. A. C. KURIAKOSE (*Minachil cum Devicolam*): ഈ വക സംഗതികൾ ശരിയായി നടത്താൻ നമ്മുടെ ഗവണ്മെൻറിനു ശക്തിയില്ലേ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ഉണ്ട്.

MR. REVATI NAL RAMA VARMA RAJA (*Edavagai*) : ജനസംഖ്യയെ അടിസ്ഥാനമാക്കി ഉദ്യോഗം കൊടുക്കണമെന്നു പറഞ്ഞാൽ ജനസംഖ്യ കുറവുള്ളവർക്ക് എന്തെങ്കിലും കിട്ടാൻ വഴിയുണ്ടോ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): അവർക്കും അർഹതയുള്ളതു കിട്ടാൻ വഴിയുണ്ട്.

MR. REVATI NAL RAMA VARMA RAJA (*Edavagai*): അതെങ്ങിനെ കിട്ടും?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): എല്ലാവർക്കും കിട്ടാൻ വഴിയില്ല, അതുകൊണ്ടു ഈ പ്രമേയം സ്വീകരിക്കേണ്ട എന്നാണോ പറയുന്നത്? ഒന്നും വേണ്ട എന്നു പറയുന്നതിനെക്കാൾ ഭേദമല്ലേ ഈ വ്യവസ്ഥ.

MR. REVATI NAL RAMA VARMA RAJA (*Edavagai*): ഈ പ്രമേയം പാസ്സായാൽ ജനസംഖ്യ കുറഞ്ഞിട്ടുള്ള ജാതിക്കാർക്കു എങ്ങിനെ കിട്ടും?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): അവരുടെ ജനസംഖ്യ തോതനുസരിച്ചു കിട്ടും. ഇതിനെപ്പററി പ്രത്യേകം പറയേണ്ട ആവശ്യമില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): സമുദായത്തിൽ ജനസംഖ്യ കുറവാണെങ്കിലും യോഗ്യതയുള്ള ആളുകൾ ധാരാളം കാണുമല്ലോ. അവർക്കു കിട്ടുമോ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ഇപ്പോൾ കിട്ടുന്നില്ലേ അതുപോലെ കിട്ടും.

ഒരേർപ്പാടും പരിപൂർണ്ണമല്ല. സിവിലും ക്രിമിനലും ചട്ടങ്ങൾ ശരിയായിരിക്കുന്നുണ്ട്. എങ്കിലും മോഷണവും അക്രമങ്ങളും നടക്കുന്നുണ്ട്. അതുപോലെ ഒരു വ്യവസ്ഥ ഉണ്ടായാലും അക്രമം നടക്കമായിരിക്കും. എന്നാലും ഈ അഴിമതിക്കു കുറെക്കെ ഒരു ഭേദം വരും.

ഈ രാജ്യത്തു അധിവസിക്കുന്ന എല്ലാവർക്കും സമഭാവനയോടുകൂടി ഉദ്യോഗവിതരണം ചെയ്യേണ്ടതാണ്. അതാണ് പരിഷ്കൃതഭരണത്തിൻെറ ലക്ഷണം. കൌൺസിലിൽതരുന്ന പട്ടികകൊണ്ടുതന്നെ ഉദ്യോഗസ്ഥന്മാർ അവരവരുടെ വർഗ്ഗക്കാർക്കു ആനുകൂല്യം കാണിക്കുന്നുണ്ടെന്നു വ്യക്തമാകുന്നുണ്ട്. ഇതിനു ഒരു നിവൃത്തി ഉടനെ ഉണ്ടാക്കേണ്ടതാണ്. ഇതിലേക്കു ഈ കൗൺസിലിൽ ഒരു പ്രമേയം കൊണ്ടുവന്നു പാ

സാക്കാൻ വളരെ വിഷമമുണ്ട്. അതു ഗവണ്മെൻറു മനസ്സിലാക്കണം. ഇതു് ഈ രാജ്യത്തെ പ്രതിനിധിസഭയാണ്. ഇവിടെവിവിധവർഗ്ഗത്തിൽ പെട്ട പ്രതിനിധികൾ ഉണ്ട്. അനീതിയും അക്രമവും തങ്ങൾക്കു ലാഭമാണെന്നു കണ്ടാലും അവയെ എതിർക്കേണ്ടതാണ്. അസ്ഥാനത്തുള്ള, സ്വജനപ്രതിപത്തിവളരെ ഹീനതയാണ്.

PRESIDENT: നിങ്ങളുടെ സമയം കഴിഞ്ഞു.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): സമയമായതുകൊണ്ടു ഞാൻ നിർത്തുന്നു.

The Council rose for lunch at 2-3 P. M. and re-assembled at 2-45 P. M.

MR. N. K. KRISHNA PILLAI (*Neyyattinkara*): I would oppose both the amendments and the resolution, but I may be permitted to observe at the very outset that we on this side of the House have never been an obstacle to necessary measures being adopted, to see that proper representation is given to the unrepresented communities in the public service. From the proceedings of this House also, it would be seen that many of us had been very strongly advocating that case. In modern times, Sir, there is no other question which both the public and the Government are more anxious about than the question of representation in public service so much so that this has become a most vexed question and therefore it is certainly necessary that we should tackle that problem very seriously. But as for the recommendations contained in the Resolution now before the House, my submission is that they are not acceptable on several grounds

It seems to me that in the first place we have not got sufficient statistics to go upon. Some of my friends on this side of the House were telling us that it was very easy to know how many communities there are in Travancore. But my submission is that it is very difficult, at this stage, to ascertain even the number of communities in our State. We should first get sufficient information as regards that matter. Therefore I would propose the formation of a committee to go into the whole problem and if they find that communal representation is to be adopted they should suggest how the different communities are to be grouped, etc. It is a very serious problem. For instance even among the Christians there are two main divisions, *viz.*, the Protestants and the Catholics. Even among them there are several sub-divisions. Each of these has been trying to see that it is being recognised by Government as a separate community for purpose of representation in the public service. As for that matter even among Nayars there are several sub-divisions like the Illakars and Swarooppkars etc., and if the recommendation contained in this resolution is to be adopted each of these sub-sections would try to get its own share of separate representation in the public service. So, the question will become more and more complex

[Mr. N. K. Krishna Pillai.]

and in view of greater complexities likely to be brought about by adopting the resolution as it is, my submission is that it would be better in the interest of the public that a Committee is formed to go into the whole question.

Now I am constrained to make one or two observations with regard to another matter. It is true that some of the communities are more largely represented in the public service. But it is not the default of those now in employment; it is due more to history and to accidents and force of circumstances over which they have no control. If we are to adopt the resolution now before the House we would be penalising the present generations for a fault for which they are not at all responsible. The proposal in the resolution is to exclude the youths of the present generation systematically from public service for some years to come. That is very hard. On this ground also, I would oppose the resolution.

As regards the constitution of the Staff Selection Board that was suggested by Mr. L. R. Raja Raja Varma Koil Tampuran, when I questioned him about the functions of the Board he was not able to give me any definite answer. His amendment also seems to be vague. Therefore I would most heartily recommend the formation of a committee. But unfortunately that matter is not before the House. I therefore oppose both the amendments and the resolution as there is no alternative for me.

MR. K. P. NILAKANTA PILLAI (*Chirayinkil*): Sir, I rise to support the principle underlying the resolution. Personally speaking, Sir, I am indifferent as to which community is represented in the public service in the State. I am one of those who think that whichever may be the community from which people are recruited to the public service, the country as a whole should get duties towards the public performed satisfactorily and to the best interest of the State as a whole. Apart from all that, when the burning question of the day, not to-day but of the past 10 years, when the burning question in the country has been the question of communal representation and when that question is being discussed in this Hall it would look rather awkward to keep quiet. That is the spirit in which I rise to speak on this resolution.

Unfortunately I have to say that the resolution now before the House is full of difficulties so that this side of the House cannot unanimously support the resolution as it has been worded and presented before the House. I fully agree that minority communities have little or no chance to get Government appointments without the principle of communal representation being adopted. It is also clear from the discussion here that a well defined scheme to solve this vexed question has not been so far forthcoming either from the Government side or from the non-official side on account of the difficulties in the solution of the problem. It has been unanimously expressed on a previous occasion by the members on this side of the House that it is not their intention to keep away any community from getting its due representation in

public service. That has been agreed upon and I do not think any more difficulty will arise with regard to that. But this resolution *as it is* has several implications which unfortunately neither the mover nor the proposers of the amendments nor any other member seem to have fully realised, and they have not explained the resolution in all its aspects. It is therefore very difficult to grasp the resolution in all its aspects. If anybody had been kind enough to explain the effect and full scope of the resolution it would have been easy for us, to vote for one side or the other when called upon to do so. There is absolutely no question about the principle underlying the resolution. Everybody is agreed as to that, but in its present form the resolution is likely to give rise to serious difficulties. I do not think there is any great use in discussing the resolution in its present form any further. But there are certain aspects of it which the House has to consider.

First of all the first part of the resolution says that hereafter inadequately represented communities may be given more representation in the public service on the basis of population. I am perfectly in agreement with that part of the resolution and I believe that the members on this side of the House will not differ from me in that matter, because if some scheme is to be followed for solving this problem, the best scheme according to me is the one based on population. Communal representation on the basis of population seems to be a sound proposition and I am perfectly in agreement with it.

MR. L. R. RAJA RAJA VARMA KOILTAMPURAN (*Changanachery* cum *Peermade*): മി. നീലകണ്ഠപ്പിള്ളയോടു എനിക്കൊരു ചോദ്യം ചോദിക്കാനുണ്ടു്.

MR. K. P. NILAKANTA PILLAI (*Chirayinkil*): Let me finish my speech and then I shall answer all questions.

The second aspect of the question is this. If my friend Mr. P. S. Mahomed if he has understood the resolution as I have understood it, I dare say he would not have supported the resolution as it is; because I understand, when he supports it, his intention is to take it for granted that he belongs to a community inadequately represented in public service and that therefore he thinks that by accepting this resolution this House would be doing a great service to the Muslim community. I submit, with due deference to the opinion expressed by him, that his object would not be achieved by this resolution being carried. For example if representation is to be made in public service on the basis of population I question the member when the Muslim community in this State would get representation in public service satisfactorily. Similarly with reference to the Malayala Brahmins and other minority communities. On the basis of population when are these minority communities going to be satisfied in the matter of representation in public service? Then coming to the question of Rajas of whom we have only one thousand and five hundred people on the whole,

[Mr. K. P. Nilakanta Pillai.]

how long they will have to wait for getting representation in public service on the basis of population. I submit, these aspects of the question have not been considered by my friends on this side of the House. Therefore there are several difficulties in accepting the resolution as it is.

There is then the other aspect of the resolution contained in the latter part of it, which deals with the question of adopting the principle of communal representation in the matter of giving promotions also. Honestly speaking, Sir, although there is not much place for honesty in politics (*Laughter*) I think all the members would agree with me that it is a most unfair proposition. Suppose the principle of giving promotions in the various grades of public service according to the principle of communal representation as represented by the member is adopted and preference given to members of the unrepresented and inadequately represented communities in the matter of promotions also, I question whether it would not completely undermine the efficiency which Government service can boast of to-day. I am reminded of the conversation which once took place between an office manager and his boy when the former asked the latter what would he do if he were to exchange places with the manager.

MR. MATTHEW MURIKKAN (*Vaikam*): May I know.................

MR. K. P. NILAKANTA PILLAI (*Chirayinkil*): The member will please listen to me instead of disturbing the trend of my thought.

MR. MATTHEW MURIKKAN (*Vaikam*): If he answers my question that would help us all to come to a conclusion.

MR. K. P. NILAKANTA PILLAI (*Chirayinkil*): I request you, Sir, that I may be allowed to proceed.

The Manager asked his boy what he would do if he were asked to exchange places with his master and the boy replied " I would sack my office boy and kick him ". That is the story, Sir, which presents itself to me when I consider the suggestion contained in the latter part of the resolution recommending the adoption of the principle of communal representation in the matter of promotion also. A junior clerk in an office may belong to an unrepresented community. There may be four or five above him including the manager or the Superintendent himself all of whom belonging to communities having their due representation in public service. If the principle contained in his resolution is accepted, then the junior clerk may have to supercede the Superintendent himself. I ask where is the safety in public service under the circumstances. You give with one hand a certain status to a particular gentleman. He is full of hope and moulding his future on the position that you have given him; and then by another hand you now seek to take away from him what you gave him years ago. May I ask, while attempting, to remove the disabilities or the sufferings of a particular set of people, you can create sufferings to another set of people. That is the aspect of the question. I would request the members on this side of the House to consider. As I said I am

perfectly in agreement with the first part of the resolution. I am perfectly in disagreement with the latter part of the resolution that promotions also should be given on the communal basis. That proposition cannot, for a moment, be acceptable to me. It is immaterial to me, Sir, whether all the posts in the State are filled by members of community A, B or C. That is my personal opinion. Whatever that may be it is true that the several communities of the State have got a right to be represented in public service on the basis of population. That is a sound proposition.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഒരു വർഗ്ഗത്തിൽ ചേർന്നിരിക്കുന്ന കാരണത്താൽ ആർക്കെങ്കിലും ഉദ്യോഗംകിട്ടാതെയുണ്ടോ?

MR. K. P. NILAKANTA PILLAI (*Chirayinkil*): I can understand that question. But it will not help us to find a solution for the grievances of the unrepresented community. A mere expression of opinion will not affect the practical advancement of any particular community. That is the point that is now ventilated before this House. You may recognise the right of the inadequately represented communities for representation in public service. But by the mere recognition of that right you are not remedying their grievances.

MR. N. K. KRISHNA PILLAI (*Neyyattinkara*): Is it the member's opinion that a junior man in an office should be promoted over his senior in the same office for the sole reason that the former happens to belong to an unrepresented community?

MR. K. P. NILAKANTA PILLAI (*Chirayinkil*): I have already stated that that is absolutely unreasonable and that I would not subscribe to that proposition. It will not appeal to any reasonable man.

With these words I support the principle underlying the first portion of the resolution moved by Mr. A. C. Kuriakose.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): Sir, the resolution before the House deals with a very complicated problem a solution of which has been sought for by this House for the last so many years. Even in the Budget Session of 1104 the Government promised to consider the question of removing the grievances of communities which are not adequately represented in the Government Service. The Council on that occasion was satisfied with the promise and the motion was not pressed. But the Government have not done anything in that direction and the result is that we have now a resolution which is drafted in a form which is not acceptable to some of us. Sir, all my friends who supported the resolution agree that it is a very complicated problem and that it must be solved for the harmonious working of the different communities in the State. I fully agree with my friend Mr. Murikkan in saying that a Committee should be appointed to consider this question and suggest some solution. Sir, with regard to one statement made by Mr. Matthew Murikkan I was amused. He said that he was against the constitution of a Staff Selection Board

[Mr. A. S. Damodaran Asan.]

with an elected majority because he did not have much confidence in the working of such a Board. Unfortunately he forgot that he was addressing a House with an elected majority.

MR. MATTHEW MURIKKAN (*Vaikam*): Does Mr. Asan think that the function of the Legislative Council is the same as those of a Staff Selection Board?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): I do not say so. But I have as much confidence in a Staff Selection Board with an elected majority as we have in this Legislative Council for the main reason that there is an elected majority in the Staff Selection Board.

MR. N. R. KRISHNAN (*Nominated*): നിയമസഭയിൽ നാമിനേഷൻ ഉണ്ടല്ലോ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Yes, that is why I say that we may have an elected majority and nomination in the Staff Selection Board also as we have here.

MR. MATTHEW MURIKKAN (*Vaikam*): Does my friend think that Mr. L. R. Raja Raja Varma Koil Tampuran's proposal makes provision for nomination also?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): I could have understood my friend's objection to the suggestion if he had himself some constructive suggestions to make as to the constitution of the Board. He simply said that he does not approve of the constitution of a Board like that.

MR. MATTHEW MURIKKAN (*Vaikam*): Will Mr. Asan make a constructive suggestion with regard to the constitution of a Staff Selection Board?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): That is not my point now. My point is that I have confidence in a Body which has an elected majority and according to me the Staff Selection Board should have an elected majority. So I would have confidence in that Board. But my friend Mr. Murikkan opposes the idea of constituting such a Board, on the mere ground that he has no confidence in that Board working with an elected majority. That is the point at issue.

Sir, the resolution has been drafted in a way which appealed to Mr. Kuriakose, and Mr. Ittoop Itteechan thought an amendment of it would be better. But we see several difficulties in the way in accepting the resolution or the amendment. I asked Mr. Kunjitomman whether he could give me the number of communities in the State and he replied that a number of castewar statements has been placed on the table and that from those statements I could get the information or make an inference. Sir, my friend Mr. Kunjitomman who has very often been calling for these statements has himself been questioning the correctness of the classification of communities made in these statements.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): മദ്രാസ്സിലും മൈസൂരിലും ഒട്ടുവളരെ സമുദായങ്ങളുണ്ടെന്നറിയാമോ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അറിയാം.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അവിടെ വർഗ്ഗീയമായിട്ട് വിഭജിച്ചു ഒരു പട്ടിക വച്ചാണ് ഉദ്യോഗം കൊടുക്കുന്നതെന്ന് അറിയാമോ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): മദ്രാസിൽ അങ്ങനെയാണെന്നു കേട്ടിട്ടുണ്ട്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): മൈസൂരിലോ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അവിടത്തെ കാര്യം എനിക്കു നിശ്ചയമില്ല.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): മദ്രാസിലെ വ്യവസ്ഥ ഇവിടെയും സ്വീകരിക്കുന്നപക്ഷം മെമ്പർക്കു വിരോധമുണ്ടോ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ഒരു വിരോധവുമില്ല.

One thing which I want to point out to my friend is that as a matter of fact the Madras Council has repeatedly thrown out such a resolution.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): എന്റെ ചോദ്യത്തിനു ഉത്തരമാണെങ്കിൽ മലയാളത്തിൽ പറഞ്ഞാൽ കൊള്ളാം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): മദ്രാസിൽ ഒരു സ്റ്റാഫ് സിലക്ഷൻ ബോർഡ് ഏർപ്പെടുത്തി ഒരു റൊട്ടേഷൻ കണക്കു വച്ചു ഉദ്യോഗം നൽകിവരുന്നതായിട്ടു അറിയാം. ആ സ്ഥിതിക്കു ആ ഏർപ്പാടു ഇവിടേയും ഏർപ്പെടുത്തുന്നതു കൊണ്ടു എനിക്കു വിരോധമില്ല. ഈ പ്രമേയത്തെ അനുകൂലിക്കുന്ന മിസ്റ്റർ കുഞ്ഞിത്തൊമ്മൻ—മദ്രാസിലെ നടപടിയെ അനുകരിക്കുന്നതിനു ശുപാർശ ചെയ്യുന്ന മിസ്റ്റർ കുഞ്ഞിത്തൊമ്മൻ—വർഗ്ഗീയപ്രാതിനിധ്യവാദ പ്രമേയത്തെ മദ്രാസ് നിയമസഭ തള്ളിക്കളഞ്ഞു എന്നുകൂടി ഓർക്കേണ്ടതാണ്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): മദ്രാസിൽ വർഗ്ഗം തിരിച്ചു ഉദ്യോഗനിയമനം നടത്തുന്നതിനു വർഗ്ഗങ്ങൾ ഒരു ബാധകമല്ല. അതു ഇവിടെ ഒരു ബാധകമായതെന്തുകൊണ്ടാണ്?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): മദ്രാസിൽ ഇന്നയിന്ന വർഗ്ഗങ്ങൾ ഉണ്ട് എന്നു നിശ്ചയിച്ചു കഴിഞ്ഞു.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അതു സെൻസസ് റിപ്പോർട്ടിലില്ലേ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : സെൻസസിലെ റിപ്പോർട്ടിൽ നിന്നും തരുന്ന പട്ടിക തന്നെ ശരിയല്ല എന്നു ഇവിടെ പലപ്പോഴും എൻെറ സ്നേഹിതൻ തന്നെ പരാതി പറഞ്ഞിട്ടുള്ളതു ഞാൻ കേട്ടിട്ടുണ്ട്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): മെമ്പർ അങ്ങിനെ പറഞ്ഞിട്ടുണ്ടോ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ഞാൻ അങ്ങിനെ പറഞ്ഞിട്ടില്ല. എനിക്കതിലേക്കുള്ള അവസരവും ഉണ്ടായിട്ടില്ല.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : ഇങ്ങിനെ പട്ടിക തെററാണെന്നു മിസ്റ്റർ ആശാനും അറിയാമായിരിക്കെ ഒരു ശരിയായ പട്ടിക വരുത്താൻ മിസ്റ്റർ ആശാൻ ശ്രമിച്ചിട്ടുണ്ടോ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): വല്ല വിവര പട്ടിക ചോദിച്ച് ഈ കൌൺസിലിലെ അധികസമയവും കളയുന്നല്ലോ എന്നു സങ്കടപ്പെടുന്ന ഞാൻ അതിനു ശ്രമിച്ചിട്ടില്ല.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): തിരുവിതാംകൂറിൽ സ്കൂളുകളിൽ പഠിച്ചുവരുന്ന വിദ്യാർത്ഥികൾക്കു ഫീസ് സൌജന്യം ചെയ്തു വരുന്നതായിട്ടറിയാമോ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അറിയാം.

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : അവിടെ മെജാറിട്ടിയും മൈനാറിട്ടിയും സമുദായങ്ങളിലുള്ള കുട്ടികളും ഏതൊരു സമുദായത്തിലുള്ള ആളും പഠിച്ചിരുന്നാലും അവക്കെല്ലാം മുറപ്രകാരംവീതം കിട്ടത്തക്കവണ്ണം ഗവണ്മെൻറു ചെയ്യുന്നതായി അറിയാമോ? അവിടെ വലിയ സമുദായങ്ങളും ചെറിയ സമുദായങ്ങളും ഉണ്ടെങ്കിൽ അതു് വിഷമം ആണെന്നല്ലേ പറഞ്ഞതു്?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): എന്നു ഞാൻ പറഞ്ഞില്ല.

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : സമുദായങ്ങൾ പലതും ഉണ്ട്. അവയുടെ സംഖ്യ നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ അസമത്വസമുദായങ്ങൾ ഏതെല്ലാമുണ്ടോ അവരുടെ അവകാശം കൊടുക്കണമെന്നേ പറഞ്ഞൊള്ളു.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അവകാശം എന്ന വാക്കിനു തന്നെ വളരെ വ്യാപ്തിയുണ്ട്. ഒരു സമുദായത്തിനു ന്യായപ്രകാരം ചെല്ലേണ്ട അവകാശം കൊടുക്കേണ്ട ന്യായം എങ്ങിനെയാണ്.

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : ആയിരമോ പതിനായിരമോ സമുദായങ്ങൾ തിരുവിതാംകൂറിൽ ഉണ്ടായിരിക്കട്ടെ, ഈ സമുദായത്തിലെ വ്യക്തികൾക്ക് ന്യായമായിട്ട ഗവണ്മെൻറിൽനിന്നും കൊടുക്കേണ്ട അവകാശത്തെ കൊടുക്കണമെന്നു ഏർപ്പാടുചെയ്യുന്നതിൽ മെമ്പറിനു വിസമ്മതം ഉണ്ടോ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): എനിക്കു യാതൊരു വിസമ്മതവുമില്ല. എത്ര സമുദായങ്ങൾ ഉണ്ടെങ്കിലും ആ സമുദായങ്ങളിലെ വ്യക്തികൾക്ക് ഉദ്യോഗനിയമനം കൊടുക്കുന്നതിൽ യാതൊരു വിരോധവുമില്ല. കൊടുക്കണമെന്നുതന്നെയാണ് എന്റെയും അഭിപ്രായം.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): അങ്ങിനെ വിരോധമില്ലാത്തപക്ഷം, അവകാശമുള്ളവക്ക് കൊടുക്കുന്നതിനു പ്രതിബന്ധമായിട്ട് ഈ പ്രമേയത്തിൽ യാതൊന്നും പറഞ്ഞിട്ടില്ല എന്നറിയാമോ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അങ്ങിനെ പറഞ്ഞിട്ടുണ്ടെന്നാണ് ഞാൻ വിചാരിക്കുന്നതു്.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*) : ഒരു സമുദായത്തിന് ഒരു ഉദ്യോഗത്തിന് പ്രത്യേകം ഒരു അവകാശം ഉണ്ടെന്നു പറയാമൊ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : ഈ അവകാശത്തെപ്പററിതന്നെ എനിക്കു മനസ്സിലായിട്ടില്ല. പിന്നെ അതിനെപ്പററി ഒരു തീർച്ച പറയുന്നതെങ്ങിനെ.

MR. P. S. MAHOMED (*Nominated*) : തിരുവിതാംകൂറിൽ സമുദായം ഉണ്ടോ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : ഇല്ലെങ്കിൽ ഈ വഴക്കില്ലല്ലൊ.

MR. P. S. MAHOMED (*Nominated*): മെമ്പറിന്റെ അഭിപ്രായത്തിലുണ്ടൊ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : ഉദ്യോഗവാദം കൗൺസിലിന്റെ ആലോചനയ്ക്കു മേലാൽ കൊണ്ടുവരാതിരിക്കുവാൻ ഒരു വ്യവസ്ഥ ചെയ്യണമെന്നു മെമ്പർ ഒരു റസല്യൂഷൻ കൊണ്ടുവരാത്തതെന്താണ്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അതുംകൂടികൊണ്ടുവന്നു് കുറെക്കൂടി സമയം കളയാമെന്നല്ലാതെ അതിനു തീരുമാനമുണ്ടാകുകയില്ല എന്നു് തോന്നിയതു കൊണ്ടാണ്. (ചിരി.)

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഇങ്ങിനെവീണ്ടും വീണ്ടും കൊണ്ടുവന്ന് അധികം സമയം നഷ്ടപ്പെടുത്താതിരിക്കാൻവേണ്ടി കുറെ സമയം നഷ്ടപ്പെട്ടാൽ എന്താണ്?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അതുകൊണ്ടും പ്രതിവിധി ഉണ്ടാകുമെന്നുതോന്നുന്നില്ല. എന്റെ സ്നേഹിതൻ കൊണ്ടുവന്ന പ്രതിവിധിക്ക് ഒന്നുംതന്നെ ഫലം കണ്ടില്ല. പിന്നെ ഞാനും എന്തിനാണ് കൊണ്ടുവരുന്നത്?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അത് സാധിക്കാതെവന്നത് മിസ്റ്റർ ആശാനെപ്പോലെയുള്ള ആളുകൾ അതിനെ ആദരിക്കാത്തതുകൊണ്ടാണെന്ന് ഓർമ്മിക്കുമൊ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അത് തെററായിരിക്കും. അതുകൊണ്ട് ഞാൻ ആദരിച്ചില്ല.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): പിന്നെ ശരിയായ ഒരു പ്രതിവിധി കൊണ്ടുവരാത്തതെന്താണ്?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ൧൦൪-ൽ ബഡ്ജററ് വിമർശനാവസരത്തിൽ ഞാൻ പറഞ്ഞിട്ടുള്ളതെന്താണ് എന്നു മെമ്പർ വായിച്ചുനോക്കിയാൽ അറിയാം.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): Sir, I rise to a point of order. Mr. Asan is speaking in Malayalam.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Sir, I am answering Mr. Kunjitomman's question.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): മററുള്ളവർ ഒരു പദ്ധതി കൊണ്ടുവരുമ്പോൾ അതു ശരിയല്ല എന്നു പറയുന്ന ആൾക്കുതന്നെ ഒരു പദ്ധതി കൊണ്ടുവരരുതോ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ഒന്നോ രണ്ടോപേർ ആലോചിച്ചുകൊണ്ടുവരുന്നതിൽതന്നെ ന്യൂനത കാണുന്നതുകൊണ്ടാണ് ഞാൻമാത്രം ഒരു പദ്ധതി തയ്യാറാക്കി ഇവിടെ കൊണ്ടുവരാത്തത്.

PRESIDENT: I think your time is up, Mr. Asan. I shall any way allow you a few minutes more.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): What I would suggest is that it is urgently necessary to solve this problem of communal representation in public service and to redress the grievances of the communities complaining of inadequate representation, in the interest of the harmonious working of the different communities for the political advancement of this State. It is high time therefore to appoint a committee to consider the question and to suggest a solution.

MR. R. RAMAN PILLAI (*Kottayam*): മി. കുറിയാക്കോസ് ഇവിടെ കൊണ്ടുവന്നിരിക്കുന്ന പ്രമേയത്തേയും മി. രാജരാജവർമ്മ തമ്പുരാൻകൊണ്ടുവന്ന ഭേദഗതിയേയും എനിക്കു് എതൃക്കാതിരിക്കാൻ നിവർത്തിയില്ല. സമുദായ പ്രാതിനിധ്യവാദംകൊണ്ടു് കൌൺസിലിന്റെ സാരമായ സമയം എല്ലാ സന്ദർഭത്തിലും നഷ്ടപ്പെട്ടുപോകുന്നതുനിമിത്തം സന്തപ്തചിത്തനായിട്ടു ൧൧൦൪-ലെ ബഡ്ജററു സമ്മേളനത്തിൽ സമുദായ പ്രാതിനിധ്യവാദത്തിനു് ഒരു സമാധാനം ഉണ്ടാകുന്നതിനു് കൌൺസിലിനെ പ്രേരിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഞാൻ ഒരു ഉപക്ഷേപം അവതരിപ്പിച്ചിരുന്നു. ആ ഉപക്ഷേപത്തെ അനുകൂലിച്ചു് എന്റെ സ്നേഹിതന്മാരിൽ പലരും പ്രസംഗിക്കുകയുണ്ടായി. അവസാനത്തിൽ അദ്ധ്യക്ഷനവർകൾ അതിനെക്കുറിച്ചു് താമസിയാതെ ആലോചിച്ചു് ഒരു പരിഹാരം ഉണ്ടാക്കാമെന്നും ഉടൻതന്നെ അതിലേക്കു് ഒരു സമാധാനം പറയാൻ നിവർത്തിയില്ലെന്നുംമററുമായി പുറപ്പെടുവിച്ച അഭിപ്രായത്തെ എന്റെ സ്നേഹിതൻ മി. കുഞ്ഞിത്തൊമ്മൻ മുതൽപേർ സ്വീകരിച്ചു് എന്നോടു ഗുണദോഷിച്ചതിനാൽ ഞാൻ ആ ഉപക്ഷേപത്തെ പിൻവലിക്കുകയാണുണ്ടായതു്. അതു കഴിഞ്ഞിട്ടു് ഇപ്പോൾ ഒന്നരകൊല്ലങ്ങളായിരിക്കുന്നു. ഗവൺമെന്റു താമസിയാതെ എന്നു പറയുന്നതിൽ എത്ര നാളും നീളും എന്നാണല്ലോ വസ്തു്. ഗവൺമെന്റു് അങ്ങിനെ താമസിച്ചതിന്റെ ഫലമായി ൧൧൦൫-ലെ ബഡ്ജററു് സമ്മേളനത്തിൽ നിയമസഭയുടെ സമയം മുഴുവനും സമുദായ പ്രാധിനിധ്യകോലാഹലം കൊണ്ടുതന്നെ കഴിഞ്ഞുകൂടുകയാണു് ചെയ്തതു്. അതിനാൽ ഇനിയെങ്കിലും അതിനൊരു സമാധാനം ഉണ്ടാക്കേണ്ടതാണെന്നു് ഞാൻ ഈ സഭയോടപേക്ഷിക്കുന്നു. മി. കുഞ്ഞിത്തൊമ്മൻ പറയുന്നതു് ഏതാനും പേർ തെക്കോട്ടുപോയിരിക്കുന്നു. അവരോടൊപ്പം മററുള്ളവരും ചെല്ലുന്നതുവരെ ആദ്യം പോയവർ സ്വസ്ഥരായിരിക്കണമെന്നാണു്. അതു് വളരെ പ്രയാസമായ ഒരു സംഗതിയാണു്. തെക്കോട്ടുപോകുന്നവരൊക്കെ തിരിച്ചു വരണം എന്നിട്ടു് എല്ലാപേരും ഒരുമിച്ചു പോകണം എന്നുകൂടിയുള്ള അർത്ഥത്തിലാണു് പറഞ്ഞതു്. അതു് ഒരിക്കലും സാധ്യമല്ല. തെക്കോട്ടു പോയവർ ഒക്കെ പോകട്ടെ എന്നുവച്ചു കൊള്ളണം, അവർ ഇനിവരാത്തവണ്ണം തെക്കോട്ടു പോയാലും വിരോധമില്ലാ; ഇനി തെക്കോട്ടു പോകുന്നവരെല്ലാം ഒരുമിച്ചുതന്നെ പോകണം എന്ന അർത്ഥത്തിലാണു് ഈ പ്രമേയം അവതരിപ്പിച്ചിരുന്നതു് എങ്കിൽ ഞാൻ അതിനെ പരിപൂർണ്ണമായി അനുകൂലിക്കുമായിരു

[Mr R. Raman Pillai.]

നം. എന്നാൽ അങ്ങിനെ അല്ല. എത്രതാനും കൊല്ലം കുറെ പേർ സ്വസ്ഥമായി ഇതു അനുഭവിച്ചുകൊള്ളട്ടെ, അതിനിടക്ക് അസമത്വം അനുഭവിക്കുന്ന ആളുകൾ [illegible] കട്ടെ എന്നുള്ള അർത്ഥത്തിലാണ് ഈ പ്രമേയം അവതരിപ്പിച്ചിരിക്കുന്നതു്. ഈ നിലയ്ക്കു് ഈ പ്രമേയത്തെ അനുകൂലിയ്ക്കാൻ നിവൃത്തി ഇല്ല. ഉദ്യോഗത്തിൽ ഇരിയ്ക്കുന്ന ആളുകൾക്ക് പ്രമോഷൻ കൊടുക്കുന്ന വിഷയത്തിൽ അസമത്വം അനുഭവിക്കുന്നവരുടെ അവകാശത്തെ പ്രത്യേകം പരിഗണിച്ച് മററുള്ളവരുടെ അവകാശത്തെ അവഗണിച്ചു പ്രമോഷൻ കൊടുക്കണം എന്നാണ് പ്രമേയകർത്താവ് നിർദ്ദേശിച്ചിരിക്കുന്നതു്. ഇതിലധികം ഒരു അനീതി ഉദ്യോഗസ്ഥമണ്ഡലത്തെ ദുഷിപ്പിക്കുന്നതിനു് കൊണ്ടുവരുവാൻ സാധിക്കുമോ എന്നു് ഞാൻ സംശയിയ്ക്കുന്നു. എനിക്ക് ഇന്നതു കിട്ടാൻ അവകാശം ഉണ്ടു് അതു കിട്ടേണ്ട മുറയ്ക്കു കിട്ടും എന്നുള്ള വിചാരത്തോടുകൂടി വേണ്ട ജോലികൾ ബുദ്ധിപൂർവമായും ശക്തിക്കനുസരിച്ചും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആളിനെ നിരാശയിൽ അകപ്പെടുത്തി കൃത്യനിർവ്വഹണത്തിനു അപ്രാപ്തതയുണ്ടാക്കുന്ന ഒരു മാർഗ്ഗമാണിതു്. അതുകൊണ്ടു് അതിനെ സ്വീകരിക്കാൻ നിവൃത്തിയില്ല.

ഉദ്യോഗനിയമനത്തിനു് ഒരു സ്റ്റാഫ് സിലക്‌ഷൻ ബോർഡ് ഉണ്ടാക്കിയാൽ മതിയെന്നാണ് മി. രാജരാജവമ്മതമ്പുരാൻ അഭിപ്രായപ്പെടുന്നതു്. അതു് എന്തെല്ലാം പ്രകാരത്തിലാണ് പ്രവൃത്തിക്കേണ്ടതു് എന്നു് ഗവണ്മെന്റോ നിയമസഭയോ നിർദ്ദേശിച്ചാലല്ലാതെ വെറും ഒരു ബോഡുമാത്രം സ്ഥാപിക്കുന്നതുകൊണ്ടു് പ്രയോജനം ഉണ്ടാകുന്നതല്ല. ആ സ്ഥിതിക്കു ഈ പ്രമേയത്തേയും ഭേദഗതിയേയും ഒരുപോലെ പ്രതികൂലിക്കേണ്ടിവന്നതിൽ എനിക്ക് അതിയായ മനസ്താപം ഉണ്ടു്. അതിനു ഞാൻ ഗവണ്മെൻറിനെ ഉപദേശിക്കുന്നതു മറെറാന്നുമല്ല. ഈ വഴക്കിനെ ഇതോടുകൂടി അവസാനിപ്പിക്കുന്നതിനു ശരിയായ പ്രാതിനിധ്യമുള്ള ഒരു കമ്മിററിയെ ഗവണ്മെൻറു തിരഞ്ഞെടുത്തു് രണ്ടുമാസത്തിനകമെന്നു് മി. മുരിക്കൻ അഭിപ്രായപ്പെട്ടതനുസരിച്ച് കഴിഞ്ഞില്ലെങ്കിൽ ആറു മാസത്തിനകം എങ്കിലും ഇന്ന ഇന്ന പ്രകാരത്തിൽ ഇന്ന ഇന്ന സമുദായങ്ങൾക്ക് ഇത്ര ഇത്ര ഉദ്യോഗംവീതം ഇന്ന ഇന്ന മുറ അനുസരിച്ചു കൊടുക്കണം എന്നു അവസാനമായി ഒരു തീരുമാനം ഉണ്ടാക്കണം. അല്ലാത്തപക്ഷം ഈ രാജ്യത്തിനെന്നല്ല, ഈ നിയമസഭയിൽ പോലും യാതൊരു സമാധാനവും ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇതുകൊണ്ടു് നിയമസഭയുടെ പ്രയോജനം മുഴുവനും ക്ഷയിച്ചു

പോകുക അല്ലാതെ നിവൃത്തിയില്ല. വളരെ അവസരങ്ങളിൽ സമുദായപ്രാതിനിധ്യവാദംകൊണ്ടുവന്നു് സമയം നഷ്ടപ്പെടുത്തിയിട്ടുണ്ടു്. ഇനിയും ഇങ്ങനെ സമയം നഷ്ടപ്പെടാൻ ഇടയാകുന്നതു വളരെ പരിതാപകരമാണു്. അതിലേക്കു് ഗവണ്മെൻറു തക്കതായ ഒരു കമ്മിററിയെ ശരിയായ പ്രാതിനിധ്യത്തോടുകൂടി ഒരു നിശ്ചിതമായ കാലാവധിക്കകം നിയമിക്കാമെന്നു നിശ്ചയിച്ചു് ഒരു മറുപടി കൊടുത്തെങ്കിലും പ്രമേയപ്രയോക്താവിനോടു് ഈ പ്രമേയത്തെപിൻവലിക്കാനാവശ്യപ്പെടേണ്ടതാണു്.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): അടുത്തതായി വേറെ ഒരു റസല്യൂഷനും ഉണ്ടെന്നു് അറിയാമോ?

MR. R. RAMAN PILLAI (*Kottayam*): ഈ റസല്യൂഷൻ ഇരിക്കുന്ന അവസരത്തിൽ ഇനി വരാൻപോകുന്ന റസല്യൂഷനെപ്പററി വിചിന്തനം ചെയ്യേണ്ടയാവശ്യമില്ല. കൂടാതെ ആ റസല്യൂഷൻ ബാലററിൽ വരുമൊ എന്നും അതിനെപ്പററി സംസാരിക്കാൻ സാധിക്കുമൊ എന്നും ഒരു നിശ്ചയവുമില്ല. അതിനാൽ ഇങ്ങിനെ ഗവണ്മെൻറിനെ ഉപദേശിച്ചുകൊണ്ടു ഞാൻ പ്രമേയത്തേയും ഭേദഗതിയേയും ഒരു പോലെ എതിർക്കുന്നു.

MR. A. THANU PILLAI (*Trivandrum*): We would like to have the official views on the matter, Sir. A number of non-official members have already spoken on the resolution. We would like to have the official views on it.

PRESIDENT: We have only a few minutes more. We have to take up the adjournment motion precisely at 3-30. I think it would be better to adjourn the discussion of this resolution to eleven-thirty tomorrow so that we can take it up again tomorrow as soon as we meet. We have barely three minutes before us for starting the discussion of the adjournment motion.

[*The business of the House was suspended for three minutes.*]

MOTION FOR THE ADJOURNMENT OF THE BUSINESS OF THE HOUSE TO CONSIDER THE SHERTALLAI TEMPERANCE TROUBLE.

MR. MURUVELIL PACHU PILLAI (*Shertallai*): സർ, ഈ ആണ്ടു കന്നിമാസം ൧൯-ാം തീയതി ചേർത്തല ടൌണിലും കണിച്ചുകുളങ്ങരയിലും കൂടാൻ നിശ്ചയിച്ചിരുന്ന പൊതുയോഗങ്ങളിൽ നടന്ന അനിഷ്ടസംഭവങ്ങളേയും ഈ സംഭവങ്ങളെ സംബന്ധിച്ചു് പോലീസുകാരും അധി

[Mr. Muruvelil Pachu Pillai.]

കൃതന്മാരായ മററു ഉദ്യോഗസ്ഥന്മാരും അംഗീകരിച്ച നയത്തേയും അനുവർത്തിച്ച നടപടിയേയും ഈ കൗൺസിലിന്റെ ഗൗരവതരമായ ആലോചനക്കും നിർദ്ദാക്ഷിണ്യമായ തീരുമാനത്തിനും സമർപ്പിക്കണമെന്നുദ്ദേശിച്ച് ഞാൻ ഈ അടിയന്തിര പ്രമേയം ഹാജരാക്കീട്ടുള്ളതാണ്. എന്നാൽ അവിടെ നടന്ന സംഭവങ്ങളെ സംബന്ധിച്ച് പറയുന്നതിനു മുമ്പായി അതിന് ഹേതുവായിതീർന്ന ചില സംഗതികളെപ്പററി ആദ്യമായി വിവരിക്കേണ്ടിയിരിക്കുന്നു.

ചേർത്തല താലൂക്ക് മദ്യപാനത്തിലും മദ്യവ്യവസായത്തിലും വളരെ മുന്നിട്ടു നിൽക്കുന്ന ഒരു താലൂക്കാണെന്നുള്ളത് ഈ രാജ്യത്തെ രാജ്യഭരണറിപ്പോർട്ടിൽനിന്നുതന്നെ കാണാൻ സാധിക്കും. ആയിരത്തിനൂററിനാലിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ള കണക്കനുസരിച്ച് ചേർത്തലതാലൂക്കിൽനിന്നും ഒരു കൊല്ലത്തിൽ ൧൪,൦൦൦ തെങ്ങുചെത്തി കള്ളെടുത്തുവരുന്നതായികാണുന്നു. ഇപ്രകാരം അമിതമായ മദ്യപാനംകൊണ്ട് സന്മാർഗ്ഗികപരമായും സാമ്പത്തികമായും ജനങ്ങൾ നാൾക്കുനാൾ ക്ഷയിച്ചുവരുന്നു എന്ന് ജനങ്ങൾക്കു ബോധ്യം വന്നപ്പോൾ ഏതുവിധത്തിലെങ്കിലും ഈ മദ്യപാനാസക്തിയെ കുറയ്ക്കുന്നതിനുവേണ്ടി അവിടത്തെ ജനങ്ങൾതന്നെ ചില ശ്രമങ്ങൾ ആരംഭിച്ചു. അങ്ങനെ ഒരു ശ്രമം അവിടെ തുടങ്ങിയത് ൧൧൦൫ മീനത്തിലാണ്. ഈ ശ്രമങ്ങളുടെ ഫലമായിട്ട് താലൂക്കിന്റെ പലഭാഗങ്ങളിലും പൊതുയോഗങ്ങൾ കൂടുകയും ഓരോ സ്ഥലങ്ങളിലും മദ്യവർജ്ജനത്തിനുവേണ്ടി പരിശ്രമിക്കുന്നതിന് പ്രത്യേകം പ്രത്യേകം കമ്മിററികൾ ഏർപ്പെടുത്തുകയും ചെയ്തു. ഇങ്ങനെ പൊതുയോഗങ്ങൾകൂടി ഓരോ സ്ഥലത്തും ഉള്ള ജനങ്ങളെ അവിടെ ക്ഷണിച്ചുവരുത്തി മദ്യപാനം കൊണ്ടുള്ള ദൂഷ്യങ്ങളെ എല്ലാം അവരെ പറഞ്ഞു മനസ്സിലാക്കുകയും നിവൃത്തിയുള്ളിടത്തോളം മദ്യവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ അതിൽനിന്ന് പിൻവലിക്കുന്നതിന് ശ്രമിക്കുകയും ചെയ്തപ്പോൾ അനേകം ആളുകൾ സ്വന്തമനസ്സാലെ, യാതൊരു വിധത്തിലുള്ള നിർബന്ധവും കൂടാതെ ആ തൊഴിലിൽനിന്നും വിരമിച്ചു. ഇതിനിടയിൽ ൧൦൩-ലേക്കും ൧൦൬-ലേക്കും ഉള്ള ഷാപ്പുലേലം അവിടെ നടന്നുകഴിഞ്ഞിരുന്നു. അതായത് ഈ ശ്രമം ആരംഭിക്കുന്നതിന് അല്പം മുമ്പായിട്ടാണ് ലേലം നടന്നത്. മദ്യവർജ്ജന ശ്രമത്തിന്റെ ഫലമായിട്ട് കൺട്രാക്ടർമാർ വളരെ വിഷമിക്കയും വളരെ പരിഭ്രമിക്കയും ചെയ്തു. ചെത്തുന്നതിന് അവക്ക് തെങ്ങുകിട്ടാ

തെവന്നു. ഷാപ്പുകെട്ടുന്നതിന് സ്ഥലം കിട്ടാതെയായി. ചെത്തുതൊഴിൽ നടത്തുന്നതിൽ ഏർപ്പെട്ടിരുന്ന ആളുകളേയും മുമ്പിലത്തെപ്പോലെ ലഭിക്കാതായിത്തീർന്നു. അപ്പോൾ എക്സൈസ്കാരും വളരെ പരിഭ്രമിച്ചു. ഓരോ കൺട്രാക്ടരും അതാതുസമയത്തു അടയ്ക്കേണ്ട ഡേമണിയും തവണയും ശരിയായി അടയ്ക്കുന്നതിന് നിവൃത്തിഇല്ലാതെ അവരും വളരെ പരുങ്ങലിലായി. ഇത്രയും ആയപ്പോൾ ഇതിന് എന്താണ് നിവൃത്തി എന്ന് ആലോചിച്ചുകൊണ്ട് കൺട്രാക്ടർമാർ ഏതാനംപേർ സംഘം ചേർന്ന് തിരുവനന്തപുരത്ത് ഒരു ഡെപ്യൂട്ടേഷൻവന്ന് അധികാരികളോട് ഈ വിഷമസ്ഥിതികളെപ്പററി ധരിപ്പിച്ചു. അതുകഴിഞ്ഞ് കുറച്ചുകഴിഞ്ഞപ്പോൾ എക്സൈസ്കമ്മീഷണർ ഇതിനേപ്പററി അന്വേഷിക്കുന്നതിന് ചേർത്തലതാലൂക്കിൽ സക്കീട്ടുവന്നു. അപ്പോൾ കൺട്രാക്ടർമാർഎല്ലാപേരുംകൂടിചേർന്ന് ഇവിടെ ആരംഭിച്ചിട്ടുള്ള മദ്യവർജ്ജനശ്രമംമൂലം തങ്ങൾക്ക് ഈ തൊഴിൽ ആദായകരമായി നടത്തുവാൻ നിവൃത്തി ഇല്ല, അതുകൊണ്ട് കൺട്രാക്ടിൽനിന്ന് തങ്ങളെ ഒഴിവാക്കണമെന്ന് അടിയന്ത്രത്തിൽ ഹർജി അയച്ചു. ഇത്രയും ആയപ്പോൾ ചേർത്തലതാലൂക്കിൽനിന്ന് ഗവൺമെൻറിലേക്ക് എക്സൈസ്റവന്യൂവകയിൽ വലുതായ ഒരുതുക കിട്ടിക്കൊണ്ടിരുന്നത് കഴിഞ്ഞകൊല്ലത്തേപ്പോലെതന്നെഈകൊല്ലത്തിലും ലഭിയ്ക്കും എന്ന തീർച്ചപ്പെടുത്താൻയാതൊരുമാർഗ്ഗവും ഇല്ലാതായി, അതിനാൽ ഇതുനിമിത്തം പല കുഴപ്പവും ഉണ്ടാകും എന്നുതന്നെ എക്സൈസ്കമ്മീഷണരും തീരുമാനിച്ചു. തൽക്കാലം ഈ കൺട്രാക്ടർമാരോട് അധികൃതന്മാർ പലസമാധാനവും പറഞ്ഞു എങ്കിലും പിന്നീടുപലസന്ദർഭങ്ങളിലും ഇതിനെപ്പററി എന്തുപരിഹാരമാണുണ്ടാക്കേണ്ടതെന്ന് ആലോചന നടത്തിക്കൊണ്ടിരുന്നു. അതിലേക്ക് എക്സൈസ്കാരും പോലീസ്സുകാരുംകൂടിചേർന്ന് പല കാൺഫ്റൻസുകളും നടത്തി. അതിനെസംബന്ധിച്ച് ഞാൻ ഈ കൗൺസിലിലേക്ക് പല ചോദ്യങ്ങളും അയച്ചിട്ടുണ്ട്. എക്സൈസ്കമ്മീഷണർലേലം കഴിഞ്ഞ ശേഷം എത്ര തവണ ചേർത്തലതാലൂക്കിൽ സക്കീട്ടുവന്നിട്ടുണ്ട്, വന്നിട്ടുള്ള ആണ്ടുമാസം തീയതികൾ, കോട്ടയം ഡി. എസ്സ്. പി. എത്രതവണ സക്കീട്ടുവന്നിട്ടുണ്ട്, അവർ രണ്ടുപേരും വന്നത് ഒരു തീയതിയിലാണോ എന്നീവിവരങ്ങൾ ഞാൻആവശ്യപ്പെട്ടിട്ടുണ്ട്. എനിക്ക് കിട്ടീട്ടുള്ള ശരിയായ അറിവുകളെ വച്ചു പറയുകയാണെങ്കിൽ എക്സൈസ്കമ്മീഷണർ അവിടെ സക്കീട്ടുവന്നിട്ടുള്ള പല അവസരങ്ങളിലുംകോട്ടയം ഡി. എസ്സ്. പി. യും അവിടെ സക്കീട്ടുവന്ന് രണ്ടുപേരുംഒരേസ്ഥലത്ത് ക്യാമ്പുചെയ്തു ഒരു കെട്ടിടത്തിൽ

[Mr. Muruvelil Pachu Pillai.]

അതായത് ററി. ബി. യിൽ താമസിച്ച് സമീപസ്ഥലത്തെ പോലീസ്സുദ്യോഗസ്ഥന്മാരെ പലരേയും വിളിച്ചുവരുത്തി അവർതമ്മിൽ പല ആലോചനകളും നടത്തീട്ടുണ്ട്.

MR. P. GOMATINAYAKAM PILLAI (*Excise Commissioner*): എക്സൈസ് കമ്മീഷണർ എത്രതവണ അവിടെ സഞ്ചരിട്ടുവന്നിട്ടുണ്ട്?

MR. MURUVELIL PACHU PILLAI (*Shertallai*): എത്രതവണ സഞ്ചരിട്ടുവന്നിട്ടുണ്ട് എന്നു സൂക്ഷ്മം അറിയുന്നതിനുവേണ്ടി ഞാൻ ചോദ്യം അയച്ചിട്ടുണ്ട്. ൧൦൪-ൽ വന്നതിനേക്കാറം ൧൦൫-ൽ ലേലം കഴിഞ്ഞതിനുശേഷം എത്ര തവണ വന്നിട്ടുണ്ട് എന്നുള്ള സംഗതികറം അറിയുന്നതിന് ഞാൻ ചോദ്യം അയച്ചിട്ടുണ്ട്.

MR. P. GOMATINAYAKAM PILLAI (*Excise Commissioner*): രണ്ടിലധികം പ്രാവശ്യം എക്സൈസ് കമ്മീഷണർ വന്നിട്ടില്ലാ എന്ന് അറിയാമോ?

MR. MURUVELIL PACHU PILLAI (*Shertallai*): അതു് ൧൦൫-ലാണോ?

MR. P. GOMATINAYAKAM PILLAI (*Excise Commissioner*): ൧൦൫-ൽ ലേലം കഴിഞ്ഞശേഷം ൧൦൬-ത്തുലാംവരെ രണ്ടിലധികം പ്രാവശ്യം എക്സൈസ് കമ്മീഷണർ അവിടെ സഞ്ചരിട്ടുവന്നിട്ടുണ്ടോ?

MR. MURUVELIL PACHU PILLAI (*Shertallai*): അതു് എനിക്കു നിശ്ചയമില്ല. അദ്ദേഹം പതിവിന് വിപരീതമായിട്ട് കൂടുതൽ തവണ സഞ്ചരിട്ടുവന്നിട്ടുണ്ടെന്ന് എനിക്കു് ധൈര്യമായി പറയാൻ കഴിയും. ൧൦൪-ൽ വന്നതിനേക്കാറം കൂടുതൽ പ്രാവശ്യം ൧൦൫-ലെ ലേലം കഴിഞ്ഞതിനുശേഷം സഞ്ചരിട്ടു വന്നിട്ടുണ്ട്. വന്നിട്ടുള്ള അവസരങ്ങളിൽ അദ്ദേഹവും ഡി. എസ്സ്. പി. യുമായി കൂടിആലോചിച്ചിട്ടുമുണ്ട്. എന്നാൽ ആലോചന എന്തായിരുന്നു എന്ന് എനിക്കു് സൂക്ഷ്മമായിട്ട് പറയാൻ സാധിക്കയില്ല. അവർ തമ്മിൽകൂടിആലോചന നടത്തിയതിന്റെ ശേഷം ഉണ്ടായിട്ടുള്ള സംഭവങ്ങളെപ്പററി ആലോചിക്കുകയാണെങ്കിൽ, അതായതു് ആവക സംഗതികറം എല്ലാംകൂടിചേർത്തു പര്യാലോചിക്കുമ്പോറം, ഏതുവിധത്തിലും ഇപ്പോഴത്തെ മദ്യവർജ്ജന പ്രസ്ഥാനത്തെ അടിച്ചമർത്തണം എന്നായിരുന്നു അവരുടെ ആലോചന എന്ന് അനുമാനിക്കാൻ ധാരാളം ന്യായം ഉണ്ട്. അതിന് വേണ്ടിടത്തോളം മററു സംഗതികളുംഉണ്ട്. അവയെ ഞാൻ വഴിയേ പ്രസ്താവിക്കാം. അവർ കൂടിയാലോചന നടത്തിയതിന്റെശേഷം ആദ്യമായി

മർദ്ദനനയം പ്രയോഗിക്കാനാണ് തീരുമാനംചെയ്തതു്. എന്നാൽ ആവകസംഗതികൾ എല്ലാം സ്പഷ്ടമാക്കണം എന്നു ഞാൻ വിചാരിയ്ക്കുന്നില്ല. കോടതികളിൽ ഇരിക്കുന്ന കേസുകളെക്കൂടി അതു സംബന്ധിക്കുമെന്നുള്ളതുകൊണ്ട് അതിനെപ്പററിയാതൊന്നും പറയുന്നില്ല. അതിനുശേഷം അതിൽ മുന്നിട്ടുനിന്നു പ്രവൃത്തിച്ചവരായരണ്ടാളുകളെ അവരുടെ പ്രസംഗംനിരോധിച്ച് ഡിസ്ട്രിക്ററ് മജിസ്ട്രേട്ടിനെക്കൊണ്ട് ഒരാജ്ഞ പുറപ്പെടുവിച്ചു. അദ്ദേഹം നിരോധനാജ്ഞ കൊടുത്തതു് മെസ്സേഴ്സ് ഗോപാലകൃഷ്ണൻ, ഗോപാലൻ നായർ എന്ന രണ്ടുയുവാക്കന്മാർക്കാണ്. ഡിസ്ട്രിക്ററ് മജിസ്ട്രേട്ടിന്റെ ഈ നിരോധനാജ്ഞയെ ഇവർ കന്നിമാസം ൧൯-ാംനു- ലംഘിച്ചു. ആ ആജ്ഞയെ ലംഘിക്കുന്നതിനു് അവരെ പ്രേരിപ്പിച്ചതു് അവരുടെ സ്വന്തഅഭിപ്രായം മാത്രമാണ്. അല്ലാതെ അങ്ങിനെ പ്രവൃത്തിക്കുന്നതിനു് താലൂക്കിലുള്ള പൊതു ജനങ്ങളുടെയാതൊരുവക ആനുകൂല്യവും അവർക്കുണ്ടായിരുന്നില്ലാ. മദ്യവർജ്ജന പ്രസ്ഥാനത്തിനുവേണ്ടി ശ്രമിയ്ക്കുന്നതിനും മററുമായി അവിടെ യൂത്ത്ലീഗ് എന്നൊരു സംഘം സ്ഥാപിച്ചിട്ടുണ്ട്. ഈ യൂത്ത്ലീഗിൽ നിന്നും ഈ ആജ്ഞയെ ഒരിക്കലും ലംഘിക്കാൻ പാടില്ലാഎന്നു് നിശ്ചയം പാസാക്കിയിട്ടുണ്ട്. ആ നിശ്ചയത്തിനു വിപരീതമായി ആജ്ഞയെ ലംഘിയ്ക്കേണ്ടിവന്നതു കൊണ്ട് അവരിൽ ഒരാൾ ആ യൂത്ത്ലീഗിൽ ഉണ്ടായിരുന്ന മെമ്പർസ്ഥാനംരാജികൊടുക്കേണ്ടതായിട്ടുവന്നു. ഇങ്ങനെ പൊതുജനങ്ങളുടെ ആനുകൂല്യത്തോടുകൂടിയോ അവരുടെ അഭിപ്രായത്തോടുകൂടിയോ അല്ലാ ഇവർ ഈ ആജ്ഞയെ ലംഘിച്ചതു് എന്നുള്ളസംഗതി ഞാൻ ഈ കൌൺസിലിൽ ഉറപ്പായി പ്രസ്താവിച്ചുകൊള്ളുന്നു.

ഞങ്ങളുടെ മദ്യവർജ്ജനപ്രസ്ഥാനം ഏററവും സമാധാനപരമായും ശാന്തമായും യാതൊരുവിധത്തിലുള്ള അക്രമങ്ങൾ പ്രവൃത്തിക്കാതേയും നിർദ്ദോഷമായും നടത്തിക്കൊണ്ടുപോവുകയാണു ചെയ്തിട്ടുള്ളതു്. അങ്ങനെ ഈ പ്രസ്ഥാനം നടത്തിയതിന്റെ ഫലമായിട്ടാണ് മദ്യവ്യവസായത്തിനുസാരമായ ഉടവുതട്ടിയതു്. അതിനാൽ ഏതുവിധവും ഈ പ്രസ്ഥാനത്തെ ഇല്ലാതാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഉദ്യോഗസ്ഥന്മാരിൽ ചിലർ ശ്രമംചെയ്തതിന്റെ ഫലമായിട്ടാണ് ഈ അനിഷ്ടസംഭവങ്ങൾ ഉണ്ടാകാനിടയായതു് എന്നുള്ളതിനു സംശയമില്ല. ആജ്ഞയെ ലംഘിച്ചതിലേയ്ക്കു് കന്നി ൧൦-ാംതീയതി അവരെശിക്ഷിച്ചു. ശിക്ഷിക്കപ്പെട്ടവർ രണ്ടുപേരേയും, അവർ മദ്യവർജ്ജന പ്രസ്ഥാനത്തിനു

[Mr. Muruvelil Pachu Pillai.]

വേണ്ടി പ്രവർത്തിച്ചവരായിരുന്നതുകൊണ്ട്, അനുമോദിക്കുന്നതിനും ടൌണിൽ ഒരു മദ്യവർജ്ജനകമ്മിററി രൂപീകരിക്കുന്നതിനുംവേണ്ടി ൧൯-ാംതീയതി ഒരു പൊതുയോഗംകൂടാൻ തീർച്ചപ്പെടുത്തി നോട്ടീസുകൾ പ്രചരിപ്പിച്ചിരുന്നു.

MR. ITTOOP ITTEECHAN (*Kunnatnad*) : ആ നോട്ടീസിൽ പറഞ്ഞിരുന്നത്, മദ്യവർജ്ജനപ്രസ്ഥാനത്തോടു ഇവർ അനുകൂലിച്ചു പ്രസംഗം നടത്തിയതുകൊണ്ടു ഇവരെ അനുമോദിക്കണമെന്നോ, അതല്ലാ ഗവണ്മെൻറിൻെറ ആജ്ഞയെ ലംഘിച്ചതുകൊണ്ട് ഇവരെ അനുമോദിക്കണമെന്നോ, എങ്ങിനെയാണ്?

MR. MURUVELIL PACHU PILLAI (*Shertallai*). അതു് ആ നോട്ടീസിൽതന്നെ സ്പഷ്ടമായിപറഞ്ഞിട്ടുണ്ട്. ഇവർ മദ്യവർജ്ജനപ്രവൃത്തകന്മാരായിരുന്നതുകൊണ്ട് ആ പ്രവൃത്തകന്മാരുടെ നിലയിൽ മാത്രം അവരെ അനുമോദിക്കുന്നതിനുവേണ്ടിയാണ്. ഡിസ്ട്രിക്ട് മജിസ്ട്രേട്ടുകൊടുത്ത നിരോധനാജ്ഞയെ ലംഘിച്ച് ശിക്ഷവാങ്ങിച്ചതിലേക്ക് അതായതു് നിയമനിഷേധം ചെയ്തതിലേക്കു അവരെ അനുമോദിക്കണമെന്നു ചേർത്തല നിവാസികൾ ഒരിക്കലും വിചാരിച്ചിട്ടില്ല. ആ സംഗതി അതിലേക്കു വേണ്ടിഅച്ചടിപ്പിച്ചു പ്രചരിപ്പിച്ചിട്ടുള്ള നോട്ടീസുകൊണ്ടുതന്നെകാണിൻ കഴിയുന്നതാണ്.

MR. ITTOOP ITTEECHAN (*Kunnatnad*) : നിയമലംഘനം ചെയ്തതു് ഏതുതീയതിയിലാണ്?

MR. MURUVELIL PACHU PILLAI (*Shertallai*): അതു് കന്നി ൧൬-നു- ആയിരുന്നു. അവരെ ശിക്ഷിച്ചതു കന്നി ൧൭-നു- ആയിരുന്നു. ഈ യോഗംകൂടാൻ നിശ്ചയിച്ചതു് കന്നി ൧൯-നു- ആയിരുന്നു.

മദ്യവർജ്ജന പ്രവർത്തകരെന്ന നിലയിൽ പ്രവൃത്തിച്ചതുനിമിത്തം ഈ ശിക്ഷവരാൻ ഇടവന്നല്ലോ എന്നുള്ള വിചാരത്താൽ മദ്യവർജ്ജനപ്രവർത്തകരുടെ നിലയിൽമാത്രം അവരെഅനുമോദിക്കുന്നതിനും ഒരുകമ്മിററി രൂപവൽകരിക്കുന്നതിനും വേണ്ടിമാത്രമാണ് ൧൯-ാംനു- യോഗംകൂടുവാൻ നിശ്ചയിച്ചതു്.

ഇപ്രകാരമുള്ള യോഗങ്ങൾ ഇനിയും തുടൎന്നു നടത്തിക്കൊണ്ടുപോകുന്നതിന് അനുവദിക്കുന്നതു ഒരുവിധത്തിലും നന്നായിരിക്കുകയില്ല. ഈ യോഗങ്ങളിൽ അനവധി ആളുകൾ വന്നുചേരുന്നതിനു ഇടവരികയും തന്നിമിത്തം മദ്യവർജ്ജനപ്രസ്ഥാനം നാൾക്കുനാൾ വളരെശക്തിപ്പെട്ടുവരികയും ചെയ്യും. ഓരോ സ്ഥലത്തിലുമുള്ള എല്ലാ ജാതിമതസ്ഥന്മാരിൽ പ്ര

മാണികളായ പലരും ഈ പ്രസ്ഥാനത്തോട് വളരെ അനുഭാവം പ്രദർശിപ്പിക്കുന്നു. ഇങ്ങനെവരുമ്പോൾ ചെത്തുന്നതിനു തെങ്ങ് കിട്ടുന്നതിനും ഷാപ്പുകെട്ടാൻ സ്ഥലം കിട്ടുന്നതിനും വളരെ വിഷമം ഉണ്ടാകും. ഇവയെ തടുക്കുന്നതിനു മററു യാതൊരു പ്രവൃത്തികൊണ്ടും യാതൊരു ഫലവും ഉണ്ടാകുകയില്ല. അതുകൊണ്ട് ഈ പ്രസ്ഥാനത്തെ വിജയകരമാക്കിത്തീക്കാതിരിക്കണമെങ്കിൽ തീച്ചയായിട്ടും ഈ യോഗങ്ങളെ തടയുകതന്നെ വേണം എന്നു തീരുമാനിച്ചു കൊണ്ട് ൧൯-൦൦൬-യിലെ യോഗത്തിൽ ഏതാനും ആളുകളെ, പോലീസുദ്യോഗസ്ഥന്മാരുടെ ഉത്സാഹത്തിലും അവരുടെ സഹായ സഹകരണത്തിലും യോഗത്തിൽ കടത്തിവിടുന്നതിനു അവിടെ തയാറാക്കികൊണ്ട് വന്ന് നിറുത്തിയിരുന്നു.

സ്ഥലത്തെ മുൻസീഫ്കോടതി വക്കീൽ മി. ഗോപാലകൃഷ്ണപ്രഭുവിനെ പ്രസിഡൻറ് സ്ഥാനത്തേക്ക് പുളിയംകോട്ട് മി വാസുകുറുപ്പു എന്ന മാന്യൻപ്രപ്പോസ്സ് ചെയ്യുകയും വേറൊരാൾ അതിനെഅനുകൂലിക്കുകയും ചെയ്തസമയം അവിടെ കൊണ്ടുവന്ന് നിറുത്തിയിരുന്നവരിൽഒരാൾ. ...

MR. A. S. DAMODARAN ASAN (*Mavelikahra* cum *Kartikapalli*): ൧൯-൩- കൂടിയ യോഗത്തിൽ ആക്കെങ്കിലും പ്രവേശനം ഇല്ലാതെ ഉണ്ടായിരുന്നുവോ?

MR. MURUVELIL PACHU PILLAI (*Shertallai*): യോഗത്തിൽ പ്രവേശനം ആക്കും നിരോധിച്ചിരുന്നില്ല. എന്നാൽ റൌഡികളും ആഭാസന്മാരുമായ ആളുകൾ യോഗത്തിൽകടന്ന് അക്രമങ്ങൾ പ്രവൃത്തിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നതുമില്ല.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): പോലീസുകാർ കടത്തിവിട്ട ആളുകൾ ഏതു തരത്തിലുള്ള ആളുകളാണ്.

MR. MURUVELIL PACHU PILLAI (*Shertallai*): അവരിൽ പലതരക്കാരും ഉൾപ്പെട്ടിരുന്നു പലരും റൌഡികളാണ. ആ താലൂക്കിൽ ഒരു നിലയും വിലയും ഇല്ലാത്തയാളുകളാണ്. കൂലിവേലക്കാരും കാലക്ഷേപത്തിന് ഒരു ഗതിയും ഇല്ലാത്തവരും ഈ കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു.

MR. P. GOMATINAYAKAM PILLAI (*Excise Commissioner*): ഈയോഗം കൂടിയ ൧൯-൦൦൩- മെംബർ ആ സ്ഥലത്തുണ്ടായിരുന്നുവൊ?

MR. MURUVELIL PACHU PILLAI (*Shertallai*): ൧൮-൩- വൈകുന്നേരം ഞാൻ മദ്രാസിൽനിന്നും തിരിച്ചു വന്നു. ൧൯-൩-ഞാൻ ചേത്തല ഉണ്ടായിരുന്നു. എന്നാൽ സംഭവം നടന്ന സമയം അവിടെ ഉണ്ടായിരുന്നില്ല.

MR. P. GOMATINAYAKAM PILLAI (*Excise Commissioner*): അപ്പോൾ ഈ പറഞ്ഞതൊക്കെ കേൾവിയാണ്. അല്ലെ?

MR. MURUVELIL PACHU PILLAI (*Shertallai*): ഞാൻ ഈ സംഭവങ്ങൾക്ക് ഒരു ദൃക്സാക്ഷിആയിരുന്നൊ എന്ന് ചോദിക്കുകയായിരിക്കും. എന്നാൽ ഞാൻ പറയുന്നസംഗതികൾ വിശ്വാസയോഗ്യമായി കിട്ടിയ അറിവുകളെ ആസ്പദമാക്കി ഉത്തമ വിശ്വാസത്തോടുകൂടി പറയുന്നവയാണ്.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): ഈ ൧൯-൩-ക്ക് മുമ്പും യോഗങ്ങൾ ഉണ്ടായിരുന്നില്ലെ?

MR. MURUVELIL PACHU PILLAI (*Shertallai*) : ധാരാളം ഉണ്ടായിരുന്നു.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*) : അന്ന് ഈ അനിഷ്ടസംഭവങ്ങൾ വല്ലതും ഉണ്ടായിരുന്നുവൊ?

MR. MURUVELIL PACHU PILLAI (*Shertallai*): യാതൊന്നുംതന്നെ ഇല്ലായിരുന്നു.

ഈ അക്രമികളെ ഉദ്യോഗസ്ഥന്മാർകടത്തിവിട്ടതാണ് എന്നു ഈ നേരിട്ടുകണ്ടതായി പറയാൻ സാധിച്ചില്ലെങ്കിലും മററു സംഗതികളെ ക്കൊണ്ടുഅതു അനുമാനിക്കാൻ ധാരാളംന്യായമുണ്ടു. ഈ യോഗത്തെതടയണമെന്നു പോലീസുകാർക്ക് വിചാരംഇല്ലായിരുന്നു എങ്കിൽ അന്യസ്ഥലങ്ങളിൽനിന്നും വിശേഷാൽ ആയി പോലീസുകാരെവരുത്തേണ്ട ആവശ്യമില്ലായിരുന്നു. ൧൯-൩-ലെ യോഗത്തിന് വൈക്കംതാലൂക്കിലെ പോലീസ് ഇൻസ്പെക്ടരേയും കത്തിയതോട്ട് പോലീസ് ഇൻസ്പെക്ടരേയും കുറെ പോലീസുകാരേയും വിശേഷാൽഅവിടെ വരുത്തിയിട്ടുണ്ടായിരുന്നു.

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : ചേർത്തല താലൂക്കിൽ ഇതിനു മുമ്പ് എപ്പോഴെങ്കിലും ഗവൺമെൻറിൻെറ ആജ്ഞയെ ലംഘിച്ചതായ ഒരു സംഭവം ഉണ്ടായിട്ടുണ്ടൊ?

MR. MURUVELIL PACHU PILLAI (*Shertallai*): ഇതുവരെ ഉണ്ടായിയിട്ടില്ല. ചേർത്തലക്കാർ ഗവൺമെൻറിൻെറ ആജ്ഞയെ അതിലംഘിച്ചു നടക്കുന്നവരല്ല. തിരുവിതാംകൂർ ഗവൺമെൻറായാലും ബ്രിട്ടീഷ് ഗവൺമെൻറായാലും അവർ വളരെ ഭക്തിയോടുകൂടി കരുതുന്നവരാണ്. മഹായുദ്ധം നടന്നകാലത്തു് സൈന്യത്തിൽ ചേരുവാൻ ആളുകളെ അയയ്ക്കണമെന്നു ആവശ്യപ്പെട്ടപ്പോൾ അധികം ആളുകളെ റിക്രൂട്ട് ചെയ്തു് അയച്ച ഒരു താലൂക്കാണ് ചേർത്തല. അങ്ങിനെ കൂടുതൽ ആളുകളെ അയച്ചതിന്റ് സ്മാരകമായി വാർസ്തംഭം

ഉണ്ടാക്കിയിട്ടുള്ളതു് രണ്ടോ മൂന്നോ താലൂക്കുകൾ മാത്രമെയുള്ളു. ഈ കൂട്ടത്തിൽ അങ്ങിനെയുള്ള ഒരു സ്തംഭം ചേൎത്തലതാലൂക്കു കച്ചേരിയുടെ മുമ്പിൽ സ്ഥാപിച്ചിട്ടുണ്ടു്. അതുപോലെ ഡിബെഞ്ചുവർ ബോണ്ടിനും ധാരാളം പണം കൊടുത്തു ഗവണ്മെൻറിനെ സഹായിച്ചിട്ടുള്ളവരാണു് ചേൎത്തലക്കാർ.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): ഈ എൻ-ഡ-ക്ക മുമ്പു് ഗവണ്മെൻറിനു നഷ്ടംവരുത്തണമെന്നു വിചാരിച്ചു വല്ല പദ്ധതിയും അവിടെ രൂപീകരിച്ചിട്ടുണ്ടായിരുന്നോ?

MR. MURUVELIL PACHU PILLAI (*Shertallai*): ഇല്ല. എന്നാൽ ഞങ്ങളുടെ മദ്യവൎജ്ജനപ്രസ്ഥാനംകൊണ്ടു് ഗവണ്മെൻറിൻെറ എക്സൈസ് ഇനത്തിലുള്ള വരുമാനത്തിനു ധാരാളം കുറവു വരുമെന്നു് വിചാരിക്കാൻ സംഗതികൾ ഉണ്ടായിട്ടുണ്ടു്.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): May I ask Mr. Pachu Pillai whether at any of those meetings, inflamatory speeches were delivered by any one?

MR. MURUVELIL PACHU PILLAI (*Shertallai*): ഇങ്ങിനെയുള്ള ചില മീററിംഗുകളിൽ ചിലപ്പോൾ ഞാൻ അദ്ധ്യക്ഷനായിട്ടും പ്രാസംഗികനായിട്ടും സംബന്ധിക്കാൻ ഇടയായിട്ടുണ്ടു്. എന്നാൽ അങ്ങിനെയുള്ള അവസരത്തിൽ ഈ മാതിരിയുള്ള സ്പീച്ചു ഒന്നും നടന്നതായിട്ടു പറയാൻസാധിക്കുകയില്ല. അഥവാ അങ്ങിനെ ചിലപ്രസംഗങ്ങൾ വല്ല അവസരങ്ങളിലും ഉണ്ടായിട്ടുണ്ടെന്നിരുന്നാൽ തന്നെയും ആ വക പ്രസംഗങ്ങളെ വേണ്ട പ്രകാരത്തിൽ തടയുന്നതുകൊണ്ടു യാതൊരു വിരോധവുമില്ല. അപ്രകാരം ഗവണ്മെൻറിനോ അധികാരമുള്ള മററു ഉദ്യോഗസ്ഥന്മാൎക്കോ ശരിയായ ബോദ്ധ്യംവന്നതിനുശേഷമാണോ ഈ രണ്ടു പേരുടേയും പ്രസംഗത്തെ തടഞ്ഞതു് എന്നു് സംശയമാണു്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അവരുടെ പ്രസംഗങ്ങളെ തടയുകയും അവരുടെ പേരിൽ കേസെടുക്കുകയും ചെയ്യാമെല്ലോ?

MR. MURUVELIL PACHU PILLAI (*Shertallai*); അതൊക്കെ ചെയ്യാം. ചേൎത്തല ടൌണിൻെറ ഒരു ഭാഗത്തു് ഒരു മൂലയിൽ നടന്ന ഒരു സംഭവത്തെ ആസ്പദമാക്കിക്കൊണ്ടു്, ചേൎത്തല താലൂക്കിലുള്ള ൧൭ പകുതികളിലും മേലാൽ യാതൊരു യോഗവും നടക്കാൻ പാടില്ലാ എന്നാണു് ഇപ്പോൾ നിരോധനാജ്ഞ പുറപ്പെടുവിച്ചിരിക്കുന്നതു്. ആ

[Mr. Muruvelil Pachu Pillai]

ആജ്ഞ ഇപ്പോഴും ഊൎജ്ജിതത്തിൽ ഇരിക്കുന്നു. ൧൯൨-൩-ലെ യോഗത്തിൽ ആളുകളെ കടത്തി വിട്ടകാൎയ്യം തന്നെ തുടരാം.

MR. V. J. OOMMEN (*Commerce and Industry, North*): ചേൎത്തലപോലീസ് ഇൻസ്പെക്ടർ ഈ സമയത്തു് ആ സ്ഥലത്തുണ്ടായിരുന്നുവോ?

MR. MURUVELIL PACHU PILLAI (*Shertallai*): ഉണ്ടായിരുന്നു. ചേൎത്തലപോലീസ് ഇൻസ്പെക്ടരും കുത്തിയതോട്ട പോലീസ് ഇൻസ്പെക്ടരും കുറെ അകമ്പടിക്കാരായ പോലീസുകാരും അവിടെ ഉണ്ടായിരുന്നു. അവരുടെ അനുചരന്മാരായി തെരഞ്ഞെടുത്ത കുറെ റൗഡികളും ഉണ്ടായിരുന്നു. പോലീസുകാർ ഇതെല്ലാം നോക്കിക്കൊണ്ടു് നിന്നു് രസിച്ചതല്ലാതെ അതിനെ തടയാൻ യാതൊരു പ്രവൃത്തിയും ചെയ്തില്ല.

MR. ITTOOP ITTEECHAN (*Kunnatnad*): അവർ അവിടെ എന്താണു പ്രവൎത്തിച്ചതു്?

MR. MURUVELIL PACHU PILLAI (*Shertallai*) : അവിടെ കയറിനിന്നു് പ്രസംഗിച്ച, മററുള്ള ആളുകൾ പറയാൻ തുടങ്ങുകയാണെങ്കിൽ വടി കാണിച്ചുകൊണ്ടു് അവരെ തടസ്സം ചെയ്തു. ഈ വക പ്രവൃത്തികൾ എല്ലാം അവിടെ നടക്കുന്നതു കണ്ടുകൊണ്ടു പോലീസ്‌കാർ രസിച്ചു് സന്തോഷിച്ചു തുള്ളിക്കളിക്കയായിരുന്നു. നിങ്ങൾ ഒട്ടും അധൈൎയ്യപ്പെടേണ്ട. ശരിയായി പ്രവൎത്തിക്കുവിൻ. ഭയപ്പെടേണ്ട ആവശ്യമെയില്ല, സഹായത്തിനു ഞങ്ങളുണ്ടു് എന്നുള്ള നാട്യത്തോടുകൂടി പോലീസുകാർ അവിടെ നിന്നു.

MR. ITTOOP ITTEECHAN (*Kunnatnad*) അവർ അവിടെ നടന്ന പ്രസംഗചാതുൎയ്യം കേട്ടു രസിച്ചതായിരിക്കുമോ?

MR. MURUVELIL PACHU PILLAI (*Shertallai*): അവരുടെ പ്രസംഗത്തിന്റെ ചാതുൎയ്യം കേട്ടു രസിക്കാനൊന്നുമില്ല അവർ പറയുന്ന അക്ഷരംതന്നെ ശരിയായി തിരിച്ചറിയാൻ പാടില്ലാത്ത നിലയിലായിരുന്നു അവരുടെ പ്രസംഗം. അങ്ങിനെയുള്ള പ്രസംഗം കേട്ടുരസിക്കാനൊന്നുമുണ്ടായിരുന്നില്ല. അവരുടെ ഉദ്ദേശം സാധിക്കത്തക്കവണ്ണം അവർ തയ്യാറാക്കി നിറുത്തിയ ആളുകൾ പ്രവൎത്തിക്കുന്നു എന്നു് കണ്ടപ്പോഴാണു് അവർ രസിച്ചുകൊണ്ടുനിന്നതു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): യോഗശാലയിൽ ഇപ്രകാരമുള്ള ആളുകൾ കൂടിയിരിക്കുന്നു.

അതുകൊണ്ടു അവരെ മാററിതരണമെന്ന് ആരെങ്കിലും പോലീസുകാരോട്ട് അപേക്ഷിച്ചിട്ടുണ്ടോ?

MR. MURUVELIL PACHU PILLAI (*Shertallai*) : അവരോട്ട് പ്രത്യേകമായിട്ട് അപേക്ഷിച്ചുവൊ എന്ന് എനിക്കു പറയാൻ സാധിക്കുകയില്ല.

MR. KAYALAM PARAMESAVRAN PILLAI (*Additional Head Sirkar Vakil*) : യോഗശാലക്ക് അകത്താണോ അവർ നിന്നിരുന്നത്?

MR. MURUVELIL PACHU PILLAI (*Shertallai*) : യോഗം നടന്നതു പ്രത്യേകം കെട്ടിടത്തിലല്ല, മൈതാനത്തിലാണ്.

ഏതാനും ആളുകൾ വടി, തടി മുതലായ ആയുധങ്ങളോടുകൂടി അവിടെകടന്നുവന്നിരിക്കുന്നതുകൊണ്ടു് പോലീസുകാർക്കു വേണമെങ്കിൽ ആരുടേയും അപേക്ഷ കൂടാതെതന്നെ തടയാവുന്നതാണ്.

PRESIDENT : You have to bear in mind, Mr. Pachu Pillai, that you have already taken up 20 minutes, the usual time allotted for such speeches.

You must bear in mind the time now, Mr. Pachu Pillai.

മെമ്പറിൻെറ ൨൦ മിന്നിട്ടുകഴിഞ്ഞു് ഇപ്പോൾ ൨൦ മിന്നിട്ട് ആയിരിക്കുന്നു.

MR. MURUVELIL PACHU PILLAI (*Shertallai*) : പ്രസിഡൻറ് അവർകൾക്ക് യുക്തമെന്ന് തോന്നുന്നുഎങ്കിൽ കൂടുതൽ സമയം അനുവദിക്കാം.

PRESIDENT : The time is up. I will allow you 5 minutes more.

MR. MURUVELIL PACHU PILLAI (*Shertallai*) : പോലീസുകാർക്കു അവരുടെമേൽ കേസെടുത്ത് നടപടിനടത്താം. അത് അവർ എടുത്തില്ല. സമാധാനലംഘനം ഉണ്ടാക്കാൻവന്നിരിക്കുകയാണു അവർ എന്നു പ്രത്യക്ഷമായി. അതിനെ വേറെപ്രകാരത്തിൽ തടയുന്നതിനു നിവൃത്തിയില്ലെങ്കിൽ ക്രിമിനൽനടപടിനിയമപ്രകാരം അവരെ അറസ്റ്റ് ചെയ്യുന്നതിന് പോലീസുകാർക്കു അധികാരമുണ്ട്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : യോഗത്തിൽ ഹാജരാകാൻ വന്നിരുന്നവരെ അറസ്റ്റ്ചെയ്തു എന്ന് അവർ പരാതിപറയുകയില്ലെ?

MR. MURUVELIL PACHU PILLAI (*Shertallai*) : അവർ യോഗത്തിൽ ഹാജരാകാൻ വന്നവരാണൊ, അതല്ല കലാപവും വഴക്കും ഉണ്ടാക്കാൻ

[Mr. Muruvelil Pachu Pillai.]

വന്നവരാണൊ എന്നുള്ളതു് യോഗത്തിൽഹാജരായിട്ടുള്ള മാന്യന്മാരോട്ട് ചോദിച്ചാൽ അറിയാവുന്നതാണു്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): കലാപം ഉണ്ടാക്കാൻ വന്ന ആളുകളേയും യോഗത്തിനു വരുന്ന ആളുകളേയും പോലീസുകാർക്കു തിരിച്ചറിയാൻവയ്യേ? (ചിരി.)

MR. MURUVELIL PACHU PILLAI (*Shertallai*): ധാരാളം അറിയാം. ൧൯-ാംനു- നടന്ന സംഭവത്തെ തടയാഞ്ഞതു് ഇനിമേൽ യോഗംകൂട്ടുവാൻ പാടില്ലെന്നുള്ള നിരോധനാജ്ഞ ആവശ്യപ്പെടാനാണു്. യോഗം കൂടിയാൽ ഇനിമേലും സമാധാനലംഘനം ഉണ്ടാകും. അതുകൊണ്ടു് ഇനിയോഗം നടത്തുന്നതിനു അനുവദിക്കുവാൻ പാടില്ലെന്നും അതിനെ നിരോധിക്കണമെന്നും പോലീസുകാർ റിപ്പോർട്ടുചെയ്തു. ൨൪-ാംനു-ഒരു യോഗംകൂടാൻ നിശ്ചയിച്ചപ്പോൾ ൧൯-ാംനു-നടന്നസംഭവത്തെ ആസ്പദമാക്കി അതിനെ തടയണമെന്നു് ആവശ്യപ്പെട്ടു. ൨൪-ാംനു-ലെയോഗം സമാധാനമുണ്ടാക്കാൻ എന്താണു് വഴി എന്നു് ആലോചിക്കാൻ മാത്രം ആയിരുന്നു. ൧൯-ാംനു-ലെ സംഭവങ്ങൾക്കു് സമാധാനലംഘനം ഉണ്ടാക്കിയവരുടെപേരിൽ എന്തുകൊണ്ടു് ൯൦-ാം വകുപ്പിനു് കേസെടുത്തില്ല.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അങ്ങിനെ ചെയ്യണമെന്നു് ആരെങ്കിലും പോലീസുകാരോട്ട് അപേക്ഷിച്ചിട്ടുണ്ടോ?

MR. MURUVELIL PACHU PILLAI (*Shertallai*): ആരും അവരോട്ട് അപേക്ഷിക്കേണ്ട ആവശ്യമില്ലല്ലൊ. പോലീസുകാർക്കുതന്നെ അധികാരമുണ്ടല്ലൊ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അവർക്കു അതിനു ചുമതലയും ഇല്ലെ?

MR. MURUVELIL PACHU PILLAI (*Shertallai*): ചുമതലയും ഉണ്ടു്. അവർ അങ്ങിനെ ചെയ്തില്ല.

൧൯-ാംനു-നടന്ന സംഭവങ്ങളെപ്പററി ഞാൻ ജനപ്രതിനിധിയുടെ നിലയിൽ ദിവാൻജിക്കു ഒരു കമ്പി അയച്ചിട്ടുണ്ടായിരുന്നു. ൧൯-നു-നടന്ന സംഭവങ്ങളെ അടിസ്ഥാനമാക്കി ൨൪-ാംനു-ലെ യോഗവും തടയാൻ പോകുന്നു എന്നു കണ്ടപ്പോൾ ൨൨-നു- രജിസ്റ്റർ ചെയ്തു ഡിസ്ട്രിക്ട്

മജിസ്ട്രേട്ടിനു ഞാൻ ഒരു ലറ്റർ അയച്ചു. ൨൪-൯-൯൩-ലെ യോഗം ൧൯-൯-൯൩- നടന്ന സംഭവങ്ങളെപ്പററി ആലോചിക്കാൻ മാത്രം ൪൮ മാന്യപൗരന്മാർ ചേർന്നു പ്രസിദ്ധപ്പെടുത്തിയ നോട്ടീസനുസരിച്ചു കൂടുന്ന ഒരു യോഗമാണു്; അതിനെ ഒരു വിധത്തിലും തടയാൻ പാടില്ല; അതിൽ സംശയമുണ്ടെങ്കിൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് തന്നെ സ്ഥലത്തു വന്നു ഇരുന്നു യോഗം നടത്തിതരണം; എന്നു എഴുതി അയച്ചിരുന്നു. ഇതിനുപുറമെ ൨൩-൯-൯൩- ചങ്ങനാശേരിയിൽ ചെന്നു് ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനെ കണ്ടു സംഗതികൾ ധരിപ്പിച്ചു. ഞാൻ ചെന്നപ്പോൾ എക്സൈസ് കമ്മീഷണർ ഡിസ്ട്രിക്ട് മജിസ്ട്രേട്ടു താമസിക്കുന്ന സ്ഥലത്തുണ്ടായിരുന്നു. അദ്ദേഹത്തെ കൂടാതെ മിസ്റ്റർ ഡാനിയലും ചേർത്തല പോലീസ് ഇൻസ്പെക്ടർ മിസ്റ്റർ ഉണ്ണിത്താനും അവിടെ ഉണ്ടായിരുന്നു.

MR. P. GOMATINAYAKAM PILLAI (*Excise Commissioner*): എവിടെ ഉണ്ടായിരുന്നു?

MR. MURUVELIL PACHU PILLAI (*Shertallai*): ചങ്ങനാശേരിയിൽ.

MR. P. GOMATINAYAKAM PILLAI (*Excise Commissioner*): മിസ്റ്റർ ഡാനിയലും ഉണ്ടായിരുന്നുവോ?

MR. MURUVELIL PACHU PILLAI (*Shertallai*). മിസ്റ്റർ ഡാനിയലും ഇൻസ്പെക്ടർ മിസ്റ്റർ ഉണ്ണിത്താനും ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനെ കണ്ടിട്ടു പുറത്തു ഇറങ്ങി പോകുമ്പോൾ ഞാൻ അവരെ വഴിയിൽ വച്ചു കണ്ടു. അതിനുശേഷം ഞാൻ അകത്തു പോയി. അകത്തു എക്സൈസ് കമ്മീഷണരും ഉണ്ടായിരുന്നു. ഇതിൽ നിന്നും ൨൪-൯-ലെ ആർഡർ പുറപ്പെടുവിച്ച സമയം ഇവരെല്ലാം ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ അടുത്തുചെന്നിരുന്നു എന്നും അതിന്റെ ഉദ്ദേശം നിരോധനാജ്ഞ വാങ്ങുന്നതിനാണെന്നും അനുമാനിക്കാവുന്നതാണ്.

MR. L. A. BISHOP (*Commissioner of Police*): May I ask the Member whether those meetings were similarly prohibited?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): പഴയ റൌഡികൾ ൨൪.൯-ലെ മീററിംഗിലും വരുമെന്നു ഭയം ഉണ്ടായിരുന്നിരിക്കുമോ?

MR. MURUVELIL PACHU PILLAI (*Shertallai*): ആ കാര്യം എന്നെക്കാൾ നിശ്ചയമായി പറയുവാൻ കഴിയുന്നതു പോലീസുകാർക്കാണ്. പോലീസുകാരുടെ അറിവുകൂടാതെ ഈ റൌഡികൾക്ക് ഒരു പൊതുയോഗത്തിൽ കടക്കുന്നതിന് ധൈര്യം വരികയില്ലെന്നാണ് എന്റെ

[Mr. Muruvelil Pachu Pillai].

വിശ്വാസം. അതിനാൽ ചേർത്തല താലൂക്കിൽ ഇപ്പോൾ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാർ അവിടെ ഇരിക്കുന്നിടത്തോളം കാലം ഈ നിരോധനാജ്ഞ നീട്ടിക്കൊണ്ടു പോകേണ്ടതാവശ്യമാണ്. ഈ ഡി. എസ്. പി. യും ഈ പോലീസ് ഇൻസ്പെക്ടറും ഇനിയും അവിടെ ഇരിക്കുന്ന പക്ഷം ഈ നിരോധനാജ്ഞയെ ഒരിക്കലും പിൻവലിക്കാൻ പാടില്ല. ഇനിയും യോഗങ്ങൾ കൂടുന്ന പക്ഷം ഈ മാതിരി ആളുകളെ അവർക്കു സ്വാധീനത്തിൽ കിട്ടാൻ യാതൊരു വിഷമവും ഇല്ല. ൨൩-ാം ഈ വിവരങ്ങളെക്കാണിച്ചു ദിവാൻജിക്കു ഒരു ലററർ അയച്ചു.

MR. V. J. OOMMEN (*Commerce and Industry, North*): പോലീസ്കമ്മിഷണരെ ഈ വിവരം അറിയിച്ചിട്ടുണ്ടോ?

MR. MURUVELIL PACHU PILLAI (*Shertallai*) : പോലീസ് കമ്മീഷണർക്കു ഞാൻ ൨ ൦ -ാം- കമ്പി അയച്ചു. ആ കമ്പിയെ കൺഫേറം ചെയ്തു ലററർ അയക്കണമെന്നു അദ്ദേഹം എന്റെ പേർക്കെഴുതി അയച്ചു. അതിനുശേഷം സകല വിവരങ്ങളും വിശദമായി കാണിച്ചു ൩ ൦ -ാം- ഞാൻ എഴുതിയയച്ചു. അതിൽ കമ്മീഷണർ ഉടൻ സ്ഥലത്തു വന്നു ഈ സംഭവങ്ങളെപ്പററി ജാഗ്രതയായി അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. കന്നി ൧൯-ാം- ഉണ്ടായ സംഗതിക്കു തുലാം ൨൩-ാം- യൊ ൨ ൬-ാം-യൊ ആണ് പോലീസ് കമ്മീഷണർ സ്ഥലത്തു വന്നതു്. ചേർത്തലതാലൂക്കിൽ ഒരു വലിയകലാപം നടന്നിരിക്കുന്നു എന്ന് അറിയിച്ചപ്പോൾ അതിനെപ്പററി അന്വേഷിക്കുവാൻ ഒരു മാസം തികച്ചുകഴിയുന്നതുവരെ ഈ പോലീസ്കമ്മീഷണർ എവിടെ ഇരുന്നിരുന്നു എന്നുള്ളതു് എനിക്ക്അറിഞ്ഞുകൂടാ.

MR. N. K. KRISHNA PILLAI (*Neyyattinkara*): ദിവാൻജിക്ക് അയച്ച കമ്പിക്കു വല്ല മറുപടിയും കിട്ടിയിട്ടുണ്ടോ?

MR. MURUVELIL PACHU PILLAI (*Shertallai*) : യാതൊരു മറുപടിയും അയച്ചില്ല. ഒരന്വേഷണവും നടത്തിയില്ല. അതിനാൽ യഥാർത്ഥത്തിൽ നടന്ന സംഭവങ്ങൾ എന്തെല്ലാമാണെന്ന് അറിയണമെന്ന് ഉദ്ദേശിച്ച് തിരുവിതാംകൂർ സ്റ്റേററ് പീപ്പിൾസ്കമ്മിററിയോട് ഒരു അനുദ്യോഗസ്ഥഅന്വേഷണം നടത്തണമെന്ന് ഞാൻഅപേക്ഷിച്ചു. അതനുസരിച്ച് അവർ ഒരു കമ്മിററിയെ നിയമിച്ചയച്ചു. ആ കമ്മിററിയിലെ അംഗങ്ങളിൽ മൂന്നുപേർ ഈ കൗൺസിൽ മെമ്പറന്മാരുമാണ്. നാലുപേരാണ് അന്വേഷണം നടത്തിയതു്. ഈ നാലുപേരും ഹൈക്കോടതിവക്കീലന്മാരുമാണ്. അന്വേഷണത്തിനുവരുന്നു എന്നുള്ള വിവരം

പരസ്യപ്പെടുത്തിയിട്ടു അവർ ൨൨ സാക്ഷികളെ വിസ്തരിച്ചു് ആ തെളിവുകളെ വച്ചുകൊണ്ടു ഒരു അനുദ്യോഗസ്ഥറിപ്പോർട്ടു പരസ്യംചെയ്തിട്ടുണ്ടു്. ൨൮-ാം റിസർവ്വ്പോലീസിനെ വരുത്തി കണ്ടമാനം ആളുകളെ ഉപദ്രവിപ്പിക്കുകയും ഉപദ്രവം ഏററ ആളുകളുടെ പാടുകാ നോക്കി എൻെറ അടുത്തിരിക്കുന്ന അടുത്തതാലൂക്കിലെ പ്രതിനിധി ഡാക്ടർ പണിക്കരുടെ സാന്നിധ്യത്തിൽ നോട്ടുചെയ്കയും ചെയ്തിട്ടുണ്ടു്. ഡിസ്ട്രിക്ട്മജിസ്ട്രേട്ടിൻെറ ആജ്ഞ അനുസരിച്ചു് ൨൮-ാം യോഗം കൂടുന്നില്ല; യോഗം നിർത്തിവച്ചിരിക്കുന്നു എന്നു് യോഗഭാരവാഹികൾ നോട്ടീസ് പ്രചരിപ്പിച്ചശേഷവും പിന്നീടും എന്തിനാണു് ഈ റിസർവ്വ്പോലീസുകാരെ വരുത്തി ഇപ്പോഴും അവിടെ താമസിപ്പിച്ചിരിക്കുന്നതു്?

MR. A. S. DAMODARAN ASAN (*Mavelikara cum Kartikpalli*): ഇപ്പോൾ അവർ അവിടെ എന്തുചെയ്യുന്നു?

MR. MJRUVELIL PACHU PILLAI (*Shertallai*): മുമ്പു് അവർ ചെയ്തുകൊണ്ടിരുന്ന പ്രവൃത്തികൾതന്നെ. കൺട്രാക്ടന്മാരോടുകൂടി ഓരോസ്ഥലങ്ങളിലുംചെന്നു് ആരാണു് കുടിക്കാൻപാടില്ലഎന്നുപറഞ്ഞതു്? അവരുടെ പേരുകളുടെ ഒരു ലിസ്റ്റ്വാങ്ങി പാടത്തു് കൊയ്തുകൊണ്ടുനില്ക്കുന്നവരെപ്പോലും പിടിച്ചുകൊണ്ടുവന്നു് ഷാപ്പുകളുടെ വാതുക്കൽ നിരത്തിനിറുത്തി തോക്കും ലാത്തിയുംകൊണ്ടു് മർദ്ദിക്കുകയാണു് അവർ ചെയ്യുന്നതു് (Shame, Shame) ഇവരും ഇവരുടെ പെററതള്ളയും ഈ കമ്മിററിമുമ്പാകെ ഇതിനെപ്പററി മൊഴികൊടുത്തിട്ടുണ്ടു്. ഇത്ര അനീതിയായ ഒരവസ്ഥ തിരുവിതാംകൂറിൽ ഇനി ഉണ്ടാകാൻ ഇല്ല. ഗവണ്മെൻറിൻെറ മദ്യവർജ്ജനത്തെ സംബന്ധിച്ചുള്ള പ്രഖ്യാപിത നയം അതിനെ ക്രമേണ നിറുത്തൽചെയ്യണമെന്നുള്ളതാണെന്നു് അവർ വീണ്ടും വീണ്ടും പറഞ്ഞിട്ടുണ്ടു്. ഗവണ്മെൻറു അങ്ങിനെ ചെയ്തില്ലെങ്കിലും ജനങ്ങൾതന്നെ അതിനെ നിർത്തൽചെയ്വാൻ ന്യായമായവഴികളിൽകൂടി പരിശ്രമം തുടങ്ങുമ്പോൾ ഗവണ്മെൻറിൻെറ പ്രഖ്യാപിത നയം ഒന്നുവേറെ, പ്രവൃത്തി ഒന്നുവേറെ എന്നനിലയിൽ തോന്നിപ്പോകുന്നു. ഉദ്യോഗസ്ഥന്മാർ ഈ മാതിരി അക്രമങ്ങൾ ചെയ്യുമ്പോൾ ഗവണ്മെൻറിൻെറ പ്രഖ്യാപിതനയം ഇതാണെന്നു് പറയുന്നു എന്നല്ലാതെ അവരുടെ മനോഭാവവും ആന്തരമായ അഭിപ്രായവും അതിനനുസരിച്ചു തന്നെയോ എന്നു് സംശയിച്ചുപോകുന്നു. ഇങ്ങിനെയായാൽ ഗവണ്മെൻറിൻെറമേൽ ജനങ്ങൾക്കു് വിശ്വാസം കുറയുന്നതിനും ഗവണ്മെൻറു പ്രഖ്യാപിതനയം അനുസരിച്ചുപ്രവർത്തിക്കുന്നില്ലെങ്കിൽ ഗവണ്മെൻറിൻെറമേൽ ജനങ്ങൾക്കു

ള്ള മതിപ്പു കുറയുന്നതിനും ഉദ്യോഗസ്ഥന്മാരുടെ ഈ തരം പ്രവർത്തികൾ കാരണമാകുന്നു.

സർ, ഇന്നലെ കൗൺസിൽ ആരംഭിക്കുന്നതിനുമുമ്പായി അവിടന്ന് അവിടത്തെ ഏല്പിച്ചിട്ടുള്ള പ്രവർത്തികൾ എല്ലാം നിറവേറുന്നതിന് ജനപ്രതിനിധികളായ ഞങ്ങളുടെ സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു എന്ന് പ്രസ്താവിച്ചു. രാജ്യശ്രേയസ്സിനായി പ്രവർത്തിക്കുന്ന സകല സംരംഭങ്ങളിലും ഞങ്ങൾ അവിടത്തെ സഹകരിക്കുന്നതിന് തയ്യാറാണ്. അവിടുന്നു ഈ ജോലിയിൽ പ്രവേശിച്ചിട്ടു ഒന്നരമാസമായി. ഈ അക്രമസംഭവങ്ങളെപ്പററി അവിടന്ന് അന്വേഷിച്ച് യാതൊരുതീരുമാനവും ഇതേവരെ ചെയ്തിട്ടില്ല. ഇതിനെപ്പററി ഓരോ ഡിപ്പാർട്ടുമെൻറു മേലധികാരികളോടും ചോദിച്ചാൽ അവരുടെ കീഴ്ജീവനക്കാരുടെ പ്രവൃത്തികളെ സാധൂകരിക്കുകയല്ലാതെ ഒരിക്കലും അവരെ വിട്ടുകൊടുക്കുകയില്ല. അതുകൊണ്ട് അവിടന്ന് സ്വാഭിപ്രായമായിട്ട് തന്നെ നിർദ്ദാക്ഷിണ്യവും ന്യായവും എന്ന് തോന്നുന്ന ഒരുതീരുമാനം ഇങ്ങനെയുള്ള കാര്യത്തിൽ ചെയ്തില്ലെങ്കിൽ ജനങ്ങൾക്കു വലിയ സങ്കടം ഉണ്ടാകുന്നതിനും ഗവൺമെൻറിനെപ്പററിയുള്ള വിശ്വാസത്തിനും മതിപ്പിനും കുറവുവരുന്നതിനും കാരണമായി തീരുന്നതാണ്. ഇനിയും ധാരാളം സംഗതികൾ പറയാനുണ്ടെങ്കിലും സമയം അധികരിച്ചിരിക്കുന്നതുകൊണ്ടും അതിനെപ്പററി മററുള്ളവർ പറയുമെന്നുള്ളതുകൊണ്ടും ഇത്രയും പ്രസ്താവിച്ചുകൊണ്ട് ഈ പ്രമേയത്തെ ഇവിടെ അവതരിപ്പിച്ചു കൊള്ളുന്നു.

MR. P. GOMATINAYAKAM PILLAI (*Excise Commissioner*): ഇതിനിടയ്ക്കു തെങ്ങിൻെറ ക്രമ്പ് കുലകൾ അറുക്കുക, മാട്ടങ്ങൾ തല്ലിപ്പൊട്ടിക്കുക മുതലായ പ്രവൃത്തികൾ ചെയ്തിട്ടുണ്ടോ?

MR. MURUVELIL PACHU PILLAI (*Shertallai*): ഇത് വിചാരണയിൽ ഇരിക്കുന്ന കേസുകളെ സംബന്ധിച്ച വിവരങ്ങളാണ്. ഈ ചോദ്യത്തിനു ശരിയായ ഉത്തരം ഈ പതനത്തിൽ പറയാമോ എന്നു ഞാൻ സംശയിക്കുന്നു.

MR. P. GOMATINAYAKAM PILLAI (*Excise Commissioner*): One question I have to ask. May I ask the member whether there were any instances of setting fire to toddy shops, at Shertallai?

PRESIDENT: Is that *sub-judice*?

MR. MURUVELIL PACHU PILLAI (*Shertallai*): Yes, Sir.

PRESIDENT: If it is before any tribunal, I do not know how you are justified in calling for a statement of fact.

MR. P. GOMATINAYAKAM PILLAI (*Excise Commissioner*): I only want to know whether there was any such occurrence. That cannot be *sub-judice*

PRESIDENT: Are they connected with any suit, either civil or criminal, before any tribunal of the State?

MR. P. GOMATINAYAKAM PILLAI (*Excise Commissioner*): I do not want to go into matters, *sub-judice*. Mr. Pachu Pillai alleges certain facts. I only want to know whether such occurrences did really occur.

PRESIDENT: It is better you do not pursue the matter further.

MR. P. GOMATINAYAKAM PILLAI (*Excise Commissioner*): My point is......

MR. A. S. DAMODARAN ASAN (*Mavelikara cum Karthikapalli*): Sir I rise to a point of order. Even if such instances have happened what is the relevancy of his question?

MR. A. THANU PILLAI (*Trivandrum*): The Excise Commissioner has put a question to Mr. Pachu Pillai, and if he answers that, I am afraid Government can sanction the prosecution of the member.

MR. P. GOMATINAYAKAM PILLAI (*Excise Commissioner*): After all, it was a toddy shop that was set fire to, and, there can only take place a police enquiry.

PRESIDENT: If you want to elicit any information from Mr. Pachu Pillai, you have to address the Chair.

MR. P. GOMATINAYAKAM PLLAI (*Excise Commissioner*): I am only addressing the Chair.

PRESIDENT: You can only make a suggestion and it is for Mr. Pachu Pillai to answer it or not.

If it is a matter before courts, in any form, it is better the members should avoid bringing such matters in the discussion. Because it may lead to various difficulties. And I think, Standing Orders preclude you from making references to them.

If Mr. Pachu Pillai refers to specific instances, you may contest these points during your reply.

MR. P. GOMATINAYAKAM PILLAI (*Excise Commissioner*): I only want to know whether there was any such occurrence?

MR. MURUVELIL PACHU PILLAI (*Shertallai*): പ്രസിഡൻറ് അനുവദിച്ചാൽ പറയാം.

PRESIDENT: ഇപ്പോഴും അതിനെ സംബന്ധിച്ച് ഏതെങ്കിലും കേസ് നടക്കുന്നുണ്ടൊ?

MR. MURUVELIL PACHU PILLAI (*Shertallai*): ഉണ്ട്.

MR. P. GOMATINAYAKAM PILLAI (*Excise Commissioner*): കള്ളുഷാപ്പ് തീവച്ചതിനെ സംബന്ധിച്ച് പോലിസുകാർ കേസെടുത്തിട്ടുള്ളതായി അറിയാമൊ?

MR. MURUVELIL PACHU PILLAI (*Shertallai*): പോലീസുകാർ അങ്ങിനെ കേസു രജിസ്റ്റർചെയ്തിട്ടുള്ളതായി അറിയാം.

PRESIDENT: That means, he will have to discuss with you now.

MR. P. GOMATINAYAKAM PILLAI (*Excise Commissioner*): I do not want to discuss with him at all. I only want to know whether such a thing happened?

PRESIDENT: Mr. Gomatinayakam Pillai, questions must relate to the motion before the House. A member can make his owno bser. vations in connection with the motion now before the Hous This is not an occasion when he has to answer a categorical question.

MR. MURUVELIL PACHU PILLAI (*Shertallai*): അതുകൊണ്ട് പ്രമേയത്തെ ആസ്പദമാക്കി കൌൺസിലിന്റെ ആലോചനയ്ക്ക് സമർപ്പിക്കുന്നതിനുള്ള പ്രധാനസംഗതി ഈ സംഭവങ്ങളെ എല്ലാം സംബന്ധിച്ചു ശരിയായ ഒരന്വേഷണം നടത്തുന്നതിന് ഒരു കമ്മിററിയെ നിയമിക്കണമെന്നുള്ളതാണ്. ഈ അഭിപ്രായത്തോടുകൂടി ഈ പ്രമേയത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): സർ, ഈ വിഷയത്തെപ്പററി വളരെ ഗൌരവതരമായി മി. പാച്ചുപിള്ള ഈ സഭമുമ്പാകെ അറിയിച്ചുകഴിഞ്ഞു. തിരുവിതാംകൂറിലുള്ള പൌരന്മാരുടേയും പൊതുജനപ്രതിനിധികളുടേയും ഒരവകാശത്തെ സംബന്ധിക്കുന്നതായതുകൊണ്ടും തിരുവിതാംകൂറിലെ പൌരന്മാക്കു മേലാൽ സ്വല്പമെങ്കിലും ഒരു രക്ഷ ഈ സക്കാർഉദ്യോഗസ്ഥന്മാരിൽനിന്നും ഉണ്ടാകണമെന്നുള്ള ഉദ്ദേശംകൊണ്ടും മി. പാച്ചുപിള്ള ഇവിടെ ഒരു സത്യവാങ്ങ്മൂലം എന്നപോലെ അറിയിച്ചിട്ടുള്ള സംഗതികൾക്കു എക്സൈസ്കമ്മീഷണരും പോലീസുകമ്മീഷണരും ഉടനടി സമാധാനം ബോധിപ്പിക്കണമെന്നും അതിനുശേഷം ഈ വാദപ്രതിവാദം നടത്തണമെന്നും ഞാൻ അപേക്ഷിക്കുന്നു.

PRESIDENT: What is it Mr. Kesava Pillai? Are you seconding Mr. Pachu Pillai's motion?

MR. T.C. KESAVA PILLAI (*Kalkulam cum Vilavankod*): എനിക്കു ഇതിനെപ്പററി പറയാനുള്ളതു അഫിഷ്യൽസിന്റെ മറുപടികേട്ടശേഷമായിക്കൊള്ളാം.

PRESIDENT: How is it? There is a motion before the House. I want to know whether you are seconding it.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*) : ഇതിൽ ഏതെല്ലാംഭാഗങ്ങൾ അവർ സമ്മതിക്കുന്നു എന്നുനോക്കിയതിനുശേഷം ഡിസ്കഷൻനടത്താം എന്നാണ് എന്റെ അഭിപ്രായം.

PRESIDENT: Mr. Kesava Pillai, you want to proceed with the discussion after recording the admissions or denials from the official block. Is that proper? Under what provision of the Standing Orders do you demand that?

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*) ; ഇതു് എന്റെ അഭിപ്രായം മാത്രമാണ്.

സർ, മി. പാച്ചുപിള്ള ഇവിടെ അവതരിപ്പിച്ച അടിയന്തിരപ്രമേയത്തെ ഞാൻ ഹാർദ്ദമായി പിൻതാങ്ങുന്നു. ചേർത്തലയിൽ കഴിഞ്ഞ കന്നി ൧൯-ാംനു- ചില അനിഷ്ടസംഭവങ്ങൾ നടന്നുഎന്നും ചേർത്തലഅന്വേഷണക്കമ്മിററിയുടെ റിപ്പോർട്ടിൽനിന്നും മനസ്സിലാകുന്നുണ്ട്. ചേർത്തലത്താലൂക്കിൽ ന്യായമായൊ, അന്യായമായൊ, ഏതാനും ആളുകൾക്ക് അടികൊണ്ട സംഗതിയെപ്പററി ഈ സഭമുമ്പാകെ പറയുന്നതു് ഉചിതമായിരിക്കയില്ല. എന്നാൽ തിരുവിതാംകൂറിലെ ഡിപ്പാർട്ടുമെൻറു മേധാവികൾ അനുവർത്തിച്ചുവരുന്ന നയത്തെസംബന്ധിച്ചു മാത്രം പറഞ്ഞിട്ട്, അപ്രകാരം അനുവർത്തിച്ചിട്ടുള്ള കൂട്ടത്തിൽ ഒരു സംഭവം ചേർത്തല നടത്തിയതിനെപ്പററി ഗവണ്മെൻറു ഗാഢമായി ചിന്തിച്ച് എന്തെങ്കിലും ഒരു പരിഹാരം ഉണ്ടാക്കണമെന്നാണ് എനിക്കു പ്രധാനമായി പറയാനുള്ളതു്. സാധാരണ തിരുവിതാംകൂറിൽ പലസ്ഥലത്തും ജനങ്ങൾയോജിച്ചു യോഗങ്ങൾകൂടി ജയിലിൽ പോകാനുള്ള ഒരു കാലമാണ് ഇതു്. ചേർത്തല താലൂക്കുകാർ ഗവണ്മെൻറുത്തരവുകളെ ഒരിക്കലും ലംഘിക്കുന്നവരല്ല. വളരെ മര്യാദക്കാരാണെന്ന് ഇവിടെ പറയുകയുണ്ടായി. അന്യനാട്ടിൽപോലും അതരം മര്യാദകേടു കാണിച്ചിട്ടില്ലെന്നു മി. പാച്ചുപിള്ള പറഞ്ഞുകഴിഞ്ഞു. ഇപ്രകാരമുള്ള മര്യാദക്കാരുടെകൂട്ടത്തിൽ പൊതുജനപ്രതിനിധികളായ മി. പാച്ചുപിള്ള മുതലായവരെ അപമാനിക്കത്തക്കനിലയിൽ ഏതാനും പോലീസുദ്യോഗസ്ഥന്മാർ പെരുമാറി എന്നു പറയുന്നതു പരമാർത്ഥത്തിൽ വലിയ സങ്കടമാണ്.

MR. P. S. MAHOMED (*Nominated*) : മി. പാച്ചുപിള്ളയെ വല്ലവരും അപമാനിച്ചതായി പറഞ്ഞിട്ടുണ്ടൊ?

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*) : ഈ റിപ്പോർട്ടുമുഴുവനും വായിച്ചുനോക്കിയാൽ അറിയാം. ഇതിൽപറയുന്നുണ്ട്.

[Mr. T. C. Kesava Pillai]

(മി കേശവപിള്ള ചേർത്തല അനുദ്യോഗസ്ഥാന്വേഷണക്കമ്മിററിയുടെ റിപ്പോർട്ട എടുത്തു ാണിച്ചു.)

PRESIDENT · Is that report before the House? You can only say what the report contains and not read it. I do not think that you are in order in inviting the attention of another member to a paper that is not before the House.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): അവിടെ നടന്നിട്ടുള്ള സംഭവങ്ങളിൽ പ്രധാനമായിട്ടുള്ളതു സാധുക്കളായസ്ത്രീകളേയും കുട്ടികളേയും അടിച്ചു് അപമാനിച്ചു എന്നും ഈ അടിച്ച ആളുകൾ സ്വശക്തിയോടും സ്വബോധത്തോടും കൂടി പ്രവർത്തിച്ചതല്ല എന്നും ഉള്ളതാണു്. രണ്ടാമത്തെ സംഗതി യോഗ്യന്മാരും മാന്യന്മാരുമായ ആളുകൾ കൂടി നടത്തുന്ന യോഗങ്ങളെ നിരോധനാജ്ഞകൊടുത്തു തടഞ്ഞു എന്നുള്ളതാണു്. ഈ സംഗതി പൊളിട്ടിക്കൽ അല്ലാതെ ഇരിക്കുന്നകാലത്താകട്ടെ ഇങ്ങനെ തടയുന്നതു് ഒട്ടും ശരിയല്ല. ചിലഅവസരങ്ങളിൽ, വിദ്യാർത്ഥിബഹളത്തിൽ നടന്ന മർദ്ദനം പോലെയുള്ള ഒരു തോന്നുവച്ചിരിക്കുന്നതു പരമാർത്ഥത്തിൽ ശരിയായ ഒരു നയമാണെന്ന ഈ ഭാഗത്തുള്ളവർ വിചാരിക്കുന്നില്ല. പോലീസുദ്യോഗസ്ഥന്മാരെപ്പററി ഈ സഭമുമ്പാകെ അറിയിക്കുന്നപക്ഷം അറിയിക്കുന്നവർ ഒന്നുകിൽ സാക്ഷിയായിട്ടോ അല്ലെങ്കിൽ കക്ഷിയായിട്ടോ പോകേണ്ടിവരും. ഇപ്രകാരം കേവലമായ ഒരു സ്ഥാനം പൊതുജനപ്രതിനിധികൾക്കു ഉദ്യോഗസ്ഥ ഭാഗത്തുനിന്നും കല്പിച്ചിട്ടുണ്ടു്. അതുകൊണ്ടു അനുദ്യോഗസ്ഥന്മാർ ഉടനടി രാജിവച്ചുപോകുന്നതു് നന്നായിരിക്കും എന്നും, മേലാൽ ഇങ്ങനെയുള്ള സ്ഥാപനങ്ങളിൽ വരുന്നതിനു ആശിക്കുന്നതു ശരിയല്ലെന്നും തോന്നിപ്പോകുന്നു. അതുകൊണ്ടു മേലാൽ ഇതിലേക്കു ആളുകളും ഉണ്ടാവുകയില്ലെന്നു ഞാൻ വിശ്വസിക്കയും ചെയ്യുന്നു. ഗൗരവതരങ്ങളായ പല സംഗതികളും ഇതിൽ അടങ്ങിയിരിക്കുന്നതുകൊണ്ടു് അതിനെപ്പററി അന്വേഷിക്കുന്നതിനു ഒരു കമ്മിററി ഏർപ്പെടുത്തണമെന്നും; മേലാൽ ഗവൺമെൻറുദ്യോഗസ്ഥന്മാർ ഇപ്രകാരമുള്ള സംഗതികളിൽ ഏർപ്പെടുന്നതു വളരെ ആലോചിച്ചു വേണമെന്നും ഞാൻ അറിയിച്ചുകൊള്ളട്ടെ. ഈ അനിഷ്ട സംഭവങ്ങൾക്കു പ്രധാനകാരണം വിദേശികളെ ഇവിടത്തെ ഉദ്യോഗത്തിൽ നിയമിക്കുന്നതുകൊണ്ടാണു്. ഇവിടെ യോഗ്യന്മാരായ ആളുകൾ ധാരാളമുണ്ടു്. അതുകൊണ്ടു് ഈ സംഗതിയിൽ ഗവൺമെൻറു ഗാഢമായി ശ്രദ്ധിക്കണമെ

നുള്ള അഭിപ്രായത്തോടുകൂടി ഞാൻ മി. പാച്ചുപിള്ളയുടെ പ്രമേയത്തെഹാർദ്ദമായി പിൻതാങ്ങിക്കൊള്ളുന്നു.

MR. V. S. KRISHNA PILLAI (*Tiruvalla*): സർ, ഞാൻ മി. പാച്ചുപിള്ള ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ അനുകൂലിക്കുന്നു. ധർമ്മരാജ്യമെന്നു് പേർകിട്ടിയിട്ടുള്ള ഈ രാജ്യത്തു് പരമാർത്ഥത്തിൽ ദുസ്സഹമായ പല സങ്കടങ്ങളുമുണ്ടു്. മി. പാച്ചുപിള്ള ഇവിടെ നടന്ന ഒന്നുരണ്ടു സംഭവങ്ങളെപ്പററി ഈ കൗൺസിൽ മുമ്പാകെ ഉൽബോധനം ചെയ്ത അവസരത്തിൽ കണ്ടിട്ടുള്ള മനോവികാരങ്ങളെ ഈ സദസ്സിലുള്ള ആളുകൾ ആലോചിക്കുമ്പോൾ അവിടെ വളരെ വളരെ ഭയങ്കരങ്ങളായ കൃത്യങ്ങൾ നടന്നിരിക്കണമെന്നും, സഭ്യമല്ലാത്തതുകൊണ്ടു് പറയാതെ അതിൽ ഭൂരിപക്ഷവും മറച്ചുവച്ചിരിക്കയാണെന്നും ഊഹിക്കേണ്ടിയിരിക്കുന്നു. സാധാരണയോഗനടപടികൾ അനുസരിച്ചു് ഒരാൾ പ്രസിഡൻറിനെ പ്രപ്പോസു് ചെയ്കയും ഒരാൾ അതിനെ പിൻതാങ്ങുകയും ചെയ്തശേഷം പ്രസിഡെൻറ് ആ സ്ഥാനം സ്വീകരിക്കുന്നതിനായി ചെല്ലുമ്പോൾ ആ സ്ഥാനത്തു വേറെ ഒരാൾ ഇരിക്കുന്നു എന്നു വന്നാൽ ആ സദസ്സിൽ നടക്കുന്ന സംഗതികൾ എന്തെല്ലാമാണെന്നും ഇതു് എതെല്ലാം പ്രകാരത്തിൽ ഉത്ഭവിച്ചതാണെന്നും മററും ഒരു ദൃക്സാക്ഷി വിസ്തരിച്ചുപറയുന്നതിനേക്കാൾ നല്ലതു് സാമാന്യബുദ്ധികൊണ്ടു ഊഹിക്കുന്നതാണു്. ചീത്തയായനടപടികൾ ഉണ്ടായേക്കുമോ എന്നശങ്കിച്ചു് ഒരു നിരോധനാജ്ഞ ഡിസ്ട്രിക്ടു്മജിസ്ട്രേട്ടുകൊടുത്തിട്ടുള്ളതു്, ആ താലൂക്കുകാർക്കോ അല്ലെങ്കിൽ അതിൽ സംബന്ധിച്ചിട്ടുള്ള മററു മഹാജനങ്ങൾക്കോ യാതൊരു പരിഭവത്തിനും വകയില്ല.

MR. P. S. MAHOMED (*Nominated*): ആവശ്യമില്ലാതെ നിരോധനാജ്ഞ കൊടുത്താൽ പരിഭവത്തിനു വകയില്ലേ?

MR. V. S. KRISHNA PILLAI (*Tiruvalla*): ആവശ്യമില്ലാതെ ആർഡർ കൊടുത്താൽ പരിഭവത്തിനു് അവകാശമില്ലയോ എന്നുള്ള ചോദ്യം തന്നെ ആവശ്യമില്ല (ചിരി) ആവശ്യത്തേയോ അനാവശ്യത്തേയോപററി വാദപ്രതിവാദം ചെയ്തു് ഒരു തീരുമാനം ഈ അവസരത്തിൽ വരുത്തണമെന്നും ഞാൻ വിചാരിക്കുന്നില്ല.

എതായാലും ചേർത്തല താലൂക്കിൽ ഒരു സ്ഥലത്തു് യോഗം തുടങ്ങിയപ്പോൾ കാണിച്ച ബീഭത്സമായ നടപടികളെ തുടർന്നു്, സമാധാനപരമായി യോഗം കൂടുന്നതിനു മറെറാരുസ്ഥലത്തു പോയപ്പോഴും അവിടെ

[Mr. V. S. Krishna Pillai.]

യും പോലീസുകാർ എത്തി ആക്ഷേപകരമായ അനേകം പ്രവൃത്തികൾ ചെയ്തു എന്നാണ് എന്റെ അറിവ്. ഇങ്ങിനെയുള്ള റൌഡികളുടെ വിഹാരസ്ഥലമായി ആ സ്ഥലത്തെ തീക്കുന്നതിന് ആരെല്ലാം പ്രേരിതരായോ അവരെപ്പററി പ്രത്യേകമായ യാതൊരഭിപ്രായവും എനിക്കില്ല. ആ ഭാഗം ഞാൻ മഹാജനങ്ങളുടെ ആലോചനയ്ക്കായി വിട്ടിരിക്കുന്നു. അതിനെ തുടൎന്ന് കുറെ റിസൎവ്വ് പോലീസുകാരെ അങ്ങോട്ടു പറഞ്ഞു അയക്കയാണുണ്ടായതു്. ഈ റിസൎവ്വ് പോലീസുകാർ അവിടെ ചെന്നപ്പോൾ അവിടത്തെ സ്ഥിതി ഒന്നുകൂടി കഷ്ടതരമായി. സ്വതേതന്നെ മൎക്കടം അതോടുകൂടി കുറെ മദ്യം കൂടി കൊടുക്കയും, ഒരു തേൾ കൂടി ഇറുക്കുകയും ചെയ്താൽ ഏതു നിലയിൽ ആയിതീരുമോ അതുപോലെയായി. റൌഡികൾ തന്നെ എന്തും പ്രവൃത്തിക്കുന്നതിനു തയ്യാറായിരിക്കുന്ന അവസരത്തിൽ ഇങ്ങനെ ഒരു പിൻബലംകൂടി കിട്ടിയാൽ അവർ കാട്ടിക്കൂട്ടുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് ആലോചിച്ചു നോക്കുന്നതുപോലും അശക്യമാണ്. ഇങ്ങിനെ ഒരു സംഭവം—ഒരനിഷ്ട സംഭവം—നമ്മുടെ രാജ്യത്ത് ഈ അവസരത്തിൽ ഉണ്ടായതു് ഓൎക്കുമ്പോൾ ഏതൊരു പൌരന്റെയും ഹൃദയം തുടിക്കുക തന്നെ ചെയ്യും. ഇതിലേക്കുള്ള കുററക്കാരെ കണ്ടുപിടിച്ച് ശിക്ഷിച്ച് ന്യായമായ പരിഹാരമാൎഗ്ഗം ഉണ്ടാക്കുകയും മേലാൽ ഇങ്ങനെയുള്ള അനിഷ്ട സംഭവങ്ങൾ നമ്മുടെ രാജ്യത്ത് ഉണ്ടാകാതെയിരിക്കുന്നതിന് എന്തെല്ലാം മുൻ കരുതലുകൾ ഈ ധൎമ്മരാജ്യത്തെ ഗവൺമെന്റിനു ചെയ്യുവാൻ കഴിയുമോ അവയെല്ലാം ഉടനടി ചെയ്യുകയും ചെയ്യണമെന്ന് എനിക്കപേക്ഷയുണ്ടു്. അതുകൊണ്ടു മി. പാച്ചുപിള്ള വികാരോദ്ദീപകമായി അവതരിപ്പിച്ച പ്രമേയത്തെ പിൻതാങ്ങുന്നതിൽ എനിക്കു സന്തോഷമോ സന്താപമോ ഏതാണുള്ളതെന്നു തീൎച്ചപ്പെടുത്താൻ എനിക്കു തന്നെ പ്രയാസമായിരിക്കുന്നു. ഏതായാലും ഇത്രയും സംഭവങ്ങൾ അവിടെ നടന്നു എന്നുള്ളതിനു കൂടുതലായി യാതൊരു തെളിവും ആവശ്യമില്ല. അതിനാൽ ഇതിലേക്കു ഒരു കമ്മിററിയെ കഴിയുന്നതും വേഗത്തിൽ നിയമിച്ചു വേണ്ട അന്വേഷണം നടത്തി ഒരു തീരുമാനം ഉണ്ടാക്കുന്നതിന് ഗവണ്മെന്റിനു ദയവുണ്ടാകണമെന്ന് അപേക്ഷിച്ചുകൊണ്ട് ഈ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു.

MR. L. A. BISHOP (*Commissioner of Police*): Mr. Pachu Pillai must have made a very eloquent speech. As it was in Malayalam I am afraid I was not able to understand it all. He spoke with tears in his eyes and was able to induce some other members to believe every word of what he said before hearing the other side. In fact he was so eloquent that some people emotionally called out 'shame'.

Mr. Pachu Pillai took some time for describing the incidents at Shertallai. I am afraid I also will have to take time to describe the events. I trust my friends will give me a courteous hearing and hear me to the end. I will answer questions when I have gone through the whole of my speech.

Mr. Pachu Pillai described Shertallai taluk and the situation in the taluk, a few months prior to the day in question; but I am afraid he gave you only a garbled version; It was not a complete version However moving it might be, I think it is my duty, before explaining what happened at the public meetings in Shertallai and in the village close by, to narrate the events that occurred in the taluk up to that particular day. When I have done that, I think you will realise that temperance has not been the only moving factor in that taluk.

Now, Sir, we all know where Shertallai is. It is the northernmost coast taluk in the State, and it is adjacent to British Cochin and the Cochin State. As we have often heard from the Shertallai members here, and in the S. M. P. Assembly, Shertallai has always had a grievance—the people of Shertallai feel that they are cut off from the rest of Travancore.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Will the member speak a little louder? We cannot hear him.

MR. L. A. BISHOP (*Commissioner of Police*): This is the loudest tone in which I can talk, I am afraid.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): May I know from the learned Police Commissioner what were the factors other than temperance that contributed to these incidents?

PRESIDENT: You may come up to the front.

(The Commissioner of Police came up to the front and occupied a seat in front).

MR. L. A. BISHOP (*Commissioner of Police*): Sir, as other members have said Travancore has always been exceptionally loyal and it is typical of Travancore, the loyalty of its inhabitants (Hear, hear);—both to Travancore and to the British connection; but, Sir, I must say that there is a small clique in this State composed of not more than a dozen persons who are agitators to a certain extent. They are disgruntled; They seek power; and they seek power by means of agitation.

Now as regards, Shertallai, Shertallai is contiguous to British Malabar and the Cochin State and is therefore affected by the present political situation in British India and Native Cochin. It is through Shertallai that Travancore has been invaded.........

MR. A. THANU PILLAI (*Trivandrum*): May I interrupt the Police Commissioner, so that I may follow very closely what he says? Very serious matters are being talked about. The Police Commissioner referred to a small clique. I wish to know whether it is at Shertallai or at any other place?

MR. L. A. BISHOP (*Commissioner of Police*): In the State it is through Shertallai that outside agitators have come to Travancore for various reasons, but chiefly for recruiting volunteers for the Satyagraha movements in Kerala.

Now, Sir, strong political agitation in Shertallai was started some 9 months ago. And, at first, temperance was not part of the programme. There were several political and social organisations formed. There was the Local Congress Committee, there was the Labour Association, a league called the Revolutionary League, another called the Refinement League and there was also the Atheistic League. There was thus a very large number of leagues in a small taluk.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): May I know from the learned Commissioner of Police when the Congress Committee was first formed in Shertallai?

MR. L. A. BISHOP (*Commissioner of Police*): I am afraid I have not seen their record.

MR. P. S. MAHOMED (*Nominated*): May I know from the member whether the Labour Association is a revolutionary association?

MR. L. A. BISHOP (*Commissioner of Police*): I did not say so. I said that there is a league called a Revolutionary league. I am not saying that all these associations are revolutionary associations. I simply say that they are political associations.

MR. MURUVELIL PACHU PILLAI (*Shertallai*): Can the learned Commissioner of Police say who are the members of this league and when it was formed?

MR. L. A. BISHOP (*Commissioner of Police*): I cannot give the date off-hand now.

Now, in Shertallai, I believe that the main population consists of Ezhavas. Shertallai is closely tied up with the copra and coir trade and it has been affected very badly in the recent trade depression. Sir, all these local associations and their leaders, took advantage of this in order to make themselves more attractive, included and started a temperance movement, following the programme in the rest of Travancore. These different associations which took up the cause of the temperance movement, were largely assisted by officers of co-operative societies and school masters, especially of the lower Vernacular Schools

MR. A. THANU PILLAI (*Trivandrum*): Are they school masters of Government schools?

MR. L. A. BISHOP (*Commissioner of Police*): School masters of Government schools and Aided schools. I shall allude to them later on.

So, Sir, I am trying to point out that temperance has been adopted only as a cloak for anti-British Government and anti-Travancore-Government propaganda. Temperance is a cloak which is to make these associations appear respectable, acceptable to those in Travancore who know nothing of the local conditions. Unlike the temperance movement, in general, elsewhere, the temperance movement in Shertallai has

been active in its aggresion. Mr. Pachu Pillai and my friend on the left had a little bit of argument about the cutting of spathes; and the President ruled that as out of order. But I would like to say that there has been an aggressive and active movement against tappers and others connected with the drinking trade in the taluk, far more aggressive than elsewhere in Travancore. I am led to believe that the Temperance Association of Shertallai taluk is not accepted by the Main Central Association of Quilon on account of its over-agressive activities.

MR. A. THANU PILLAI (*Trivandrum*) : Is it not accepted ?

MR. L. A. BISHOP (*Commissioner of Police*) : It has not been accepted for affiliation.

There have been actually over 30 police and private cases taken up as regards this aggressive form of the temperance movement in that taluk. There has been a large number of meetings conducted by the Refinement League, the Revolutionary League and Atheistic League. It is a very peculiar thing that it is the atheists who are most anxious to enter temples. The temple entry business has been very strong in the taluk for the last eight years; and those who have been most persistent in their demand to enter the temples are the atheists; those who believe in no god. Why *they* should want to enter the temples, I do not know.

MR. A. THANU PILLAI (*Trivandrum*) : I should like to know the basis of that statement made by the Commissioner of Police that the atheists are most anxious to enter temples. That will be a very interesting piece of information.

MR. L. A. BISHOP (*Commissioner of Police*) : I will answer that question in my second speech.

MR. K. P. NILAKANTA PILLAI (*Chirayinkil*) : Even granting for the sake of argument, that there exists the Atheists League, may I know whether such a league is unconstitutional, and whether it is bound to act as a menace to the State ?

MR. L. A. BISHOP (*Commissioner of Police*) : It may act as a menace to the State or it may not. But it is an indication of the state of affairs in that taluk. Mr. A. B. Salem, a member of the Cochin Legislative Council, frequently made such violent speeches in that taluk, that, a prohibition order had to be issued against him. Over 40 meetings about temperance and other allied subjects were attended by the police in that taluk in four months. A great many resolutions were passed at these meetings and I take the liberty of reading out to you some of the resolutions that have been passed and some extracts of speeches that were made.

MR. A. S. DAMODARAN ASAN (*Mavelikara cum Karthikapalli*) : I wish to know from the member whether the Police C. I. D. officers alone were present at these meetings or whether police officers of all kinds were present ?

MR. L. A. BISHOP (*Commissioner of Police*) : Police of all kinds were present at the various meetings.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): Were they ordinary Police men?

MR. L. A. BISHOP (*Commissioner of Police*): Ordinary Police were at every one of these 40 meetings. They were not present at every meeting held in that taluk because there were more than 40 meetings.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): Were these men in uniform?

MR. L. A. BISHOP (*Commissioner of Police*): Not necessarily in uniform. They attended 40 meetings. But there were many more meetings in that taluk and the excess number were not attended by the police.

MR. MURUVELIL PACHU PILLAI (*Shertallai*): ഏതെങ്കിലും മീററിംഗിൽ ക്ഷേത്രപ്രവേശനത്തേയും യൂത്ത് ലീഗിനെ സംബന്ധിച്ച ഏതെങ്കിലും പ്രമേയം പാസാക്കിയതായിട്ട സി. ഐ. ഡി. റിപ്പോർട്ടിൽ നിന്നും കമ്മീഷണർക്കു കാണാൻ കഴിഞ്ഞിട്ടുണ്ടോ? അങ്ങിനെയുണ്ടെങ്കിൽ ഏതു സ്ഥലത്തു് ഏതു മീററിംഗിലാണ് എന്നു പറയാമോ?

MR. L. A. BISHOP (*Commissioner of Police*): I will come to that, when I have read extracts from some of these speeches and of the resolutions.

MR. MURUVELIL PACHU PILLAI (*Shertallai*): ഏതെങ്കിലും മീററിംഗിൽ ക്ഷേത്രപ്രവേശനത്തേയും, യൂത്തുലീഗിനേയുംസംബന്ധിച്ചഏതെങ്കിലും പ്രമേയം പാസാക്കിയതായിട്ട സി ഐ. ഡി. റിപ്പോർട്ടർമാരിൽനിന്നുംകമ്മീഷണർക്കു കാണാൻ കഴിഞ്ഞിട്ടുണ്ടോ?

MR. L. A. BISHOP (*Commissioner of Police*): Yes, I say I will read out some of these resolutions and some of these speeches that were made at some of these meetings. These are some of these resolutions, Sir.

This resolution was passed at Kalavancode on 26-12-1105 with Mr. A. B. Salem in the Chair:

> "That this meeting resolves that in the matter of granting loans from the local Co-operative Society, preference should be given to members other than drunkards, tappers and toddy shop contractors."

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): What loans?

MR. V. CHELLAM PILLAI (*Tovala*): അതു വലിയ തെറെറന്താണോ പറയുന്നതു്?

MR. A. THANU PILLAI (*Trivandrum*): I wish to know whether it was a meeting of the Co-operative Society?

MR. L. A. BISHOP (*Commissioner of Police*): The resolution was passed at a temperance meeting.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): Does it in any way show .....

MR. L. A. BISHOP (*Commissioner of Police*) : If I am continuously interrupted, I may not have time to explain the whole state of affairs in Shertallai.

The following resolution was passed at Vadakkummuri on 22-1-1106 with Mr. Sivarama Panicker B. A., L. T., Headmaster of the Service Society School in the Chair.

> "That this meeting resolves that tappers and toddy shop contractors should be excommunicated from society."

Another resolution was passed at a temperance meeting at Kalavancode on 29-1-1106 with Mr. K. R. Narayanan of Koriempalli in the Chair. That was :—

> "That this meeting resolves that the Government be requested to publish a *Press Communique* according sanction to all castes to enter into all temples in Travancore. If that is not done within 90 days, then regular *satyagraha* should be started along with civil disobedience, if necessary."

MR. K. P. NILAKANTA PILLAI (*Chirayinkil*) : Was that resolution passed at a temperance meeting?

MR. L. A. BISHOP (*Commissioner of Police*) : Yes.

MR. K. P. NILAKANTA PILLAI (*Chirayinkil*) : No.

MR. L. A. BISHOP (*Commissioner of Police*) : Yes, a number of resolutions were passed for conducting Satyagraha in front of temples if sanction is not given within 90 days.

MR. K. P. NILAKANTA PILLAI (*Chirayinkil*) : May I know who Mr. Salem is?

MR. L. A. BISHOP (*Commissioner of Police*) : Another resolution at this meeting was :

> "That this meeting resolves to condemn the Excise authorities who allowed the tapping of the trees without numbering and selling the toddy wherever they like."

That was the third resolution passed at this prohibition meeting.

MR. A. THANU PILLAI (*Trivandrum*) : Will the Police Commissioner kindly read out the last resolution once again?

MR. L. A. BISHOP (*Commissioner of Police*) : The resolution that I have just now read is :

> "That this meeting resolves to condemn the Excise authorities who allowed the tapping of the trees without numbering and selling the toddy wherever they like."

MR. K. P. NILAKANTA PILLAI (*Chirayinkil*) : May I know whether Mr. Salem is a member of the Cochin Legislative Council?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : He has said that Mr. Salem is a member of the Legislative Council.

MR. L. A. BISHOP (*Commissioner of Police*) : I have already said that Mr. Salem is a member of the Cochin Legislative Council.

I have taken some time to search out the extracts of speeches made at some of the meetings and the members are requested to hear them now.

[Mr. L. A. Bishop.]

This is at a meeting opposite to the premises of the Kalavankode Co-operative Society on 26-12-1105 under the presidency of Mr. Salem of Cochin.

"Drink has become a great devil. This devil goes about from place to place soliciting whatever help it can command. It has got as subordinates, Commissioners and others. This devil must be thrown on to the sea. There is a debate going on in the Legislative Council about this at this time. At Cochin no pie was sanctioned for the Excise or the Police by the Legislature. The present Government here is not at all right. I do not know what is going to happen here. The Cochin Government was anxious to get at least 4 votes out of 30. If administration takes place without Justice the public would not tolerate it. What I exhort the Travancore and Cochin Governments is that if they do not heed to the wishes of the public they will suffer, like the British Government."

To a question asked at the same meeting by one Rama Panikker, a contractor as to who arrested Mahatma Gandhi, the President replied that Mahatma Gandhi was imprisioned by a toddy-drinking Government.

MR. A. THANU PILLAI (*Trivandrum*): I wish to know from Mr. Bishop whether he has any objection to drink being called a devil?

This utterance was made by the Dewan about a year ago. The Dewan then said that the Government have taken up the matter for earnest consideration and hoped to devise some means of removing the complaints and making the rules more definite. But nothing appears to have been done till now. I hope Government will consider the matter seriously and devise proper arrangements to remove the complaints of ill-represented communities. Of course, there may be difficulties in working out the details. But it is the duty of Government to introduce proper arrangements so as to satisfy all the aspirants and the minority communities which are labouring under serious difficulties, and rectify matters immediately, thus solving the problem in a proper way. With these words, I support Mr. A. C. Kuriakose's resolution as amended by Mr. Ittoop Itteechan.

MR. D. FRANCIS (*Nominated*): I rise to support the resolution of Mr. A. C. Kuriakose as amended by Mr. Ittoop Itteechan. Unrepresented communities have not been sufficiently encouraged in the State service. The majority of the people in Travancore belong to unrepresented communities in State Service. When there are several applicants for the same appointment, preference must be given to the members of unrepresented communities on the basis of their population.

Now, Sir, the Latin Christians have not been sufficiently encouraged in regard to appointments in the State service when considering the strength of their population. They form one-third of the total population of Christians and one-twelth of the total population of the State. According to the last Census Report, out of 33 recognised communities in the State, Latin Christians stand third in the order of population being next only to Nayars and Ezhavas. Yet, they have absolutely no representation in some of the departments inspite of their larger number in population than the 3 other communities. Therefore I say that the claims of the Latin Christian community must be duly considered and special encouragement and preference must be given to the members of that community as a special case in the matter of appointments, to raise their position, as their claims have been sadly overlooked in the past. With these words, I strongly support the resolution of Mr. Kuriakose as amended by Mr. Ittoop Itteechan.

MR. A. THANU PILLAI (*Trivandrum*): Sir, I also wish to speak a few words on this resolution. I do not propose to go into any very great detail into the merits of the question, because the question has been discussed over and over again in this House. I do not think that any problem has been discussed in this House so much and so often as this question of communal representation in the service. There is no advantage in merely taking the view that after all so far as Government service is concerned, communal representation has no place. We must face facts as they are and we must look at this problem from the standpoint of expediency. Many communities as communities clamour that their representatives do not get sufficient encouragement in the public service. There is no denying that fact. I would also submit for the consideration of Government that it is not only the claims of those communities who make the loudest noise which should engage the attention of Government. There are other communities which are not in a position to make themselves sufficiently heard. The attention of the Government should be drawn to the case of these communities as well.

Now, Sir, that is a matter of detail. What I wish to impress upon the Government at present is the necessity of really trying to tackle the problem as has been pointed out a few minutes ago. In the Budget Session of 1104 the Head of the Administration definitely promised us that Government would look into the matter and solve the question and if necessary they would also invite the co-operation of non-officials. Sir, I want to know from the Chief Secretary whether anything has been done in pursuance to that promise. So far as we are able to gather, absolutely nothing has been done; we have heard to-day that the question has been engaging the attention of the Government. I do not know whether this method of reply is a habit with all other Governments also, but at any rate, so far as our Government are concerned, that has become a habit and I must submit in all humility a very bad habit.

It has been pointed out here that this question has been giving occasion for a good deal of communal irritation and all manner of

[Mr. A. Thanu Pillai]

undesirable happenings. Therefore let us try to solve this problem all at once. I cannot see eye to eye with everything that has been said on the floor of this House to-day. For instance, the mover wants the whole thing to be based upon members. I cannot accede to that proposition. To me it seems that other factors also would have to be taken into account in solving this problem. It is not merely a question of numbers or population. I concede that population must play a large part in this, but at any rate there are other factors also to be taken into account. I have been again and again urging upon the Government to go into the question either themselves and then place their proposals for the consideration of this House, so that they might not afterwards be taken to task for doing things in their own way and unsatisfactorily or in the alternative I have been asking them to appoint a committee composed of some of their experienced officers who have had experience in the matter and some non-officials, who know the condition of things in the country. That committee will have to go into the whole matter very carefully. All the aspects of the question will have to be considered and threshed out. How communities can be divided, the basis on which distribution should be made, whether the question of efficiency alone should be considered or whether other factors should also be considered—unless these questions are really considered and decisions arrived at, there is no solving this problem.

To me it appears that the Government do not really want to solve this problem, I do not know what advatage they gain in putting off in this manner the consideration of this question. Probably when any occassion arises, an officer or the Government may be able somehow to help or make others believe that he is helping one particular community. Else I do not see any advantage in putting off the consideration of this question. I think that a definite step in this direction cannot be taken by one officer of the Government or the Government alone and therefore I suggest the appointment of a committee immediately to go into the question. Let the proposals of the committee be disposed of. This question has taken a very undesirable shape in our Council discussions. Everybody would like to see this question solved at the earliest opportunity and the subject thus eschewed from the discussions of this House.

Several other points were referred to to-day in the course of the discussion, as to initial appointments and transfers and other matters. I do not agree with all that the Chief Secretary said. He said that if a clerk is promoted as a Magistrate, it should be considered as a fresh appointment, although he did not fully admit that it is a fresh appointment. Probably out of expediency, that interpretation has to be put upon that course of action. It is probably a way of trying to get out of a difficulty. Now these questions can be satisfactorily solved by the appointment of a committee.

Then there is the question of recruitment to special services. The Chief Secretary referred to to the Departments of Education and Police and said that recruitments to these departments have to be specially

made. In my view, examination is not the sole criterion for appointment in public service. There are other things than examination qualifications. As an instance I may say that a Police Officer or an Excise Officer must have, besides examination qualifications, physical fitness to attend to his executive work. There is also resourcefulness to be taken into consideration which could not be easily decided by the number of marks a person scores in an examination. This resourcefulness in a man will have to be ascertained by questioning him personally and seeing what kind of man he is.

MR. K. MADHAVAN PILLAI (*Trivandrum* cum *Nedumangad*): Is not resourcefulness to be a deciding factor in case of both initial recruitments and promotions?

MR. A. THANU PILLAI (*Trivandrum*): Yes, in the case of the Police officer it is not the man who got a First Class in the examination who will make a good Police officer. He might have got a number of marks in the examination, but that only shows that he is a good reader of books. He must have physical fitness and resourcefulness.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): ഒന്നരണ്ടുവർഷങ്ങൾക്കുമുമ്പ് ഏഴു പോലീസ് ഇൻസ്പെക്ടറന്മാരെ നിയമിച്ചതു് ഈ തത്വത്തെ ആസ്പദമാക്കിയാണോ?

MR. A. THANU PILLAI (*Trivandrum*): അവരെ നിയമിച്ചവരോടു ചോദിച്ചാൽ ഏതിനെ അടിസ്ഥാനപ്പെടുത്തിയാണെന്നറിയാം.

MR. P. S. MAHOMED (*Nominated*): ഇതൊക്കെ എങ്ങനെയാണു് നിശ്ചയിക്കുന്നതു്?

MR. A. THANU PILLAI (*Trivandrum*): അതു് നിശ്ചയിക്കുന്നവർക്കു് അറിയാൻപാടുള്ളൂ.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ശരിയായിനിശ്ചയിക്കുന്നതു് ആരാണു്?

MR. A. THANU PILLAI (*Trivandrum*): ശരിയായി നിശ്ചയിക്കുന്നതു് ഡാക്ടറാണു്.

I would go even to the length of saying that Government should issue instructions.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): പ്രത്യേകം യോഗ്യതയുള്ള ആ ഉദ്യോഗത്തിനു് വേണ്ടസകലയോഗ്യതകളും ഉള്ള അസമത്വ സമുദായക്കാർ അപേക്ഷിച്ചാൽ കൊടുക്കാതിരിക്കുന്നു എങ്കിൽ അതു് അന്യായമല്ലേ?

MR. A. THANU PILLAI (*Trivandrum*): അങ്ങനെ അപേക്ഷകൊടുക്കുമ്പോൾ അതിൽ കുറഞ്ഞ യോഗ്യതയുള്ളവരെ നിയമിക്കുന്നു എങ്കിൽ അതു് അനീതി ആണല്ലോ!

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ൫൦൭ പാസ്സുകാരന്മാരുള്ളവരിൽ ൧൦ പേരെപോലും അസമത്വം അനുഭവിക്കുന്ന സമുദായക്കാരിൽനിന്നും നിയമിച്ചില്ല എന്നറിയാമോ?

MR. A. THANU PILLAI (*Trivandrum*): അതു് മി. റാബിൻസനോട് ചോദിക്കണം.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ശരിയായ യോഗ്യതയുള്ളവരുടെ അവകാശത്തെ അവഗണിച്ചു് നിയമനം നടത്തിയാൽ അവർക്ക് പരിഹാരം കിട്ടുന്നതെങ്ങനെ?

MR. A. THANU PILLAI (*Trivandrum*): അതാണ് വിഷമം. പല തരത്തിലുള്ള സമുദായങ്ങളിൽ നിന്നും ഏതു സമുദായത്തിനാണ് കൊടുക്കേണ്ടതെന്ന് എങ്ങനെ നിശ്ചയിക്കും?

MR. K. MADHAVAN PILLAI (*Trivandrum* cum *Nedumangad*): Should not the claims of men in the service be taken into account in filling up vacancies?

MR. A. THANU PILLAI (*Trivandrum*): Yes, certainly.

MR. K. MADHAVAN PILLAI (*Trivandrum* cum *Nedumangad*): Is it a small matter?

MR. A. THANU PILLAI (*Trivandrum*): It is not. At the same time if there are other considerations which are equally weighty, they should also be taken into account.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അസമത്വം അനുഭവിക്കുന്ന സമുദായങ്ങളുടെ അവകാശത്തെ അവഗണിച്ചു് മററു സമുദായങ്ങളിൽനിന്നും ഉദ്യോഗനിയമനം നടത്തുന്ന ഉദ്യോഗസ്ഥന്മാരെ കർശനമായി ശിക്ഷിക്കുന്നു എങ്കിൽ ആ ശിക്ഷയിൽനിന്നും ഒഴിഞ്ഞു നില്ക്കാൻ എത്ര ഉദ്യോഗസ്ഥന്മാർക്ക് സാധിക്കും?

MR. A. THANU PILLAI (*Trivandrum*): എന്തു് പ്രവർത്തിച്ചാലും കുററക്കാരാക്കുകയെ ഉള്ളൂ. മററു യോഗ്യതകൾ തുല്യമാണെങ്കിൽ ഏററവും കുറഞ്ഞ അംഗങ്ങളുള്ള സമുദായത്തിലെ അപേക്ഷകനെ നിയമിക്കാമോ എന്ന് ചോദ്യം ചീഫ്സെക്രട്ടറിയോടുകൂടി ചോദിച്ചപ്പോൾ സമാധാനം പറഞ്ഞില്ല. അങ്ങനെയൊന്നും കരുതീട്ടില്ല. ഒരു കണക്കും വച്ചിട്ടില്ല. നിശ്ചയവും ക്ലിപ്തവുമില്ലാതിരുന്നാൽ കുററപ്പെടുത്തുവാൻ പ്രയാസമാണ്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): വർഗ്ഗീയപ്രാതിനിധ്യപ്രമേയത്തിന്റെ ആരംഭകാലത്തു് ഗവൺമെന്റു തന്നിട്ടുള്ള വാഗ്ദാനത്തിൽനിന്നും ഗവൺമെന്റ് കുറെക്കൂടി പിന്നോക്കം പോയിഎന്ന് മനസ്സിലാകുന്നില്ലേ?

MR. A. THANU PILLAI (*Trivandrum*) : എന്തെല്ലാംവാദങ്ങൾതന്നാലും അതിനൊരു ക്ലിപ്തമില്ലാത്തതുകൊണ്ട് അതിനെ ക്ലിപ്തപ്പെടുത്തണം.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ൧൧൦൮-ൽ ഗവണ്മെൻറു ഇതിനെപ്പററി പറഞ്ഞിട്ടുള്ള മറുപടി മെംബർ വായിച്ചിട്ടുണ്ടോ?

MR. A. THANU PILLAI (*Trivandrum*) : ഞാൻ ഓർമ്മിക്കുന്നില്ല. ഈ സംഗതിയിൽ ഗവണ്മെൻറ് ഒരു ക്ലിപ്തമായ വ്യവസ്ഥ ചെയ്യുന്നില്ല.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): എല്ലാസമുദായങ്ങളിൽനിന്നും ആവശ്യമുള്ള യോഗ്യതകൾ ഉള്ള——

MR. A. THANU PILLAI (*Trivandrum*): I am being questioned in Malayalam by English-speaking members also.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): May I know from the member whether he takes any objection to appointments being given to individuals of communities, who have got the necessary qualifications?

MR. A. THANU PILLAI (*Trivandrum*): I have got absolutely no objection. I want to see that every man is fairly dealt with and that no man is unfairly dealt with.

MR. K. MADHAVAN PILLAI (*Trivandrum* cum *Nedumangad*): Is it possible for every man to get appointed in the Public Service?

MR, A. THANU PILLAI (*Trivandrum*): If it were in the power of Government to employ every one I would be glad.

MR. P. S. MAHOMED (*Nominated*) : അതുപോലെ പ്രവൃത്തികൂടി വേണ്ടെ?

MR. A. THANU PILLA (*Trivandrum*) . ചോദ്യം കേട്ടാൽ ഞാനാണ് ഇതൊക്കെ ചെയ്യുന്നതെന്നു തോന്നും.

MR. P. S. MAHOMED (*Nominated*): പറഞ്ഞാൽ അതു മാതിരി പ്രവൎത്തികൂടി വേണ്ടെ?

MR. A. THANU PILLAI (*Trivandrum*): പറഞ്ഞാൽ അതനുസരിച്ചു പ്രവൎത്തിക്കേണ്ടതാണ്. എന്നാൽ ഞാൻ ആദ്യംപറഞ്ഞതുകൂടി നോക്കേണ്ടിവരും.

So, sir under these circumstances, I very strongly recommend the appointment of a committee forthwith to go into the whole question. It must be a committee which will command the confidence of all the communities. A representative committee composed of the best of our officers and representatives from the leading communities. Minor interests also should be safeguarded. It is a difficult matter, I admit but that question has got to be solved somehow and therefore every step should be taken. With these words I resume my seat. As for the resolution before the House, having in view the several difficulties pointed out by the Chief Secretary in his speech, I cannot see any way to support it.

PRESIDENT : മിസ്റ്റർ കുര്യാക്കോസ്, നിങ്ങൾക്ക് എന്തെങ്കിലും പറവാനുണ്ടോ?

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : ഇവിടെ രണ്ടു് അമൻഡുമെൻറു് ഇരിക്കുന്നുണ്ടു്; അതുകൊണ്ടു് അമൻഡുമെൻറുകൊണ്ടുവന്നവർ ആദ്യം സംസാരിക്കണൊ, അതല്ല ഞാൻ പറഞ്ഞാൽമതിയൊ?

PRESIDENT : The resolution and both the amendments have to be considered. The second amendment may first be taken up and then Mr. Raja Raja Varma Koil Tampuran may offer his remarks by way of reply.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*) : റസല്യൂഷനിൽ വ്യക്തമായി കാണിച്ചിട്ടുള്ള ഭാഗം ഒഴിച്ചു മററുഭാഗങ്ങളെ കൂടുതൽ വ്യാഖ്യാനിച്ചു പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഈ ഭാഗത്തുനിന്നും, അതായതു് അഫിഷ്യൽ സൈഡ് അല്ലാതെയുള്ളവർ, ഭേദഗതിയെപ്പററികൊണ്ടുവന്നിട്ടുള്ള വാദങ്ങളിൽ പ്രധാനമായി സമുദായപ്രാതിനിധ്യത്തിനു എഫിഷ്യൻസി വേണമെന്നു പറയുന്നതു സാധാരണവാദത്തിൻെറ ഒരു റെപ്പററിഷൻമാത്രമാണു്. അതിനെസംബന്ധിച്ചു വലിയ വിമർശനം ചെയ്യേണ്ട ആവശ്യവുമില്ല. എഫിഷ്യൻസി ഏററവും പ്രധാനപ്പെട്ടതല്ലെന്നു ഞാൻ വിചാരിക്കുന്നില്ല.

MR. P. S. MAHOMED (*Nominated*): എഫിഷ്യൻസി പാടില്ലാ എന്നു പറഞ്ഞുവല്ലൊ?

MR. L R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*) : അതു് മിസ്റ്റർ പാച്ചുപിള്ള വ്യക്തമാക്കിയിട്ടുണ്ടു്. ആദ്യം സമുദായപ്രാതിനിധ്യം കരുതണമെന്നു പറഞ്ഞിട്ടുള്ള സമുദായങ്ങൾകൂടി എഫിഷ്യൻസി വേണമെന്നു പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് എഫിഷ്യൻസിവേണ്ട എന്നു പറയുന്നില്ല. മിനിമം പരീക്ഷവേണമെന്നു പറഞ്ഞു. ചീഫ് സിക്രട്ടറിയോടു മിനിമം പരീക്ഷ ഇല്ലാത്തവർ മതിയൊ എന്നു ചോദിച്ചതിൽചിലർ പുറകോട്ടു പോകുമെന്നു പറഞ്ഞു. മിനിമം പരീക്ഷ ഉള്ളവൻെറ പിന്നീടു ഒരു മിനിമം പരീക്ഷക്കാരൻ വരുമ്പോൾ അയാൾ ആദ്യത്തേവൻെറ താഴെയാകും. അതിൽ പിന്നീടു വരുന്നവൻ അതിലും പുറകോട്ടു പോകും. ഇങ്ങിനെയല്ല വേണ്ടതു്.

MR. P. S. MAHOMED (*Nominated*) : ഒരു ഡിപ്പാർട്ടുമെൻറിൽ ൫൦ ഗ്രാഡ്വെററുണ്ടെങ്കിൽ, ൨൫ രൂപായ്ക്കു കീഴ്പ്പോട്ടുള്ള ഈ ൫൦ പേർക്കും മററുള്ളവരുടെ അവകാശത്തെ മാററിവച്ചിട്ടു കൊടുക്കണമെന്നാണു പറയുന്നതു്.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*) : വിദ്യാഭ്യാസം വേണ്ടതല്ലെന്നു വിചാരിക്കാൻ ഞാൻ തയ്യാറില്ല. വളരെ പണം ചിലവാക്കി ഉപജീവനത്തിനു മാർഗ്ഗമായി തീരുമെന്നു കരുതി പ്രവർത്തിക്കാൻ വന്നിട്ടുള്ള ആളുകളെ നിരാശപ്പെടുത്തണമെന്നു ഞാൻ പറയുന്നില്ല.

MR. P. S. MAHOMED (*Nominated*) : അസമത്വം അനുഭവിക്കുന്ന ആളുകളിൽ വ ൭ പേരുടെ കീഴിലിരുന്നവരെ മുന്നിൽ കൊണ്ടു വന്നിട്ടുണ്ട് എന്നു അറിയാമൊ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*) : ഉദ്യോഗദാനവിഷയത്തിൽ അവരെ എല്ലാ വിധത്തിലും സഹായിക്കണം. സമുദായപ്രാതിനിധ്യം മാത്രം കൊണ്ടല്ല. ഒരു കാലത്തു ചിലരെ മാററിനിർത്തി അവരെ അമർത്തിവച്ച് ശരിയായ സമുദായസംരക്ഷണത്തിനുപോലും അനുവദിക്കാതിരുന്നു. അതിനാൽ ഇപ്പോൾ അവർക്കു ജീവിക്കാനുള്ള സകലപ്രോത്സാഹനങ്ങളും കൊടുക്കേണ്ടതു് അത്യാവശ്യമാണ്. അതില്ലാത്ത സമുദായങ്ങളെ എല്ലാം അതിൽ വരുത്തിയിട്ടുണ്ട്. റവന്യൂ ഡിപ്പാർട്ടുമെൻറാഴികെ... ...

MR. A. C. KURIAKOSE (*Minachil* cum *Devicolam*) ; അങ്ങിനെ വരുത്തിയിട്ടുള്ള സമുദായങ്ങൾ ഏതെല്ലാമെന്നു പറയാമൊ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*) : റവന്യൂ ഡിപ്പാർട്ടുമെൻറാഴികെ വേറെ ഡിപ്പാർട്ടുമെൻറുകളിൽ പ്രവേശനത്തിനു യാതൊരുതടസ്സവുമില്ലാതിരുന്ന മറെറല്ലാകമ്മ്യൂണിററിയിലെ ആളുകളും ഇപ്പോഴത്തെ റസല്യൂഷനിൽ ഉൾപ്പെടുന്നു. എന്നാൽ ഈഴവർ, അധഃകൃതർ എന്നു പറയപ്പെടുന്ന പറയർ പുലയർ തുടങ്ങിയ പല സമുദായങ്ങൾക്കും വിദ്യാഭ്യാസത്തിനു അശേഷം സൗകര്യം കൊടുത്തിട്ടില്ല. ഉന്നതജാതിക്കാരെന്നു പറയപ്പെടുന്ന ഹിന്ദുക്കളെ സമീപിക്കാൻകൂടി സമ്മതിക്കാതെ പല വിധത്തിലും ഉപദ്രവം ചെയ്യുതിനാൽ അവർക്കു പ്രോത്സാഹനം ഗവൺമെൻറു വേണ്ടുവോളം കൊടുക്കേണ്ടതാണ്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അവരുടെ അപേക്ഷ ഉള്ളപ്പോൾ അവർക്കു പ്രാധാന്യം കൊടുക്കരുതൊ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*). ഈഴവർ പറയർ തുടങ്ങിയവർക്കു പ്രവേശനം ഇല്ലാതിരുന്നതിനാൽ പരീക്ഷയോഗ്യതസമ്പാദിക്കാൻ സാധിച്ചില്ല. അതുകൊണ്ടു് അവർക്കു പ്രധാനമായി കൊടുക്കണം.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഇപ്പോഴത്തെ പ്രമേയത്തിൽ അതുകൂടിയില്ലേ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): അതു ഭിന്നാഭിപ്രായമാണ്.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): അമൻഡുമെൻറു ഈ അഭിപ്രായത്തിനു യോജിക്കുന്നുവൊ, ഇല്ലയൊ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): പൂർണ്ണമായി യോജിക്കുന്നു. അമൻഡുമെൻറിനെ അതനുസരിച്ചു പാസാക്കണമെന്നേ ഉള്ളൂ. കമ്മ്യൂണൽ റപ്രസൻേറഷൻ ഉദ്യോഗ നിയമനത്തിൽ സാധ്യകരിക്കാവുന്നതല്ല. അതു കൺസിഡറേഷൻ അർഹിക്കുന്നുമില്ല. ഒരഭിപ്രായം പറയാനുണ്ട്. അതു ഭിന്നാഭിപ്രായമാണ്. അതു പാസായാലും ഇല്ലെങ്കിലും അഭിപ്രായം പറയാം. പ്രമേയത്തിനു ഭേദഗതി കൊണ്ടുവന്നു. മിസ്റ്റർ പാച്ചുപിള്ള പറഞ്ഞ കമ്മ്യൂണൽ റപ്രസൻേറഷൻ ആദ്യം ഗണിക്കണം. കൂടുതൽ യോഗ്യതയുള്ളവരെ തിരിഞ്ഞു നിയമിക്കണമെന്നുപറഞ്ഞു. അങ്ങിനെയല്ല വേണ്ടതു്, ആദ്യം എഫിഷ്യൻസിനോക്കണം പരീക്ഷയോഗ്യതമാത്രമല്ല എന്നു പറഞ്ഞു. ആ തത്വത്തോടു യോജിക്കാൻ ഞാൻ തയ്യാറില്ല.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഒരുത്തർക്കും നിശ്ചയിക്കാൻ സാധിക്കാത്തതിനെ ഒന്നാമതു ഗണിക്കണമെന്നു പറഞ്ഞാൽ എങ്ങിനെയാണ്; സാധ്യമല്ലാത്തതു പരിഗണിക്കപ്പെടുന്നതെങ്ങിനെ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): സാധിക്കുകയില്ല എന്നു പറഞ്ഞില്ല. എന്നാൽ മാത്തമാററിക്കൽ കാൽകുലേഷൻ സാധിക്കുകയില്ല. ഒരു തത്വത്തെ മുൻനിർത്തി പ്രവർത്തിക്കാമെന്നു ഒരു നയം ഗവൺമെൻറു അംഗീകരിച്ചിട്ടുണ്ട്. സാമാന്യമായ തത്വമനുസരിച്ചുള്ള പ്രവർത്തിക്കു യാതൊരു വിരോധവുമില്ല. ഈ കണക്കനുസരിച്ചു എഫിഷ്യൻസി എങ്ങിനെ വരുമെന്ന് അറിഞ്ഞുകൂടാ. ആരെങ്കിലും പറഞ്ഞുതന്നാൽ കൊള്ളാം.

MR. MATTHEW MURIKKAN (*Vaikam*); കമ്മ്യൂണൽറപ്രസൻേറഷൻപാടില്ലെന്നാണൊ അഭിപ്രായപ്പെടുന്നതു്? Sir, I rise to a point of order. I doubt whether the member is competent to speak on this resolution because it was definitely ruled yesterday that observations which have the effect of negativing the resolution are out of order. The member's present speech completely negatives the object of the resolution. Therefore, my fear is whether he is competent to speak on this resolution.

PRESIDENT: Probably it is by way of an answer to a question that has been put to him that he is now saying all this. I do not think it is anything more than that. Probably, he has been drawn out, off the track, by the severe examination that he has been subjected to.

Mr Raja Raja Varma, you will please confine yourself to your amendment to the resolution, and make observations relevant to that.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Chenganachery* cum *Peermade*): അമെൻഡുമെൻറിൽ ഉള്ളതു മാത്രമേ പറഞ്ഞിട്ടുള്ളൂ.

രണ്ടാമത്, സ്റ്റാഫ്സിലക്ഷൻ ബോർഡിനെപ്പററി പറഞ്ഞിട്ടുള്ളതു അപൂർണ്ണമാണെന്നും വേണ്ട വ്യാഖ്യാനം കൊടുത്തിട്ടില്ലെന്നുമാണ്. ഗവമ്മെൻറ ൧൧൦൪-മുതൽ വളരെ ഗാഢമായി ആലോചിച്ചിട്ടും സകലസാധന സൌകര്യങ്ങളും ഉണ്ടായിരുന്നിട്ടും ഇതുവരെ അതിനു ഒരു സൊല്യൂഷൻ കണ്ടു പിടിക്കാൻ സാധിക്കാത്ത ഒരു സംഗതിയെപ്പററി ഒരു മെംബർ സജസ്റ്റ് ചെയ്തതു അപൂർണ്ണമായിപ്പോയി എങ്കിൽ അതിനെ ക്ഷമിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. സ്റ്റാഫ്സിലക്ഷൻ ബോർഡിനെ ഗവമ്മെൻറംഗീകരിക്കുന്ന പക്ഷം അതു അവർക്കു ചെയ്വാൻപാടില്ലാത്ത ഒന്നല്ല. വേണ്ട മാററങ്ങൾ വരുത്തി വർക്കിംഗ് ആർഡറിൽ വരുത്താവുന്നതാണെന്നാണ് എൻെറ വിശ്വാസം. അതു പൂർണ്ണമല്ലെന്നു സമ്മതിക്കുന്നു. എന്നാൽ ഗവമ്മെൻറിനു ഈ സജഷനെ വച്ചുകൊണ്ടു ചിലതൊക്കെ പ്രവർത്തിക്കാം. അപൂർണ്ണതയുണ്ടെങ്കിൽ ഗവമ്മെൻറു മെംബറന്മാരും അല്ലാത്തവരും ചേർന്നു വേണ്ട വ്യവസ്ഥകൾ ചെയ്യുന്നതിനു ധാരാളം സാധിക്കുന്നതാണ്. മദ്രാസ് ഗവമ്മെൻറും വേറെ ഗവമ്മെൻറുകളും അതു ചെയ്തു. നമ്മുടെ ഗവമ്മെൻറിനും സാധിക്കുന്നതാണ്. ബോർഡ് നിയമിക്കുകയാണെങ്കിൽ അതു കൊണ്ടു പലതും സാധിക്കും. അതിൽ പ്രത്യേകമായി ഒന്നും സജസ്റ്റ് ചെയ്തിട്ടില്ല. സ്റ്റാഫ്സിലക്ഷൻ ബോർഡിനെ നിശ്ചയിച്ചിട്ടു അതിനെ ഒരു കമ്മിററിയിലേക്കു അയച്ചു. ആ കമ്മിററി അതിനെ പര്യാലോചിച്ചു എന്താണ് നിവൃത്തിമാർഗ്ഗമെന്നു നിർദ്ദേശിക്കുന്നതായാൽ അതിനോടു പൂർണ്ണമായി യോജിക്കാവുന്നതാണ്. ഇതേ അർത്ഥത്തിലാണു ഭേദഗതി കൊണ്ടുവന്നതു്. ഇതാണ് എൻെറയഥാർത്ഥമായ അഭിപ്രായം. അങ്ങിനെയുള്ള ഭേദഗതിയെ ഒരു പ്രമേയമായി കൊണ്ടുവരാൻ നിർവാഹമില്ലാത്തതു കൊണ്ടു് ഈ ഭേദഗതി കൊണ്ടു വന്നതാണ്. യഥാർത്ഥമായ അഭിപ്രായം ഒരു കമ്മിററിയെ രൂപീകരിക്കണമെന്നുള്ളതാണ്. റസല്യൂഷൻ വോട്ടിനിട്ടാൽ അമൻറുമെൻറിനെ പിൻവലിക്കാൻ സാധിക്കുകയില്ല.

PRESIDENT: You have exceeded your time, Mr. Raja Raja Varma. I shall allow you two or three minutes more.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): No, Sir, I am closing. ഇത്രയും പറഞ്ഞു കൊണ്ടു എന്റെ ഭേദഗതിയെ അവതരിപ്പിച്ചു കൊള്ളുന്നു.

PRESIDENT: As there are the resolution, and also the amendment thereto, I would follow the rules and call upon Mr. Ittoop Itteechan to say what he has to say by way of reply, although the mover of the resolution and the seconder have accepted the amendment. Mr. Itteechan has not withdrawn his amendment; and so, the usual procedure will have to be followed, and Mr. Itteechan allowed the right to reply.

MR. ITTOOP ITTEECHAN (*Kunnatnad*): മി. രാജ രാജ വർമ്മതമ്പുരാന്റെ ഭേദഗതിക്കും റസല്യൂഷനും യാതൊരു ബന്ധവുമില്ല. എന്റെ ഭേദഗതി പ്രമേയത്തോട് ഏതാനും യോജിക്കുകയും റസല്യൂഷൻ കൊണ്ടു മററു ചില സമുദായങ്ങൾക്കു വല്ലസങ്കടവും ഉണ്ടെങ്കിൽ ആ ഭാഗവും കൂടി പരിഹരിക്കത്തക്ക വിധത്തിലുമുള്ളതാണ്, ഇങ്ങിനെ പലതുകൊണ്ടും എന്റെ ഭേദഗതിയും മിസ്റ്റർ കുര്യാക്കോസിന്റെ റസല്യൂഷനും തമ്മിൽ ഒരേ തരത്തിൽ യോജിച്ചിരിക്കുന്നുണ്ട്. അതിനെ പ്രമേയ പ്രയോക്താവ് അംഗീകരിക്കുകയും ചെയ്യുന്നു. ആ സ്ഥിതിക്ക് എന്റെ ഭേദഗതി ഏററവും പ്രാധാന്യമുള്ളതാണെന്ന് ഈ സഭമുമ്പാകെ പറഞ്ഞു കൊള്ളുന്നു. ഈ ഭേദഗതിയെ സഭ സ്വീകരിച്ചു കഴിഞ്ഞിട്ടു പിന്നീട് അതിനെ സംബന്ധിച്ച് എനിക്ക് അല്പം പറയാനുണ്ട്.

PRESIDENT: Mr. Kuriakose will now make such remarks as he considers proper.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): എന്റെ പ്രമേയത്തെപ്പററി മറുപടി പറയണം എന്നു പറഞ്ഞപ്പോൾ അമെൻറുമെൻറിനെപ്പററിയുള്ള ഒരു തീർച്ചവന്നതിനു ശേഷം പറയാമെന്നായിരുന്നു ഞാൻ വിചാരിച്ചിരുന്നതു്. എന്റെ പ്രമേയത്തെപ്പററി വളരെ വിസ്താരമായി പല മാന്യസ്നേഹിതന്മാരും അഭിപ്രായപ്പെട്ടതുകൊണ്ട് അതിൽ അന്തർഭവിച്ചിരിക്കുന്ന തത്വങ്ങൾ അവർക്കും സമ്മതമാണ് എന്നു എനിക്കു മനസ്സിലാക്കാനിടവന്നതിൽ അമിതമായ സന്തോഷമുണ്ട്. തിരുവിതാംകൂറിൽ വർഗ്ഗീയ പ്രാധിനിധ്യം അനുവദിച്ചു കൊടുക്കണമെന്നു പറഞ്ഞു തുടങ്ങിയതു് ഇന്നും ഇന്നലെയും അല്ല. എന്റെ ഓർമ്മശരിയാണെങ്കിൽ മി. പി. എസ്സ്. മഹമ്മദ് പറഞ്ഞതുപോലെ മലയാളി മെമ്മോറിയൽ നടന്നകാലത്തു തന്നെ തിരുവിതാംകൂർ ഗവണ്മെൻറ് അതു മനസ്സിലാക്കിക്കഴിഞ്ഞു. സർവ്വീസിൽ എല്ലാവർക്കും പ്രവേശനം

കിട്ടേണ്ട അത്യാവശ്യകത എത്രത്തോളം ഉണ്ടെന്നു രാജ്യവാസികൾക്ക് ഇപ്പോൾ നന്നായിമനസ്സിലായിട്ടുണ്ട് എന്നുള്ളതു തീർച്ചയാണ്. പ്രസ്തുത മെമ്മോറിയൽകാലം തുടങ്ങി തുടരെയായി ഇടയിടെവിട്ടുതന്നെയാണെങ്കിലും അതേക്രമത്തിൽ തന്നെ വാദപ്രതിവാദങ്ങൾ നടത്തിയതിൻെറ ഫലമായി റവന്യൂദേവസ്വം വിഭജനം നടക്കുകയും; പൊതു മുതൽ കൊണ്ടു സംരക്ഷിക്കപ്പെടുന്ന ഗവണ്മെൻറു സ്ഥാപനങ്ങളിൽ പൊതു ജനങ്ങൾക്കു സാർവ്വത്രികമായി തുല്യാവകാശം കൊടുക്കണമെന്നും, അതിന്മണ്ണം തന്നെ ഗവണ്മെൻറിൻെറ ചുമതല വഹിച്ചു നടത്തുന്ന ഉദ്യോഗങ്ങളിലും നാട്ടുകാരായ പൗരന്മാർക്കു ന്യായമായ അവകാശം കൊടുക്കണം എന്നും ഉള്ള തത്വം നമ്മുടെ ഗവണ്മെൻറു സ്വീകരിക്കുകയും ചെയ്തുകഴിഞ്ഞു. ഈ തത്വം സ്വീകരിച്ചു എങ്കിലും ഗവണ്മെൻറു അവയെ നടപ്പിൽ വരുത്തുന്നതിനു മാത്രം അമാന്തം കാണിച്ചുവന്നു. ഈ വിഷയത്തിൽ ഇങ്ങനെ അമാന്തം കാണിച്ചതിൻെറ ഫലമായി ഇപ്പോൾ ചിലമാന്യസ്നേഹിതന്മാർ പറഞ്ഞതുപോലെ ഈ കൗൺസിലിൻെറ വിലയേറിയ സമയത്തെ ഈ ഉദ്യോഗകാര്യത്തിനുള്ള വാദപ്രതിവാദത്തിനു വേണ്ടി പ്രയോജനരഹിതമായികളയാൻ ഇടയായിട്ടുണ്ട്. പ്രജാസഭയിലെ അനേകം യോഗങ്ങളിലും ഈ വിഷയത്തെ സംബന്ധിച്ചു വളരെ അധികം സമയം വിനിയോഗിക്കുന്നതിനു സംഗതിയായിട്ടുണ്ട് ഓരോ അവസരങ്ങളിലും ഗവണ്മെൻറു ഈ വിഷയത്തെപ്പററി ഗാഢമായി പര്യാലോചിച്ചു ഉടൻതന്നെ വേണ്ടതു ചെയ്യാമെന്നു പറഞ്ഞിട്ടും ഉണ്ട്. എൻെറ സ്വന്ത അഭിപ്രായം പറഞ്ഞാൽ തിരുവിതാംകൂറിലുള്ള എല്ലാ ജനങ്ങൾക്കുമോ ഏതാനും ജനങ്ങൾക്കുമാത്രമോ ഉദ്യോഗംകൊടുക്കണമെന്നോ കൊടുക്കണ്ടാ എന്നോ ഞാൻ പറയുന്നില്ല. എന്നാൽ ഈ വിഷയവും എൻെറ ചുമതലയിൽപെട്ടതായി വരുന്നു എന്നു പറയാതെ കഴികയില്ല. ഞാൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തിലെ ജനങ്ങൾക്കു വേണ്ടി പ്രത്യേകം ചില വിഷയങ്ങൾ പറയുന്നതിലേക്കു എന്നെ പ്രേരിപ്പിക്കുമ്പോൾ അതിനെ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരിക എന്നുള്ളതാണ് എൻെറ. സ്വന്തമായ നിർവ്വഹണം. ഇവിടെ അതിലും വ്യാപകമായ പരിധയിൽഞാൻ കടക്കേണ്ടിവരുന്നുണ്ട്. മി. രാജരാജവർമ്മകോയിത്തമ്പുരാൻ ഒരു പ്രമേയത്തെപ്പററി അഭിപ്രായം പറഞ്ഞപ്പോൾ "എൻെറ അഭിപ്രായം എന്തെങ്കിലും ആകട്ടെ എൻെറ നിയോജകമണ്ഡലത്തിൻെറ അഭിപ്രായം അനുസരിച്ചു ഞാൻ ഓട്ടു ചെയ്യുന്നു" എന്നു പറഞ്ഞു.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): "ജനങ്ങളുടെ അഭിപ്രായം അനുസരിച്ച്" എന്നാണോ പറഞ്ഞതു് എന്നു പ്രൊസീഡിംഗ്സിൽ നോക്കണം.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): അതു നോക്കിയതാണ്.

ഞാൻ പറയുന്നതു് ഒരു വർഗ്ഗത്തിനുമാത്രം അവകാശം വേണമെന്നല്ലാ എന്നോർക്കണം. രാജ്യത്തിൽ അനീതിപരമായ നിലയിൽ നടത്തുന്ന സംഗതികളെ പരിഹരിച്ചു ശരിയായ വിധത്തിൽ പൌരന്മാർക്കു് അവരവർക്കുള്ള അവകാശം കൊടുക്കണംഎന്നു മാത്രമേ പ്രമേയത്തിൽ വിവരിച്ചിട്ടുള്ളു എന്നു് എന്റെ പ്രമേയം സൂക്ഷിച്ചു നോക്കിയാൽ വിശദമായി അറിയാം. വിദഗ്ദ്ധനായ ചീഫ് സിക്രട്ടറി പറഞ്ഞേടത്തോളം ഉള്ള ഉപദ്രവങ്ങൾ ഇതിൽ ഉള്ളതായും എനിക്കഭിപ്രായം ഇല്ല. അഞ്ചു വർഷകാലത്തേക്കു നൂതനമായി നടത്തുന്ന നിയമനങ്ങളിൽ അസമത്വം അനുഭവിക്കുന്ന സമുദായത്തിലെ അപേക്ഷകന്മാരുടെ അപേക്ഷയ്ക്കു പ്രാഥമ്യം നല്കണമെന്നൊരു ഭാഗം എന്റെ പ്രമേയത്തിൽ ഉണ്ടു്. അസമത്വം അനുഭവിക്കുന്നവരുടെ സങ്കടത്തെ തീർത്തുകൊടുക്കണമെന്നു മറയ്ക്കു പറയുന്നുണ്ടു്. അതിനെ ഗവണ്മെന്റു അനേകസ്ഥലങ്ങളിൽ അനേകം വിധത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതായി പ്രമാണങ്ങളും ഉണ്ടു്. എന്നാൽ പരിഹാരംവരുന്നില്ല, പിന്നേയും പിന്നേയും വാദപ്രതിവാദങ്ങൾക്കിടയാകുന്നു. അസമത്വസമുദായക്കാരായ അപേക്ഷകന്മാർ ധാരാളമായി വന്നുചേരുന്നു; വിദ്യാഭ്യാസവും അവർക്കു വർദ്ധിച്ചുതന്നെ വരുന്നു; അവരെ നിരാശപ്പെടുത്തി ഗവണ്മെന്റു ഈ സ്ഥിതിയിൽ ഇനിയും വച്ചുകൊണ്ടിരിക്കുന്നതു ശരിയല്ല. അതുകൊണ്ടു് അഞ്ചുവർഷകാലത്തേക്കു് അവരുടെ അപേക്ഷയ്ക്കു പ്രാഥമ്യം കൊടുക്കണമെന്നാണു ഞാൻ ഇനിയുംപറയുന്നതു്. ഏതാനുംഅപേക്ഷകർവന്നാൽഅതിൽ പ്രാഥമ്യം അസമത്വസമുദായക്കാർക്കു കൊടുക്കുക; എന്നല്ലാതെ അവർക്കു കൊടുത്തിട്ടേ മററുള്ളവർക്കു കൊടുക്കാവൂ എന്നു ഞാൻ നിർബന്ധമായി പറയുന്നില്ലാ. അവർക്കു പ്രാഥമ്യം കൊടുത്തു പരിഹാരം ഉണ്ടാക്കണമെന്നും അതിനുവേണ്ട പദ്ധതി ഏർപ്പെടുത്തേണമെന്നും മാത്രമേ ഞാൻ ഇവിടെ പറയുന്നുള്ളു. അധികാരങ്ങളെ സംബന്ധിച്ചുള്ള വിഭജനകർത്തവ്യമെല്ലാം ഗവണ്മെന്റുതന്നെ വച്ചുകൊള്ളട്ടെ. ന്യായമായ അവകാശത്തെ അസമത്വസമുദായങ്ങൾക്കു ഇത്രയും കാലത്തേക്കു് എങ്കിലും വീതിച്ചുകൊടുക്കട്ടെ. ഈ വിധത്തിൽ കൊടുക്കാമെ

ങ്കിൽ മുറപ്രകാരം ക്രമേണ ഈ സങ്കടം പരിഹരിക്കപ്പെടാവുന്നതാണ്. മി. രാജരാജവർമ്മയുടെ അമെൻഡുമെൻറിൽ ഈ തത്വത്തെ ആസ്പദമാക്കിയല്ല പറഞ്ഞിരിക്കുന്നതു്. പ്രാഥമ്യം കൊടുക്കാമെന്നു് പറയുന്നതുതുടങ്ങി എൻെറ മാന്യസ്നേഹിതൻ അതിൽ പല ഭാഗങ്ങളും വിട്ടിട്ടുണ്ടു്. അതിനെപ്പററിയുള്ള വാദപ്രതിവാദത്തെ ആസ്പദമാക്കി ചുരുക്കത്തിൽ എൻെറ അഭിപ്രായഭേദം കൌൺസിലിൻെറ ശ്രദ്ധയിൽ കൊണ്ടുവരാമെന്നു വിചാരിക്കുന്നു. ഇപ്പോഠം കൌൺസിലിൻെറ ആലോചനയിൽ ഇരിക്കുന്ന പ്രമേയം ഇന്നുമാത്രം കൊണ്ടുവന്നിട്ടുള്ളതല്ല. വളരെമാസങ്ങഠക്കു മുമ്പുതന്നെ ഇതു് കൌൺസിൽനോട്ടീസിൽ വന്നിട്ടുള്ളതാണു്. ആറുമാസത്തിനുമുമ്പേ നോട്ടീസു കൊടുത്തതിനുശേഷം ഇതു് ബാലററിൽവന്നു് കഴിഞ്ഞമകരത്തിൽ ഇതിനെ കൌൺസിലിൽ ഹാജരാക്കി. അന്നു് എൻെറ അഭിപ്രായത്തെ വളരെ വിശദമായി ഞാൻ ഇവിടെ പറഞ്ഞിട്ടുണ്ടു്. തിരുവിതാംകൂറിലെ പൌരന്മാരുടെ ന്യായമായ അവകാശങ്ങഠ ജാതിമതങ്ങളെ പരിഗണിക്കാതെ കൊടുക്കണമെന്നാണു് ഞാൻ പറയുന്നതിൻെറസാരം. ഈഴവനായാലും, പുലയനായാലും, ക്രിസ്ത്യാനിയായാലും, മഹമ്മദീയനായാലും, നമ്പൂതിരിയായാലും, വെള്ളാളനായാലും, അവരുടെ അവകാശത്തെ—ന്യായമായ അവരുടെ അവകാശത്തെ—കൊടുക്കണമെന്നാണു് എൻെറ അപേക്ഷയുടെ താല്പര്യം—എന്നു വിശദമായി അന്നു പറഞ്ഞു. ഇന്നും അസമത്വം അനുഭവിക്കുന്നവക്കു് അവരുടെ ന്യായമായ അവകാശങ്ങഠ കൊടുക്കണമെന്നേ ഞാൻ പറയുന്നുള്ളു. സമുദായങ്ങളിൽ വലുതിനോ ചെറുതിനോ കൊടുക്കണമെന്നു പറഞ്ഞില്ല. അസമത്വസമുദായങ്ങഠക്കു് അവരുടെ അവകാശം കൊടുക്കണമെന്നുള്ള അഭിപ്രായം ഗവണ്മെൻറും സ്വീകരിച്ചിട്ടുണ്ടു്. അവയെ പ്രായോഗികമാക്കിത്തീക്കാൻ നിശ്ചയിക്കുന്നപക്ഷം നടപ്പിൽവരും. ആക്കും പരാതിക്കു് വഴിയില്ലാതാകയുംചെയ്യും.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഞാനും അതിൽനിന്നു വ്യത്യസ്തമായിട്ടല്ല പറഞ്ഞതു് എന്നു് മെംബക്കറിയാമോ?

MR. A. C. KURIAKOSE (*Minachil cum Devicolam*): വ്യത്യസ്തമായിട്ടായിരിക്കയില്ല പറഞ്ഞതു് എന്നു വിചാരിക്കാം. മുൻപറഞ്ഞ അസമത്വസമുദായത്തിലെ ആളുകഠക്കു് കൊടുക്കണം എന്നു പറയുമ്പോഠ മൈനാറിട്ടി സമുദായങ്ങഠക്കു കൊടുക്കേണ്ട എന്നത്ഥമില്ല. അസമത്വം എവിടെയാണോ അവിടെ കൊടുക്കണം എന്നേ അത്ഥമാകു

[Mr. A. C. Kuriakose.]

ന്നുള്ള. കത്തോലിക്കനോ, മഹമ്മദീയനോ മാത്രം കൊടുക്കണമെന്നുള്ള വിചാരത്തോടുകൂടിയല്ല ഞാൻ ഈ പ്രമേയം ഹാജരാക്കീട്ടുള്ളതു്. അതു് ഗവമ്മെൻറും മനസ്സിലാക്കണം. എൻെറ പ്രമേയം ഗവർമെൻറും സ്വീകരിക്കേണ്ടതാണ്. പിന്നെ എൻെറ പ്രമേയത്തിൻെറ വാചകങ്ങളെ വ്യാഖ്യാനിക്കുന്നതിൽ അഭിപ്രായവ്യത്യാസം ഉണ്ടെങ്കിൽ ഇതിനെ അംഗീകരിച്ചശേഷം ഗവമ്മെൻറിനുവേണ്ടവിധത്തിൽ ദോഷം പരിഹരിച്ചു് ഇപ്പോഴത്തെ രാജ്യവാസികളായ ജനങ്ങൾക്കു് തൃപ്തികരമാകത്തക്കവിധത്തിൽ ഒരന്തരീക്ഷം ഉണ്ടാക്കാൻ കഴിയുന്നതുമാണ്. ഈ പ്രമേയത്തിലെ പ്രാഥമികതത്വത്തിനു എൻെറ മാന്യസ്നേഹിതന്മാക്കു കൂടുതൽ സന്തോഷം ഉണ്ടെന്നും അതു് അവരുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും ഉള്ള ഒരു മുഖ്യ സംഗതി മാത്രമേ പരിഗണനീയമായിട്ടുള്ളു എന്നാണ് എനിക്കു് പറയാനുള്ളതു്. വർഗ്ഗീയപ്രാതിനിധ്യം സമ്മതിക്കാവുന്ന ഒന്നാണെന്നു ചില സ്നേഹിതന്മാർ അഭിപ്രായപ്പെട്ടു; പരമാത്ഥത്തിൽ ഈ രാജ്യത്തിലെ ജനസമുദായത്തിൻെറ ഇടയിൽ വല്ല അസ്വാസ്ഥതയും ഉണ്ടെങ്കിൽ അതിനുകാരണമായിരിക്കുന്ന സംഗതിയെ പരിഹരിക്കാൻ ഇടയാകുന്നപക്ഷം ഈ രാജ്യത്തെ സമുദായങ്ങൾ തമ്മിൽ ഏകോദരസഹോദരന്മാരെപ്പോലെ വത്തിക്കാമെന്നും, ഭിന്നവർഗ്ഗക്കാരായ സഹോദരസമുദായങ്ങൾ ഒരു കാലത്തു് ഇതിൽനിന്നും മാറിനിന്നിരുന്നു എന്നുള്ള ഒരപവാദത്തെ മാററിക്കളഞ്ഞിട്ടു്, പരന്ന സഹോദര ബുദ്ധിയോടുകൂടി കഴിയാം എന്നും വിചാരിച്ചായിരിക്കണം. ഞാൻ പറയുന്നതും ഈ കാരണങ്ങളിന്മേൽതന്നെയാണ്. ഈ നിസ്സാരസംഗതിക്കുവേണ്ടി സമുദായങ്ങൾ തമ്മിൽ ഭിന്നതഉണ്ടാക്കി, കൗൺസിലിൻെറ വിലയേറിയ സമയത്തെ ബലികഴിച്ചു പൌരഹൃദയങ്ങളെ വേദനപ്പെടുത്തത്തക്കവണ്ണം അഭിപ്രായങ്ങളെ പുറപ്പെടുവിക്കുന്ന ഒരന്തരീക്ഷം തിരുവിതാംകൂറിലുണ്ടെങ്കിൽ അതിനെ പരിഹരിക്കേണ്ടതു ഗവമ്മെൻറിൻേറയും ചുമതലയാണ്. ജനങ്ങളുടെ സ്വൈരമായ സംരക്ഷണത്തെ പുരസ്കരിക്കയാണു് ഒരു ഗവമ്മെൻറിൻെറ ചുമതല. ഭൂരിപക്ഷം ജനങ്ങൾ ഒരു നിവൃത്തനത്തിൽ പങ്കുകൊള്ളാതെയിരിക്ക — ഭൂരിപക്ഷം ഇല്ലാത്ത ജനങ്ങളുടെ നിസ്സാരമായ നഷ്ടത്തെ — ഗവമ്മെൻറിനു പരിഹരിക്കാവുന്ന നഷ്ടത്തെ — ചിലർമാത്രം വളരെക്കാലമായി അനുഭവിച്ചുവരുന്ന അനുഭവത്തെ — അവഗണിച്ചും,

അനാസ്പദമെന്നു നിഷേധിച്ചും ബഹുഭൂരിപക്ഷത്തിന്റെ സങ്കടത്തെ പരിഹരിക്കണമെന്നു ഗവൺമെന്റിനോട് ജനപ്രതിനിധികൾ ഉണൎത്തിക്കയും അപേക്ഷിക്കയും ചെയ്യുന്നു; ജനപ്രതിനിധികൾ മുറവിളികൂട്ടുന്നു; മററുള്ളവർ അവരെ ഏററക്കുറെ സഹായിക്കുന്നു; ഈ അവസരത്തിൽ, ഗവൺമെൻറ് പറഞ്ഞതെല്ലാം പ്രവൎത്തിക്കണമെന്നേ പ്രധാനമായി പറയുന്നുള്ളു. ൧൧൦൪ കൎക്കടകം സെഷനിൽ മി. ആർ. രാമൻ പിള്ള കൊണ്ടുവന്ന ഉപക്ഷേപത്തിന് ഗവൺമെൻറിൽനിന്നു നൽകിയിട്ടുള്ള വാഗ്ദാനം ആ ആണ്ടത്തെ കൎക്കടകം സെഷൻ പ്രൊസീഡിംഗ്സിന്റെ ൩൧൨-ാം വശത്തു് കാണുന്നുണ്ട്. അതു് ഇംഗ്ലീഷിലാണെങ്കിലും അതിന്റെ സ്വരൂപം ഏകദേശം ഇവിടെ പറയാം.

"നമ്മുടെ എല്ലാപേരുടേയും ഹൃദയങ്ങളെ വിഷമിപ്പിച്ചുകൊണ്ടിരിക്കുന്ന സമുദായവാദങ്ങളെ സംബന്ധിച്ച് ഒരു പരിഹാരം ഉണ്ടാക്കുന്നതിനായി ഉള്ള മെംബറന്മാരുടെ ആഗ്രഹത്തെ ഗവൺമെൻറ് മനസ്സിലാക്കിയിരിക്കുന്നു. ഇതിന് ഒരു പരിഹാരം ഉണ്ടാക്കുന്നതിനു ഗവൺമെൻറും പരിശ്രമിക്കുന്നുണ്ട്. പ്രാതിനിധ്യം ഇല്ലാത്തതും പ്രാതിനിധ്യം കുറഞ്ഞതുമായ സമുദായങ്ങളെ സംബന്ധിച്ച് പ്രഥമനിയമനത്തിൽ പ്രാഥമ്യംകൊടുത്തു് അസമത്വത്തെ കഴിയുന്നവിധത്തിൽ പരിഹരിക്കുന്നതിനു ശ്രമിക്കുന്നുണ്ട്. അങ്ങനെയുള്ള ശ്രമം കാൎയ്യക്ഷമതക്ക് ഭംഗംവരുത്താതെ സൂക്ഷിക്കുന്നുമുണ്ട്. ഈ ശ്രമത്തിൽ ചില ന്യൂനതകൾ വന്നിട്ടുണ്ട്. അവയെ പരിഹരിക്കുന്നതിനു മെംബറന്മാരുടെ പല നിൎദ്ദേശങ്ങളെപ്പററിയും ആലോചിക്കുന്നതാണ്" എന്നാണല്ലോ അതിൽ പറഞ്ഞിരിക്കുന്നതു്.

ഇത്ര വിശദമായി നൂതന നിയമനത്തിൽ, അസമത്വം അനുഭവിക്കുന്ന സമുദായങ്ങൾക്കു പ്രഥമാവകാശം കൊടുക്കാമെന്ന് ഗവൺമെൻറ് അതിൽ സമ്മതിച്ചിരിക്കുന്നു. പക്ഷേ അനുഭവം എന്താണെന്നു പറയേണ്ടതുമില്ല. ഗവൺമെൻറു ഇതു രണ്ടുവർഷം മുമ്പാണ് പറഞ്ഞതു്. അതിനെ എന്തുകൊണ്ടു ഗവൺമെൻറ് നിരാകരിക്കുന്നു? ഈ പ്രമേയത്തിലെ ശക്തിയേറിയ വാചകം ഇപ്പോഴം സ്വീകാൎയ്യമല്ലാതെ വന്നതെന്തുകൊണ്ടാണ്?

ഇതുപോലെതന്നെ നമ്മുടെ ഗവൺമെൻറ്, ഈ കഴിഞ്ഞ ഇരുപത്താറാമത്തെ പ്രജാസഭായോഗത്തിൽ വൎഗ്ഗീയപ്രാതിനിധ്യത്തെപററി അനേകംപേർ വാദിച്ചപ്പോൾ, അവൎക്കു കൊടുത്ത മറുപടി പ്രജാസഭ നടപടിയുടെ ൩൧൬-ാംപേജിൽ ഇങ്ങിനെകാണുന്നു.

[Mr. A. C. Kuriakose.]

"വൎഗ്ഗീയപ്രാതിനിധ്യം സംബന്ധിച്ചു ഗവണ്മെൻറു നൽകീട്ടുള്ള ആജ്ഞകളെ നിയമനാധികാരം ഉള്ളവർ ശരിയായി ആദരിക്കുന്നില്ലെന്നും അതിനാൽ വ്യക്തമായ വ്യവസ്ഥകളെക്കൊണ്ടു ഈ കാൎയ്യത്തിനു ശരിയായ നടപ്പുണ്ടാക്കേണമെന്നും മററും ആണു് നിങ്ങളിൽപലരും ഇവിടെ പറഞ്ഞിട്ടുള്ളതിൻെറ ചുരുക്കം. ഈ വിഷയം ഗവണ്മെൻറിൻെറ ഗാഢമായ പൎയ്യാലോചനയ്ക്കു വിഷയമായിരിക്കുകയാണു്. മേലാൽ ഈ വിഷയത്തെപ്പററി യാതൊരു പരാതിക്കും ഇടയാകാത്തവിധം വ്യവസ്ഥാപിതങ്ങളായ റൂളുകൾ ഉണ്ടാക്കാം."

ഇങ്ങനെ പറഞ്ഞിട്ടു ഒരു കൊല്ലമായി. അടുത്തുവരുന്ന പ്രജാസഭക്കു് ഇപ്പോൾതന്നെ നിവേദനങ്ങൾ വന്നിരിക്കണം. ആ കൂട്ടത്തിൽ കുറഞ്ഞപക്ഷം രണ്ടു ഡസ്സൻ വൎഗ്ഗീയപ്രാതിനിധ്യ നിവേദനങ്ങൾ കാണുമെന്നാണു് ഞാൻ വിചാരിക്കുന്നതു്. ദിവാൻ മി. രാഘവയ്യായുടെ കാലത്താണു നമ്മുടെ ഗവണ്മെൻറു വൎഗ്ഗീയപ്രാതിനിധ്യത്തെ ആദരിച്ചു റൂൾ ഉണ്ടാക്കിയതു്. അതിൽ ആൎക്കും തൎക്കമില്ല. അതു ജനപ്രതിനിധികളും പൂൎണ്ണമായി സമ്മതിക്കുന്ന തത്വമത്രേ. ഗവണ്മെൻറു വാഗ്ദാനം ചെയ്തതു അതിനെ നല്ലവണ്ണം നടപ്പിലാക്കുവാനായി ഗാഢമായി ആലോചിക്കാം എന്നാണു്. ഇവിടെ ഞങ്ങൾക്കു ന്യായമായ അവകാശങ്ങൾ തരാമെന്നു സമ്മതിക്കുന്നു. ഞങ്ങളുടെ അവകാശവാദത്തിലുള്ള തത്വത്തെ സ്വീകരിക്കുകയുംചെയ്യുന്നു. അതിനു പരിഹാരമാൎഗ്ഗം ഉണ്ടാക്കാമെന്നുള്ള അഭിപ്രായത്തെ ഇന്നും തുറന്നു പറയുന്നു. എന്നാൽ അസമത്വം അനുഭവിക്കുന്നവരോടു നീതി നടത്തുന്നതിനും അവരെ സഹായിക്കുന്നതിനും ഗവണ്മെൻറു് തയ്യാറാകുന്നില്ല. കാരണം എന്താണു്? ആ കാരണത്തെപ്പററി ചിന്തിക്കേണ്ടതാണു് ആവശ്യം. രാജ്യത്തിൽ സമാധാനം ഉണ്ടാക്കുന്നതിനു് പൌരാവകാശത്തെ—പലതരത്തിലും അൎഹതയുള്ള ന്യായമായ അവകാശത്തെ കൊടുക്കാതെ വീണ്ടും വീണ്ടും അതിനോടുള്ള അനുഭാവത്തെ വാഗ്രൂപത്തിൽ മാത്രം കാണിച്ചുകൊണ്ടും അനുകമ്പയോടുകൂടി വീക്ഷിച്ചുകൊണ്ടും സമയം കളയുന്നതിൻെറ അൎത്ഥമെന്താണു്?

ഇതിനെപ്പററി ചുരുക്കമായി പറയുന്നതിനുമുമ്പായി ഒന്നു് രണ്ടു് സംഗതികൾകൂടി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരേണ്ടിയിരിക്കുന്നു. ഈ വൎഗ്ഗീയ പ്രാതിനിധ്യവാദം ഈ തിരുവിതാംകൂറിൽ മാത്രമല്ല ഉള്ളതു്. മൈസൂർ മുതലതായ നാട്ടുരാജ്യങ്ങളിലും ഉണ്ടു്. മദ്രാസിലെ സംസ്ഥാനിക നിയമസഭയിൽ ഇതിനെപ്പററി വളരെ വാദ

പ്രതിവാദം നടന്നിട്ടുണ്ട്. ഇൻഡ്യയൊട്ടുക്കും ഇപ്പോൾ ഈ വർഗ്ഗീയപ്രാതിനിധ്യവിഷയത്തെപ്പററി വാദപ്രതിവാദം നടക്കുന്ന ഒരു ഘട്ടമാണ്.

MR. K. P. NILAKANTA PILLAI (*Chirayinkil*) : റൗണ്ട്ടേബിൾ കാൺഫറൻസ്സിൽകൂടി ഈ വാദം ഉണ്ടെന്നറിയാമോ?

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : അറിയാം, പറയാൻ വരുന്നു. സൈമൺകമ്മീഷൻ റിപ്പോർട്ട് രണ്ടാംവാല്യം ൨൬൧-ാം വശത്ത് ഈ വിഷയം സംബന്ധിച്ചു രേഖപ്പെടുത്തീട്ടുള്ള അഭിപ്രായം ഇങ്ങനെയാണ്.

"നിയമനങ്ങൾ പബ്ളിക്ക് സർവീസ് കമ്മീഷൻ മൂലമായിരിക്കണം. ഈ കമ്മീഷനിലെ അംഗങ്ങൾ ഒരു രാഷ്ട്രീയ കക്ഷിയിൽ പെട്ടവരോ, ഗവണ്മെൻറിൻെറ ആജ്ഞാകരന്മാരോ ആയിരിക്കരുത്. ഇൻഡ്യാഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം വൈസ്രായിയും പ്രാദേശിക ഗവണ്മെൻറുകളെ സംബന്ധിച്ചിടത്തോളം ഗവർണ്ണർമാരും ആയിരിക്കണം കമ്മീഷനെ നിയമിക്കുന്നത്. ഓരോപ്രത്യേക വിഭാഗത്തിലും അധിവസിക്കുന്ന ജനസമുദായങ്ങളുടെ അവകാശങ്ങൾ സുരക്ഷിതമായി പാലിക്കത്തക്കവണ്ണം ഗവണ്മെൻറു ഉണ്ടാക്കുന്ന റൂളുകളെ അടിസ്ഥാനമിക്കി നിയമനം നടത്തണം. വർഗ്ഗീയപ്രാതിനിധ്യം വേണ്ടിടത്ത് അതാനുയോജിച്ച വ്യവസ്ഥകൾ ഉണ്ടായിരിക്കണം."

പാശ്ചാത്യരാജ്യങ്ങളിലെ പരിഷ്കൃതമായ വ്യവസ്ഥകൾ അറിഞ്ഞിട്ടുള്ള യോഗ്യന്മാർ ഇൻഡ്യക്കുപററിയ ഭരണവ്യവസ്ഥകൾ എന്തെല്ലാമാണെന്ന് അറിയുന്നതിന് അന്വേഷണം നടത്തിയതിൻെറ ഫലമായിരേഖപ്പെടുത്തിയതാണ് ഇത്. ഇതു ഗണനീയമായ ഒരു പ്രമാണമാകുന്നു. ഇൻഡ്യക്കു വർഗീയപ്രാതിനിധ്യത്തിൻെറ പ്രാധാന്യം എത്രമാത്രം ഉണ്ടെന്നു അവർ ഇതിൽ സമ്മതിക്കുന്നു. അതിനു നിസ്സംശയമായ പ്രാധാന്യം കൊടുക്കണമെന്നാണ് ഇതിൽ പറയുന്നത്. പരിഷ്കൃതഗവണ്മെൻറുകൾ സൈമൺ കമ്മീഷൻ റിപ്പോട്ടിനെ ഒരു പ്രമാണം ആക്കുന്നില്ല എന്നു വിചാരിക്കുന്ന പക്ഷവും അത് വിദഗ്ധന്മാരായ ചിലരുടെ അഭിപ്രായമാണ് എന്നു സമ്മതിക്കാതെ കഴികയില്ല. അവർ ഇൻഡ്യയ്ക്കു പുറത്തുള്ള ആളുകളും മാന്യന്മാരുമാണ്. അതിനാൽ വർഗ്ഗീയപ്രാതിനിധ്യവാദം തിരുവിതാംകൂറിൽ മാത്രം ഉള്ളതല്ല എന്നുമനസ്സിലാകും. തിരുവിതാംകൂറിൽ നമ്മുടെ ഗവണ്മെൻറു വിചാരിച്ചാൽ ഇതിനു പരിഹാരം ഉണ്ടാക്കാൻ പ്രയാസമുള്ളതുമല്ല. എത്രയോ പ്രയാസമുള്ള വിഷയങ്ങളെ ഗവർണ്മെൻറു നേരിട്ടുപരിഹരിച്ചു. അതു ശക്തിയായും യുക്തിയായും ഭരണം നടത്തിക്കൊണ്ടു പോകുന്ന ഒരു ഗവണ്മെ

[Mr. A. C. Kuriakose.]

ന്റിനകഴിയുകയും ചെയ്യും. ആ ചുമതലകൾ ഏറ്റെടുക്കുന്ന ഉദ്യോഗസ്ഥന്മാർ അധികം പേരും ഈ രാജ്യത്തു ജനിച്ചു, സഹോദരസമുദായങ്ങളിലെ അംഗങ്ങളാണെന്നും, അവരുടെ ഉദ്യോഗം പരിയവസാനിച്ചതിൽ പിന്നെ രാജ്യത്തിലെ പൗരന്മാരായി പ്രവൃത്തിക്കേണ്ടവരാണ് എന്നും ഓർക്കേണ്ടതാണ്. ഭിന്നസമുദായങ്ങൾ അനുഭവിക്കുന്ന സങ്കടങ്ങളിൽ അശേഷം കൃപതോന്നാതെ ഇരിക്കുന്നതിനാൽ ഉദ്യോഗസ്ഥന്മാർ ഗവർമെന്റിന്റെ വ്യവസ്ഥകളെപ്പോലും അതിലംഘിച്ച് പ്രവർത്തിക്കുവാൻ തുനിയാറാകുന്നുണ്ടെങ്കിൽ അത് വർഗ്ഗീയവിദ്വേഷമനഃസ്ഥിതികൊണ്ടാണെന്നും. അങ്ങിനെവരാതിരിക്കുന്നതിന് ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാർ സഹോദരബുദ്ധിയോടു കൂടിയും രാജ്യത്തിന് നന്മവരുത്തണമെന്നുള്ള വും യോജിച്ചു ആലോചിച്ചു ഈ പ്രശ്നത്തിനു ഒരു പരിഹാരം വരുത്തുകവാനും പ്രവർത്തിക്കേണ്ടവരാണ് എന്നും ഓർമ്മിപ്പിക്കേണ്ടിയിരുന്നു. ഇതിനെ സംബന്ധിച്ചിടത്തോളം എന്റെ ഉദ്യമം അസ്ഥാനത്തിൽ അല്ലെന്നു കാണാം.

PRESIDENT: സമയം കഴിഞ്ഞിരിക്കുന്നു.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): അല്പം കൂടി പറയാനുണ്ട്.

PRESIDENT: മണി രണ്ടടിക്കാൻ പോകുന്നുണ്ട്.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): മദ്രാസിലെ റൊട്ടേഷൻ സ്കീമിനെ സംബന്ധിച്ചും മററും കൂടി പറയാനുണ്ട്. ഇപ്പോൾ സമയമില്ലെങ്കിൽ ലഞ്ച് കഴിഞ്ഞുംമതിയാകും.

The Council adjourned for lunch at 2 P. M. and reassembled at 2-45 P. M.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): സർ, മദ്രാസിലെ റൊട്ടേഷൻ സ്കീം അനുസരിച്ച് നിയമനം നടത്തുന്നതിനെസംബന്ധിച്ചുള്ള ജി. ഒ. ഇങ്ങനെയാണെന്നു ഞാൻ മനസ്സിലാക്കുന്നു. അതായത് ൧൨ ഒഴിവുണ്ടാകുന്നവയ്ക്കു. അതിൽ അബ്രാഹ്മണഹിന്ദുക്കൾക്കായിട്ടു ൬-ം മുഹമ്മദീയർക്കായിട്ട് ൨-ം ഇൻഡ്യൻ ക്രിസ്ത്യാനികൾക്കായിട്ടു ഒന്നു, ബ്രാഹ്മണർക്കായിട്ടു ൨-ം ശേഷമുള്ളതു ഇതരസമുദായക്കാർക്കായിട്ടും കൊടുക്കണമെന്നാണ്. പ്രമോഷൻ നൽകുന്നതും ഈ തോതനുസരിച്ചാണ്. നമ്മുടെ ഗവർമെന്റിനും ഇതുപോലെ ഒരു പ്രമാണം ഉണ്ടാക്കാം. ഈ വിഷയത്തിൽ എന്റെ മാന്യസ്നേഹിതന്മാർ പറഞ്ഞ ആ

ഭിപ്രായങ്ങളെ സാമാന്യമായി ഒന്നു സ്പർശിച്ചു എനിക്കു പറയുവാനുള്ളതും പറഞ്ഞുകൊള്ളാം. വർഗ്ഗീയപ്രാതിനിധ്യത്തെ സംബന്ധിച്ച് എന്റെ മാന്യസ്നേഹിതന്മാരായ മെസ്സേർസ്. കെ. പി. നീലകണ്ഠപ്പിള്ള ആർ. രാമൻപിള്ള, മുറവേലിൽപാച്ചുപിള്ള, ആർ. കേശവപിള്ള എന്നീ മാന്യന്മാർ സംസാരിക്കയുണ്ടായി. ഈ ആശയങ്ങളോടുകൂടി മി. എ. താണുപിള്ള ഇതിലേക്കു, ഒരു കമ്മിററിവച്ച് വേണ്ട വ്യവസ്ഥചെയ്യണമെന്നു പറഞ്ഞു. മി. ആശാനാണെങ്കിൽ, ഈ ഭാരം കൌൺസിലിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരു കമ്മിററി നിർവഹിക്കേണ്ടതാണെന്നു പറയുകയുണ്ടായി. എന്റെ സ്നേഹിതൻ മി. മുരിക്കൻ കൌൺസിലിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന കമ്മിററിയെ ഈ കാര്യം ചുമതലപ്പെടുത്തുന്നതു തൃപ്തികരമല്ല എന്നു പറഞ്ഞപ്പോൾ അദ്ദേഹം ഒരു നിയോജകമണ്ഡലത്തിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടയാളല്ലേ എന്നു ചോദിച്ചുകേട്ടു. വാസ്തവംതന്നെ. തിരുവിതാംകൂറിലെ ഇന്നത്തെ നിയമസഭയുടെ ഘടനയനുസരിച്ചു വർഗ്ഗീയനിയോജകമണ്ഡലങ്ങളിൽനിന്നു തിരഞ്ഞെടുപ്പു നടക്കുന്നില്ല. അതുകൊണ്ടു അസമത്വം പരിഹരിക്കുന്നതിനു ഈ കൌൺസിലിൽനിന്നു തിരഞ്ഞെടുക്കുന്ന ഒരു കമ്മിററി മതിയാകുന്നതല്ല എന്നു സ്പഷ്ടമായിപറയാം.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഈ കൌൺസിലിനെപ്പററി വിശ്വാസമുണ്ടോ?

MR. A. C. KURIAKOSE (*Minachil cum Devicolam*): കൌൺസിലിനെപ്പററി വിശ്വാസമുണ്ട്. വർഗ്ഗീയമായ കാര്യങ്ങളല്ലാതെ മററു അനേകം കാര്യങ്ങളിൽ ഇവിടെ സഹകരിച്ചു പ്രവർത്തിച്ചിട്ടുണ്ട്. തിരുവിതാംകൂറിലെ പൊതുമുതൽകൊണ്ടു സംരക്ഷിച്ചുവരുന്ന സത്രങ്ങളിലും വഴികളിലും ഒരുപോലെ എല്ലാവർഗ്ഗക്കാർക്കും പ്രവേശനം നല്കണമെന്നു മി. ആശാൻതന്നെ ഇവിടെ ഒരു പ്രമേയം കൊണ്ടുവരികയും അനൌദ്യോഗസ്ഥഭാഗം പരിപൂർണ്ണമായി യോജിച്ചു അതു പാസാക്കുകയും ചെയ്തു. ഇതേ ചോദ്യംതന്നെയാണ് ഞാനും ഇപ്പോൾ ചോദിക്കുന്നതു്. തിരുവിതാംകൂറിലെ പൊതുമുതൽകൊണ്ടു സംരക്ഷിക്കപ്പെട്ടു വരുന്നതായ വിവിധഡിപ്പാർട്ടുമെൻറുകളിൽ ഇവിടെയുള്ള എല്ലാവർഗ്ഗക്കാർക്കും എന്തുകൊണ്ടു പ്രവേശനം കൊടുക്കാൻപാടില്ല. ഈ കൌൺസിലിൽ തന്നെ ഭിന്നമായ മനഃസ്ഥിതിയും ഭിന്നമായ സ്വഭാവവും ചിലരിൽ കാണുന്നുണ്ട്. എന്റെ സ്നേഹിതൻ മി. ടി. സി. കേശവപിള്ള പറഞ്ഞതു്, മുക്കവർ ആദിയായവർക്കു ഇതിലേക്കു യോഗ്യതയുണ്ടോ എന്നാ

[Mr. A. C. Kuriakose.]

ണ്. എൻെറ പ്രമേയം ഓരോവർഗ്ഗത്തിനും അവരവക്കർഹതയുള്ളതു് ഗവമ്മെൻറിൻെറ പ്രമാണത്തിനു വിരോധമില്ലാതെതന്നെ കൊടുക്കണമെന്നാണ്. മുക്കവർ ആയാലും കത്തോലിക്കരായാലും അവർ മനുഷ്യർതന്നെയാണല്ലൊ. അവരും തിരുവിതാംകൂറിലെ പൌരന്മാർതന്നെയാണ്. മനുഷ്യർ ഉണ്ടാക്കുന്നതാണ് ഈവക വർണ്ണവ്യത്യാസങ്ങൾ. ശക്തിയുള്ളവർ അതിനെ സംരക്ഷിക്കണമെന്നു വിചാരിക്കുന്നു. ശക്തിഹീനന്മാരായ ആളുകൾ അവർക്കു ലഭിക്കേണ്ടതു് ലഭിക്കണമെന്നു ആഗ്രഹിക്കുന്നു. അതിൽ ഗവമ്മെൻറുതന്നെയാണ് മുന്നിട്ടു പ്രവർത്തിക്കേണ്ടതു്. സൈമൺകമ്മീഷൻ റിപ്പോർട്ടിൽ അസമത്വപരിഹാരം ഗവമ്മെൻറുതന്നെ കയ്യേൽക്കേണമെന്നു പറഞ്ഞിട്ടുണ്ടു്.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*) : അരയന്മാർ കാത്തോലിക്കരാകുന്നുണ്ടോ?

MR. A. C. KURIAKOSE (*Minachil cum Devicolam*) : ബ്രാഹ്മണർ, പറയർ, പുലയർ ഇങ്ങനെ പല വർഗ്ഗത്തിലും പെട്ടവർ കത്തോലിക്കരായിട്ടുണ്ടു്. ആകുന്നുമുണ്ടു്.

ഈ കൗൺസിലിൽ മി. ടി. സി. കേശവപിള്ള പറയുന്നഭാഷതന്നെ 'പോത്തും കാളയും' പട്ടികൾ, എന്നൊക്കെയാണ്. ഇതിൻെറ സഭ്യതയെപ്പററി എനിക്കഭിപ്രായംപറയുവാനില്ല. എന്നാൽ എത്രയും സ്വാമിഭക്തിയോടുകൂടി യജമാനനെ രക്ഷിക്കുന്നതിനുവേണ്ടി ജീവനെ ത്യജിച്ചിട്ടുള്ള അനേകം പട്ടികളെക്കുറിച്ചു എനിക്കറിയാം. സഭ്യയിൽ കലമ്പൽകൂട്ടുന്ന പട്ടികളെപ്പററിയാണ് മി. ടി. സി. കേശവപിള്ള പറയുന്നതെങ്കിൽ, ഇങ്ങിനെയുള്ള പട്ടികളെപ്പററിയും എനിക്കു പറയുവാൻകഴിയും. ഓരോവർഗ്ഗക്കാർക്കും ന്യായമായി കിട്ടേണ്ട അവകാശം, ഗവമ്മെൻറിൻെറ പ്രമാണങ്ങൾക്കു വിരോധമില്ലാതെ നൽകണമെന്നു ചോദിക്കുമ്പോൾ, അതു ഈ കൗൺസിലിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരു കമ്മിററിയാണ് തീർച്ചചെയ്യേണ്ടതു് എന്നുപറയേണ്ട യാതൊരാവശ്യവുമില്ല. ഗവമ്മെൻറു സമഭാവനയോടുകൂടി പ്രവർത്തിച്ചാൽമതി. വർഗ്ഗീയമായ നിയോജകമണ്ഡലങ്ങളിൽനിന്നും പ്രതിനിധികൾ തിരഞ്ഞെടുക്കപ്പെടുന്ന ഒരു കാലം ഈ തിരുവിതാംകൂറിൽ ഉണ്ടാകാം, ഉണ്ടാകുമ്പോൾ അങ്ങിനെയുള്ള ഒരു കമ്മിററിക്കു വിട്ടുകൊടുക്കുന്നതിനു പൂർണ്ണമായി സമ്മതിക്കാം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : ഇതിനെസംബന്ധിച്ച കൗൺസിൽചെയ്യുന്ന തീരുമാനം മെംബർ അംഗീകരിക്കാൻ തയ്യാറുണ്ടൊ?

MR. A. C. KURIAKOSE (*Minachil* cum *Devicolam*): മെംബർ അംഗീകരിച്ചില്ലെങ്കിലും റൂൾസനുസരിച്ച കൌൺസിൽ അംഗീകരിച്ചതായിട്ടുവേണം വിചാരിക്കാൻ. കൗൺസിൽ തീരുമാനത്തിനു അവസാന തീരുമാനം ഗവൺമെൻറാണു ചെയ്യേണ്ടതു്. ഈ വർഗ്ഗീയമായ കാര്യങ്ങളെപ്പററി ഞാൻ കൌൺസിൽ മാത്രമായി ഗവൺമെൻറിനോടാണു് ഉൽബോധിപ്പിക്കുന്നതു്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : അല്ലാതെ ഈ സഭയോടല്ല?

MR. A. C. KURIAKOSE (*Minachil* cum *Devicolam*); ഈ സഭയെ ഉൽബോധിപ്പിച്ചാലും അതിനുമേൽ പരമാധികാരം ഗവൺമെൻറിനാണുള്ളതു് എന്നും എനിക്കറിയാം.

മെംബർമാരിൽ അനേകംപേർ ഈ തത്വത്തെ സ്വീകരിക്കുന്നു. ഗവൺമെൻറു തന്നെയും ഈ തത്വം സ്വീകരിച്ചിട്ടുണ്ടു്. ഈ അസ്വാസ്ഥ്യത്തെ പരിഹരിക്കേണ്ടതു ഗവൺമെൻറിൻെറ കടമയുമാണു്.

ചീഫ്സെക്രിട്ടറി അവർകൾ ഉദാഹരണമായി എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിനെ പ്രത്യേകം എടുത്തു് അതിൽ പ്രത്യേകം യോഗ്യതയുള്ളവരെ മാത്രമെ നിയമിക്കാൻ പാടൊള്ളു എന്നുപറഞ്ഞു. അതു പരമാർത്ഥമാണ്എന്നു് അനുഭവത്തിൽവരുന്നില്ല. ഈ കൌൺസിലിൽ ഒന്നാമത്തെദിവസം മൂന്നാമത്തെ ചോദ്യത്തിനു പറഞ്ഞ മറുപടിയിൽ ഇംഗ്ലീഷ്മിഡിൽസ്കൂളുകളിലും ഹൈസ്കൂളുകളിലും ആകെ ൫൧൭ അദ്ധ്യാപകന്മാരുള്ളതിൽ ൩൩൭ തമിഴ്ബ്രാഹ്മണരും ൧൧൭ നായന്മാരും മററു ൧൭ വിഭാഗങ്ങളിൽ നിന്നായിട്ടു് ൭൪ പേരുമാണു് അദ്ധ്യാപകന്മാരായി ഉള്ളതു് എന്നു കാണാം. ഗവൺമെൻറു കഴിഞ്ഞ പത്തുവർഷമായി അസമത്വം പരിഹരിക്കുന്നുണ്ടെന്നു പറഞ്ഞതിൻെറ ഫലമാണിതു്. ഗവൺമെൻറു അംഗീകരിച്ചിരിക്കുന്ന തത്വത്തിനു വിപരീതമായി പ്രവർത്തിക്കുന്ന അധികാരികളെ ഗവൺമെൻറ് എന്തുചെയ്യും? എഡ്യൂക്കേഷൻ കോടനുസരിച്ച സാധാരണ വിദ്യാഭ്യാസമുള്ളവരെ അദ്ധ്യാപകന്മാരായി നിയമിക്കാം. ഇപ്പോഴും ആ കോഡു ഊർജ്ജിതത്തിൽതന്നെയാണു് ഇരിക്കുന്നതു്.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): ഈ നിയമനങ്ങളെല്ലാം എന്നു നടത്തിയതാണ്?

MR. A. C. KURIAKOSE (*Minachil cum Devicolam*): അതു ഗവണ്മെൻറുതന്നെപറയണം. എനിക്കു തന്നിട്ടുള്ള പട്ടികയിൽ ഉള്ളതു ഞാൻ പറയുകയാണ്?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): ഈ തത്വം ഗവണ്മെൻറു സ്വീകരിച്ചതിൽപിന്നീടാണൊ ഈ നിയമനങ്ങളെല്ലാം നടന്നതു്?

MR. A. C. KURIAKOSE (*Minachil cum Devicolam*): അതെനിക്കറിഞ്ഞുകൂട. ഗവർമെൻറിനോടു ചോദിച്ചറിയേണ്ടതാണ്.

മററു സമുദായക്കാരെ നിയമിച്ചുകഴിഞ്ഞശേഷം അസമത്വസമുദായക്കാരെ നിയമിക്കാമെന്നാണെങ്കിൽ ഇനി എന്നാണ് ഈ സങ്കടത്തിനു പരിഹാരമുണ്ടാകാൻ പോകുന്നതു്? ഇതു നിയമനാധികാരികൾ ശ്രദ്ധയോടുകൂടി നോക്കേണ്ടതാണ്. അവർ നോക്കിയില്ലെങ്കിൽ ഗവണ്മെൻറു നോക്കേണ്ടതാണ്. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽതന്നെ പല നിയമനങ്ങളും നടക്കുന്നുണ്ടു്. ആണ്ടുതോറും ഏതാനും അദ്ധ്യാപകന്മാരെ ട്രയിനിങ്ങിന് അയയ്ക്കുന്നു. അതുവഴിയും ഒഴിവുകൾ വരുന്നുണ്ടു്.

ഉദ്യോഗദാനവിഷയത്തിൽ പ്രാഥമ്യം അസമത്വസമുദായക്കാർക്ക് അതിനു കല്പിച്ചിട്ടുള്ള യോഗ്യതയുണ്ടെങ്കിൽ കൊടുക്കണം. അതിപ്പോൾ ചെയ്യുന്നില്ല. അതുകൊണ്ടു ഗവണ്മെൻറ് ഏതുപ്രകാരത്തിലാണ് ഇതിന് ഒരു പരിഹാരമുണ്ടാക്കുന്നതെന്നു പറയാത്തപക്ഷം, വർഗീയമായ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിക്കേണ്ട ആവശ്യമുണ്ടെന്നു കാണിക്കുന്നതിനുവേണ്ടി എൻെറ പ്രമേയം വോട്ടിനിടാൻ ഞാൻ അപേക്ഷിക്കുന്നു.

അവസാനമായിട്ട് എനിക്കു പറയാനുള്ളതു വർഗ്ഗീയമായ കാര്യങ്ങൾ നിസ്സാരമാണെന്നും ഉദരപൂരണത്തിനുവേണ്ടി പറയുന്നതാണെന്നും ചിലർ പറയുകയുണ്ടായി എന്നതിനെ പരാമർശിച്ചാണ്. ഇംഗ്ളണ്ടിൽ റൌണ്ടു ടേബിൾകാൺഫ്റൻസിൽ സന്നിഹിതനായിരിക്കുന്ന മി. ജിന്ന മഹമ്മദീയരുടെ അവകാശങ്ങളെപ്പററി വാദിച്ചിരിക്കുന്നതു് ഇങ്ങനെയാണ്.

"നവീനഭരണഘടനയിൽ മഹമ്മദീയർക്ക് ഇതരസമുദായങ്ങളോടൊപ്പം, ഗവണ്മെൻറുസർവീസിലെ എല്ലാശാഖകളിലും ജനസംഖ്യയ്ക്കനുസരിച്ച ന്യായമായ പ്രാതിനിധ്യം ഉണ്ടായിരിക്കത്തക്കവണ്ണം വ്യവസ്ഥചെയ്യണം"

ഇതാണ് ഇന്ന പരിഷ്കൃതരാജ്യക്കാരുടെ വാദവും. അതുകൊണ്ടു ഗവണ്മെൻറ് ഇതിന് ഒരു ന്യായമായ തീരുമാനം ഉണ്ടാക്കിത്തരാത്തപക്ഷം ഈ പ്രമേയം വോട്ടിനിടണമെന്ന പറയുകയല്ലാതെ നിവൃത്തിയില്ല. ഗവണ്മെൻറുസൈഡിൽ ഉള്ള ഉദ്യോഗസ്ഥന്മാർ ഗവണ്മെൻറു നിർബന്ധിക്കാത്തപക്ഷം അവരുടേയും യഥാർത്ഥമായ മനസ്ഥിതി പ്രകാശിപ്പിക്കട്ടെ.

MR. REVATI NAL RAMA VARMA RAJA (*Edavagai*): മി. ജിന്നായുടെ അഭിപ്രായം എന്ന പറഞ്ഞതു കാൺഫറൻസിൻെറ പൊതുവായ അഭിപ്രായമാണൊ, അതല്ല മി. ജിന്നായുടെ അഭിപ്രായം മാത്രമാണൊ?

MR. A. C. KURIAKOSE (*Minachil* cum *Devicolam*): മി. ജിന്നാമഹമ്മദീയസമുദായപ്രതിനിധിയാണ്. അദ്ദേഹം മഹമ്മദീയസമുദായത്തിനുവേണ്ടി വാദിക്കുന്നതായിട്ടാണു ഞാൻ വിചാരിക്കുന്നതു്. എൻെറ പ്രമേയത്തിൽ ഞാൻ, ഞാനുൾപ്പെട്ട സമുദായത്തെപ്പററി പ്രത്യേകം പറഞ്ഞിട്ടില്ല. ഈ വ്യത്യാസം പ്രത്യേകം ഗണിക്കേണ്ടതും തന്നെ. ഇതിന് ഒരു തീരുമാനം ഇപ്പോൾ ഉണ്ടായില്ലെങ്കിൽ ജനസമുദായം നിലനിൽക്കുന്നിടത്തോളം കാലം, ഈ രാജ്യം നിലനിൽക്കുന്നിടത്തോളംകാലം, സമുദായങ്ങളുടെ അവകാശം ന്യായമായിരിക്കുന്നിടത്തോളം കാലം, ഈ സങ്കടത്തിന് ഒരു പരിഹാരമുണ്ടാക്കാൻ സന്തതിപരമ്പരകൾ തുടന്ന പ്രവർത്തിച്ചു കൊള്ളും എന്ന ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു് ഇപ്പോൾ പറയുന്ന തോൽവിയെപ്പററി ഞാൻ കേവലം വിചാരിക്കുന്നില്ല. ഭാവിയെപ്പററി എനിക്കു ദൃഢനിശ്ചയമാണുള്ളതു്.

MR. K. GEORGE (*Chief Secretary to Government*): Sir, I have very little to add to what I have already stated.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): മലയാളത്തിൽ പറഞ്ഞാൽ കൊള്ളാം.

MR. K. GEORGE (*Chief Secretary to Government*): I think, I will speak in English, Sir.

Sir, as I have already stated, I have very little to add to what I said this morning. The resolution, in its original form, lays down a principle and advocates a method.

The amendment of Mr. L. R. Raja Raja Varma Koiltampuran advocates a method. Already, in the morning, I have opposed both the original resolution and the resolution in its amended form, and I have explained why in its present form, Government are unable to accept the resolution. I do not think there is any need to dilate further upon the

[Mr. K George.]

attitude of Government. As I said Government admit that there is to some extent a geunine grievance on the part of certain communities.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): മിസ്റ്റർ ആർ. കേശവപിള്ള പറഞ്ഞതു പോലെ ഒരു കമ്മിററിക്കയെച്ച് കൊടുക്കുകയൊ അല്ലെങ്കിൽ ഇപ്പോഴത്തെ രൂളിനെ ഒന്നു ഭേദപ്പെടുത്തുകയൊ ചെയ്യുന്നതു കൊണ്ടു വിരോധമുണ്ടോ?

MR. K. GEORCE (*Chief Secretary to Government*): The appointment of a committee, to consider the principles and methods of recruitment, is one of the suggestions that have now been put forward before this House. Government's own position in the matter is that they propose to tighten the control, that they now exercise over the Heads of Departments and other appointing authorities, by obtaining from them, periodical returns of appointments, and scrutinising them in the Secretariat.

MR. P. S. MAHOMED (*Nominated*): ഇവരിൽ ഓരോരുത്തരുടേയും അവകാശം ഇന്നതാണെന്നു ഗവണ്മെൻറു ഓരോ ഡിപ്പാർട്ടുമെൻറദ്ധ്യക്ഷന്മാരേയും അറിയിക്കുമൊ?

MR. K. GEORGE (*Chief Secretary to Government*): The policy of Government in this matter has been intimated to the Heads of Departments by means of Circulars. These Circulars are in force even to-day and the discussion that has taken place in this House will be another way by which the Heads of Departments will understand the policy of Government and the views of the representatives of the people. Therefore, when the returns of appointments are received from the appointing authorities and carefully scrutinised in the Secretariat, the control of Government over the appointing authorities will be tightened; and then I expect that, to a great extent, the grievances complained of will be remedied.

The other measure that was suggested was the appointment of a committee to go into the whole question. That suggestion will also be one of the matters for the consideration of Government in the solution of this problem. I cannot guarantee at the present moment that Government will *accept* that proposal. Certainly, that will be *one* of the means of solving the problems which the Government will consider; whether it would be suitable or not must be left to Government to decide.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഉദ്യോഗവിതരണം ഇന്നവിധത്തിൽ വേണമെന്നു വ്യവസ്ഥപ്പെടുത്തുന്നതിനു ഗവണ്മെൻറു ഒരു ജി. ഒ. പുറപ്പെടുവിക്കുമൊ?

MR. K. GEORGE (*Chief Secretary to Government*) : The intention of the Government is to give preference as far as possible to the unrepresented communities. That has already been explained. But, Government cannot, at this moment, undertake to lay down a mathematical proportion to be followed in the matter of appointments. I am unable to give an undertaking to that effect.

MR. R. KESAVA PILLAI (*Kottakarakara* cum *Kunnathur*) : May I know whether preference is now being given to unrepresented communities ?

MR. K. GEORGE (*Chief Secretary to Government*); To some extent, we *do* give preference to the unrepresented communities.

Mavelikara Do. .	20	1	..
Krishnapuram Do. .	11	..	2
Karunagapalli Do. .	45	1	3
Alleppey Principal Munsiff's Court .	66	2	1
Do. Additional Do. .	24	1	..
Haripad Munsiff's Court. .	73	..	..
Shertallai Principal Munsiff's Court .	140	..	1
Do. Temporary Do. .	10	..	..
Vaikam Principal Do. .	43	..	..
Do. Temporary Do. .	15	..	..
Kottayam Munsiff's Court .	12	..	3
Changanachery Do. .	27	.	..
Tiruvalla Do. .	87	...	1
Meenachil Do. .	32	1	1
Kanjirapally Do. .	19	..	..
Parur Do. .	11	..	1
Perumpavoor Do. .	64	2	4
Muvattupuzha Do.	102	1	..
Todupuzhai Do. .	8	2	2
Devicolam Do. .	4	..	..

Appendix XIX.

***Vide* Answer to Question No. 126.**

Statement showing the number of revenue auctions for arrears of tax in the Neyyattinkara taluk.

Period.	No. of cases.
1103	289
1104	243
1105	75
1106 (up to 18-4-1106)	18

MOTION FOR THE ADJOURNMENT OF THE BUSINESS OF THE HOUSE.

DEPUTY PRESIDENT: Mr. Damodaran Asan has placed in my hands an application for leave to move the adjournment of the business of the Council to discuss a definite matter of urgent public importance, namely, the situation caused by the prosecution for sedition of the editors of Bhajebharatham and some other newspapers in Travancore even after the conclusion of the Gandhi-Irwin Pact. I may say, the Gandhi-Irwin Pact has nothing to do with the prosecutions for sedition in criminal courts in Travancore. The application by Mr. Asan does not fulfil the requirement of the Rules and Standing Orders dealing with adjournment motions. I therefore disallow his application.

AMENDMENT OF STANDING ORDER No. 56.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Sir, I beg to move that the Amendment of Standing Order No. 56 be finally read and passed.

MR. V. CHELLAM PILLAI (*Tovala*): I second it.

The motion was carried *nem con.*

THE TRAVANCORE KSHATRIYA BILL.

MR. REVATI NAL RAMAVARMA RAJA (*Edavagai*): സർ, ക്ഷത്രിയബിൽ ഈ കൌൺസിലിൽ വായിക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): I second it.

MR. REVATI NAL RAMAVARMA RAJA (*Edavagai*): സർ, ക്ഷത്രിയബിൽ ഇവിടെ അവതരിപ്പിക്കുന്നതിന് അനുവാദം തന്ന ഗവൺമെൻറിനോടും ഈ കൌൺസിലിനോടും ക്ഷത്രിയരുടെ പ്രതിനിധി എന്നനിലയിൽ ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു. സമുദായഘടനയ്ക്കും സമുദായോൽക്കർഷത്തിനും ചില നിയമങ്ങൾ അത്യാവശ്യമായിട്ടുള്ളതാണ് എന്നുള്ളതിൽ പക്ഷാന്തരമില്ല. പൂർവീകന്മാരാൽ ചിലനിയമങ്ങൾ

[Mr. Revatinal Ramavarma Raja.]

ഉണ്ടാക്കി സമുദായങ്ങളെ നിയന്ത്രിച്ചുകൊണ്ടിരുന്ന കാലം വിട്ടു. ഓരോ സമുദായങ്ങളും അവരവക്കു വേണ്ട പരിഷ്കാരങ്ങൾക്കും അഭ്യുന്നതിക്കും ഉതകത്തക്ക നിയമങ്ങൾ ഉണ്ടാക്കിവരുന്ന ഒരു കാലമാണ് ഇതു്. അങ്ങനെയിരിക്കുന്ന സന്ദർഭത്തിൽ ക്ഷത്രിയക്കും ഒരു നിയമം വേണമെന്നു പറയുന്നതിൽ വലിയ തെറ്റൊന്നുമില്ല. ഇതിനുംപുറമെ ഇതരസമുദായങ്ങളെ സംബന്ധിച്ചിടത്തോളം പാസായിട്ടുള്ള ബില്ലുകൊണ്ടു ക്ഷത്രിയസമുദായത്തിനു ചില ന്യൂനതകൾ ഉണ്ടായിട്ടുള്ള ഈ സന്ദർഭത്തിൽ ക്ഷത്രിയക്കു് ഒരു ബിൽ അത്യാവശ്യമാണെന്നു പറയാതെയിരിക്കാനും നിവൃത്തിയില്ല. നായർബില്ലിൻെറ ആവിർഭാവത്തോടുകൂടിത്തന്നെ ക്ഷത്രിയക്കും ഒരു ബിൽ വേണമെന്നു പലക്കും തോന്നിത്തുടങ്ങി. നംപൂതിരിബിൽ പാസായതോടുകൂടി ഇതത്യാവശ്യമാണെന്നുള്ള ഒരു നിലയും വന്നുകൂടി. എന്നാൽ ഒരു ബിൽ ആവശ്യമില്ലെന്നും, ബിൽ ഉണ്ടാക്കുന്നതു നാശകരമാണെന്നു പറയുന്ന ആളുകൾ ഇപ്പോഴും അങ്ങുമിങ്ങും ഇല്ലാതേയില്ല. എൻെറ ബില്ലുകൊണ്ടു് ഉൽപതിഷ്ണുക്കളേയും, യാഥാസ്ഥിതികരേയും, മിതവാദികളേയും ഒരുപോലെ തൃപ്തിപ്പെടുത്താൻ കഴിയുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഒരുവേള മിതവാദികൾ എൻെറ ബില്ലു കൊണ്ടു തൃപ്തിപ്പെട്ടേക്കാനും മതി.

സമസ്തകേരളീയക്ഷത്രിയസഭ വളരെക്കാലമായി ക്ഷത്രിയക്കു് ഒരു ബില്ലുവേണമെന്നു ജനങ്ങളെ ഉൽബോധിപ്പിച്ചു തുടങ്ങിയിട്ടുണ്ടു്. ആ സഭയുടെ ആവശ്യപ്രകാരം എൻെറസ്നേഹിതൻ മി. എ. ജി. മേനവൻ കുറച്ചുകാലത്തിനുമുമ്പു് ഒരു ക്ഷത്രിയബിൽ അവതരിപ്പിക്കാൻ അനുവാദം ചോദിച്ചു. എന്നാൽ അതു് എന്തോ ചില കാരണവശാൽ ഹജ്ജൂർകച്ചേരിയിലുള്ള ഏതോ ചില ഇരുട്ടറകളിൽ അകപ്പെട്ടു വഴി പിഴച്ചുപോയി എന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അതുസംബന്ധിച്ചുള്ള യാതൊരുവിവരവും തന്നെ വെളിയിൽ അറിഞ്ഞുകൂടാ. അങ്ങനെയിരിക്കുന്ന അവസരത്തിലാണ് എൻെറ സ്നേഹിതൻ മി. എൽ. ആർ. രാജരാജവമ്മകോയിത്തമ്പുരാൻ ഒരു ബിൽ അവതരിപ്പിക്കാൻ അനുവാദം ചോദിച്ചതു്. ആ ബില്ലിനെ സംബന്ധിച്ചടത്തോളം എനിക്കും എൻെറ ചില സ്നേഹിതന്മാക്കും സ്വല്പമായ ചില അഭിപ്രായവ്യത്യാസങ്ങളുണ്ടായി. ക്ഷത്രിയരുടെ ഇപ്പോഴത്തെ സ്ഥിതിയ്ക്കു് അത്ര രൂക്ഷമായ ഒരു ബിൽ ആവശ്യമില്ലെന്നാണ് എനിക്കു തോന്നിയതു്. അതിൻെറ ഫലമായിട്ടാണു ഞാൻ ഇന്നു് ഇവിടെ ഈ ബിൽ അവതരിപ്പിക്കുന്നതു്.

എൻെറ ബില്ലുകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു് ഒന്നാമതായി, ഇതരസമുദായക്കാരുടെ ബില്ലുകൊണ്ടു ക്ഷത്രിയസമുദായത്തിനു നേരിട്ടിട്ടുള്ള ന്യൂനതയെ പരിഹരിക്കുന്നതിനും, രണ്ടാമതു തറവാട്ടുഭരണത്തിൻെറ ന്യൂനതകൾകൊണ്ടു തറവാടുകൾ ക്ഷയിച്ചുപോകുന്നതിനെ തടയുന്നതിനുവേണ്ട വ്യവസ്ഥചെയ്യുന്നതിനും, മൂന്നാമതു് ഇപ്പോൾ നിലവിൽ ഇരിക്കുന്ന സാമുദായിക ആചാരങ്ങൾക്കും പതിവുകൾക്കും നിയമസാധുത്വം ഉണ്ടാക്കിത്തീർക്കുന്നതിനും, നാലാമതു വിവാഹം, വിവാഹബന്ധം ഒഴിയൽ ഇവകൾ ഇപ്പോൾ നടന്നുവരുന്നരീതിയെവിട്ടു നിയമാനുസാരണമാക്കാനും, അഞ്ചാമതു തറവാട്ടിലുള്ള അംഗങ്ങൾക്കു ചിലവിനു ചോദിക്കുന്നതിനും വാങ്ങിക്കുന്നതിനുമുള്ള വ്യവസ്ഥകൾ ചെയ്യുന്നതിനും, ആറാമതു ദായക്രമത്തെ നിയന്ത്രിക്കുന്നതിനു വേണ്ട വ്യവസ്ഥകൾ ചെയ്യുന്നതിനുംആണു്. ഈ സംഗതികളിലെല്ലാം പഴയ മാമൂൽ അനുസരിച്ചു് ഇപ്പോഴും നടന്നുവരുന്നുണ്ടെങ്കിലും ശരിയായ ഒരു നിയമമില്ലാത്തതുകൊണ്ടു പല കാര്യങ്ങളും കോടതിമുഖാന്തിരം തർക്കങ്ങൾ തീർക്കേണ്ടതായി വരുന്ന സമയത്തു് അപ്പോഴപ്പോൾ പ്രിസൈഡിങ്ങ് ആഫീസേഴ്സായിരിക്കുന്ന ജഡ്ജിമാരുടെ യുക്തംപോലെയോ അല്ലെങ്കിൽ ഹിതംപോലെയൊ... ...

DEPUTY PRESIDENT : അല്ലെങ്കിൽ തെളിവനുസരിച്ചോ.... ...

MR. REVATI NAL RAMA VARMA RAJA (*Edavagai*): വിധി കല്പിച്ചുവരികയാണു ചെയ്യുന്നതു്. ഇങ്ങനെ വിധികല്പിച്ചുവരുന്നതിൽ പല കുഴപ്പങ്ങളും സങ്കടങ്ങളും പലർക്കും നേരിടുന്നുണ്ടു്. ഇതിനുംപുറമെ നമ്പൂതിരിബിൽ ഈ കൌൺസിലിൽ വാദപ്രതിവാദം നടന്നുകൊണ്ടിരുന്ന സമയത്തു ക്ഷത്രിയസ്ത്രീകളും നംപൂതിരിമാരും തമ്മിലുള്ള വിവാഹം നിയമസാധുത്വമുള്ളതാണൊ എന്നു ചിലർ സംശയിക്കുന്നതിനു് ഇടയായി. ക്ഷത്രിയസമുദായത്തിനു് ഇതിൽപരം ഒരു കുറച്ചിൽ എന്താണു വരാനുള്ളതു്? ഇതിൽ കൂടുതലായി ഇതിനെപ്പററി പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. പലരഹസ്യങ്ങളും ഇതിൽ അന്തർഭവിച്ചിരിക്കുന്നതിനാൽ ഇത്രയും പറഞ്ഞതിൽനിന്നും അതിൻെറ ഗൌരവം എല്ലാവർക്കും മനസ്സിലായിരിക്കുമെന്നു ഞാൻവിശ്വസിക്കുന്നു.

പഴയ ആചാരപ്രകാരം വിവാഹത്തിനു ചിലനിർബന്ധങ്ങൾ ഉണ്ടെങ്കിലുംവിവാഹം ഒഴിയുന്നതിനു യാതൊരുനിശ്ചയവുമില്ല. ഭർത്താവു എന്തുപറയുന്നയാൾ കുറച്ചുകാലം വരാതെയിരുന്നാൽ വിവാഹബന്ധം ഒഴിഞ്ഞതായിവിചാരിച്ചു വേറെ ആളെ സ്വീകരിക്കയോ അല്ലെങ്കിൽ വെ

[Mr. Revati Nal Ramavarma Raja.]

റുതെ കാലക്ഷേപം കഴിച്ചു കൂട്ടുകയോ ചെയ്യുകയാണ്. ക്ഷത്രിയരിൽ ചില ഇനക്കാരുടെയിടയിൽ നടക്കുന്ന വിവാഹവും പിന്നീടുള്ള ബാന്ധവവും മററുമോർത്താൽ ഏവനും ലജ്ജിച്ചു തലതാഴ്ത്താതെയിരിക്കാൻ നിവൃത്തിയില്ല.

ഇങ്ങനെ ലജ്ജാവഹമായുള്ള പല സംഗതികളേയും നിയമംമൂലം വ്യത്യാസപ്പെടുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. രണ്ടാം അദ്ധ്യായത്തിൽ ഞാൻ ഈ സംഗതികളെപ്പററിയാണ് വ്യവസ്ഥ ചെയ്തിരിക്കുന്നതു്. മൂന്നാം അദ്ധ്യായത്തിൽ മൈനർമാരുടെ രക്ഷാധികാരത്തെ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു. നാലാം അദ്ധ്യായത്തിൽ ക്ഷത്രിയർക്കു മരണശാസനം എഴുതാനുള്ള അധികാരത്തെ ഉറപ്പിക്കുന്നു.

DEPUTY PRESIDENT: ആ അധികാരം എല്ലാവർക്കും ഉണ്ടല്ലോ. Even under the existing law, Kshatriyas have got the absolute right to make testamentary dispositions of their property

MR. REVATI NAL RAMA VARMA RAJA (*Eduvagai*): അതിനുള്ള അധികാരം എല്ലാവർക്കും ഉണ്ടെങ്കിലും മററു ബില്ലുകളിലും ഇങ്ങനെ ഒരു വകുപ്പു ചേർത്തു കാണുന്നതുകൊണ്ടു ഞാൻ ഇതിലും ചേർത്തതാണ്.

ആറാം അദ്ധ്യായത്തിൽ തറവാട്ടു ഭരണത്തെപ്പററിയാണു വ്യവസ്ഥ ചെയ്തിരിക്കുന്നതു്. കാരണവന്മാരുടെ ദുരധികാരംകൊണ്ടോ, അല്ലെങ്കിൽ അധികാരത്തിലുള്ള ഭ്രമംകൊണ്ടോ, അല്ലെങ്കിൽ പണത്തിലുള്ള പ്രതിപത്തികൊണ്ടോ, അനന്തിരവരേയും ശേഷമുള്ള ആളുകളേയും ക്രമത്തിലധികം ബുദ്ധിമുട്ടിച്ചു വരികയും എല്ലാത്തിനും പുറമെ തറവാട്ടു സ്വത്തുക്കളെ നശിപ്പിക്കയും ചെയ്യുന്നുണ്ട്. ഇതിനെ തടയുന്നതിനു ഇപ്പോഴും സാധാരണ നിയമപ്രകാരം വഴിയുണ്ടെങ്കിലും പ്രത്യേകമായി ഒരു നിയമം ഇല്ലാത്തതുകൊണ്ടു് അവിടെയും ബുദ്ധിമുട്ടും കാലതാമസവും നേരിടുന്നുണ്ട്. സകലതും നശിച്ചു കഴിഞ്ഞതശേഷമാണ് ഒരു കേസ് തീർച്ചയാകുന്നതു. അങ്ങിനെ വരാതിരിക്കുന്നതിനാണ് ഈ വ്യവസ്ഥ ഇവിടെ ചെയ്തിട്ടുള്ളതു്. ഇതിനും പുറമേ അനന്തിരവർ നിരുത്തരവാദികളായി നടക്കുന്നു. ഇതിനുകാരണം കാരണവൻ അനന്തിരവരെ ഭരണവിഷയത്തിൽ പങ്കുകൊള്ളുന്നതിൽ അനുവദിക്കാത്തതാണ് എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. എന്റെ ബില്ലിൽ അനന്തിരവർക്കുകൂടി തറവാട്ടുഭരണത്തിൽ ഒരധികാരം കൊടുത്തിരിക്കുന്നതിന്റെ ഉദ്ദേശം അവർ ഉത്തരവാദിത്വമുള്ളവരായിത്തീർന്നു തറവാട്ടിനു ഗുണം വരുത്തും എന്നുള്ളതാണ്. അതിനാൽ അനന്തിരവർക്കു തറവാട്ടു

ഭരണത്തിൽ ചില അധികാരങ്ങാം ഈ ബില്ലിനാൽ കൊടുക്കുന്നുണ്ട്. ഏഴാം അദ്ധ്യായത്തിൽ തറവാട്ടുഅംഗങ്ങാംക്കു ചിലവിനു കൊടുക്കുന്നതിനും ആവശ്യമുള്ളപക്ഷം ചിലവിലേക്കു വസ്തു തിരിച്ചുകൊടുക്കുന്നതിനുമുള്ള വ്യവസ്ഥകളാണ് അടങ്ങിയിരിക്കുന്നതു്.

എട്ടാം അദ്ധ്യായത്തിൽ ദത്തു് ആവശ്യപ്പെട്ടാൽ അതിലേക്കു വേണ്ട വ്യവസ്ഥകാം ചെയ്തിരിക്കുന്നു.

ഈ ബില്ലിൽ മനഃപൂർവ്വമായി ഒരു സംഗതി ഞാൻ വിട്ടിട്ടുണ്ടു്; അതായതു ഭാഗത്തെപ്പററിയാണ്. അങ്ങനെ വിടുന്നതിനുള്ള കാരണം താഴെ പറയുന്നതാണ്. ഒന്നാമതായി ക്ഷത്രിയരുടെ ഇടയിൽ തന്നെ ഭാഗത്തെപ്പററി അഭിപ്രായവ്യത്യാസമുണ്ടു്. ചെറുപ്പക്കാരുടെയിടയിൽ ആളോഹരിഭാഗം വേണമെന്നു പറയുന്നവരാണ് അധികവും. ഒരു കൂട്ടർ തായ്‌വഴിഭാഗം മതി എന്നും പറയുന്നുണ്ടു്. എന്നെപ്പോലെയുള്ള മനസ്ഥിതിയോടുകൂടിയവർ ഭാഗമേ നാശമാണെന്നു പറയുന്നു. ഇങ്ങനെ അഭിപ്രായവ്യത്യാസങ്ങാം ഉള്ളതുകൊണ്ടു ഭൂരിപക്ഷാഭിപ്രായം എങ്ങിനെയാണെന്നറിഞ്ഞശേഷം ആവശ്യമുള്ളതു ചേക്കാമെന്നു വിചാരിച്ചാണു ഞാൻ ആ ഭാഗം ഇവിടെ തീരെ വിട്ടുകളഞ്ഞതു്.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): സിലക്റ്റ് കമ്മിററിയിൽ ഇതിനെപ്പററി ആലോചിക്കണമെന്നുദ്ദേശിക്കുന്നുണ്ടോ?

MR. REVATI NAL RAMA VARMA RAJA (*Edavagai*): ഈ ബിൽ സംബന്ധിച്ചു് ആവശ്യമുള്ള സകല സംഗതികളും സിലക്റ്റ് കമ്മിററിയിൽ ആലോചിക്കാം. അല്ലാതെ ഈ ബില്ലുമാത്രം നോക്കി വേണ്ടതു് ഇന്നതു്; വേണ്ടാത്തതു് ഇന്നതു്, എന്നു പറയാനല്ല സിലക്റ്റ് കമ്മിററിയുടെ ഉദ്ദേശം എന്നാണ് എന്റെ അഭിപ്രായം.

ഭാഗത്തെപ്പററിയാണല്ലൊ ഞാൻ പറഞ്ഞു കൊണ്ടുവന്നതു്. എന്റെ സ്വന്ത അഭിപ്രായം മരുമക്കത്തായവും ഭാഗവും തമ്മിൽ അശേഷം യോജിക്കയില്ല എന്നാണ്. മരുമക്കത്തായം നടപ്പിലിരിക്കുന്ന ഈ സന്ദർഭത്തിൽ ഭാഗം ചെയ്തു കഴിഞ്ഞാൽ ക്ഷത്രിയസ്ത്രീകളുടെ സ്ഥിതി വളരെ പരുങ്ങലിലാകും. പുരുഷന്മാൎക്കു് എവിടെ ചെന്നാലും കാലക്ഷേപം കഴിച്ചുകൂട്ടാൻ കഴിയും. ക്ഷത്രിയസ്ത്രീകളുടെ സ്ഥിതി അങ്ങിനെയല്ല. സാധാരണയുള്ള നടപ്പുപോലെ വിവാഹം കഴിക്കുന്നയാറാം ചിലവിനു കൊടുക്കണമെന്നോ അല്ലെങ്കിൽ സ്ത്രീയുടെകാര്യം അന്വേഷിക്കണമെന്നോ

[Mr. Revati Nal Ramavarma Raja.]

ഉള്ള പതിവു ക്ഷത്രിയസ്ത്രീകളെ സംബന്ധിച്ചിടത്തോളമില്ല. വിവാഹം കഴിക്കുന്നയാളിന്റെ ചിലവുകൂടി ക്ഷത്രിയസ്ത്രീയുടെ കുടുംബത്തിൽ നിന്നും നടത്തിക്കൊണ്ടിരിക്കുന്ന ഒരവസരമാണ് ഇതു്. ഇങ്ങനെയിരിക്കുമ്പോൾ ഭാഗം വേണമെന്നു പറഞ്ഞാൽ ക്ഷത്രിയസ്ത്രീകളുടെ സ്ഥിതി പരിതാപകരമായ ഒരു നിലയിൽ ആയിത്തീരും. ഇതു് ഒരു കാരണം. രണ്ടാമതു് വിവാഹത്തിന്റെ സ്ഥിതി ഒന്നു മാററിയതിനു ശേഷമല്ലാതെ ഭാഗം വ്യവസ്ഥപ്പെടുത്തിയാൽ അതിൽ പല കുഴപ്പങ്ങളും സംഭവിച്ചേക്കാമെന്നുള്ളതാണ്. സജാതീയവിവാഹം നടപ്പിൽ വന്നല്ലാതെ ഭാഗത്തെപ്പററി ആലോചിക്കതന്നെ പാടില്ലെന്നാണ് എന്റെ അഭിപ്രായം.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): വിവാഹത്തെ സംബന്ധിച്ചും ഏതാനും വ്യവസ്ഥകൾ വന്നതിനുശേഷമേ ഭാഗം പാടുള്ളു എന്നു പറഞ്ഞുവല്ലോ; ആ വ്യവസ്ഥകൾ ഏതെല്ലാം ആയിരിക്കണമെന്നു പറയാമോ?

MR. REVATI NAL RAMA VARMA RAJA (*Edavagai*): സജാതീയ വിവാഹം നടപ്പിൽ വന്ന് എല്ലാവരും സജാതീയ വിവാഹം ചെയ്യുമ്പോൾ ഭാഗത്തെപ്പററി ആലോചിക്കാം.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): സ്വജാതിയിൽ മാത്രമേ വിവാഹം ചെയ്യാവൂ എന്നു നിർബന്ധിക്കുന്ന സമ്പ്രദായം നല്ലതാണോ?

MR. REVATI NAL RAMA VARMA RAJA (*Edavagai*): നല്ലതാണെന്നാണ് എന്റെ അഭിപ്രായം.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഏകദേശം ക്ഷത്രിയരുടെ ജനസംഖ്യ എത്രയാണെന്നറിയാമോ?

MR. REVATI NAL RAMA VARMA RAJA (*Edavagai*): അതിന്റെ കണക്കു ഞാൻ നോക്കിയിട്ടില്ല.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): കഴിഞ്ഞസെൻസസ് അനുസരിച്ചു സ്ത്രീയും പുരുഷനും ഏകദേശം ൫൦൦-വും ൬൦൦-ഉം ആണ് എന്നുതോന്നുന്നു. ഈ കണക്കിനു അന്യോന്യംയോജിക്കുന്നവിധം സ്ത്രീക്കുഭർത്താവിനേയും പുരുഷനു ഭാര്യയേയുംസമുദായത്തിൽ നിന്നു തന്നെ തിരഞ്ഞെടുക്കാൻസൌകര്യമുണ്ടോ?

MR. REVATI NAL RAMA VARMA RAJA (*Edavagai*): ഞാൻ അതിനെപ്പററി ആലോചിച്ചിട്ടുള്ളിടത്തോളം സാധിക്കുമെന്നാണു എന്റെ അഭിപ്രായം.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): ഇന്നു എത്ര സ്ത്രീകൾ അവിവാഹിതകളായിട്ടും, വിവാഹം കഴിഞ്ഞശേഷം ഭർത്താവില്ലാതേയും ഇരിക്കുന്നുണ്ടെന്നറിയാമോ?

MR. REVATI NAL RAMA VARMA RAJA (*Edavagai*): ധാരാളം കാണും. ഒരു ഭർത്താവുതന്നെ രണ്ടും മൂന്നും സ്ഥലത്തു വിവാഹം ചെയ്തിട്ടുള്ളതായി എനിക്കറിയാം.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*). പുരുഷന്മാർക്കു വിജാതിയിലേ ഭാര്യയെ കിട്ടുകയുള്ളൂ എന്നു ചില സന്ദർഭങ്ങളിൽ വരാറുണ്ടെന്നറിയാമോ?

MR. REVATI NAL RAMA VARMA RAJA (*Edavagai*); അന്വേഷിച്ചിട്ടില്ല.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): സമുദായത്തിലെ ഏതെങ്കിലും ഒരു വിഭാഗത്തിനു സ്വജാതിയിൽസാധാരണ ഭാര്യ ലഭിക്കാതെ ഇരിക്കയും വിജാതിയിൽനിന്നു ഭാര്യാസ്വീകരണം വേണ്ടിവരികയും ചെയ്യുന്നുണ്ടെന്നറിയാമോ?

MR. REVATI NAL RAMA VARMA RAJA (*Edavagai*): അതും ഞാൻ അന്വേഷിച്ചിട്ടില്ല.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): അങ്ങിനെ ഉണ്ടെന്നു ഞാൻ പറയുന്നു.

MR. REVATI NAL RAMA VARMA RAJA (*Edavaagi*): അങ്ങനെ ഉണ്ടെങ്കിൽ വേറെ ഏതെങ്കിലും ജാതിയെക്കൂടി ക്ഷത്രിയരുടെ കൂട്ടത്തിൽകൂട്ടാമോ എന്നു നോക്കണം.

ഭാഗം വേണ്ടെന്നു പറയാനുള്ള മറെറാരുകാരണം ബോൾഷേവിക്ക്തത്വത്തെപ്പററി എനിക്കു ചില അറിവുകൾ കിട്ടിയതു നിമിത്തമാണ്. റഷ്യായിൽ രാജ്യഭരണം തന്നെ നമ്മുടെ തറവാട്ടു ഭരണംപോലെയാണു നടക്കുന്നതു്. അതായതു്, രാജ്യത്തിലെ എല്ലാപ്രജകൾക്കും വസ്തുക്കളിൽനിന്നും ചിലവിന് എടുക്കാനുള്ള അവകാശമുണ്ടെന്നല്ലാതെ ആ വസ്തുവിന് അവകാശമില്ല. അതുപോലെയാണ് നമ്മുടെക്കൂട്ടുകുടുംബ ഏർപ്പാടും.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): ബോൾഷേവിക്ക് തത്വം കാരണവൻ കുടുംബത്തിലെ ഓരോ അംഗങ്ങൾക്കും ചിലവിനു കൊടുക്കണമെന്നാണോ?

MR. REVATI NAL RAMA VARMA RAJA (*Edavagai*): ഓരോരുത്തരും വേലചെയ്യണം. അതിലേക്കുകൂടി വേണ്ടവ്യവസ്ഥ ഞാൻ ഈ ബി

[Mr. Revati Nal Ramavarma Raja.]

ല്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അനന്തിരവക്കു ചിലവിനു വസ്തു തിരിച്ചുകൊടുത്താൽ അവർ അതിൽ വേലചെയ്തു സമ്പത്തുണ്ടാക്കണം.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*) : വേലചെയ്തില്ലെങ്കിൽ ചിലവിനു കൊടുക്കാൻ പാടില്ലെന്നുണ്ടോ?

MR. REVATI NAL RAMA VARMA RAJA (*Edavagai*): ഇല്ല. തറവാട്ടിലെ വസ്തു ചിലവിനായി വീതിച്ചു കൊടുത്താൽ അതിൽ വേലചെയ്യുന്ന പക്ഷം കൂടുതൽ ആദായംകിട്ടും. ഒരാൾക്കു വസ്തു ചക്രം കിട്ടിയാൽമതി വേല ചെയ്വാൻ കഴിയുകയില്ല എന്നു വിചാരിക്കുന്ന ആളിനെ നിർബന്ധിച്ചു വേലചെയ്യിക്കണമെന്നും ഞാൻ വിചാരിക്കുന്നില്ല.

പരിഷ്കാരം മൂർദ്ധന്യത്തെ പ്രാപിച്ചിരിക്കുന്ന റഷ്യാരാജ്യത്തു നമ്മുടെ പഴയ നടപ്പിനെ അനുകരിച്ചു രാജ്യഭരണംതന്നെ നടത്തുമ്പോൾ നാം ആളോഹരി ഭാഗത്തിൽ ശ്രമിക്കണോ എന്നു സംശയംകൂടി ഇല്ലെന്നില്ല.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*) : ഏകയോഗക്ഷേമമായിട്ടു സാധാരണ എന്തെല്ലാം കാര്യങ്ങളാണു നടക്കാറുള്ളതു്? ഏകയോഗക്ഷേമമായി നടക്കണമെന്നു ബില്ലിൽ ഏതെല്ലാം കാര്യങ്ങളാണു് വ്യവസ്ഥചെയ്തിട്ടുള്ളതു്?

MR. REVATI NAL RAMA VARMA RAJA (*Edavagai*) : അതൊക്കെ ഡീറയിൽസാണു്. ഹൌസ്മാനേജ്മെൻറിനെപ്പററി പറഞ്ഞിരിക്കുന്നതു ഒരുമിച്ചു പ്രവൃത്തിക്കണമെന്നാണു്.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഏകയോഗക്ഷേമം എന്നു പറഞ്ഞാൽ എല്ലാം പൊതുക്കാര്യമായി ഗണിച്ചുനടത്തണമെന്നും ഇല്ലേ?

MR. REVATI NAL RAMA VARMA RAJA (*Edavagai*): അതേ.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*) : "ഏകയോഗക്ഷേമം" എന്നപദത്തിൻെറ വ്യാപ്തിബില്ലിൽ എത്രമാത്രം പ്രായോഗികമായിട്ടുണ്ടു്?

MR. REVATI NAL RAMA VARMA RAJA (*Edavagai*) : ഓരോരുത്തരുടെ മനസ്ഥിതി എത്രയുണ്ടോ അത്രയും അതിനു വ്യാപ്തിയുണ്ടു. ഓരോരുത്തരുടെ മനസ്ഥിതി ഇന്നതരത്തിലായിരിക്കണമെന്നു ഈ ബില്ലുകൊണ്ടു വ്യവസ്ഥചെയ്വാൻ നിവൃത്തിയില്ല. ഓരോരുത്തർക്കു് ഓരോവിധഅഭിപ്രായങ്ങൾ തോന്നുകയില്ല എന്നുഞാൻ വിചാരിക്കുന്നില്ല. ഇതുപൂർത്തിയായ ഒരുബിൽ ആണെന്നുള്ള വിചാരത്തിലല്ല ഞാൻ ഇവിടെകൊണ്ടു

വന്നിട്ടുള്ളതു്. ഇപ്പോഠം നിലവിലിരിക്കുന്ന സമുദായ നടപടികഠംക്കു നിയമസാധുത്വംകൊടുക്കയും അത്യാവശ്യമെന്നു തോന്നിയ ചില ആചാരഭേദഗതികളെ വരുത്തത്തക്കറിയതതിലും ഒരു ബിൽ തയ്യാറാക്കി ഇവിടെ ഹാജരാക്കിയിട്ടുള്ളതാണു്. സിലക്റ്റ്കമ്മിററിയ്ക്കയച്ചു് ഭൂരിപക്ഷാഭിപ്രായത്തോടുകൂടി ഒരു ബിൽ ആക്കിത്തീർക്കണമെന്നുള്ള വിചാരമാണു് എനിക്കുള്ളതു്. പലക്കും പലവിധത്തിലുള്ള അഭിപ്രായങ്ങഠം ഉണ്ടാകാം. അവരുടെ അഭിപ്രായങ്ങളെ ഈ കൗൺസിലിൽതന്നെ ഈ ബില്ലിന്റെ അമൻറമെൻറായിട്ടു കൊണ്ടുവരാം. അതിനെ സംബന്ധിച്ചു വേണ്ടവാദപ്രതിവാദങ്ങഠം നടത്തി ന്യായമാണെന്നു ശേഷമുള്ള ആളുകഠംക്കെല്ലാവക്കും തോന്നുന്ന പക്ഷം അതുബില്ലിൽ ചേക്കാം. ഇതു് ഇവിടെ നംപൂതിരി ബിൽ വാദപ്രതിവാദം ചെയ്തപ്പോഠം ദിവസവും നാം കണ്ട ഒരു സംഗതിയാണു്.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): ക്ഷത്രിയക്കു മാത്രമായി ഒരു ബിൽ വേണമെന്നും, ക്ഷത്രിയരോടു ഐക്യരൂപ്യമുള്ള മററുസമുദായക്കാരെക്കൂടി ചേത്തുള്ള ഒരു ബിൽ പോരാ എന്നും പറയുന്നതിനു വല്ല പ്രത്യേകകാരണവും ഉണ്ടോ?

DEPUTY PRESIDENT: അതു് ആദ്യമേ പറഞ്ഞുകഴിഞ്ഞല്ലൊ.

There are certain features peculiar to the Kshatriya Community. He has already answered that.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): സാമന്തർ എന്നൊരു വിഭാഗക്കാരുണ്ടെന്നറിയാമോ?

MR. REVATI NAL RAMA VARMA RAJA (*Edavagai*): അറിയാം.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): സാമുദായികമായ വിഷയങ്ങളിൽ അവരും ക്ഷത്രിയരും തമ്മിൽ വലിയ വ്യത്യാസമുണ്ടെന്നു വിചാരിക്കുന്നുണ്ടോ?

MR. REVATI NAL RAMA VARMA RAJA (*Edavagai*): കാണത്തക്കവണ്ണമുള്ള വത്യാസം അവക്കു പൂണുൽ ഇല്ല, ക്ഷത്രിയക്കു പൂണുൽഉണ്ടു് എന്നുള്ളതാണു്.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): സാമുദായികമായി?

MR. REVATI NAL RAMA VARMA RAJA (*Edavagai*): അവരുംനമ്മളും ബ്രാഹ്മണർ പാകം ചെയ്താൽ ഭക്ഷണം കഴിക്കും. മററുവ്യത്യാസങ്ങളൊന്നും ഞാൻ സൂക്ഷിച്ചിട്ടില്ല.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): ബില്ലിൽ അവരെക്കൂടി ചേർക്കുന്നതിൽ വിരോധമുണ്ടോ?

DEPUTY PRESIDENT: Your idea is to oppose the Bill in that form. Is it so, Mr. Raja Raja Varma?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): Certainly not. I am only going to support the Bill.

MR. REVATI NAL RAMA VARMA RAJA (*Edavagai*): ഈ ബില്ലിൽ അവരെ കൂടി ഉൾപ്പെടുത്തുന്നതിൽ എനിക്ക് യാതൊരുവിപരീതാഭിപ്രായവുമില്ല.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): ആ സംഗതി സംബന്ധിച്ച് അഭിപ്രായവ്യത്യാസമുള്ളതുകൊണ്ടാണ് ഞാൻ ഇതു എടുത്തു ചോദിച്ചതു്.

MR. REVATI NAL RAMA VARMA RAJA (*Edavagai*). സാമന്തക്ക അതു തൃപ്തിയാണെങ്കിൽ എനിക്കു യാതൊരു വിരോധവുമില്ല.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ക്ഷത്രിയക്കു ഒരു നിയമം വേണമെന്നു പറഞ്ഞു. ഇതേതത്വം തന്നെയാണു മി. കോയിത്തമ്പുരാൻെറ ബില്ലിലും അടങ്ങിയിട്ടുള്ളതെന്ന് അറിയാമോ?

MR. REVATI NAL RAMA VARMA RAJA (*Edavagai*): ഞാൻ അതു് വായിച്ചുനോക്കിയില്ല.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): മി. കോയിത്തമ്പുരാൻെറ ബില്ലിൽ എല്ലാം സമുദായത്തെയാണ് ഉദ്ദേശിച്ചിട്ടുള്ളതെന്നറിയാമോ?

MR. REVATI NAL RAMA VARMA RAJA (*Edavagai*): അതും അറിഞ്ഞുകൂടാ.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): ക്ഷത്രിയസമുദായത്തിൽ ആരെല്ലാം ഉൾപ്പെടുമെന്നറിയുമോ?

MR. REVATI NAL RAMA VARMA RAJA (*Edavagai*); ക്ഷത്രിയരെല്ലാം ഉൾപ്പെടും.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): ഡഫനിഷനിൽ ക്ഷത്രിയർ എന്നു പറയുന്നവരും ക്ഷത്രിയരായി അറിയപ്പെടുന്നവരും എന്നു മാത്രം പറഞ്ഞിരുന്നെങ്കിൽ ഞാൻ ഈ ചോദ്യം ചോദിക്കയില്ലായിരുന്നു. ഇതിൽ ചില വിഭാഗക്കാരുടെ പേർ എടുത്തു പറഞ്ഞിട്ടുണ്ട്. അതു് അവ്യക്തവുമായിരിക്കുന്നു.

ആ സ്ഥിതിയ്ക്ക് ക്ഷത്രിയർ എന്ന് ആരെ എല്ലാം ഉദ്ദേശിച്ചാണ് പറഞ്ഞിരിക്കുന്നത്?

MR. REVATINAL RAMA VARMA RAJA (*Edavagai*): ഇതിൽ ആരെ എല്ലാം പറഞ്ഞിട്ടുണ്ടോ അവരെയൊക്കെ ഉദ്ദേശിച്ചാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്.

DEPUTY PRESIDENT: That list is not exhaustive.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): കൊച്ചി നായർ റഗുലേഷനിൽ 'നായർ' എന്നതിനു യാതൊരു ഡെഫനിഷനും കൊടുത്തിട്ടില്ല. നായരിൽ ആരെല്ലാം ഉൾപ്പെടും എന്നു ഇവിടെ സംശയവും വന്നിട്ടില്ല.

DEPUTY PRESIDENT: The definition of the term 'Kshatriya' includes Koil Tampurans, Rajas, Tampans, Pandarathils, Thirumulpads, and others known or recognised as Kshatriyas. This follows the definition obtaining in all such social legislations.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): 'രാജാ' എന്ന് വടക്കുംകൂറും തെക്കുംകൂറും രാജാക്കന്മാർ എഴുതിവരുന്നുണ്ട്. അവർ ക്ഷത്രിയരാണെന്നു പറയുന്നോ, അല്ല എന്നു പറയുന്നോ? സംശയമുള്ളതു ബില്ലിൽ കൊണ്ടുവച്ചാൽ ഇളയതു ബ്രാഹ്മണനാണോ എന്ന തർക്കം വന്നതുപോലെ തർക്കം വരാൻ ഇടയുണ്ട്.

MR. REVATINAL RAMA VARMA RAJA (*Edavagai*): രാജാക്കന്മാരൊക്കെ ക്ഷത്രിയരാണ്.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): 'തമ്പാൻ' എന്നു പറഞ്ഞാൽ സാധാരണ തമ്പാക്കന്മാരും കതിരവട്ടത്തു തമ്പാനും ഉൾപ്പെടും, 'പണ്ടാരത്തിൽ' എന്നുപറഞ്ഞാൽ സാധാരണ പണ്ടാരത്തിൽമാരും വഞ്ഞിപ്പുഴപണ്ടാരത്തിലും ഉൾപ്പെടും അതുകൊണ്ട് അതൊന്നു വ്യക്തപ്പെടുത്തിപറയണം.

MR. REVATINAL RAMA VARMA RAJA (*Edavagai*): അവർക്കും ഈ ബില്ലിൽ ഉൾപ്പെടണമെന്നുണ്ടെങ്കിൽ ആകാം. ചില കാര്യങ്ങൾ അവ്യക്തമായിരിക്കയാണ് ഇപ്പോഴത്തെ സ്ഥിതിക്കു നല്ലതെന്നു എനിക്കു തോന്നുന്നു.

DEPUTY PRESIDENT: Let us confine our attention to this measure, please.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): കുറെക്കൂടി വ്യക്തപ്പെടുത്താനുള്ള വഴിയാണ് ഞാൻ സജസ്റ്റ് ചെയ്യുന്നത്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അവരെക്കൂടി ഉൾപ്പെടുത്താമെന്നു വിചാരിക്കുന്നുണ്ടോ?

MR. REVATI NAL RAMA VARMA RAJA (*Edavagai*): ഞാൻ ബില്ലിൽ പറഞ്ഞിരിക്കുന്നതു മാത്രമെ ഉദ്ദേശിച്ചിട്ടുള്ളൂ.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapulli*): 'Others known as Kshatriyas' എന്നുകൂടി ചേർക്കുന്നതുകൊണ്ടു വിരോധമുണ്ടോ?

MR. REVATI NAL RAMA VARMA RAJA (*Edavagai*): ക്ഷത്രിയർ എന്നു അഭിമാനിക്കുന്ന ആളുകളെയെല്ലാം ഇതിൽ ഉൾപ്പെടുത്തുന്നതുകൊണ്ടു എനിക്കു വിരോധമില്ല.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapulli*): അവരെ കൂടി ഉൾപ്പെടുത്തത്തക്കവണ്ണം വല്ല ക്ലാസ്സുംകൂടി ചേർക്കണമെന്നു ഉദ്ദേശമുണ്ടോ?

MR. REVATI NAL RAMA VARMA RAJA (*Edavagai*): എനിക്കു അതിൽ വിരോധമില്ല. പക്ഷേ അവർ ഉൾപ്പെടുമോ എന്നെനിക്കു സംശയമാണു്.

MR. L. R. RAJA RAJA VARMA KOILTAMPURAN (*Changanachery* cum *Peermade*): അവരെക്കൂടി ഉൾപ്പെടുത്തുന്നതിനു ഈ സഭയ്ക്കു അധികാരമുണ്ടു്. മാരാർ നായന്മാരിൽ ഉൾപ്പെടുമോ ഇല്ലയോ എന്നു സംശയിക്കേണ്ട ആവശ്യം വല്ലതുമുണ്ടോ; തെളിച്ചെഴുതിയാൽ വേണ്ടവർ ആരും ഉൾപ്പെടുന്നതാണല്ലോ.

MR. REVATI NAL RAMA VARMA RAJA (*Edavagai*): ആവശ്യമുള്ള ഭാഗങ്ങൾ അമെൻറുമെൻറായി കൊണ്ടുവന്നു ചേർക്കുന്നതിൽ എനിക്കൊരു വിരോധവുമില്ല.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): ഞാൻ താഴെ പറയുന്നതുപോലെ ഒരു അമെൻറുമെൻറു കൊണ്ടുവരുന്നതു സമ്മതമാണോ?

DEPUTY PRESIDENT: The better solution would be, to refer the Bill to the Select Committee and to bring within its scope all those members of the Kshatriya community, who are known and recognised as such.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): സാമന്തർ ക്ഷത്രിയരാണോ?

MR. REVATI NAL RAMA VARMA RAJA (*Edavagai*): അതു നിശ്ചയിക്കേണ്ടതു ഞാനല്ല എന്നു പറഞ്ഞു കഴിഞ്ഞു.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): എങ്കിലുംഅവിടത്തെ അഭിപ്രായമെന്താണ്.

MR. REVATI NAL RAMA VARMA RAJA (*Edavagai*): വേറെ ഒരാളിൻെറ കാര്യത്തിൽ ഞാൻ എങ്ങിനെയാണ് ഒരഭിപ്രായം പറയുന്നത്. അവരെക്കൂടി ചേൎക്കുന്നതുകൊണ്ടു എനിക്കു വിരോധമൊന്നുമില്ല.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ഇതിൽ വിദേശീയക്ഷത്രിയന്മാരും നാടാർ ക്ഷത്രിയന്മാരും ഉൾപ്പെടുമോ? (ചിരി).

MR. REVATI NAL RAMA VARMA RAJA (*Edavagai*): മലയാളക്ഷത്രിയർ മാത്രമേ ഉൾപ്പെടുകയുള്ളു.

DEPUTY PRESIDENT: അതിനെപ്പററി തെളിവെടുത്തു നിശ്ചയിക്കുന്നതിനുള്ള അധികാരം സിലക്ട്കമ്മിററിക്കു കൊടുക്കാം.

MR. REVATI NAL RAMA VARMA RAJA (*Edavagai*): ആരെല്ലാമാണ് ക്ഷത്രിയർ എന്നു സിലക്ട്കമ്മിററിയോ അല്ലെങ്കിൽ അതിന് അധികാരമുള്ളവരോ നിശ്ചയിച്ചു കൊള്ളട്ടെ.

MR. K. P. NILAKANTA PILLAI (*Chirayinkil*): മററു മരുമക്കത്തായികളുടെ നിയമംകൊണ്ടു ക്ഷത്രിയ സമുദായത്തിനു ചില ന്യൂനതസംഭവിച്ചിട്ടുള്ളതിനെ പരിഹരിക്കുന്നതിനു കൂടിയാണ് ഈ ബിൽ അവതരിപ്പിക്കുന്നതു എന്നു പറഞ്ഞല്ലോ. അതു എന്താണെന്നു പറയാമോ?

MR. REVATI NAL RAMA VARMA RAJA (*Edavagai*): നംപൂതിരിബിൽ ഇവിടെ പാസായപ്പോൾ നംപൂതിരിമാൎക്കും ക്ഷത്രിയസ്ത്രീകൾക്കും തമ്മിലുള്ള വിവാഹബന്ധത്തിനു നിയമസാധുത്വം ഉണ്ടോ എന്നു സംശയിച്ചു. അതിനെ പരിഹരിക്കാനായിട്ടു തന്നെയാണ് ഈ ബില്ലു കൊണ്ടു വന്നിട്ടുള്ളതു്.

MR. K. P. NILAKANTA PILLAI (*Chirayinkil*): മററു സമുദായങ്ങളുടെയിടയിലുള്ളതുപോലെ തന്നെ ഒരു സുസ്ഥിരമായ വിവാഹബന്ധം വേണമെന്നു നിർബന്ധമുണ്ടോ?

MR. REVATI NAL RAMA VARMA RAJA (*Edavagai*): ഉണ്ട്.

MR. K. P. NILAKANTA PILLAI (*Chirayinkil*): അതിലേക്കുപര്യാപ്തമായ വകുപ്പു വല്ലതും ഈ ബില്ലിൽ ഉണ്ടോ?

MR. REVATI NAL RAMA VARMA RAJA (*Edavagai*): അതു ചേൎത്താൽ കൊള്ളാമെന്നു എനിക്കാഗ്രഹമുണ്ട്. എന്നാൽ ക്ഷത്രിയസമുദായത്തിലെ ചില സ്ഥിതി നോക്കിയാൽ അതു ചേൎക്കുന്നപക്ഷം ചില ബുദ്ധിമുട്ടുകൾ നേരിടുമെന്നുള്ളതിനാൽ ചേൎക്കാതെ വിടുകയാണ് ചെയ്തതു്.

MR. K. P. NILAKANTA PILLAI (*Chirayinkil*): ക്ഷത്രിയസമുദായത്തിൽ സ്ത്രീകളൊ പുരുഷന്മാരോ അധികം?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): കഴിഞ്ഞ സെൻസസ് അനുസരിച്ച് ൯൦൦ + ൧൦൦ ആണ് ജനസംഖ്യ.

DEPUTY PRESIDENT: I think at this stage, I may allow Mr. Revati Nal Rama Varma Raja to have his say. Those matters, to which Mr. Raja Raja Varma drew the attention of the House, deserve consideration, and serious consideration of the Select Committee. You must leave it at that, instead of trying to get an exhaustive definition at this stage, committing the House in the absence of definite findings as to whether that definition is correct or not. In the Select Committee, all those aspects will be considerd. Let our hands be free now.

MR. K. P. NILAKANTA PILLAI (*Chirxyinkil*): മി. രാജരാജവർമ്മ കൊണ്ടുവന്നിട്ടുള്ള മൈനാർട്ടി മരുമക്കത്തായം ബില്ലിൽ ഈ ക്ഷത്രിയബിൽകൊണ്ടു ഉദ്ദേശിക്കുന്ന ഗുണങ്ങൾ കിട്ടുമെങ്കിൽ ഈ ബിൽ പിൻവലിക്കുന്നതിൽ വിരോധം ഉണ്ടോ?

DEPUTY PRESIDENT: He has answered that.

MR. K. P. NILAKANTA PILLAI (*Chiraginkil*): വായിച്ചില്ല എന്നാണ് പറഞ്ഞതു്.

MR. REVATI NAL RAMA VARMA RAJA (*Edavagai*): ഏതു ബില്ലായാലും ഞാൻ എന്റെ ബിൽ പിൻവലിക്കാൻ തയ്യാറില്ല.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): I wish to say a few words on this motion. On going through the Bill of Mr. Rama Varma Raja, I find the principles underlying the Bill appear to be these. As a rule, principles are to be looked for, in the Statement of objects and reasons given at the end of the Bill. The two principles laid down in the Bill appear to be these. One is, that there should be some enactment to define and amend the law of marriage, succession, maintenance and tarwad management, which is very much overdue.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Is the Law Member seconding the introduction?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Mr. K. Madhavan Pillai has seconded it.

And the second paragraph of the Statement says as follows:—

"Though this measure is meant primarily for the Kshatriya community, Government are empowered to extend its application duly to other similarly placed Marumakkatayee communities."

Thus, the House will see, that the principles involved in this Bill are firstly the enactment of some law relating to marriage, succession

and maintenace and tarwad management of the Kshatriyas and secondly, the extension of that law to other Marumakkatayee communities. Now, Sir, if you look into the Bill of Mr. Raja Raja Varma Koil Tampuran, you will find, that practically the same principles are embodied there also. In that Bill also, you find, that proposals are made for a law relating to marriage, succession and maintenance. That also contains a provision, that, the law enacted may be extended to other Marumakkatayee communities. And so, if the House accepts the principles of *this* Bill, a considerable portion, if not the entire portion, of the other Bill also would have received a judgment of the House. I am pointing this out to the House because if Mr. Revati Nal Raja's Bill is accepted, a point of order or question may arise, whether the House can discuss the other Bill namely, that of Mr. Raja Raja Varma's Marumakkatayee's Bill.

DEPUTY PRESIDENT : Are you for affirming the principle of this Bill, or, are you for opposing the principle of this Bill at this stage?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : I am not opposing. If this Bill is going to be accepted, there will arise, it seems to me, a point of order, whether, the other Bill can be introduced. I am suggesting, Sir, that perhaps both the Bills may be taken up for discussion and the vote of the House may be taken upon them in such a way that, one Bill alone will go to the Select Committee. That will be a convenient arrangement.

DEPUTY PRESIDENT : Let us proceed with the discussion of Mr. Revati Nal Raja's Bill. Once the principle of this Bill is accepted, the House will, we may presume, support the principle of the Minority Marumakkatayam Bill when that is introduced.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): The House must be apprised of the merits and demerits of both the Bills.

DEPUTY PRESIDENT : You may take it that copies of both the Bills have been circulated and read by the members. The principles are identical and the House is for affirming the principles embodied in this Bill.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : I merely suggest for your consideration whether the mover of each Bill may not be asked to explain his position to the House?

DEPUTY PRESIDENT : Under what Standing Order, please?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : When there are two Bills before the House, it is open to the Chairman to have both the Bills discussed and votes taken separately.

MR. REVATI NAL RAMA VARMA RAJA (*Edavagai*): എനിക്ക അതി
നെപ്പററി രണ്ടുവാക്ക പറയാനുണ്ട്.

DEPUTY PRESIDENT : I will allow you to speak later on.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : If he has got anything to show against this I myself may be prepared to change my view,

DEPUTY PRESIDENT: Don't insist for any ruling, please. You may make a passing reference to the provisions of the other Bill in the course of the present discussion.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): May not both the Bills be discussed and then the vote of the House taken?

DEPUTY PRESIDENT: Under what provision of law?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): There is no specific provision, so far as I can think of at present.

DEPUTY PRESIDENT: I am not inclined to allow that. In view of the practical advantages to be secured by discussing them together as suggested by Mr. Kayalam Paramesvaran Pillai I will allow the members, while discussing this Bill, to make a reference to similar provisions of the other Bill as well. You cannot have two Bills before the House at the same time. We will continue the discussion of the principle of this Bill. If, as you say, the principles are identical then there is no difficulty at all. In the course of the discussion, Mr. Raja Raja Varma, it is open to you to suggest by way of improvement of the Kshatriya Bill, the provisions which you have incorporated in your Minority Marumakkatayam Bill. At present we will confine ourselves to the provisions of the Kshatriya Bill now before the House.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): Before I begin to offer my remarks regarding the present Bill, I would like to clear certain doubts.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Standing Order No. 21 says: "Where substantially identical motions stand in the names of two or more members, the President shall decide whose motion shall be moved and the other motion shall thereupon be deemed to be withdrawn".

DEPUTY PRESIDENT: The real difficulty is, you cannot say that they are identical, Mr. Paramesvaran Pillai.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): സർ, ഇതിനെ സംബന്ധിച്ചു എന്തെങ്കിലും പറയുന്നതിനു മുമ്പായി ചില കാര്യങ്ങളിൽ ഞാൻ പ്രസിഡണ്ടിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ഈ ബില്ലിൽ രണ്ടു മൂന്നു പ്രത്യേകകാര്യങ്ങൾ വരുന്നുണ്ട്. കൌൺസിലിന്റെ അധികാരം അവയെ സംബന്ധിച്ചു എത്രയുണ്ടെന്നു എനിക്കറിഞ്ഞുകൂടാ.

DEPUTY PRESIDENT: പറഞ്ഞുകൊള്ളുക. കൌൺസിലിന്റെ അധികാരസീമയിൽ കവിയുകയാണെങ്കിൽ അപ്പോൾ തടഞ്ഞുകൊള്ളാം.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): പ്രിയാംബിളിൽ Excluding the Royal family എന്നു

പറയുന്നുണ്ട്. റായൽഫാമിലിയെ include ചെയ്യാൻപറയാൻ ഈ കൌൺസിലിനധികാരമുണ്ടോ? അതിനെപ്പററി എന്തെങ്കിലും പറയാമോ?

DEPUTY PRESIDENT: My answer with reference to that specific objection is that the Legislative Council Regulation takes away from the purview of the Council questions affecting the members of the Royal house.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഡിസ്സൊലൂഷനിൽ കസ്റ്റം ആൻറമാനേജ്സിനെപ്പററി പറയേണ്ടിവരും. അതു പറയാമോ?

DEPUTY PRESIDENT: പറയാം. വിരോധമില്ല.

MR. L R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*: പെൻഷൻ മുതലായ സംഗതികളും ഈ കൌൺസിലിൽ നിന്നും ഒഴിച്ചിട്ടുള്ളതാണ്. അതിനെപ്പററി പറയാമോ?

DEP TY PRESIDENT: That is also outside the jurisdiction of the Council. You Cannot interfere with the restrictions in the Legislative Council Regulation.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): കൌൺസിൽ റെഗുലേഷനിൽ തടഞ്ഞിട്ടുള്ള ചില സംഗതികൾ ഗവൺമെൻറിൻെറ അനുവാദത്തോടു കൂടി പറയാമെന്നുണ്ട്.

DEPUTY PRESIDENT: ഏതാണെന്നു ഞാൻ നോക്കട്ടെ.

There is no difficulty about pensions under the Legislative Council Regulation. You can refer to that. The other two questions relating to the Ruling family are expressly excluded. What was your other difficulty?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): Kandukrishi lands പാർട്ടീഷനെ സംബന്ധിച്ചുള്ള ഭാഗം വരുമ്പോൾ കണ്ടുകൃഷി വസ്തുക്കളെപ്പററി സംസാരിക്കേണ്ടിവരും.

DEPUTY PRESIDENT; That is controlled by a distinct Proclamation. The Civil Procedure Code makes the necessary provision relating to Kandukrishi lands. What is the difficulty? We are in the stage of settling once for all the properties liable for partition. Why do you go into the question of Kandukrishi lands now? The Council will rest satisfied with saying that for the purpose of partition it is joint family property. We need not specify what the joint family properties are. If Kandukrishi lands cannot be joint family property the Court will say that. However that has nothing to do with the principle of the Bill now before the Council. Pass on.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ള മെമ്പർതന്നെ ഇതിനെ സംബന്ധിച്ചു ഇവിടെ പറഞ്ഞതു, അദ്ദേഹവും അദ്ദേഹത്തി

[Mr. L. R. Raja Raja Varma Koiltampuran.]

ൻെറ സ്നേഹിതന്മാരിൽ ഏതാനുംപേരും ഈ ബില്ലിനെ അനുകൂലിക്കുന്നുണ്ടെന്നും വേറെ ഉൽപതിഷ്ണുക്കളായിട്ടും മററുമുള്ളവരിൽ ചിലർ ഇതിനോടു യോജിക്കുന്നില്ലെന്നുമാണ്. അദ്ദേഹത്തിൻെറ ബില്ലിനോടു യോജിക്കുന്നവരാണു സമുദായത്തിൽ അധികംപേരും എന്നുതോന്നുന്നില്ല.

DEPUTY PRESIDENT: Do I understand that you are opposing the Bill?

MR. L. R. RAJA RAJA VARMA KOILTAMPURAN (*Changanachery cum Peermade*); I am supporting it subject to certain conditions to be brought in there. Some new provisions and some alterations are necessary. അതായിരിക്കുമെല്ലോ പ്രിൻസിപ്പിൾ ഡിസ്കസ് ചെയ്യുക എന്നു പറയുമ്പോൾ ഉദ്ദേശിക്കുന്നതു്. ക്ഷത്രിയരുടെഇടയിലുള്ള ഭാഗത്തെ സംബന്ധിച്ചു് ഈ ബില്ലിൽ ചേക്കാതെയിരിക്കയും അതാവശ്യമില്ലെന്നു് അദ്ദേഹം പറയുകയും ചെയ്തിട്ടുണ്ടു്. പാർട്ടിഷൻ സംബന്ധിച്ചു് ഒരു അദ്ധ്യായം ചേക്കണമെന്നാണു് എൻെറ അഭിപ്രായം. ഇപ്പോൾ ഞാൻ ഇതു പറഞ്ഞില്ലെങ്കിൽ ഈ ബിൽ സിലക്റ്റ്കമ്മിററിയിൽ എടുക്കുമ്പോൾ പാർട്ടിഷനെ സംബന്ധിച്ചുള്ള ക്ലാസസ് മൂലബില്ലിൽ ഇല്ലാത്തതുകൊണ്ടു പിന്നീടു് അതു സെക്കൻറു റീഡിങ്ങിൽ ചേക്കാൻ പാടില്ലെന്നു സാങ്കേതികതടസ്സം പറഞ്ഞേക്കാം. ഇന്നലെ ഇതുപോലെ ഒരു സന്ദർഭത്തിൽ ഞാൻ പെർട്ടിനൻറായ ഒരു ചോദ്യം ചോദിച്ചപ്പോൾ ചില സംഗതികൾ അവിടെ ആലോചിക്കാൻ അവകാശമില്ലെന്നു പറഞ്ഞു. അതുകൊണ്ടു് അങ്ങിനെ ഒരുവൈഷമ്യം വരാതിരിക്കാനാണു ഞാൻ ഈ വാദം ഇപ്പോൾതന്നെ പുറപ്പെടുവിക്കുന്നതു്.

MR. REVATI NAL RAMA VARMA RAJA (*Edavagai*): എൻെറ പ്രസംഗത്തിൽ അങ്ങനെ ആവശ്യപ്പെടുന്നുവെങ്കിൽ ചേക്കാൻവിരോധമില്ലെന്നു പറഞ്ഞിട്ടുള്ളതായിട്ടറിയാമോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): മെംബക്കുതന്നെ പാർട്ടിഷനെ സംബന്ധിച്ചു് അനുകൂല അഭിപ്രായമുള്ളതായിട്ടു് എനിക്കറിയാം. മെമ്പർ പ്രതിനിധീകരിക്കുന്നവരുടെ അഭിപ്രായം അതിനു വിപരീതമായതുകൊണ്ടാണു ആ ഭാഗം ചേക്കാത്തതു എന്നു ഞാൻ വിചാരിക്കുന്നു. സെക്കൻറുറീഡിങ്ങിൽ ഇതു കൊണ്ടുവരാൻ പാടില്ലെന്നു തടസ്ഥം വരാതെയിരിക്കാനായി ഞാൻ ഇപ്പോൾ പറയുകയാണു് ഇതു്.

DEPUTY PRESIDENT: So a special mandate must be given to the Select Committee to go into that question of partition as well?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): Yes, Sir, ബോൾഷേവിക്ക തത്വം അവലംബിച്ചു പാർട്ടീഷൻ പാടില്ലെന്നു അവതാരകൻ പറയുന്ന വാദം നമുക്കിവിടെ ആലോചനയ്ക്കു ആവശ്യമില്ല. പാർട്ടീഷനെപ്പററി വലിയ തർക്കം ഉണ്ടാകുമെന്നും തോന്നുന്നില്ല ആളോഹരിയോ തായ്‌വഴിയൊ ഏതാണു വേണ്ടതെന്നു വാദം മാത്രമെ ഉണ്ടാകാൻ തരമൊള്ളു.

MR. K. MADHAVAN PILLAI (*Triavandrum* cum *Neduvangud*): ഭാഗം വേണ്ട എന്നുപറയാൻ മററുവല്ല പ്രത്യേക കാരണങ്ങളും ഉണ്ടോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): മററു പ്രത്യേകകാരണമൊന്നുമുള്ളതായി തോന്നുന്നില്ല. ഏതാനും കാലത്തിനു മുമ്പുവരെ സമുദായം നല്ല സ്ഥാനത്താണ് ഇരുന്നിരുന്നതു്. ഇപ്പോൾ ഏതാണ്ടു അധഃപതിച്ചുപോയിട്ടുണ്ടു്. അതിനു കാരണം പാർട്ടീഷൻ ഇല്ലാത്തതുകൊണ്ടാണു എന്നാണ് എന്റെ അഭിപ്രായം.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): വിവാഹത്തെ സംബന്ധിച്ചു വേണ്ട വ്യവസ്ഥകൾ വന്നശേഷമെ ഭാഗം ആകാവു എന്നു ബിൽപ്രയോക്താവു പറഞ്ഞിട്ടുള്ളതായി അറിയാമൊ?

DEPUTY PRESIDENT: Mr. Madhavan Pillai, you must address the question through the Chair so that we also shall have the benefit of hearing you.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): I am addressing the question to the Chair. Only I turn to him.

DEPUTY PRESIDENT: Let us also have the benefit of it.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): വിവാഹം സ്വസമുദായത്തിൽ മാത്രമേ പാടൊള്ളു എന്നു പറയുന്നതു സമുദായത്തിനു കുറെക്കൂടി വിപുലത ഉണ്ടാക്കിയശേഷമല്ലാതെ സാധിക്കുമെന്നു തോന്നുന്നില്ല. എന്നാൽതന്നെയും അതു വേണ്ടതാണെന്നും ഞാൻ വിചാരിക്കുന്നില്ല. ഇപ്പോഴത്തെ സെൻസസ്സിൽ ക്ഷത്രിയരുടെ സംഖ്യ കുറെക്കൂടിയിട്ടുണ്ടെങ്കിലും—അതു കഴിഞ്ഞ തവണ മററു വിഭാഗങ്ങളിൽ ഉൾപ്പെട്ട ചിലർക്കൂടി ഇപ്പോൾ ക്ഷത്രിയരായി തീൎന്നതുകൊണ്ടാണ്—ആ സമുദായങ്ങളെ മററു സാമുദായികബില്ലിൽ ഉൾപ്പെടുത്താൻ സാധിക്കുകയില്ല. സജാതീയ വിവാഹം നടപ്പാക്കിയ ശേഷം മാത്രമേ ഭാഗം സ്വീകരിക്കാൻ പാടൊള്ളു എന്നു പറയുന്നതു ശരിയല്ല. സ്വസമുദായത്തിനു കൂടുതൽഗുണം ഉണ്ടാക്കുന്നതുനല്ലതാണെങ്കിലും അതു

[Mr. L. R. Raja Raja Varma koiltampuran.]

നിമിത്തം ബാക്കി ഉള്ളവർക്ക് ഉപദ്രവം ഉണ്ടാക്കിത്തീർക്കുന്നതു ന്യായമല്ലല്ലോ. ഞാൻ മൈനാറിട്ടി മരുമക്കത്തായം ബില്ലിൽ ചേർത്തിട്ടുള്ള പലഭാഗങ്ങളും ഭാഗത്തെ സംബന്ധിച്ച അദ്ധ്യായവും ഇതിൽ വരുത്തണമെന്നു ഉദ്ദേശിക്കുന്നുണ്ട്. എന്നാൽ അതിൽ ജാതി വ്യത്യാസത്തെ സംബന്ധിച്ചിടത്തോളം ഇതു ഉപദ്രവം ഉണ്ടാക്കിയിട്ടില്ല. പുരുഷനും സ്ത്രീയ്ക്കും ജനനാൽഉള്ള ജാതിവ്യത്യാസമല്ലാതെ വേറെ യാതൊരു വ്യത്യാസവും ഞാൻ അതിൽ കാണിച്ചിട്ടില്ല.

ഈ ബില്ലിൻെറ പ്രിയാംബിളിൽ തന്നെ ഈ രണ്ടു മൂന്നു സംഗതികൾകൂടി കൂട്ടിച്ചേർക്കണമെന്നാണ് എൻെറ അഭിപ്രായം. താൽക്കാലികമായി ഭാഗംകൊണ്ടു സമുദായത്തിനു വലിയ ദോഷമുണ്ടെന്നു വിചാരിക്കുന്നപക്ഷം കുടിവയ്പ്പ് എന്ന് അമ്പലവാസികളുടെ ഇടയിലുള്ള ഒരു പതിവു എങ്കിലും ഏർപ്പെടുത്തണം. കുടിവയ്പിനെപ്പററി ഇവിടെ പറഞ്ഞു മനസ്സിലാക്കേണ്ട ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നു. അതിലേക്കു ഒരു ഡെഫനിഷൻ എഴുതിയിരിക്കുന്നതു് ഇങ്ങനെയാണ്.

"Kudivaippu" means the affiliation of the wife or wife and their children by the husband or of the husband by the wife to his or her own tarawad.

അതായതു്, ഭർത്താവിൻെറ ഗൃഹത്തിലേക്കു ഭാര്യയേയും കുട്ടികളേയും കൂട്ടിച്ചേർത്തു അവിടത്തെ അംഗങ്ങളാക്കിത്തീർക്കുകയോ ഭർത്താവിനെ ഭാര്യയുടെ കുടുംബത്തിലെ അംഗമാക്കിത്തീർക്കുകയോ ആണ്. കുടിവയ്പുമൂലം ആ കുടുംബത്തിലെ അംഗങ്ങൾക്കുള്ള തുല്യാവകാശം ഇവർക്കും കിട്ടും.

DEPUTY PRESIDENT: ഭാര്യയും ഭർത്താവും ഒരേ ജാതിയിലായിരുന്നാലല്ലേ അങ്ങിനെ ചെയ്യൂ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ജാതിയെ സംബന്ധിച്ചും വിവാഹത്തെ സംബന്ധിച്ചു ഞാൻ പറയുന്നുണ്ട്.

MR. A. THANU PILLAI (*Trivandrum*): അങ്ങിനെ സമുദായത്തിൽ പതിവുണ്ടോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ക്ഷത്രിയസമുദായത്തിലില്ല. അമ്പലവാസികളുടെയിടയിൽ ഉണ്ട്. അതാവശ്യമുള്ളതാണെന്ന് എനിക്കു തോന്നി, ഇതു നഷ്ടപ്പെട്ടുള്ള സമുദായങ്ങളും ഉണ്ട്, അതുകൊണ്ടു ഇതിൽ ചേർക്കാമെന്നു ഞാൻ

വിചാരിച്ചതാണ്. ഈ ബിൽ തന്നെ കൂട്ടുകുടുംബരീതിയിൽ പല വ്യത്യാസങ്ങളും വരുത്തുന്നുണ്ട്. അക്കൂട്ടത്തിൽ ഇതുമാത്രം പാടില്ല എന്നു പറയുകയാണെങ്കിൽ ഉപേക്ഷിച്ചേയ്ക്കാം.

കുടിവയ്പ് അമ്പലവാസികളുടെയിടയിലുള്ളതു് ഒരു മതാചാരംപോലെ മാത്രമാണ്. എന്നാൽ ഞാൻ അതു രജിസ്റ്റർ ചെയ്യണമെന്നുകൂടി നിർബന്ധിച്ച് ഒരു Civil right ആക്കി. കൂടാതെ വിവാഹസമയത്തോ വിവാഹം കഴിഞ്ഞ ശേഷം ഏതെങ്കിലും ഒരവസരത്തിലോ കുടിവയ്പു നടത്താമെന്നു ഒരു ക്ലാസ്കൂടി ഇതിൽ ചേർക്കണം.

MR. K. MADHAVAN PILLAI (*Trivandrum cum Neduvangad*): കുടിവയ്പു ദത്തു എടുക്കുന്ന മാതിരിയാണോ, അതല്ല വല്ല സെറിമണിയും കൂടി ഉണ്ടോ?

DEPUTY PRESIDENT: I do not know the details of the ceremony myself. I know that among the Variars a man affiliates his wife and children in the family so that they become a distinct stock of the taravad. That is to say, the wife and children get one-half and the sister the other half.

MR. A. THANU PILLAI (*Trivandrum*): ഭർത്താവിന്റെ കുടുംബത്തിൽ ഭാര്യയേയും കുഞ്ഞുങ്ങളേയും അംഗങ്ങളാക്കുക എന്നല്ലേ? അതായതു മക്കവഴിക്കാരുടെ ഇടയിൽ നടക്കുന്ന വിവാഹസമ്പ്രദായം പോലെ നടത്തുക.

DEPUTY PRESIDENT: അതു പറയാം.

It is not an ordinary adoption as in the Marumakkatayam taravad. This affiliation amongst Variars is different from the adoption you think of among the Nayar community. When they are adopted they become members of the family; they have every right as members of the family, neither more nor less than others. In this case the affiliated wife becomes a distinct stock of the family and her children also become members of the family. So that it is a Makkatayam family in a Marumakkatayam taravad. It is peculiar in the Variar community. But it is unknown in any other community.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Do the children become the members of the taravad with full rights?

DEPUTY PRESIDENT: Yes.

MR. A. THANU PILLAI (*Trivandrum*): കുടിവയ്പുകൊണ്ടു വിവാഹം നടത്തിയ ആളിന്റെ ശേഷക്കാരും മക്കളും ഒരു കുടുംബക്കാരാകും അല്ലേ?

DEPUTY PRESIDENT: ഒരു കുടുംബക്കാരാകും. എന്നാൽ മരുമക്കത്തായികൾക്കു ഭാഗം ചോദിക്കാൻ അവകാശമില്ല. മക്കത്തായികൾക്കു അതു ചോദിക്കാൻ അവകാശമുണ്ടു്.

[Deputy President.]

It is an anomaly. But it is still an old old institution sanctioned by usage among the Variar community in Travancore. That is the only community following that.

Mr. Raja Raja Varma proposes to introduce that form of affiliation in the Kshatriya and other minority marumakkatayam communities. Is that your idea?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): Yes.

MR. MURUVELIL PACHU PILLAI (*Shertallai*): കുടിവയ്പു കഴിഞ്ഞു ആ സ്ത്രീയുടെ വയസ്സും നംപൂതിരി കുടുംബങ്ങളെപ്പോലെ മാറുമോ?

DEPUTY PRESIDENT: She can claim partition. നംപൂരി ഫാമിലി പോലെ വരികയില്ല.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): കുടിവയ്പു രണ്ടു മൂന്നു തരത്തിലുണ്ടു്. അതിൽ പ്രസിഡന്റു പറഞ്ഞതു് ഒരു തരമാണു. കുടിവയ്പു കഴിഞ്ഞാൽ ശരിയായ ഓഹരി മററംഗങ്ങളെ പോലെ ഭാര്യക്കും മക്കൾക്കും കിട്ടുമോ എന്നു ഒരു സംശയം ലാ മെമ്പർ ചോദിച്ചു.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): ഭാഗം വേണ്ടെന്നു വയ്ക്കുന്നതു് ഇപ്പോഴത്തെ കാലസ്ഥിതിക്കു യോജിച്ചതാണോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): പാർട്ടിഷൻകൊടുക്കാതെയിരിക്കുന്നതു അശേഷം ശരിയല്ല. അങ്ങിനെ പാർട്ടിഷൻ കൊടുക്കാതെയിരിക്കണമെന്നുണ്ടെങ്കിൽ നായർ റഗുലേഷനിൽ impartible estate ആക്കി ഒഴിയുന്നതിനുള്ള പ്രതിവിധി പോലെ ഒഴിയാൻ മാർഗ്ഗം വച്ചുകൊള്ളണം.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): അനേകം അംഗങ്ങളുള്ള ഒരു കുടുംബത്തിൽ അവരുടെ അവകാശത്തിലും ഒരു ഭാഗം കുടിവയ്പുനടത്തുന്ന ആളിനു കൊടുക്കത്തക്കവണ്ണം ഒരു നിയമം ഉണ്ടാകണമെന്നാണൊ അഭിപ്രായം?

DEPUTY PRESIDENT. എന്നാണു് ഇംപ്ലിക്കേഷൻ.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): കോയിത്തമ്പുരാന്റെ ബില്ലിൽനിന്നും ക്ഷത്രിയരെ ഒഴിക്കുന്നതു സമ്മതമാണൊ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): അതു് ഈ ബിൽ പാസാകുന്ന അവസ്ഥപോലെയിരിക്കും. ഞാൻ കൊണ്ടുവരുന്ന അമെൻറുമെൻറു ചേർത്തു പാസാകുന്ന പക്ഷം എനിക്കു ഏതിനും വിരോധമില്ല.

DEPUTY PRESIDENT: So I cannot arbitrarily rule that any one of these Bills may be taken.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): That is why I suggested, Sir, that both the Bills be taken up together.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): സമുദായത്തിലുള്ള ഭൂരിപക്ഷക്കാരും ഭാഗത്തിന് ആവശ്യപ്പെടുന്നവരാണോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): ഒരു വലിയ ഭൂരിപക്ഷവും ഭാഗത്തിനു ആവശ്യപ്പെടുന്നവരാണെന്നാണ് എന്റെ ബോദ്ധ്യം.

DEPUTY PRESIDENT: I suppose it will be safer to allow partition rather than affiliation?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): Certainly, I will prefer partition to affiliation. നിവൃത്തിയില്ലാതെവരുന്ന സന്ദർഭത്തിൽ മാത്രമെ കുടിവയ്പിനെപ്പററി ഞാൻ വാദിക്കുന്നൊള്ളു. ചില കുടുംബക്കാൎക്കു ഭാഗം ഏല്പെടുത്താൻ വയ്യാതിരിക്കത്തക്കവണ്ണം ചില അസൌകൎയ്യങ്ങളുണ്ടു്. ഇടവകക്കാരുണ്ടു്. അവൎക്കു ഭാഗം കൊടുക്കാൻ നിവൃത്തിയില്ല. അവൎക്കു കുടിവയ്പേ സാധിക്കയൊള്ളു.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): അതിനുപകരം അഡാപ്ഷൻപോരെ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): അതിൽ പല അഭിപ്രായവ്യത്യാസവും ഉണ്ടു്. നായർറഗുലേഷൻ പാസായകാലത്തു് ഇതിനെപ്പററി ആലോചിച്ചു് ഒടുവിൽ അതു വേണ്ട എന്നു വച്ചു. അന്നു വേണ്ട എന്നുവച്ചതിനുകാരണം ദത്തെടുക്കുന്ന സംഗതിയിൽ ബ്രാഹ്മണരും ക്ഷത്രിയരും ഒഴികെ ബാക്കിയുള്ള സമുദായക്കാർ ഗവൺമെൻറിന് ഒരു ഓഹരി കൊടുക്കണമെന്നുള്ള പതിവു കൊണ്ടാണു്. ഇപ്പോഴത്തെ സ്ഥിതിക്കും കുടിവയ്പും "വിൽ" കൊടുക്കാനുള്ള അധികാരവും ഉള്ളപക്ഷം അതുമതി. ദത്തിന്റെ ആവശ്യമില്ല.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): ആളോഹരി ഭാഗം വേണൊ, താവഴിഭാഗം വേണൊ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): ആളോഹരിഭാഗംതന്നെയാണു വേണ്ടതു്. എന്നാൽ ഗർഭത്തിലിരിക്കുന്ന ശിശുവിന് അവകാശമില്ല. ഇതിനെസംബന്ധിച്ചു നായർബില്ല് പാസായകാലത്തു് മി. എസ്. കൃഷ്ണയ്യരുടെ ഒരു അമെൻറു മെൻറുണ്ടായിരിക്കയും അതിന്മേൽ വലിയ തൎക്കം നടക്കുകയുംചെയ്തു.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): ആളോഹരിഭാഗവും കുടിവയപ്പും രണ്ടും വേണമെന്നു നിർബന്ധമുണ്ടോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): രണ്ടുംവേണ്ട. ഏതെങ്കിലും ഒന്നുമതി എന്നാണ് ഞാൻ പറഞ്ഞതു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): കുടിവയ്പിൽ ഭാര്യയും ഭർത്താവും ഒരു സമുദായമായിരിക്കണമെന്നുണ്ടോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): Endogamy-യേയും exogamy-യേയും പററി നിശ്ചയിക്കുന്നതിനുള്ള അധികാരം സമുദായത്തിനുതന്നെ ഉണ്ടായിരിക്കണം. അതു് ഒരു അന്ന്യന്മാരിക്കലും കൊടുക്കാൻപാടില്ല.

DEPUTY PRESIDENT: Marriage is something distinct from the incidence of affiliation. Mr. Kayalam Paramesvaran Pillai's question was, when you propose to consider the question of affiliation and bring strangers to the tarwad and make them all members of the tarwad are they to be of different sections of the community. For instance, would yon care to affiliate a Nayar wife in a Kshatriya tarwad?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): That will depend upon the conception of strangers. സ്റ്റ്രെയിൻജേർസ് ആരെല്ലാമാണ് എന്നുള്ള ചോദ്യംവരുമ്പോഴാണ് ഇതൊക്കെ ആലോചിക്കേണ്ടതു്.

DEPUTY PRESIDENT: So long as you seem to emphasise the caste of the Kshatriyas, the question that is put to you is, would you allow the affiliation of any lady other than a Kshatriya lady. So that we may realise the consequence of your suggestion, just answer that question. Will you propose affiliation in a Kshatriya family of a non-kshatriya lady and her children? The marriage may be perfectly legal but that has nothing to do with the affiliation.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): എന്റെ സ്വാഭിപ്രായം ആരായാലും വിരോധമില്ല എന്നാണ്. സമുദായത്തിനും അതു ഹിതമാണെങ്കിൽ ചേക്കാം.

DEPUTY PRESIDENT: Do you want the Council then to ascertain the sense of the community?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): Rules of exogamy and endogamy തീരുമാനിക്കാനുള്ള അവകാശത്തെപ്പററി കൌൺസിലിൽനിന്നും നിശ്ചയിക്കാം.

DEPUTY PRESIDENT: Even now, according to the suggestion that you dropped a little while ago, for some decades to come you cannot confine the marriages of members of your community to your community alone. I believe you admit that. You have to marry outside your community.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): We may have.

DEPUTY PRESIDENT: I mean you don't declare it illegal. When such a marriage takes place, it is a valid marriage for all purposes. Suppose that is a marriage with a Nayar or a Variar lady or any other lady belonging to a community with whom marriage is allowed, will you allow her along with her children to be affiliated into the Kshatriya family? Do you contemplate that? That is the question. It is only Kshatriya members that can ask for partition. When that claim is rejected by the family, you want the interposition of an affiliated branch. The question then arises whether they will go to the same caste as Kshatriyas.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): നാൺ ക്ഷത്രിയരായിട്ടു അവർ എക്സിസ്റ്റ് ചെയ്യുമൊ എന്ന സംശയംകൊണ്ടാണു ഞാൻ ഉത്തരംപറയാതിരിക്കുന്നതു്. അവർ ക്ഷത്രിയരായിട്ടു തീരുമെന്നാണു ഞാൻ വിചാരിക്കുന്നതു്.

DEPUTY PRESIDENT: By affiliation they become Kshatriyas. So according to you, any lady with whom marriage is permitted by the Bill must be competent to be affiliated in the Kshatriya family?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): Permitted by the Society.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): അപ്പോൾ ആക്കം ക്ഷത്രിയരാകാൻ സാധിക്കുമല്ലൊ.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): നിശ്ചയമായിട്ടും അങ്ങിനെവേണമെന്നാണു് എന്റെ അഭിപ്രായം.

MR. REVATI NAL RAMA VARMA RAJA (*Edavagai*): ഇങ്ങിനെ അഫിലിയേഷൻ വേണമെന്നു പറയുന്നതു്, ഭർത്താവു് മരിച്ചുപോയാൽ ഭാര്യക്കും കുഞ്ഞുങ്ങൾക്കും ചിലവിനുകിട്ടാൻ നിവൃത്തിയില്ലാതെ വന്നാലൊ എന്നവിചാരംകൊണ്ടാണൊ?

DEPUTY PRESIDENT: അല്ല. He is not referring to the females. He refers to the rights of the male members of the family.

MR. REVATI NAL RAMA VARMA RAJA (*Edavagai*): ഒരു പുരുഷന്റെ ഭാര്യക്കും മക്കൾക്കും ചിലവിനു് ആവശ്യമുള്ളതു തറവാട്ടിൽ നിന്നും എന്റെബിൽ അനുസരിച്ചുകൊടുക്കുന്നില്ല. അങ്ങിനെ ചിലവിനുകൊടുക്കത്തക്കവണ്ണമുള്ള പ്രൊവിഷൻ ഈ ബില്ലിൽ ചേർത്താൽ. പിന്നീടു അഫിലിയേഷന്റെ ആവശ്യമുണ്ടൊ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*) : ലീഗൽ ആയിട്ടുള്ളതിനെ സ്ഥാപിക്കുന്നതിന് ശേഷമുള്ള റഗുലേഷനിൽഏതെല്ലാം ക്ലാസുകൾ ബാധകവും തടസ്സവുമായിരുന്നുവൊ അവയെ എല്ലാം തീർത്തു ക്ലാസുകളെ ഈ കൗൺസിലിൽ പാസാക്കീട്ടില്ലെ. അതുപോലെ ഒരു സമുദായത്തിന് തടസ്സമായി വരികയാണെങ്കിൽ ആ ഭാഗങ്ങളെ റഗുലേഷനിൽ പറഞ്ഞിട്ടുള്ളതിന് അപകടം വരാത്തവിധത്തിൽ ഇനിയും ആക്കിത്തീർക്കാവുന്നതാണ്.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*) : അതിന് മററു ചട്ടങ്ങളെ ഭേദപ്പെടുത്താതെ സാധിക്കുമൊ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*) : ഈ ബില്ലിന് ആവശ്യമുള്ളവിധത്തിൽ ഭേദപ്പെടുത്തണം.

DEPUTY PRESIDENT: You may put in a provision in this Bill, Mr. Kesava Pillai, that conflicting provisions in other Regulations are hereby repealed. There is no difficulty with respect to that. It is only the novelty of the scheme that strikes me.

You may go on, Mr. Koiltampuran.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*) :

> 'Children' includes the children of the husband by another wife or those of the wife by another husband or both or their children or all.
>
> (*d*) At the time of the 'Kudivaippu' the wife and children or husband shall be entitled to claim and get such of their share of their properties belonging to their natural tarwad as would have fallen to them if a division *per capita* were made at the time."

DEPUTY PRESIDENT: Does that become the property of the common tarwad or that of the affiliated tarwad?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): It becomes the property of the new sub-tarwad.

> (e) After 'Kudivaippu' they shall forfeit their membership and their rights in their natural tarwad and form along with their respective partners and children if any a sub-tarwad in their partner's tarwad, with all incidental privileges, and rights as appertain to members born therein.
>
> (f) Any such 'Kudivaippu' shall be performed only evidenced by the execution of a registered instrument wherein both the husband and wife and adult children if any shall be parties.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): ഈ കുടിവയ്പ് എന്ന് പറയുന്നതു് വിവാഹം കഴിഞ്ഞ ഉടനെ ആണോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): വേണമെന്നില്ലെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്. മിസ്റ്റർ അച്യുതവാര്യർ കൈപ്പട എഴുതിയിട്ടുള്ള ഒരു ബില്ലിൽ നോക്കിയാണു ഞാൻ മനസ്സിലാക്കിയതു്. എനിക്കും അതിനെപ്പററി കൂടുതൽ വിവരമൊന്നുമില്ല. ഞാൻ കഴിവുള്ളിടത്തോളം അതിൽ നിന്നും പഠിച്ച് അതിനെ ഇവിടെ പ്രസ്താവിച്ചു എന്നല്ലാതെ എനിക്ക് അതിന്റെ പതിവിനെപ്പററി കൂടുതൽ വിവരമൊന്നുമില്ല. കുടിവയ്പ് എന്നതു് ഞാൻ കണ്ടിട്ടുമില്ല. ഞാൻ അന്വേഷിച്ച് മനസ്സിലാക്കി എഴുതിയിട്ടുള്ളതാണു് ഇതു്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അതൊക്കെ വളരെ അത്യാവശ്യമാണെന്ന് തോന്നുന്നുണ്ടോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): കുടിവയ്പ് അത്യാവശ്യമാണെന്ന് തോന്നുന്നില്ല. പാർട്ടീഷൻ ആവശ്യമാണു്. കുടിവയ്പ് നിർബന്ധമായി വേണമെന്നുള്ളവരും ഉണ്ടു്.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ഈ കുടിവയ്പ് എന്ന് വച്ചാൽ എന്താണ്?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): അതിനെപ്പററി മുമ്പുതന്നെ വായിച്ചു പറഞ്ഞു. അപ്പോൾ മെമ്പർ ഇവിടെ ഇല്ലായിരുന്നിരിക്കാം.

CHAPTER VIII.

THE MUTUAL BENEFIT FUND.

DEPUTY PRESIDENT: ചുരുക്കിപ്പറയണം. It is a new provision. It does not find a place in any other social legislation. So, it may be of interest to the House to know what it is.

MR. A. THANU PILLAI (*Trivandrum*): മ്യൂച്ച്വൽ ബെനിഫിററ് ഫണ്ട എന്നുപറഞ്ഞാൽ എന്താണെന്നു പറഞ്ഞാൽകൊള്ളാം.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): അതിനെപ്പററി പറയാം. അതിനെ സൃഷ്ടിക്കുന്നതിനുള്ള കാരണവും പറഞ്ഞിട്ടുണ്ട്.

DEPUTY PRESIDENT: No doubt, Mr. Koiltampuran has bestowed a lot of thought on the subject. The only question is whether his novel provisions would be in consonance with modern conceptions of legislation.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*):

> It is the duty of every society, no less of every responsible Government to see that every child is properly protected, maintained and educated. The principle that equal chances shall be given to all to come up in this world is more or less universally recognised. Help is being given too even at present; but not everywhere and when needed. I have attempted only to provide a uniformity for the same by making it obligatory under statute.

ഇതാണ് കാരണമായി എഴുതിയിട്ടുള്ളതു്. 'മ്യൂച്ച്വൽബനിഫിററ്ഫണ്ട് എന്താണെന്നു ഇനി പറയാം.

> 1. Subject to the following provisions, a mutual benefit fund shall be raised from the following sources for the benefit of the children of registered marriages under this Regulation and it shall be kept and managed by the Government as "Trust Fund" and utilised as per rules framed for the purpose under this Regulation.
>
> (1) The sources for the Fund are:
>
> (*a*) Intestate property mentioned in Chapter IV, Sections 13 (6) and 14 (4) under Inheritance, നാ-ാമത്തെ ക്ലാസിലുള്ള ഇൻറസ്റ്റേററ് പ്രാപർട്ടിയും അതു കഴിഞ്ഞുവരുന്ന ഇൻഹെരിറെൻസും മ്യൂച്ച്വൽ ബെനിഫിററ ഫണ്ടിൽ പോകുന്നമെന്ന് പറഞ്ഞിട്ടുണ്ട്.
>
> (*b*) A succession duty from heirs specified in sub-section (3) below: ഇതു് ഒരു പുതിയ ക്ലാസാണ്.

DEPUTY PRESIDENT: The 'succession duty' is, I think, one of the recommendations of the Karachi Congress.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): സക്സഷൺഡ്യൂട്ടി എന്നു പറഞ്ഞാൽ എന്താണു?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): സക്സഷൻ പിൻതുടർച്ചയായി കിട്ടണമെന്നു പറഞ്ഞിട്ടുണ്ട്. അച്ഛൻ മകൻ തലമുറയ്ക്ക് പിൻതുടർച്ചയായി അച്ഛൻെറ സ്വത്തു മകനുവരണം. ഒരാളിൻെറ സ്വത്തു പിന്നെയൊരാൾക്കു പിൻതുടരുമ്പോൾ ആകെയുള്ള സ്വത്തിൻെറ വില ഗവൺമെൻറിൽ നിന്നും നിയമിക്കപ്പെടുന്ന ഒരാൾ കണക്കാക്കി അതിൽ ഇത്ര എന്നു ഒരു പെർസെൻറേജ് തീർച്ചപ്പെടുത്തി അതടച്ചാലെ ആ വസ്തു അനുഭവിക്കാനുള്ള റൈററു കിട്ടുകയുള്ളൂ. അല്ലെങ്കിൽ ഇൻഹെരിറ്റൻസ് കിട്ടുകയില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): എല്ലാവർക്കും കൊടുക്കുന്നുണ്ടോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): എല്ലാവർക്കും ഇല്ല. അടുത്ത ബന്ധമുള്ളവർക്കു വളരെ ഒബ്ലിഗേഷൻ വച്ചിട്ടുണ്ടു്. അവർക്കു് ഡ്യൂട്ടികൂടാതെ അവകാശമുണ്ടു്. അകന്ന ശാഖക്കാർ ജീവിച്ചിരിക്കുമ്പോൾ അയാളെപ്പററിചുമതല കുറച്ചേയുള്ളു. അതുകൊണ്ടു ഡ്യൂട്ടിയുമുണ്ടു്. അച്ഛൻ, അമ്മ, മകൻ, ഭർത്താവു്, ഭാര്യ ഇവർക്കു പിൻതുടരാൻ കൂടുതൽ ചാൻസാണു് ഇതുകൊണ്ടുള്ളതു്.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): ഇങ്ങിനെ കൊടുക്കുന്നതിന്റെ ഉദ്ദേശം എന്താണു്?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഇങ്ങിനെ കൊടുക്കുന്നതിന്റെ പ്രധാന ഉദ്ദേശം മ്യൂച്വൽ ഫണ്ടിനു സോർസ് ഉണ്ടാക്കണമെന്നാണു്. അതിനാൽ ഇങ്ങിനെ ഒരു ഫണ്ടു ഉണ്ടാക്കിയാൽ സമുദായത്തിലുള്ള നിസ്സഹായന്മാരായ ആളുകൾക്കു വലിയ സഹായമായി തീരുന്നതാണു്.

DEPUTY PRESIDENT: Suppose the Government at a future day levy a succession duty. At present you have provided that the collection should go into the common fund of the tarwad. Later on, if the Government also fix a general succession duty payable by all people alike, don't you think the Kshatriyas would be doubly taxed? They pay once under the provision you now suggest; they may also have to pay to Government.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഗവണ്മെന്റു നിർബന്ധമായി നിശ്ചയിക്കുന്നു എങ്കിൽ ഇതിൽ കൂടുതലായും ബാധിപ്പിക്കാം. അല്ലാത്ത പക്ഷം ബാധിക്കുകയുമില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഗവണ്മെന്റിൽ നിന്നും വെയ്ക്കുന്ന സക്സഷൻഡ്യൂട്ടി ഗവണ്മെന്റു റവന്യൂവിൽ ചേരുന്നതാണോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഒരു പ്രിൻസിപ്പിൾ ഉണ്ടു്. ഒരേ സംഗതിക്കു രണ്ടു ടാക്സ് ചെയ്യാൻ പാടില്ല.

DEPUTY PRESIDENT: Your tarwad will then be doubly taxed. You tax yourself in the first instance now; and Government may tax you later under the general scheme, if they have one like that.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): അങ്ങിനെ ന്യായമുണ്ടെങ്കിൽ ചെയ്യട്ടെ.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): ഈ സക്സഷൻഡ്യൂട്ടി പ്രത്യേകം വയ്ക്കേണ്ടയാവശ്യമുണ്ടോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): ഞാൻ മുഴുവനും പറഞ്ഞില്ല. സക്സെഷൻഡ്യൂട്ടി എന്താണെന്നു പറഞ്ഞ വിവരണത്തിൽ അതു പറഞ്ഞു എന്നേയുള്ളു.

(c) Any contribution.

(2) The Government may take charge, appropriate and add to this fund as occasion arises all the property mentioned in Section 13 (6) and 14 (4), invest them in proper securities, convert them as they please, and do all the needful, according to their discretion for a safe investment with profitable yield.

(3) The Government may also impose and collect a succession duty of not above five per cent on the assessed value of all such property descending other than to the parties to the marriage or their direct lineal descendants as per devolution traced out in Chapter IV, under rules prescribed.

(4) Every minority marumakathayee.

The word 'Kshatriya' may be substituted in the place of the expression 'minority marumakathayee'.

(4) Every minority marumakathayee under-aged, indigent and unable to get sufficient maintenance from others mentioned in Section 10 shall have a right to get as much maintenance for his or her proper upkeep and education from the available fund as circumstances would justify.

MR. A. S. DAMODARAN ASAN (*Mavelikara* cum *Krtikapalli*): ഒരു സ്ഥാപനം ഉണ്ടെന്നു പറഞ്ഞതിൽ നിന്നും ഒരാളിനു അഞ്ചു രൂപാ വേണമെന്നുണ്ടു്. രണ്ടു രൂപാ അയാൾക്കു മററു വിധത്തിൽ കിട്ടും. ബാക്കി മൂന്നു രൂപാ എങ്ങിനെ കിട്ടും?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): എല്ലാവർക്കും തുല്യമായിട്ടു ആവശ്യമുള്ളിടത്തോളം കൊടുക്കണം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ഒരാളിൻെറ ആവശ്യത്തിനു അഞ്ചു രൂപാ വേണം. അതിൽ സെക്‌ഷൻ ൧൦-ൻ പ്രകാരം ൨ രൂപാ കിട്ടുന്നുണ്ടു്. ബാക്കി ൩ രൂപാ സക്സെഷൻ ഫണ്ടിൽനിന്നും കൊടുക്കണമെന്നാണൊ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): അതെ.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അത്രത്തോളം കൊടുക്കുന്നതിനു ഫണ്ടു ഇല്ലെങ്കിൽ എന്തു ചെയ്യും?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): ഫണ്ടിൽ ഉള്ളിടത്തോളം കൊടുത്താൽ മതി.

ഇതുമുഴുവൻ വായിച്ചുകേട്ടതിനുശേഷം ചോദ്യം ചോദിച്ചാൽ കൊള്ളാം.

In fixing the distribution, though the minimum for an individual shall depend on the available fund, the maximum shall not exceed what is just necessary in the discretion of the Government to meet the absolute living needs and proper education of such indigent minor beneficiaries grown up and necessary expenses of proper maintenance and up-keep in case of child orphans.

Such maintenance allowed shall be drawn and utilised for the minor by such person at such time and in such manner as the Government fix."

The Government may appoint a committee consisting of officials or non-officials or both belonging to the Kshatriya community for each convenient local area or division to help Government with suggestions and recommendations in the operation of the provisions under this Chapter including the proportion of the list of beneficiaries to be taken in for each period.

The committee may consider also the rules prescribed under this Regulation and their effect and may recommend suggestions for improvement, ommissions or additions therein.

The Government may prescribe necessary rules consistent with these provisions for the effective working of this Section.

മിസ്റ്റർ ആശാൻ പറഞ്ഞ പായിൻറ് ഇതിൽ വന്നിട്ടില്ലാഎന്നു തോന്നുന്നു. കമ്മററിയിൽ നിന്നും റാംസ്പ്രെയിം ചെയ്യുന്നതനുസരിച്ചു കൊടുക്കാൻ സൌകര്യം വരുമ്പോൾ കൊടുക്കണം. കുറെ സമയം കഴിഞ്ഞിട്ടേ ഫണ്ടു മതിയാകുകയുള്ളു എന്നു വരുകിൽ ഇപ്പോൾ ഫണ്ടു സ്റ്റാർട്ടു ചെയ്തു കുറെകഴിഞ്ഞുകൊടുത്തു തുടങ്ങിയാൽകൂടുതൽസൌകര്യം ഉണ്ടാകും.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): തികഞ്ഞിട്ടു കൊടുത്താൽ മതിയോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): എണ്ണം വളരെ കുറവാണ്. അതനുസരിച്ചു കൊടുത്താൽമതിയല്ലൊ.

പാർട്ടിഷൻ സംബന്ധിച്ച ക്ലാസ് വായിക്കണമെന്നു വിചാരിക്കുന്നില്ല.

പൂർണ്ണമായ അററ ആളോഹരി പാർട്ടിഷൻ ആണ് ആവശ്യപ്പെടുന്നതു്. ആവശ്യമില്ലാത്ത പക്ഷം കൊടുക്കണമെന്നു നിർബന്ധം വച്ചിട്ടില്ല. ആവശ്യമുള്ളവക്കു കൊടുക്കണം. ഈ അദ്ധ്യായം അത്യാവശ്യമാണ്. നായർ റെഗുലേഷൻ സംബന്ധിച്ചിടത്തോളം പാർട്ടിഷൻ ചില കണ്ടിഷൻസിൽ മാത്രമെയുള്ളു. ഇതിൽ ആരു് എപ്പോൾ ആവശ്യപ്പെട്ടാലും നിശ്ചയമായും പാർട്ടിഷൻ കൊടുക്കണമെന്നുള്ളതാണ് എൻെറ അഭിപ്രായം. പാർട്ടിഷനെ സംബന്ധിച്ച് ഒരു ബിൽ മിസ്റ്റർ ആശാൻ അവതരിപ്പിക്കുന്നുണ്ടു്. പൊതു വകുപ്പുകൾക്കു പുറമേ നായർ റെഗുലേഷനിലെ ഒരു വകുപ്പിനെ അമൻറു ചെയ്തുചേർക്കണമെന്നും ഉണ്ടു്. ആ തത്വം അങ്ങിനെ നായർ റെഗുലേഷനിൽ മാത്രം പോരാ. ക്ഷത്രിയ

[Mr. L. R. Raja Raja varma Koli tampuran.]

റഗുലേഷനിലും വേണ്ടതായിവരും. പാർട്ടീഷൻ ഡിമാൻറു ചെയ്യുന്നതു കോർട്ടുമുഖേനയും നോട്ടീസ് മുഖേനയും മററും പ്രത്യേകമാർഗ്ഗങ്ങൾ അദ്ദേഹം നിർദ്ദേശിച്ചിരിക്കുന്നു. നായർ റഗുലേഷനെ മാത്രം ഉദ്ദേശിച്ചാണ് മിസ്റ്റർ ആശാൻ ഇപ്പോൾ അതു കൊണ്ടുവന്നിരിക്കുന്നതു്. അതുൾപ്പെടെ ഭാഗവ്യവസ്ഥ ക്ഷത്രിയ ബില്ലിലും കൊണ്ടുവരണം.

ഇത്രയും സംഗതികൾ പുതുതായി സിലക്ട്കമ്മിററിയുടെ ആലോചനയ്ക്കു വിഷയീഭവിക്കേണ്ടതാണ്. ഈ അഭിപ്രായങ്ങളൊക്കെ കൊണ്ടുവന്നതു പിന്നീടു തടസ്സംവരരുതു് എന്നുവച്ചാണ്. ബില്ലിൻെറ സെക്കൻറ് റീഡിംഗിൽ അമൻറുമെൻറു മൂവ് ചെയ്യണമെന്നു വിചാരിച്ചാൽ തടയരുതെന്നുദ്ദേശിച്ചാണ് ഇത്രയും ക്ലാസുകൾ സിലക്ട്കമ്മിററിയിൽ ആലോചിക്കാൻ ഇവിടെ കൊണ്ടുവന്നതു്.

DEPUTY PRESIDENT: ഇത്രയും സംഗതികൾ വരുമെന്ന് ആരും ഗ്യാറൻറിചെയ്കയില്ല.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): അതുതന്നെയാണു പറയാൻപോകുന്നതു്. ഇത്രയും സംഗതികൾ സിലക്ട്കമ്മിററിയിൽ ആലോചനയ്ക്കു വരണമെന്നല്ലാതെ ഇത്രയും പാസാക്കണമെന്നു പറയുന്നതിൽ വിശേഷാൽ അർത്ഥമില്ല. ബിൽ സിലക്ട്കമ്മിററിയിൽ ആലോചനയ്ക്കു ശരിയായി വേണ്ടതെല്ലാം എടുത്താൽ മൈനാറിട്ടി മരുമക്കത്തായികളായിയുള്ളവർക്ക് ഓരോവർഗ്ഗത്തിനും പ്രത്യേകം പ്രത്യേകം ബിൽ ഉണ്ടാക്കേണ്ടയാവശ്യമില്ല.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): ഈ രണ്ടു ബില്ലും കൂട്ടിച്ചേർത്താൽ ക്ഷത്രിയരെ മാത്രമല്ലേ ബാധിക്കുകയുള്ളു?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): അതിനെപ്പററി പിന്നീടു പറയാൻപോകുന്നു. ക്ഷത്രിയബിൽ എന്നുള്ള പേർമാററി ഇതിനെ വൈഡൻചെയ്യാം. നമ്പൂതിരിബിൽ, മലയാളബ്രാഹ്മണബിൽ എന്നാണ് പാസായതു്. അതിനാൽ പേർ മാററുന്നതുകൊണ്ടു തരക്കേടില്ല. അതു ചെയ്യുന്നതി(നു) സിലക്ട്കമ്മിററിക്ക് അവകാശമുണ്ടു്. രണ്ടു ബിൽവരുന്നതു പലപ്രകാരത്തിലും വലിയ ബുദ്ധിമുട്ടാണ്. ഇപ്രകാരമായാൽ പ്രത്യേകം മൈനാറിട്ടിബിൽ ഇൻട്രൊഡ്യൂസ് ചെയ്യേണ്ട യാതൊരാവശ്യവുമില്ല. ക്ഷത്രിയബില്ലിനെപ്പററി ആലോചിച്ചുവരവേ ഒരു മൈനാറിട്ടിബിൽ ആയി രൂപാന്തരപ്പെടുത്തേണ്ടിവന്നപ്പോൾ ഇതിലുൾപ്പെട്ട സാമന്തർമുതലായവരുമായി ആലോചിക്കുകയും പല ക്ലാസുകളെപ്പററിയും അവർ അഭിപ്രായ

പറയുകയും ചെയ്തിട്ടുണ്ട്. പലരും ഈ ക്ലാസുകളെ സമ്മതിക്കുന്നുണ്ട്. പ്രസിദ്ധംചെയ്ത മൈനാറിട്ടി മരുമക്കത്തായം ബിൽ തത്വം സമ്മതിക്കുന്നു എന്ന് പലരും ഒപ്പിട്ട ഒരു ഹർജി കഴിഞ്ഞ നിയമസഭയിൽ കൊടുത്തിട്ടുണ്ട്.

DEPUTY PRESIDENT: ഇനി അഞ്ചുമിനിട്ടേയുള്ളു.

MR. L. R. RAJA RAJA VARMA KOIL TAMPURAN *Changanachery* cum *Peermade)* : അതുകൊണ്ട് ഈ സംഗതികൾകൂടി സിലക്ട്കമ്മിററിയുടെ ആലോചനയ്ക്കു തുല്യപ്രധാനമായി വിഷയീഭവിക്കണമെന്നു മാത്രമെ പറയുവാനുള്ളു. പലപുസ്തകങ്ങളും റഗുലേഷനും നോക്കിയശേഷം ഒന്നൊ രണ്ടൊ വാക്കുകൾക്കു മാററംചെയ്യുന്നു എങ്കിൽ അതു് ഒരു നഷ്ടമായി ഞാൻ വിചാരിക്കുന്നില്ല. ഇത്രയും ഭേദഗതിയോടെ ഈ ക്ഷത്രിയ ബില്ലിനെ അനുകൂലിച്ചുകൊള്ളുന്നു.

DEPUTY PRESIDENT : If you withdraw your Bill, Mr. Raja Raja Varma, we can authorise the Select Committee to go into the observations made by you and incorporate them in the draft Bill itself. Are you for that proposition?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): സിലകററ്കമ്മിററിയിൽ ഈ സംഗതികളെപ്പററി കൂടെ പര്യാലോചിച്ചു തീരുമാനം ചെയ്താൽമതി.

DEPUTY PRESIDENT : The Kshatriya Bill is presented for the consideration of the House by Mr. Revati Nal Rama Varma Raja. The provisions in the draft Bill submitted by Mr. Raja Raja Varma in several respects agree with the provisions of the Bill that we are discussing and in some cases go beyond the provisions. As he himself pointed out, there is no necessity for having these two Bills for consideration by two distinct Select Committee s which may probably find it difficult to arrive at a satisfactory solution. In view of the assurance given by Mr. Raja Raja Varma, that he won't move his Bill, if the Select Committee appointed to revise the Kshatriya Bill be empowered to take up for consideration the observations that he now made, relating to the Minority Marumakkatayam Bill and if the Select Committee is empowered to take evidence and consider the provisions of this Bill as detailed by him, he does not propose to move that Bill. I think it is open to the House to empower the Select Committee later on when referring this Bill for consideration, to consider the observations made by Mr. Raja Raja Varma and incorporate them in this Bill. If agreeable, the Select Committee can widen the scope of the Kshatriya Bill. With these reservations, I suppose, you have no objection to the principle of the Bill being affirmed.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*) : Yes, Sir.

DEPUTY PRESIDENT: May I take it that the principle of the Bill is affirmed without prejudice to the rights of the Select Committee to go into the other questions raised by Mr. Raja Raja Varma?

The principle was affirmed.

MR. K. P. NILAKANTA PILLAI (*Chirayinkil*): We have to make certain observations.

DEPUTY PRESIDENT: I was waiting for a sufficient time. But no observations were made.

MR. K. P. NILAKANTA PILLAI (*Chirayinkil*): We thought, as soon as the President rose, that something else is going to happen.

DEPUTY PRESIDENT: My time is up. In fact this Council cannot finally dispose of it.

Mr. Madhavan, you may read the title of the Bill.

MR. C. O. MADHAVAN (*Secretary to the Legislative Council*): The Travancore Kshatriya Bill.

DEPUTY PRESIDENT: Then the next question will be, to refer the Bill to the Select Committee. I would just suggest that the House may agree to the adjournment to consider that question at another session of the Legislative Council, so that the Council which will practically deal with it may nominate its own representatives to work at the Select Committee. Because as the Standing Order runs immediately after the principle of the Bill is affirmed, the member in charge of the Bill shall move for it being referred to the Select Committee. If he does not do it, then he shall not move for its consideration before the expiry of 15 days. It would look as if we do not appear to want it. But a later Standing Order distinctly says that members of the Select Committee may be nominated by the Council simultaneously or at another sitting of the Council.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Please refer to Standing Order 33.

DEPUTY PRESIDENT: I propose to take advantage of that and get permission of the House to defer. standing order 33 reads thus:—

> "The official member in charge of the Department to which the Bill relates and the member who introduced the Bill shall be members of every Select Committee and it shall not be necessary to include their names in any motion for the appointment of a Committee".

But practically all of us cease to be members in a few days.

The House will now agree to the Bill being referred to a Select Committee. But the nomination of members for the Select Committee shall be made at a subsequent sitting. What is your objection?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): I have no objection.

MR. K. P. NILAKANTA PILLAI (*Chirayinkil*): The principle of the Bill even though affirmed, a difficulty is bound to arise. Because the House has affirmed the principle of the Bill, therefore, some other

members may happen to be members of the Select Committee. They may be debarred from raising questions which have not been raised just now. There are so many questions which have to be raised and which have been raised. At least we wanted to raise those questions at the Select Committee which will sit over this Bill which may or may not consider them. There is no guarantee to the effect that the mover of the Bill, Mr. Raja may continue to be a member. If the mover goes out, some one will take up the Bill. But that does not necessitate Mr. Raja to be a member of the Select Committee and that Select Committee is not bound to go on the considerations on which Mr. Koiltampuran moved the Bill.

DEPUTY PRESIDENT: He does not move his Bill.

MR. K. P. NILAKANTA PILLAI (*Chirayinkil*): My doubt is, whether his intention is still to move that Bill, provided the Select Committee is willing to give effect to the consideration of his Bill.

DEPUTY PRESIDENT: We will empower the Select Committee to consider his observations. If Mr. Koiltampuran withdraws the Bill, will the House agree?

MR. K. P. NILAKANTA PILLAI (*Chirayinkil*): The House will agree.

DEPUTY PRESIDENT: Mr. Koiltampuran, I suppose, you are agreeable to not moving your Bill?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): അങ്ങുംകൂടി റെഫർചെയ്യുന്നു എങ്കിൽ എനിക്കു വിരോധമില്ല.

DEPUTY PRESIDENT: So you are not moving the Bill. I said that the order of reference to the Select Committee will be to consider the observations made by you just now as well.

MR. L. R. RAJA RAJA VARMA KOIL TAMUPRAN (*Changanachery* cum *Peermade*): I am agreeable, provided, that my observations now including the other provisions of the Minority Marumakkathayam Bill are duly considered.

DEPUTY PRESIDENT; So, the principle of the Bill, I take it, is affirmed. Will you kindly withdraw your Bill, Mr. L. R. Raja Raja Varma?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): Sir, I don't move my Bill.

The House agreed to the Bill being referred to a Select Committee with power to take evidence and embody such of the provisions of the minority Marumakkathayam Bill as the Committee think proper and widen the scope of the Kshatriya Bill if they considered that course necessary. The House further agreed that the selection of members of the Committee might be made at a future sitting of the Council as per Standing Order 33.

DEPUTY PRESIDENT: Mr. Kesava Pillai, you may move your adjournment motion.

ADJOURNMENT MOTION *re* ECONOMIC DEPRESSION.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): തിരുവിതാംകൂറിലെ സാമ്പത്തികനില എത്രയും പരിതാപകരമായിക്കുന്നു എന്നുള്ള സംഗതി എല്ലാവക്കും അറിയാം. കഴിഞ്ഞ പ്രജാസഭയിൽ ദിവാൻജി അവർകളുടെ പ്രസംഗത്തിൽ സാമ്പത്തികാധഃപതനം വളരെ ഗൌരവമായിട്ടുള്ള ഒന്നാണെന്നും അതുനിമിത്തം ഉണ്ടായിട്ടുള്ള സങ്കടത്തിന്റെ നിവാരണത്തിനായി ഏതാനും സംഖ്യ അനുവദിക്കാമെന്നും സമ്മതിച്ചിട്ടുണ്ടായിരുന്നു. ആ കൂട്ടത്തിൽ ഇതിലേക്കു ഒരു നിവൃത്തിമാർഗ്ഗം കണ്ടുപിടിക്കുന്നതിനായി ഒരു കമ്മിററിരൂപീകരിക്കാമെന്നുള്ള ഒരു വാഗ്ദത്തവും ഉണ്ടായിരുന്നു. കമ്മിററിരൂപീകരിക്കുന്നതു സംബന്ധിച്ചു വേണ്ട ഏർപ്പാടുകൾ നടന്നുവരുന്നതായി സ്വല്പംമുൻപേ എനിക്കു അറിവുകിട്ടിഎന്നു വരുകിലും ദ്രുതഗതിയായി പെരുമാറേണ്ട സംഗതികളിൽ ഇതുമാതിരിയുള്ള താമസം വരുത്തുന്നതു പൊതുജനങ്ങൾക്കു വളരെ സങ്കടകരമായിട്ടുള്ള സംഗതിയാകുന്നു. ഇന്നു് കൊപ്രാ, കുരുമുളക്, കയറു മുതലായ സാമാനങ്ങൾക്കു വിലയില്ലാതെ കൃഷിക്കാർവളരെ സങ്കടം അനുഭവിച്ചുവരികയാണ്. കച്ചവടക്കാരുടെയും കഥ ഇതുതന്നെ. വ്യവസായ സംബന്ധമായി പറയുന്നപക്ഷം ഇരണിയലുള്ള പട്ടാര്യന്മാരുടെ കസവുതരങ്ങൾ വാങ്ങിക്കുന്നതിനു ആളുകൾഇല്ല. ഇതുപോലെ മററു പല തൊഴിലാളികളും കഷ്ടപ്പെടുന്നുണ്ട്. കൃഷിവായ്പവാങ്ങിച്ചവർ അതു തിരിയെ ഒടുക്കാൻ നിവൃത്തിയില്ലാതെ സങ്കടപ്പെടുന്നു. കരം കൊടുക്കാൻ നിവൃത്തിയില്ലാത്തതിനാൽ പ്രവൃത്തികാരന്മാർ ഡിമാൻറുനോട്ടീസുമുതലായ നടപടികൾനടത്തിമുരശടിവരെ എത്തിയിട്ടുണ്ട്. ഭൂസ്വത്തു കൊടുത്താലും വാങ്ങിക്കാൻ ആളില്ല. അന്യനാട്ടിലും ഉള്ള സാമ്പത്തികാധഃപതനംകൊണ്ടു സിലോൺ, എഫ്. എം. എസ്. മുതലായ സ്ഥലങ്ങളിൽ നിന്ന് ആയിരക്കണക്കായ കൂലിക്കാർആഹാരത്തിനു വകയില്ലാതെ ഇവിടെവന്നു കഷ്ടത അനുഭവിക്കുന്നു. എസ്റ്റേററുകളിൽനിന്നും കൂലിക്കാരെ പിരിച്ചുവിടുക നിമിത്തം അവരും അങ്ങും ഇങ്ങുംഅലഞ്ഞുതിരിയുന്നു. പണം കൊടുക്കാൻ നിവൃത്തിയില്ലാതെ ചിട്ടിമുൻപന്മാരും ചിററാളന്മാരും സങ്കടപ്പെടുന്നു. അഞ്ചോപത്തോ തവണകൊണ്ടു പണംകെട്ടിവയ്ക്കാമെന്ന കരാറിന്മേൽ പുതുവൽഭൂമി പതിച്ചുവാങ്ങിയിട്ടുള്ളവർ പണം ഒടുക്കാൻ വഴിയില്ലാതെ വിഷമിക്കുന്നു. ഇങ്ങനെയിരിക്കുന്ന സന്ദർഭത്തിൽ കലാൽ കുത്തകക്കാരരായ ഷാപ്പുകോൺട്രാക്ടന്മാർ, മുന്നാണ്ടു കൂടുതൽ ആദായം കിട്ടിയിട്ടുള്ളതിനാൽ ഈ ആണ്ടിലും കൂടുതൽ ആദായം കിട്ടും എന്ന് എക്സൈസ് കമ്മീഷണർഅറി

യിച്ചതിനെ ആസ്പദമാക്കി, തുകക്കൂട്ടി കൺട്രാക്ററുപിടിച്ച് ആദായം ഇല്ലാതെ വലയുന്നു.

MR. P. GOMATINAYAKAM PILLAI (*Excise Commissioner*): There was some reference about the Excise Commissioner. What is that, please?

DEPUTY PRESIDENT: Contractors expect the very same profit this year also, since the Excise Commissioner is favourable to them. That is what Mr. T. C. Kesava Pillai says.

MR. P. GOMATINYAKAM PILLAI (*Excise Commissioner*): No such promise is held out to them.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ലേലം വിളിക്കുന്ന സ്ഥലത്തു മുന്നാണ്ടത്തെ കണക്കു കെട്ടിത്തൂക്കിയിരിക്കുന്നതു് എക്സൈസ്കമ്മീഷണരുടെ ഒരു വാഗ്ദത്തമായിട്ടേ വിചാരിക്കാൻ തരമുള്ളു. ഷാപ്പു കൺട്രാക്ററന്മാർ പരമാത്ഥത്തിൽ ആശ്വാസപ്പെട്ടുവരേണ്ടവരാണെന്നു വരുകിലും അവരുടെ കാര്യത്തിൽ കൂടി ഗവണ്മെൻറിൻെറ ശ്രദ്ധ പതിയേണ്ടതാണെന്ന് അവരുടേയും പ്രതിനിധിയായി വന്നിരിക്കുന്ന ഞാൻ അറിയിച്ചുകൊള്ളുന്നു.

ഇപ്രകാരം കുഴങ്ങിയിരിക്കുന്നതായ ഈ ഘട്ടത്തിൽ ഗവണ്മെൻറു് എന്താണു ചെയ്യുന്നതു്. ഒന്നരലക്ഷം രൂപാ കൃഷിവായ്പ കൊടുത്തു ജനങ്ങളുടെ സങ്കടനിവൃത്തി വരുത്തിക്കളയാമെന്നുമാത്രം വിചാരിച്ചാൽ പോരാ. ഈ വിഷയത്തെ സംബന്ധിച്ച് ഏതാനും സംഗതികൾ ഞാൻ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളട്ടെ?

നാഞ്ചിനാടുമുതലായ സ്ഥലങ്ങളിൽ ഉള്ള തങ്ങളുടെ നിലങ്ങളിൽ നിന്നും ആദായം കിട്ടുമെന്ന വിചാരത്താൽ ചിട്ടിയാൽ ചേർന്നു പണം കൊടുക്കാൻ നിവൃത്തിയില്ലാതെ പലരുംവിഷമിക്കുന്നുണ്ടു്. അതുകൊണ്ടു് അവക്കു് ഒരാണ്ടത്തെ കരം കുറച്ചുകൊടുക്കണം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): എല്ലാ സ്ഥലത്തും കരം കുറച്ചുകൊടുക്കണൊ; അല്ല നാഞ്ചനാട്ടുമാത്രം മതിയൊ?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): തിരുവിതാംകൂർ ഒട്ടുക്കുവേണം.

DEPUTY PRESIDENT: That is remission of tax for one year. തല്ക്കാലം ഒന്നു പറഞ്ഞു എന്നേയുള്ളു. I presume, your first proposal is remission of tax for one year.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): കൃഷിവായ്പയിനത്തിൽ അനുവദിച്ചിട്ടുള്ള ഒന്നരലക്ഷം രൂപായ്ക്കു് പകരം അതു അഞ്ചുലക്ഷംരൂപായായി വർദ്ധിപ്പിക്കയും ഇൻഡസ്ട്രിയൽ ലോൺ ആയിട്ടു നാലുലക്ഷം രൂപാ അനുവദിക്കയും ചെയ്തു് ഈ സംഖ്യ എല്ലാസാധുക്കൾക്കും കിട്ടത്തക്കവണ്ണം വിതരണം ചെയ്യണം.

MR. A. S. DAMODARAN ASAN (*Mavelikara* cam *Kartikapalli*): സാധുക്കൾ വായ്പമേടിച്ചാൽ ഈടു കൊടുക്കുമൊ?

DEPUTY PRESIDENT: Agriculturists want money to raise more paddy and then will find it difficult to pay back the money.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): കൃഷിവായ്പ ഇനത്തിലുള്ള തുകയൊക്കെ കൃഷിനന്നാക്കാൻ കൊടുക്കണം.

DEPUTY PRESIDENT: That is to say, to help the agriculturists to raise more paddy and find it difficult to get it back.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): വിദേശത്തുനിന്നും കൂലിക്കാർ ധാരാളമായി വന്നുകൊണ്ടിരിക്കുന്നു.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): ഒരു സ്ഥലത്തെ മുതലുടമസ്ഥന്മാരുടെ ജാമ്യം ഉണ്ടായിരുന്നാൽ സാധുക്കൾക്കു ഗവൺമെൻറിൽനിന്നും കടം കൊടുക്കുന്നതിൽ വിരോധമുണ്ടോ?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ഒരു വിരോധവുമില്ല.

MR. N. K. KRISHNA PILLAI (*Neyyattinarka*): ഈടുകൊടുക്കണമെന്നു കൃഷിവായ്പ റഗുലേഷനിൽ നിർബന്ധം ഇല്ല എന്നറിയാമൊ?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): അറിയാം. ഇരുന്നൂറുരൂപയ്ക്കകമാണെങ്കിൽ ഈടുകൊടുക്കേണ്ട ആവശ്യം ഇല്ല.

DEPUTY PRESIDENT: There is agricultural loan; there is the industrial loan.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): കൃഷിവായ്പയിൽ തവണമുടക്കമുള്ള ആളുകൾക്കു മുടക്കം വന്നിട്ടുള്ള തവണകളെ ഒരു വായ്പയായിത്തന്നെവകവച്ചു കാലാവധികൂട്ടിക്കൊടുക്കണം.

DEPUTY PESIDENT: That is, extention of time for repayment of agricultural loans.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): നാട്ടിന്റെ നാനാഭാഗങ്ങളിലുമുള്ള പരസ്പരസഹായസംഘങ്ങൾക്കു ധാരാളം പണംഗവൺമെൻറിൽനിന്നും കൊടുത്തു് അവർമുഖാന്തിരം ജനങ്ങൾക്കു വായ്പകൊടുത്തു നാട്ടൊട്ടുക്കു പണം കൈകാര്യം ചെയ്യുന്നതിനു കൂടുതൽ സൌകര്യം ഉണ്ടാക്കിക്കൊടുക്കണം.

MR. R. RAMAN PILLAI (*Kottayam*): നികുതിമുഴുവൻ ഇളച്ചുകൊടുക്കണമെന്നും ഗവൺമെൻറിൽ നിന്നുംധാരാളം പണം വിതരണം ചെയ്യണമെന്നും ഒരേസമയത്തു് ആവശ്യപ്പെട്ടാൽ ഗവൺമെൻറിനു പണം ഉണ്ടാക്കുവാനുള്ള മററുമാർഗ്ഗമെന്താണു്?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*) : അതി ഷെപ്പററിപറയാം. അതുവരെ കറച്ചുക്ഷമിക്കണം.

തിരുവിതാംകൂറിലുള്ള വലിയ വലിയ കൺട്രാക്ററുകൾ വിദേശികൾക്കും ഏതാനും ചിലമുതലാളിമാക്കും മാത്രമാണു കൊടുത്തുവരുന്നതു്. ഈ കൺട്രാക്ററുകൾ കഴിയുന്നതും ചെറിയ ചെറിയ അംശങ്ങളാക്കി കഴിയുന്നിടത്തോളം കൂടുതൽ ആളുകൾക്കു കിട്ടത്തക്കവണ്ണം കൊടുക്കണം.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അതുകൊണ്ടു് എത്ര പേരുടെ ദാരിദ്ര്യം നീങ്ങും?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*) : ധാരാളം ആളുകളുടെ ദാരിദ്ര്യം നീങ്ങും. അതായതു് ആയിരത്തിലധികം ജനങ്ങളുടെ ദാരിദ്ര്യത്തിനു ഒരു ശമനംഉണ്ടാകും.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഇപ്പോഴത്തെക്കാൾ കൂടുതൽ ആളുകളുടെ ദാരിദ്ര്യം നീങ്ങുകില്ലേ?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*) : നീങ്ങും. ഇതിൽ കൺട്രാക്ടു് കൊടുക്കുന്നതിൽ അതുകൊടുക്കുന്ന ആൾക്കു ചില കമ്മീഷനും മററുമൊക്കെ ഉണ്ടു്. കാൺട്രാക്ടു് ഇപ്രകാരം കൊടുക്കുന്നതായിരുന്നാൽ ഈ കമ്മിഷൻ തുടങ്ങിയുള്ള അഴിമതികൾക്കു കുറവുവന്നേക്കാം.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഈവിധം ദുരാചാരം ധാരാളം നടക്കുന്നുണ്ടെന്നാണോ മെംബർ വിചാരിക്കുന്നതു്?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ഈ ചോദ്യത്തിനു ഞാൻ മറുപടി പറയുന്നപക്ഷം ഞാൻ ചിലകേസുകളിൽ പ്രതിയാകേണ്ടിവന്നേക്കും.

ചിട്ടിറഗുലേഷനിൽ ഒരുഭേദഗതിവരുത്താനുണ്ടു്. അതായതു് ആറുമാസത്തിൽ ഒരിക്കലുള്ള ചിട്ടി ഒരു കൊല്ലത്തിൽ ഒരിക്കലേ നടത്താവൂഎന്നു ഗവൺമെൻറിൽനിന്നും ഒരു നോട്ടിഫിക്കേഷൻ ഇഷ്യൂചെയ്യണം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : ചിട്ടിമാററി വയ്ക്കാൻ ചിററാളനും മുന്നാളനും അവകാശം ഇല്ലേ?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*) : ഉണ്ടു്. പക്ഷെ നടന്നില്ലെന്നും വന്നേയ്ക്കാം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : അവർക്കും സങ്കടമുണ്ടല്ലോ.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ഗവണ്മെൻറിനു അധികാരമുള്ള സ്ഥിതിക്കു ഗവണ്മെൻറിൽ നിന്നു തന്നെ ഇങ്ങനെ ചെയ്യാം.

MR. R. NILAKANTA PILLAI (*Financial Secretary to Government*): ചിട്ടിമാററിവച്ചാൽ ചിട്ടിപിടിക്കാനുള്ള ആളുകൾക്കു സങ്കടമുണ്ടാകയില്ലേ?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): കുറെ സങ്കടം ഉണ്ടാകാതെ ഒന്നും സാധിക്കയില്ലല്ലോ.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): സങ്കടപ്പെട്ട കക്ഷികൾ എല്ലാംകൂടി വിചാരിച്ചാൽ തീരുമാനിക്കാവുന്ന ഒരു സംഗതിക്കു രാജ്യം ഒട്ടുക്കു ബാധിക്കുന്ന ഒരു നിയമം ഉണ്ടാക്കണം എന്നാണോ പറയുന്നതു്?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): അങ്ങനെ തീരുമാനിക്കണം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ഇവിടെ പറയുന്ന അഭിപ്രായം ശരിയാണൊ എന്നു പരിശോധിക്കാനാണു ഞാനിതു ചോദിക്കുന്നതു്. ചിട്ടിപിടിച്ചു കടം തീക്കാമെന്നു വിചാരിക്കുന്ന ഒരാൾക്കു ഉപദ്രവം ഉണ്ടാകത്തക്കവണ്ണം ചിട്ടിമാററിവയ്ക്കണം എന്നാണൊ പറയുന്നതു്?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ചിട്ടിപിടിച്ചു ആൾക്കു തിരിയെ പണം കൊടുക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് അവരുടെ സ്ഥാവരവസ്തുക്കൾ ലേലത്തിൽപോയ്പോകും. പിടിക്കാൻ ഉദ്ദേശിക്കുന്ന ആളുകൾക്കു വല്ല കോഓപ്പറേറീവു സൊസൈററിയിൽ നിന്നോ മറേറാ പണം കടം വാങ്ങി അവരുടെ ആവശ്യം നിർവ്വഹിക്കാം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ചിട്ടിപിടിക്കാത്ത ആളുകൾ ചിട്ടി പിടിച്ചു കടം തീക്കാം എന്നു വിചാരിച്ചിരിക്കുന്ന സമയത്തു അതിലേക്കു സാധിക്കാതെ വരുമ്പോൾ അവരുടെ വസ്തുക്കളും ലേലത്തിൽ വിററുപോകയില്ലയോ?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): അവർക്കു പരസ്പരസഹായസംഘങ്ങളിൽ നിന്നും ആവശ്യത്തിനു പണം കടം വാങ്ങിക്കാം.

അതു കൊണ്ടു ചിട്ടിമാററിവയ്ക്കുന്നതിനു ഒരു ഗവണ്മെൻറുത്തരവുണ്ടാകുന്നപക്ഷം ചിട്ടി മുന്നാളനു ഇങ്ങനെ ഗവണ്മെൻറുത്തരവുള്ളതു

കൊണ്ടു ചിട്ടി നടത്താൻ സാധിക്കയില്ലെന്നു സമാധാനം പറയാൻസാധിക്കും.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ചിട്ടി മുന്നാളുന്മ ഇങ്ങനെ ഒരു സമാധാനം പറയാം എന്നല്ലാതെ ചിററാളന്മാരുടെ കടക്കാരോട് ഈ സമാധാനം പറയാൻ സാധിക്കയില്ലല്ലോ.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): ബാങ്കിങ് എൻക്വയറി കമ്മിററി റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ട്. അതിനെപ്പററി ആലോചിക്കുന്നു എന്നു് അസംബ്ലിഅഡ്രസ്സിൽ പത്താംപാരാവിൽ പറയുന്നുമുണ്ട്. സാധാരണ കമ്മിററി ഏർപ്പെടുത്തി റിപ്പോർട്ടു സമർപ്പിച്ചു കഴിഞ്ഞാൽ അതിനെപ്പററി ആലോചിച്ചു തീർച്ച ചെയ്യാൻ വളരെ കാലതാമസം നേരിടുന്നുണ്ട്. എന്നാൽ ബാങ്കിംഗ് എൻക്വയറി കമ്മിററിറിപ്പോർട്ടിൽ സാമ്പത്തികാധഃപതനത്തിൻെറ പരിഹാരത്തിനായി പല മാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നതുകൊണ്ട് ഗവൺമെൻറു് ഉടനടി അതിനെപ്പററി ആലോചിച്ചു് അതിലെ നിർദ്ദേശങ്ങൾ ജനങ്ങൾക്കു ഉപകാരപ്രദമാക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ഒരു ട്രെയിഡ് ഏജൻറിനെ നിയമിക്കണം എന്നു വളരെക്കാലമായി ഈ കൌൺസിലിൽ ശക്തിമത്തായ വാദം നടക്കുന്നുണ്ട്.

MR. R. NILAKANTA PILLAI (*Financial Secretary to Government*): ട്രെയിഡ് ഏജൻറിനെ എവിടെ എല്ലാമാണു നിയമിക്കേണ്ടതു്?

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): പ്രധാനകച്ചവടസ്ഥലങ്ങളിൽ ട്രെയിഡ് ഏജൻറിനെ നിയമിക്കുന്നപക്ഷം ജപ്പാൻ മുതലായ രാജ്യങ്ങളിൽ ഇവിടെ ഉണ്ടാകുന്ന സാമാനങ്ങളിൽ ഏതെല്ലാമാണു ചിലവാകുന്നതു് എന്നു് അറിയാൻ സാധിക്കും.

MR. R. NILAKANTA PILLAI (*Financial Secretary to Government*): ജപ്പാൻ രാജ്യത്തു ഏതെല്ലാം സാമാനങ്ങളാണു ചിലവാകുന്നതു്?

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): ഇവിടെയുള്ള പലസാധനങ്ങളും അവിടെ ധാരാളംചിലവാകും. ഇങ്ങനെ പലസാധനങ്ങളും, പലരാജ്യത്തും സമർത്ഥനായ ഒരു ട്രെയിഡ് ഏജൻറിനെ നിയമിച്ചാൽ ചിലവാക്കുവാൻ സാധിക്കുന്നതാണ്. ഒരേജൻറിനെ ഇംഗ്ലണ്ടിലും ഒരേജൻറിനെ ഇൻഡ്യയിലും നിയമിക്കുന്ന പക്ഷം അവർ അവരുടെ ജോലി അനുസരിച്ചു സബ് ഏജൻസികൾവെച്ചു നടത്തിക്കൊള്ളും. ഇവിടത്തെ സാമാനങ്ങൾ അന്യനാട്ടിലേക്കു ധാരാളം പോകുന്നുണ്ട്.

MR. R. NILAKANTA PILLAI (*Financial Secretary to Government*): ഏജൻറിനെ തിരുവനന്തപുരത്തു നിയമിച്ചാൽ പോരെ?

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): പോരാ ലണ്ടനിൽ തന്നെ വേണം. അങ്ങനെ ഒരേജൻറു ഇല്ലാത്ത ന്യൂനത ഇപ്പോഴാണ് നാം മനസ്സിലാക്കുന്നത്. അതിനാൽ ഒട്ടും താമസിക്കാതെ ഒരു ട്രെയിൻഡ് ഏജൻറിനെ നിയമിക്കണം.

MR. R. NILAKANTA PILLAI (*Financial Secretary to Government*): ഏജൻറിൻെറ ജോലി എന്തെല്ലാമാണ്?

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): നാം അയയ്ക്കുന്ന സാധനങ്ങൾക്ക് എവിടെയെല്ലാം കൂടുതൽ വില കിട്ടും എന്നു നോക്കി ശരിയായ മാർക്കററു കണ്ടുപിടിച്ച് ഇവിടെ അറിയിക്കണം. നമുക്കാവശ്യമുള്ള സാമാനങ്ങൾ എവിടെയെല്ലാം ലാഭമായി കിട്ടുമെന്ന് അന്വേഷിച്ചറിഞ്ഞു നമ്മെ അറിയിക്കണം. ഇവയൊക്കെയാണു ട്രെയിഡ് ഏജൻറിൻെറ ജോലി.

സാമ്പത്തികാധഃപതനത്തെപ്പററി പര്യാലോചിക്കാൻ ഒരു കമ്മിററി ഏർപ്പെടുത്താൻപോകുന്നു എന്നു ദിവാൻജിയുടെ അഡ്രസ്സിൽ പറഞ്ഞിരുന്നു. എന്നാൽ അങ്ങിനെ ഒരു കമ്മിററി ഏർപ്പെടുത്തുന്ന അവസരത്തിൽ അതിലെ അംഗങ്ങളായി തെക്കൻതിരുവിതാംകൂറിലുള്ള ഒന്നുരണ്ടുപേർ കൂടി ഉണ്ടായിരിക്കണമെന്നും ആ കമ്മിററി എത്രയുംവേഗത്തിൽ നിയമിക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു.

ഇതിനൊക്കെ പണം എവിടെ എന്നു ഒരു ചോദ്യം ഉണ്ടാകാം. ഇപ്പോൾ ഇവിടെ അരിതുടങ്ങിയ ഭക്ഷ്യാഹാരസാധനങ്ങളുടെ വില വളരെ കുറവാണ്. അതിനാൽ പണമുള്ളവർക്കു ചിലവു വളരെ കുറച്ചേ ആവുകയൊള്ളു. അതുകൊണ്ടു സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിൽ ൧൦൦-നു ൨൦ വീതം കുറയ്ക്കണം. റബ്ബർ എസ്റ്റേററ് മുതലായ സ്ഥലങ്ങളിൽ ശമ്പളക്കാരുടെ ശമ്പളം ൫൦ ശതമാനം കുറച്ചിട്ടുണ്ട്. അസിസ്റ്റൻറു ഇൻസ്പെക്ടർമാർ, എ. എസ്. പി. തുടങ്ങിയുള്ള ഏണിപ്പടിപോലെയുള്ള ഉദ്യോഗസ്ഥന്മാരെയെല്ലാം കുറയ്ക്കണം.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഈ ക്ഷാമകാലത്തു ഉദ്യോഗത്തിലിരിക്കുന്ന അവരെ ഒക്കെ പിരിച്ചുവിടണമെന്നാണൊ പറയുന്നത്?

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): അതെ.

ഇറിഗേഷൻ, കമ്മ്യൂണിക്കേഷൻ മുതലായ ജോലികൾ ഒഴികെ മററു മരാമത്തുജോലികൾ ധാരാളം നടത്തണം.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*).: കെട്ടിടം കെട്ടുമ്പോൾ കൂലിക്കാൎക്കു കൂടുതൽ ശമ്പളം കിട്ടുകയില്ലേ?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): കിട്ടും.

ഈ സംഗതി വേണ്ടവിധത്തിൽ ഗവൺമെന്റ് ആലോചിച്ചുവേണ്ട പരിഹാരം ഉണ്ടാക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ പ്രമേയത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. V. J. OOMMEN (*Commerce and Industry, North*): മിസ്റ്റർ കേശവപിള്ളയുടെ പ്രമേയത്തെ ഞാൻ ഹാൎദ്ദമായി പിന്താങ്ങുന്നു. ഇത്ര ഗൗരവമായ ഒരു സംഗതിയെ സംബന്ധിച്ചു കൊണ്ടുവന്നിട്ടുള്ള ഈ അഡ്ജോൺമെന്റു മോഷനെ സാധാരണ ഗവൺമെന്റു പറഞ്ഞുവരാറുള്ള മുടന്തൻ ന്യായങ്ങൾ ഒന്നും പറയാതെ സ്വീകരിച്ചതിനു പ്രസിഡന്റു അവർകൾക്കു നന്ദിപറഞ്ഞുകൊള്ളുന്നു.

DUPUTY PRESIDENT: What is your appeal to me? What is it that you want me to do as President?

MR. V. J. OOMMEN (*Commerce and Industry, North*): I am thankful to you for accepting the motion without rejecting it.

DUPUTY PRESIDENT: I am not either voting for rejection or for admission.

MR. V. J OOMMEN (*Commerce and Industry, North*): പ്രസിഡന്റവർകൾ തിരുവിതാംകൂറിലെ ഒരു പ്രധാന പൗരൻ എന്നുള്ള നിലയിലും തിരുവിതാംകൂറിലെ പ്രധാനപ്പെട്ട ബാങ്കുകാരുടെ ലീഗൽ അഡ്വൈസർ എന്നുള്ള നിലയിലും അതുകൂടാതെ യൂറോപ്യൻ തോട്ടക്കാരുടെ ലീഗൽ അഡ്വൈസർ എന്നുള്ള നിലയിലും ഇന്നത്തെ നാട്ടിന്റെ നില നല്ലവണ്ണം മനസ്സിലാക്കിയിട്ടുള്ളതുകൊണ്ടാണ് ഇന്നത്തെ അഡ്ജോൺമെന്റു മോഷൻ അനുവദിച്ചിട്ടുള്ളത്.

DEPUTY PESIDENT: no; no: It was in the proper form in my judgment.

MR. V. J. OOMMEN (*Commerce and Industry, North*): തിരുവിതാംകൂറിൽ ഉണ്ടാകുന്ന എല്ലാ സാധനങ്ങൾക്കും കഴിഞ്ഞയാണ്ടത്തേക്കാൾ വില വളരെ കുറഞ്ഞിരിക്കുന്നു. തിരുവിതാംകൂറിലെ ഒരു പ്രധാന ഉൽപന്നമായ കുരുമുളകിന് ൧൧൦൪-൧൧൦൫ ഈ ആണ്ടുകളിൽ ൫൦൦ രൂപാമുതൽ ൬൦൦ രൂപാവരെ വിലയായിരുന്നത് ഇപ്പോൾ ൧൫൦ മുതൽ ൧൬൦ രൂപാവരെ വിലയായിരിക്കുന്നു. കൊപ്രായ്ക്കു മുന്നാണ്ടുകളിൽ ൧൦൦ രൂപാ വിലയായിരുന്നത് ഇപ്പോൾ ൪൫ മുതൽ ൫൦ രൂപാ വരെ വിലയായിരിക്കുന്നു. നെല്ലിനു പറയ്ക്കു ൨൦

[Mr. V. J. Oommen.]

ചക്രം വിലയായിരുന്നതു് ഇപ്പോൾ ഒൻപതും പത്തും ചക്രം വിലയായിരിക്കുന്നു.

DEPUPTY PRESIDENT: അങ്ങിനെ വില കുറഞ്ഞുവന്നതു സാധുക്കൾക്കു രക്ഷയല്ലെ?

MR. V. J. OOMMEN (*Commerce and Industry, North*): പണം ഉണ്ടെങ്കിലല്ലെ അതു വിലയ്ക്കു വാങ്ങിക്കാൻ കഴികയുള്ളു. റബ്ബറിന്റെ വില വളരെ കുറഞ്ഞിരിക്കുന്നു. വലിയ നഷ്ടമാണു് അതുകൊണ്ടുണ്ടാകുന്നതു്.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): റബ്ബറുടെ വില എങ്ങിനെയാണു് ഇരിക്കുന്നതു്?

MR. V. J. OOMMEN (*Commerce and Industry, North*): അതിൽ അങ്ങിനെയില്ല. റബ്ബർ കൃഷിചെയ്യുന്നു എങ്കിൽ നഷ്ടപ്പെടുകയല്ലാതെ നിവൃത്തിയില്ല.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): പറങ്കിഅണ്ടിക്കു വില കൂടിയോ കുറഞ്ഞോ എന്നു മെംബർക്കു് അറിയാമൊ?

MR. V. J. OOMMEN (*Commerce and Industry, North*): അതിനെപ്പററി എനിക്കു നിശ്ചയമില്ല.

തെക്കൻകയറിനു് ൫൦ മുതൽ ൫൫ വരെ രൂപാ കണ്ടിക്കു് വിലയുണ്ടായിരുന്നതു് ഇപ്പോൾ ൪൦ മുതൽ ൩൦ രൂപാവരെ മാത്രമെ വിലയുള്ളു. ൪൦ മുതൽ ൨൦ രൂപാവരെ വിലയുണ്ടായിരുന്ന വടക്കൻ കയറിനു് (വയ്ക്കം മുതലായ സ്ഥലങ്ങളിലുള്ളതു്) ൨൦ മുതൽ ൪൦ രൂപാവരെ വിലയായിരിക്കുന്നു. ഇങ്ങിനെയുള്ള പതനത്തിൽ ഇതിനെ പരിഹരിക്കുന്നതിനു ഗവൺമെന്റു ജനപ്രതിനിധികളുമായി ആലോചിച്ചു് എന്താണു മാർഗ്ഗമെന്നു കണ്ടുപിടിക്കേണ്ടതാണു്. ഇതു ഗൌരവമേറിയ ഈ സംഗതിക്കു ഗവൺമെന്റു വേണ്ട പരിഹാരം ഉണ്ടാക്കിയില്ലെങ്കിൽ തിരുവിതാംകൂറിലെ സാധുക്കളായ പൌരന്മാരും കുടിയാന്മാരും താമസിയാതെതന്നെ പട്ടിണികിടന്നു മരിക്കേണ്ടിവരും. ഗവൺമെന്റുദ്യോഗസ്ഥന്മാർക്കു മാസംതോറും ശമ്പളം ഉള്ളതുകൊണ്ടു മററുള്ളവരെപ്പോലെ പട്ടിണി കിടന്നു മരിക്കേണ്ടിവരികയില്ല. കുടിയാന്മാർ മരിച്ചാൽപിന്നെ ആരെയാണു് ഭരിക്കുന്നതു്. ഗവൺമെന്റുദ്യോഗസ്ഥന്മാർ മാത്രം ഒടുവിൽ ശേഷിക്കും.

DEPUTY PRESIDENT: തേങ്ങായ്ക്കും നെല്ലിനും വിലകുറവുള്ളതുകൊണ്ടു കുടിയാന്മാർക്കു പട്ടിണികിടക്കേണ്ടിവരികയില്ലല്ലൊ.

MR. V. J. OOMMEN (*Commerce and Industry, North*): തേങ്ങാ യ്ക്കു മൂന്നു രൂപായാണ് ഇപ്പോഴത്തെ വില.

അവസാനത്തിൽ ഗവൺമെൻറുദ്യോഗസ്ഥന്മാർ മാത്രം ശേഷിക്ക ണമെന്ന് ആക്കും വിചാരമുണ്ടെന്നു തോന്നുന്നില്ല. പ്രജകൾ ഇല്ലാതെ ഗവൺമെൻറില്ലല്ലൊ. അതുകൊണ്ടു പ്രജകൾ വേണമെന്ന് ആഗ്രഹമു ണ്ടെങ്കിൽ നിശ്ചയമായിട്ടും ഇതിനു പ്രതിവിധിയുണ്ടാക്കണം. അതി ന് എന്താണു പ്രതിവിധി എന്നാണ് ആലോചിക്കുവാനുള്ളത്. അതിനെക്കുറിച്ചുള്ള എൻെറ അഭിപ്രായങ്ങളെ ഇവിടെ പ്രസ്താവി ക്കാം.

ഈ നിയമസഭയിൽതന്നെ, ഒരു ലാൻഡ്മാഡ്ഗേജ് ബാങ്ക് സ്ഥാപിക്കേണ്ടതിൻെറ അത്യാവശ്യകതയെപ്പററി ജനപ്രതിനിധികൾ ശക്തിയായി വാദിച്ചു.

MR. MATTHEW MURIKKAN (*Vaikam*): ഈ ഡിപ്രഷനു കാരണം അതാണൊ?

MR. V. J. OOMMEN (*Commerce and Industry, North*): അതി നു പല കാരണങ്ങളും ഉണ്ട്. അതിൻെറ പരിഹാരം പല മാർഗ്ഗങ്ങ ളിൽക്കൂടിയല്ലാതെ സാധിക്കുകയില്ല. അതിനാൽ നിവൃത്തിയുള്ള മാർഗ്ഗ ങ്ങളെ കണ്ടുപിടിക്കണം.

ലാൻറ്മാഡ്ഗേജ്ബാങ്ക് സ്ഥാപിക്കണമെന്ന് ഒരു പ്രമേയം ഈ നിയമസഭയിൽ അവതരിപ്പിക്കുകയും അതു പാസാകുകയുംചെയ്തു. ആ ബാങ്ക് എത്രയും വേഗത്തിൽ നടപ്പിൽ വരുത്തണമെന്നാണ് എൻെറ അഭിപ്രായം. അങ്ങിനെ ഒരു ബാങ്ക് സ്ഥാപിച്ച് അതിൽ നിന്നും ചെറിയ ചെറിയ സംഖ്യകൾ കഷ്ടപ്പെടുന്ന ആളുകൾക്കു കൊ ടുത്ത് അവരെ സഹായിക്കണം.

പൊതുവിൽ നോക്കുകയാണെങ്കിൽ പല സ്ഥലങ്ങളിലും കൃഷി പ്പിഴ ഉണ്ടായിട്ടുണ്ട്. ഇപ്പോൾ വിളവ് എടുത്തുകൊണ്ടിരിക്കുന്ന സമ യമാണ്. പല സ്ഥലങ്ങളിലും മട വീണു കൃഷിക്കു നഷ്ടം ഉണ്ടായി ട്ടുണ്ട്.

DEPUTY PRESIDENT: ആണ്ടുതോറും മട വീഴുകയില്ലേ?

MR. V. J. OOMMEN (*Commerce and Industry, North*): മുമ്പു മട വീണാൽ അതു് ആരും അത്ര ഗൌനിക്കാറില്ല. ഇപ്പോൾ അതു കൂടു തലായി ഉണ്ടായിട്ടുണ്ട്. സാമ്പത്തികാധഃപതനവും മട വീഴലും ഒന്നി ച്ചു വന്നിട്ടുള്ള ഈ അവസരത്തിൽ ഗവമ്മെൻറ് അക്കാര്യത്തിൽക്കൂടി

ശ്രദ്ധപതിപ്പിക്കേണ്ടതാണ്. അതുകൊണ്ടു മടവീണിട്ടുള്ള നിലങ്ങ ൾക്കു നിവൃത്തിയുണ്ടെങ്കിൽ എല്ലാ നിലങ്ങൾക്കും കരം ഇളവു ചെയ്തു കൊടുക്കണം.

കുരുമുളക്, കൊപ്രാ, കയറ് ഇവയുടെ വില മുമ്പിലത്തെക്കാൾ വളരെ കുറഞ്ഞിരിക്കുന്നു. മുമ്പിലത്തെ വില അനുസരിച്ചാണ് അവ യ്ക്കു താരിപ്പുറേററ നിശ്ചയിച്ചിരിക്കുന്നതു്. അതിനാൽ ഇപ്പോഴ ത്തെ വില അനുസരിച്ചുള്ള താരിപ്പുവില നിശ്ചയിച്ച് അങ്ങിനെയും സഹായിക്കണം.

പ്രധാനമായി ഇപ്പോഴത്തെ പതനത്തിൽ പെട്ടെന്നു ഗവണ്മെ ൻറിൽനിന്നും ചെയ്യാനുള്ളതു് എൻെറ ഒരു സ്നേഹിതൻ പറഞ്ഞതു പോലെ ൧൦൦ രൂപായിൽ കൂടുതൽ ശമ്പളമുള്ള ഗവണ്മെൻറുദ്യോഗ സ്ഥന്മാരുടെ ശമ്പളത്തിൽ നിന്നും ഒരംശം പിടിച്ചു ആ പണം ഇ പ്പോൾ കഷ്ടപ്പെട്ടു വലയുന്ന സാധുക്കളെ സഹായിക്കുന്നതിനുവേണ്ടി വിനിയോഗിക്കണം.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): അറു മുപ്പതുവീതം പിടിക്കണമോ അതിലും കൂടുതലായിവേണമൊ?

MR. V. J. OOMMEN (*Commerce and Industry, North*): നൂറും ഇരുനൂറും രൂപാ വീതം ശമ്പളം വാങ്ങിച്ചുകൊണ്ടിരിക്കുന്നവരുടെ ലക് ഷൂറിയസ് ചിലവു് ഒന്നുകുറച്ചാൽ മതി. അതിനനുസരിച്ച് ഒരു തുക പിടിക്കാവുന്നതാണ്. അതുകൊണ്ടു് അവൎക്കു വിഷമം ഉണ്ടാവുകയില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapulli*): എത്ര രൂപാവീതം പിടിച്ചാൽ അവൎക്ക് വിഷമം ഉണ്ടാകുകയില്ല?

MR. V. J. OOMMEN (*Commerce and Industry, North*): പതിന ഞ്ചു മുതൽ ൨൦ രൂപാവരെ പിടിക്കാം. അറു പത്തും പതിനഞ്ചും രൂപാ ശമ്പളംവാങ്ങുന്ന ഉദ്യോഗസ്ഥന്മാരിൽനിന്നുമല്ല. ദിവാൻജി മു തലുള്ള ഉദ്യോഗസ്ഥന്മാരിൽനിന്നും പിടിക്കണം. ഇപ്പോൾ കിട്ടുന്ന ശമ്പളത്തിൻെറ മൂന്നിൽഒന്നു തനിക്കുമതിഎന്നുപറഞ്ഞു തിരുവിതാംകൂർ ദിവാൻജി തന്നെ മാതൃകയായി ശമ്പളംകുറച്ചു കാണിച്ചുകൊടുക്കണം. പാവപ്പെട്ടയാളുകൾ ഓരോ താലൂക്കിലും എത്രയുണ്ടെന്നു കണക്കാക്കി പകുതി ഉദ്യോഗസ്ഥന്മാരും തഹശീൽദാരന്മാരും ഓരോ സ്ഥലത്തുമുള്ള ജനപ്രതിനിധികളുമായി ആലോചിച്ച്, ഗവണ്മെൻറിൽനിന്നും വേണ്ട സഹായം അവൎക്കു ചെയ്യണം. സഹായം ചെയ്യുന്നതിനുള്ള മുതലുംകൂ ടി ഗവണ്മെൻറിനുണ്ടാകണം. അതിനു വേണ്ടിയാണ് ഈ സംഗതി പറഞ്ഞിട്ടുള്ളതു്.

ഇതു കൂടാതെ അവസാനമായി പറയാനുള്ളതു് മിസ്റ്റർ കേശവപിള്ള പറഞ്ഞതുപോലെ ഒരു ട്രെയിഡ് ഏജൻറിനെ നിയമിക്കേണ്ട ആവശ്യകതയെപ്പററിയാണ്. ഇതിനു മുൻപിലത്തെ കൌൺസിലിലും ഇതിനെപ്പററി ഒരു പ്രമേയം അയച്ചിട്ടുണ്ടായിരുന്നു. അതിനു മുൻപു രണ്ടുപ്രാവശ്യം ഇതിനെപ്പററി പ്രമേയം അയച്ചിട്ടുണ്ടായിരുന്നു. ഒരു പ്രാവശ്യം ബാലററിൽ കിട്ടിയതാണ്. പക്ഷെ അതിനെ വിമർശനത്തിനെടുത്തില്ല. അക്കൌണ്ടാഫീസിൽ, ഒരു ട്രെയിഡ് ഏജൻറിൻെറ ആവശ്യം എന്താണെന്നു മിസ്റ്റർ കേശവപിള്ളയോടു ചോദിച്ചു.

MR. R. NILAKANATA PILLAI (*Financial Secretary to Government*): അതു അഭിപ്രായം അറിയാൻവേണ്ടി ചോദിച്ചതാണ്.

MR. P. S. MAHOMED (*Nominated*): ട്രെയിഡ് ഏജൻറായി ഒരാൾ മതിയോ?

MR. V. J. OOMMEN (*Commerce and Industry, North*): തല്ക്കാലത്തേക്കു ഒരാൾ മതി..

തിരുവിതാംകൂറിൽ എന്തെല്ലാം സാധനങ്ങളാണ് ഉണ്ടാകുന്നതെന്ന് വിദേശികൾക്ക് അറിയാൻ പാടില്ല. അതിനു നമ്മുടെ കൃഷിഡയറക്ടരും സെൻസസ് കമ്മീഷണരും ആയ ഡാക്ടർ കുഞ്ഞൻപിള്ളതന്നെ സാക്ഷീകരിക്കുന്നതാണ്. അദ്ദേഹം വെംബ്ലിപ്രദർശനത്തിനുപോയപ്പോൾ ഇവിടത്തെ ചില സാധനങ്ങളെ അവിടെ കൊണ്ടുപോയി പ്രദർശിപ്പിച്ചു. അങ്ങനെയുള്ള സാധനങ്ങൾ തിരുവിതാംകൂറിൽ ഉണ്ടെന്ന് അപ്പോഴാണ് വിദേശികൾക്കു മനസ്സിലായതു്. ഇവിടെയുള്ള സാമാനങ്ങൾ ഒരു ട്രെയിഡ് ഏജൻറുമുഖാന്തിരം അയക്കുകയാണെങ്കിൽ സാമാനങ്ങളുടെ വില കൂടുതൽ കുറവു നമുക്കു അറിയുന്നതിനു സൌകര്യം കിട്ടുന്നതാണ്. ഇപ്പോൾ അങ്ങനെയുള്ള സൌകര്യം ഇല്ലാത്തതുകൊണ്ടു് വിദേശികളുടെ ഇഷ്ടം അനുസരിച്ചാണ് നമ്മുടെ സാധനങ്ങൾക്കു വില കിട്ടിവരുന്നതു്. കഷ്ടപ്പെട്ടുണ്ടാക്കുന്ന ഓരോ സാമാനങ്ങളും അവർ പറയുന്ന വിലയ്ക്കു കൊടുത്തുവരുന്നു. സ്വന്തമായി ഒരു പ്രതിനിധി ഉണ്ടായിരുന്നാൽ അമേരിക്കാ, ആസ്ട്രേലിയാമുതലായ ഓരോ രാജ്യങ്ങളിലും ഉള്ള വില അറിയുന്നതിനും അതാതുസമയത്തു് വില കൂടുതൽ ഉള്ള രാജ്യത്ത് ഈ സാമാനങ്ങളെ കൊടുത്തു് കൂടുതൽ വിലക്ക് വില്ക്കുന്നതിനും സാധിക്കുന്നതാണ്.

DEPUTY PRESIDENT: So, according to you you have at present no information about the Competitive prices in other markets and therefore you have to sell your goods at the prices offered?

MR. V. J. OOMMEN (*Commerce and Industry, North*): അതു പ്രധാനപ്പെട്ട ഒന്നാണ്.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): മൈസൂർ ഗവണ്മെൻറിൽനിന്നും ഒരു ട്രെയിഡ് ഏജൻറിനെ നിയമിച്ചിട്ടുള്ളതായി അറിയാമോ?

MR. V. J. OOMMEN (*Commerce and Industry, North*): അറിയാം.

സ്റ്റേഷനറി വകയ്ക്കുള്ള സാമാനങ്ങൾ വിദേശരാജ്യങ്ങളിൽ നിന്നും ലക്ഷക്കണക്കിനു ഇവിടെ വരുത്തുന്നുണ്ട്. ഈ സാമാനങ്ങളെ ഓരോ കമ്പനിക്കാരും പറയുന്ന വിലകൊടുത്തു് വാങ്ങിച്ചുവരുന്നു. നമ്മുടെ ഒരു ഏജൻറ് അവിടെ ഉണ്ടെങ്കിൽ പല കമ്പനിക്കാരുമായി വിലയെപ്പററി നേരിട്ടു കണ്ടു സംസാരിച്ച് നല്ല സാമാനങ്ങൾ നോക്കിതിരഞ്ഞെടുക്കുന്നതിനു സാധിക്കും.

വിലയെപ്പററിയും മററും പൂർണ്ണമായ വിവരങ്ങൾ അറിഞ്ഞു് നമ്മുടെ ഗവണ്മെൻറിനെ ധരിപ്പിക്കയും സാമാനങ്ങൾ ആവശ്യമുണ്ടെന്നു ഇംഗ്ലണ്ട്, അമേരിക്ക മുതലായ രാജ്യങ്ങളിലുള്ള പത്രങ്ങളിൽ അഡ്വർട്ടൈസ്ചെയ്തു് അതിനുശേഷം കുറഞ്ഞവിലക്കു ആരു തരുമൊ ആ കമ്പനിയിൽനിന്നും സാമാനങ്ങൾ എടുക്കുന്നതായിരുന്നാൽ ഗവണ്മെൻറിനു അനേകായിരം രൂപാ ലാഭം കിട്ടുന്നതാണു.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): ഒരു ട്രേയിഡ് ഏജൻറിനെ ലണ്ടനിൽ നിയമിക്കുന്നതിന് ഒരാണ്ടിൽ എത്ര രൂപാ ചിലവുവരും?

MR. V. J. OOMMEN (*Commerce and Industry, North*): ആയിരം രൂപാ ശമ്പളമായി കൊടുക്കണം. ശമ്പളചിലവു എസ്റ്റാബ്ലിഷ്മെൻറ് ചാർജ്ജസ് എല്ലാംകൂടി ഇരുപത്തയ്യായിരം രൂപാ ഒരാണ്ടിൽ ചിലവാകും.

MR. ITTOOP ITTEECHAN (*Kunnatnad*): അങ്ങനെ ഒരാളിനെ നിയമിച്ചാൽ എന്താദായം കിട്ടും?

MR. V. J. OOMMEN (*Commerce and Industry, North*): കുറഞ്ഞു ഒരു ൧൦ ലക്ഷം രൂപായുടെ ആദായം ജനങ്ങൾക്കുണ്ടാകും.

DEPUTY PRESIDENT: ടൂവൽ ചെയ്യേണ്ടിവരികയില്ലേ?

I Suppose he must travel all over Europe and America and get at favourable markets.

MR. V. J. OOMMEN (*Commerce and Industry, North*): തൽക്കാലം ലണ്ടനിൽതന്നെ താമസിച്ചാൽ മതി. അവിടെ താമസിച്ചു സംഗതികൾ മനസ്സിലാക്കിയതിൽ പിന്നെ കൂടുതൽ ഗുണകരമാണെന്നു തോന്നുന്നു എങ്കിൽ അക്കാലത്തു് കൂടുതൽ ആളുകളെ നിയമിക്കാം.

MR. ITTOOP ITTEECHAN (*Kunnatnad*): അങ്ങനെ ചെയ്താൽ തിരുവിതാംകൂർ ഗവമ്മെൻറിന് എന്തു് ആദായം കിട്ടും?

MR. V. J. OOMMEN (*Commerce and Industry, North*): അതിനെ ക്ലിപ്തപ്പെടുത്താൻ നിവൃത്തി ഇല്ലെങ്കിലും ഇരുപത്തഞ്ചു ലക്ഷം രൂപായുടെ ഗുണം ജനങ്ങൾക്കു അതുകൊണ്ടുണ്ടാകും.

MR. R. NILAKANTA PILLAI (*Financial Secretary to Government*): ഏതു ഇനത്തിലാണ് ഇതുകിട്ടുന്നതു്?

MR. V. J. OOMMEN (*Commerce and Industry, North*) : കൊപ്രാമുതലായ സാമാനങ്ങൾ അയയ്ക്കുന്നതിൽ കൂടുതലായ വില കിട്ടും. അതുകൊണ്ടു് സാമാനങ്ങൾക്കു ധാരാളം രൂപാകിട്ടും. അതു ജനങ്ങൾക്കു ലാഭമാണു്.

MR. R. NILAKANTA PILLAI (*Financial Secretary to Government*): സാമാനങ്ങൾ അയക്കുന്നതു ഏജൻറിൻെറ പേക്കാണോ?

MR. V. J. OOMMEN (*Commerce and Industry, North*) : ഏജൻറിൻെറപേക്കയക്കാം. ഏതു സ്ഥലത്താണു് ആ സാമാനങ്ങൾക്കു ഡിമാൻറ് എന്നറിഞ്ഞു് ഏജൻറു അവയെ കൊടുക്കണം.

MR. R. NILAKANTA PILLAI (*Financial Secretary to Government*): കയറുപാ ലണ്ടനിലും ലിവർപൂളിലും ആവശ്യമുണ്ടു്. ഇതിനെ അവിടത്തെ ഏജൻറു മുഖേന അയച്ചുകൊടുക്കണമെന്നാണൊ പറയുന്നതു്?

MR. V. J. OOMMEN (*Commerce and Industry, North*) : ഏജൻറു ഈ സാമാനങ്ങളെപ്പററി അവിടത്തെ പത്രങ്ങളിൽ പരസ്യപ്പെടുത്തണം. ആക്കെങ്കിലും ആവശ്യമുണ്ടെങ്കിൽ അവർ ഏജൻറു മുഖാന്തിരം എഴുത്തു അയച്ചാൽ അവക്കു അയച്ചുകൊടുക്കണം.

DEPUTY PRESIDENT : Why don't you secure a letter of credit before you send your goods?

MR. V. J. OOMMEN (*Commerce and Industry, North*) : അങ്ങനെ സൌകര്യം ഇല്ലാത്ത ആളുകളായിരിക്കും. ഏജൻറുണ്ടായിരുന്നാൽ അവിടെ അടുത്തുള്ള ആളുകളുമായിട്ടു നേരിട്ടു കണ്ടുസംസാരിക്കുന്നതിനും സൌകര്യമുണ്ടു്.

MR. R. NILAKANTA PILLAI (*Financial Secretary to Government*): ഇതു് ബാങ്കർ മുഖേന സാധിക്കുന്നില്ലേ?

MR. V. J. OOMMEN (*Commerce and Industry, North*): ബാങ്കർമുഖേന ശരിയായി സാധിയ്ക്കയില്ല.

MR. R. NILAKANTA PILLAI (*Financial Secretary to Government*): കൊപ്രാ, കുരുമുളക് ഇവയ്ക്കു് ഏജൻറുണ്ടായിരുന്നാൽ വിലകൂട്ടികിട്ടാൻ സൌകര്യം ഉണ്ടോ?

MR. V. J. OOMMEN (*Commerce and Industry, North*): ഉണ്ടു്.

MR. R. NILAKANTA PILLAI (*Financial Secretary to Government*): ഏതുപ്രകാരത്തിലാണു് വില കൂട്ടിക്കിട്ടുന്നതു്?

MR. V. J. OOMMEN (*Commerce and Industry, North*): കൊപ്രായും കുരുമുളകും വാങ്ങുന്നതിനുള്ള ഫേംസ് ഏതെല്ലാമാണെന്നറിയുന്നതിനു അവിടെയുള്ള പത്രങ്ങളിൽ പരസ്യംചെയ്തു് അവയെ കണ്ടുപിടിച്ചു് ആ കച്ചവടക്കാരുമായി നേരിട്ടു കണ്ടുസംസാരിച്ചു് കൂടുതൽ വിലക്കു എവിടെ വില്ക്കാമെന്നു് മനസ്സിലാക്കിയാൽ നിശ്ചയമായിട്ടും കൂടുതൽ ആദായം കിട്ടും.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ഈ സംഗതികളൊക്കെ തീരുമാനിക്കുന്നതിനു ശേഷിയുള്ള ഒരു ട്രെയിഡ് ഏജൻറിനെ നിശ്ചയിക്കണം എന്നല്ലേ പറയുന്നതു്?

MR. V. J. OOMMEN (*Commerce and Industry, North*): ശേഷിമാത്രംപോരാ നല്ല വിശ്വാസ്ഥനും ആയിരിയ്ക്കണം. അതുകൂടാതെ ആ സ്ഥലങ്ങളിൽപോയി പരിചയിച്ചിട്ടുള്ള ആളും ആയിരിക്കണം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ഈ സാമാനങ്ങളൊക്കെ ഇങ്ങോട്ടുയയ്ക്കുയും അങ്ങോട്ടുയയ്ക്കുയും ചെയ്യേണ്ടതു ട്രെയിഡ് ഏജൻറിൻെറ കൃത്യമല്ലേ?

MR. V. J. OOMMEN (*Commerce and Industry, North*): അതെ.

ഈ അഭിപ്രായത്തോടുകൂടി ഈ അടിയന്തിരപ്രമേയത്തെ പിൻതാങ്ങുന്നു.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): സർ, മി. ററി. സി. കേശവപിള്ളയുടെ പ്രമേയത്തെ ആസ്പദമാക്കി എനിക്കു ചില സംഗതികൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരാനുണ്ടു്. തിരുവതാംകൂറിലെ സാമ്പത്തീകാധഃപതനം ഗവണ്മെൻറിൻെറ അടിയന്തിരശ്രദ്ധയിൽപെടണമെന്നുള്ളതാണു് ആ പ്രമേയത്തിൻെറ ഉദ്ദേശം. സാമ്പത്തീകാധഃപതനം ഇന്നു ലോകം മുഴുവനും ബാധിക്കുന്നതായ ഒരുപദ്രവമാകകൊണ്ടു് പെട്ടെന്നു ഇതിനു എന്തെങ്കിലും ഒരു പരിഹാരം ഉണ്ടാക്കുന്നതിനു ഗവണ്മെൻറിനു കഴിയുമോ എന്നൊരു സംശയം പ്രാരംഭ

ത്തിൽ ജനിച്ചേയ്ക്കാം. എന്നിരുന്നാലും തിരുവിതാംകൂറിലെ ജനങ്ങൾക്കു അതു നിമിത്തം എത്രമാത്രം ഉപദ്രവം ഉണ്ടാകുന്നുണ്ടെന്നു ചിന്തിക്കേണ്ടതു് ഏറ്റവും ആവശ്യമാണല്ലോ.

കഴിഞ്ഞ കക്ക്ടകത്തിൽ ബഡ്ജറ്റു് നിരൂപണം നടന്നപ്പോൾ തന്നെ താല്ക്കാലികമായിരിക്കുന്ന സാമ്പത്തികാധഃപതനംകൊണ്ടു അടുത്തവർഷത്തെ സങ്കല്പിതമായ വരവിൽ വളരെ കുറവുവരുമെന്നു പല സാമാജികന്മാരും സൂചിപ്പിക്കയുണ്ടായി. ഈ സാമ്പത്തികാധഃപതനംകൊണ്ടു് ഇത്രമാത്രം ഉപദ്രവം ഉണ്ടായിരിക്കുമെന്നു വിചാരിക്കാൻ വഴിയില്ലായിരുന്നു. അതു കഴിഞ്ഞവർഷം അല്പമാത്രമായി ഉപദ്രവം നേരിട്ടുകൊണ്ടിരുന്ന സന്ദർഭത്തിലും, ഇടക്കാലത്തു സാമാനങ്ങളുടെ വിലയിൽ ഉണ്ടായകുറവും താമസിയാതെതന്നെ അതിന്റെ വർദ്ധനവുംകൊണ്ടു് ഈ അധഃപതനം താല്ക്കാലികമായ ഒന്നായിതന്നെ തീൎന്നുകൊള്ളുന്നതു് സാധാരണയായി കാണപ്പെടുന്ന തിരുവിതാംകൂറിലെ സ്ഥിതിക്കു ഒന്നോ രണ്ടോ മാസത്തെ വരുമാനം കുറവായിരിക്കും. നമ്മുടെ ആളുകൾക്കു പരിഭ്രമത്തിനു വകയില്ല എന്നുവിചാരിച്ചു തുടൎന്നു ഈ സാമ്പത്തികാധഃപതനം പിന്നെയും ജനങ്ങളെ പീഡിപ്പിച്ചുവന്നതിന്റെ ഫലമായി നാട്ടിന്റെ നാനാഭാഗത്തും ജനങ്ങൾക്കു സങ്കടവും പരിഭ്രമവും വർദ്ധിച്ചു. അതിന്റെ ഫലം കഴിഞ്ഞ ധനുമുതൽ ഗവണ്മെന്റിനു നേരിട്ടു അറിയാം. കഴിഞ്ഞ ധനുവിൽ ഇവിടത്തെ ജനങ്ങൾ അതിനായി മഹായോഗങ്ങൾകൂടി അവർ പല തരത്തിൽ വലയുകയാണു്; അതുകൊണ്ടു ഗവണ്മെന്റിൽനിന്നും സഹായിക്കണം എന്നെല്ലാം നിശ്ചയങ്ങൾ ചെയ്തും, അവരുടെ പ്രതിനിധികൾ മുഖേനയും ഗവണ്മെന്റിനെ അറിയിക്കാൻതുടങ്ങി.

മീനച്ചലിൽ ഒരു മഹായോഗംകൂടി നിശ്ചയംചെയ്തു, ഈ സാമ്പത്തികാധഃപതനത്തിനു പരിഹാരമുണ്ടാക്കാൻ പല നിർദ്ദേശങ്ങളും സമർപ്പിക്കയുണ്ടായി. ഞാൻമൂലം അതു നടത്തിയതുകൊണ്ടു എനിക്കതിനെപ്പറ്റി അറിയാം. അതു ഗവണ്മെന്റിനു കിട്ടി എന്നു് അറിയുന്നതിനുള്ള ഒരു കടലാസുപോലും ആളുകൾക്കു ലഭിക്കുന്നതിനു ഇടയായില്ല. ജനങ്ങൾ സങ്കടപ്പെട്ടു വലയുന്നു എന്നു പറയുന്നതു് ഗവണ്മെന്റു നേരംപോക്കായി വിചാരിച്ചു. അബ്കാരിവകയിൽ വരവു കുറയുമെന്നു എക്സൈസ് കമ്മീഷണർ പറഞ്ഞപ്പോൾ ജനങ്ങളുടെ ആവശ്യത്തിനായി ചിലവുചെയ്യാനായി ബഡ്ജറ്റിൽ ചേൎത്തിരുന്ന ഒരു വലിയ സംഖ്യ

[Mr. A. C. Kuriakose.]

ചിലവുചെയ്യാൻ പാടില്ലെന്നു ഗവണ്മെൻറു തടസ്ഥംചെയ്തു. അബ്കാരിവകയ്ക്കു കൊടുക്കാൻ ജനങ്ങൾക്കു നിവൃത്തിയില്ലാതെയിരുന്നതുകൊണ്ടു്, അവർക്കു ശരിയായി നടക്കാനും, അവരുടെ സുഖസൌകര്യങ്ങൾ വർദ്ധിക്കാനും പൊതുജനങ്ങളുടെ മുമ്പിൽ സമ്മതിച്ച പ്രമാണപടി അനുവദിച്ചിട്ടുള്ള വേലകൾ നടത്തുന്നതിനുള്ള പണം ബഡ്ജററിൽ കുറവുചെയ്തു.

MR. R. RAMAN PILLAI (*Kottayam*) : മദ്യപാനം കുറയുകയാണെങ്കിൽ വഴി കുറെ ചീത്തയായാലും തരക്കേടുണ്ടോ?

MR. A. C. KURIAKOSE (*Minachil cum Devicolam*): മദ്യപാനം കൂടിയിരുന്നാൽ ചീത്തവഴിയായാലും നേരേനടന്നുകൊള്ളും. മദ്യപാനം കുറയുമ്പോഴാണു് നല്ലവഴി വേണ്ടതു്.

ഇതേഅവസരത്തിൽ ജനങ്ങൾ സങ്കടം അനുഭവിക്കുന്നു, ക്ഷാമം കലശലാണു്, എന്നുപറഞ്ഞസംഗതി ഗവണ്മെൻറു കേട്ടില്ല. ഇതു് നമ്മുടെ ധർമ്മരാജ്യം ഗവണ്മെൻറിനു യോജിച്ച സംഗതിയല്ല. തിരുവിതാംകൂറിലെ പൊതുമരാമത്തു ഡിപ്പാർട്ടുമെൻറു് വമ്പിച്ച ഒരു ഡിപ്പാർട്ടുമെൻറാണു്. അതിൽ വലിയശമ്പളം പററുന്ന അനവധി സിൽബന്ധികളും ഉണ്ടു്. ഇപ്പോൾ നിലവിലിരിക്കുന്ന വേലകളുടെ സംരക്ഷണം മാത്രമാണു് ഇവരുടെ ജോലിഎങ്കിൽ അതിനു ഇത്രവളരെ ഉദ്യോഗസ്ഥന്മാരെ സംരക്ഷിക്കേണ്ട ആവശ്യമുണ്ടോ? പുതിയ വേലകൾ പ്രതിവർഷം നടത്തിക്കൊണ്ടിരിക്കയാണെങ്കിൽ ഈ ഉദ്യോഗസ്ഥന്മാരെല്ലാം വേണം. അവരുടെ ശമ്പളത്തിൽ ഒരു പൈ പോലും കുറയ്ക്കാതെ ഗവണ്മെൻറു് അവർക്കു കൊടുക്കുന്നുണ്ടു്. ഈ സ്ഥിതിക്കു് ജനങ്ങളുടെ ആവശ്യത്തിനായി ബഡ്ജററിൽ ചേർത്തിട്ടുള്ള തുക പിടിച്ചുവച്ചിട്ടുള്ളതു് ഒരു പ്രകാരത്തിലും നീതീകരിക്കാവുന്നതല്ല. എൻെറ അറിവു് ശരിയാണെങ്കിൽ, ബ്രിട്ടീഷ് ഗവണ്മെൻറു്, ക്ഷാമംവരുന്നകാലത്തു ജനങ്ങളെ സഹായിക്കാൻ അടിയന്തരമായി വേലകൾ നടത്തേണ്ടിവന്നാൽ നടത്താനുള്ള എസ്റ്റിമേററുകൾ സാങ്ഷനാക്കി വച്ചുകൊള്ളും. ഇങ്ങനെ ക്ഷാമം വരുന്നകാലങ്ങളിൽ ധാരാളം വേലക്കാരെ ഏർപ്പെടുത്തി അവർക്കു വേലകൊടുത്തു അവരെ സഹായിക്കും. ഈ വിധത്തിൽ ജനങ്ങളെ സംരക്ഷിക്കുന്നുണ്ടു. അതേ അവസരത്തിൽ ജനങ്ങളുടെ അത്യാവശ്യങ്ങൾ നിർവഹിക്കുന്നതിനു പണം സുലഭമായി ചിലവുചെയ്യുന്നുണ്ടു് എന്നുകൂടി ഞാൻ കേട്ടിട്ടുണ്ടു്.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഈ വിധത്തിൽ ചെയ്തിട്ടും ബ്രിട്ടീഷ് ഇൻഡ്യയിലും ക്ഷാമമില്ലേ?

MR. A. C. KURIAKOSE (*Minachil cum Devicolam*): ഞാൻ ഇവിടത്തെ കാര്യങ്ങൾ പറഞ്ഞകൂട്ടത്തിൽ ബ്രിട്ടീഷ് ഗവണ്മെൻറിൻെറ നയം ഇന്നതാണെന്നു പറഞ്ഞു എന്നേയൊള്ളു.

ബക്കിങ്ങ്ഹാംതോട് ഇങ്ങനെ ഒരു ക്ഷാമംവന്ന അവസരത്തിൽ വെട്ടിയതാണെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്.

ഗവണ്മെൻറിന് ക്ഷാമം നേരിട്ടപ്പോൾ തിരുവിതാംകൂറിലെ രണ്ടു് മൂന്നു് രജിസ്റ്റർ ആഫീസുകൾക്ക് നാലുമാസത്തെക്ക ചിലവാകുന്ന പണം കുറച്ചാൽ ലാഭം കിട്ടുമെല്ലോ എന്നു ഗവണ്മെൻറ് വിചാരിച്ച് അതു കുറച്ചു. ജനങ്ങൾ പത്തോ മുന്നൂറോ രൂപായ്ക്കു ആധാരം എഴുതിച്ചു രജിസ്റ്ററാക്കാൻ പത്തും ഇരുപതും മയിൽ ദൂരെ പോകണമെന്നാക്കിത്തീർത്തു. നിരുപയോഗമായവിധത്തിൽ, രാജ്യത്തു എത്രയോ ആഫീസുകൾ അലങ്കാരത്തിനായിവച്ച് അതിൽ ഏതാനുംചില ഉദ്യോഗസ്ഥന്മാരേയും നിയമിച്ചിട്ടുള്ളതായി കാണാം. എന്നാൽ അതൊന്നും കുറയ്ക്കാതെ ഒൻപതു മാസമായി വരുമാനം ശരിയായിരിക്കുന്നു എന്നു കണ്ടു് രണ്ടു് മൂന്നു് രജിസ്റ്റർ ആഫീസുകളാണ് ഗവണ്മെൻറ് കുറച്ചതു്. ഇനിയും കുറയ്ക്കാൻ പോകുന്നുണ്ടത്രെ!

പിന്നീട് പണം ലാഭമുണ്ടാക്കാൻ കണ്ടുപിടിച്ച മറെറാരുവഴി സാധുക്കളായ ആക്ടിംഗ്കാരെകുറച്ച് സ്ഥിരമായവരെ സർവീസിൽ വച്ചു കൊണ്ടിരിക്ക എന്നുള്ളതാണ്. ഇങ്ങനെ പുറത്തേയ്ക്കു പറഞ്ഞയക്കുന്നതു് എൻജിനീയർ ഡിപ്പാർട്ടുമെൻറിൽ ജോലിഇല്ലാതെയിരിക്കുന്നവരിൽ ഏതാനുംപേരെ ആകരുതോ?

MR. R. NILAKANTA PILLAI (*Financial Secretary to Government*): അവിടെയുള്ള ആക്ടിംഗ്കാരെയൊ?

MR. A. C. KURIAKOSE (*Minachil cum Devicolam*): അവിടെയുള്ള ആക്ടിംഗ്കാരെയല്ല ഞാൻ പറഞ്ഞതു്.

അവർക്കു ജോലിയില്ലാതെ ഗവണ്മെൻറ് ശമ്പളം കൊടുക്കുന്നു. ഈ ക്ഷാമകാലത്തു ഗവണ്മെൻറ് ഇങ്ങനെചെയ്യുന്നതു ന്യായമാണോ? കൂലിക്കാർക്കു വേലകിട്ടത്തക്കവണ്ണമുള്ള വേലകൾ നടക്കരുതു് എന്നു ഗവണ്മെൻറു നിശ്ചയിച്ചു. ഞാൻ ഇതൊരു കുററമായിട്ടു പറയുകയില്ല. എങ്കിലും ഗവണ്മെൻറു സ്വീകരിക്കേണ്ടനയം അതല്ല. ഈ ക്ഷാമകാ

[Mr. A. C. Kuriakose.]

ലത്തു ഗവണ്മെൻറ് പണം ചിലവുചെയ്യണം. കൂടുതൽ ഉദ്യോഗസ്ഥന്മാരെ വച്ചിട്ടായാലും ശരി, രാജ്യത്തിന്റെ നന്മയ്ക്കാവശ്യമുള്ള പണം ഉപയോഗിക്കേണ്ടവിധത്തിൽ ഉപയോഗിക്കാൻ ഗവണ്മെൻറിനു വേണമെങ്കിൽ കഴിയും.

എപ്പോഴെങ്കിലും ജനങ്ങൾക്കു സങ്കടംവരുന്നകാലത്തു വേണ്ടിവന്നാൽ ഉപയോഗിക്കുന്നതിനാണ് ഗവണ്മെൻറു ഒരു തുക നീക്കിയിരിപ്പു വച്ചിരിക്കുന്നതു എന്നു ഗവണ്മെൻറുതന്നെ പലപ്പോഴും പറഞ്ഞിട്ടുണ്ട്. ഒരു വമ്പിച്ചതുക പലിശകൂടാതെ നിക്ഷേപിച്ചിട്ടുണ്ടല്ലോ?

DEPUTY PRESIDENT: വേലയില്ലാതെ കൂലിക്കാർ ഉണ്ടെന്നാണൊ നിങ്ങൾ പറയുന്നതു്?

MR. A. C. KURIAKOSE (*Minachil* cum *Devicolam*): വേലയില്ലാത്തകൂലിക്കാരും ഉണ്ട്.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): തെക്കൻ തിരുവിതാംകൂറിലുമുണ്ടോ?

MR. A. C. KURIAKOSE (*Minachil* cum *Devicolam*): ഞാൻ സാർവ്വത്രീകമായിട്ടു നോക്കിയിട്ടില്ല. തെക്കൻ തിരുവിതാംകൂറിലെ സ്ഥിതി മെമ്പർതന്നെ അറിയാം. വടക്കൻ തിരുവിതാംകൂറിലുണ്ടെന്നു എനിക്കറിയാം. തിരുവിതാംകൂറിന്റെ പലഭാഗത്തുനിന്നും ഇവിടെ പ്രതിനിധികളുണ്ട്. ഞാൻ പറയുന്നതു തെററാണെങ്കിൽ അവർക്കു തിരുത്താം.

ഇങ്ങനെ സാർവ്വത്രികമായി ബാധിച്ചിരിക്കുന്ന ഈ സംഗതി ജനപ്രതിനിധികൾ മൂലവും ജനങ്ങളുടെ സംഘങ്ങൾ മൂലവും ഗവണ്മെൻറിനെ മനസ്സിലാക്കിയതിൽ ഗവണ്മെൻറു എന്തു ചെയ്തു? ഒന്നും ചെയ്തിട്ടില്ല. ഗവണ്മെൻറിനു കിട്ടേണ്ട ആദായത്തിൽ ഒരു പൈ പോലും ആർക്കും വിട്ടു കൊടുക്കുന്നില്ല. തീരുവയെ സംബന്ധിച്ചു പറയുകയാണെങ്കിൽ സാമാനങ്ങൾക്കു നല്ല വില ഉണ്ടായിരുന്ന കാലത്തു വാങ്ങിക്കൊണ്ടിരുന്ന തീരുവ തന്നെയാണ് വിലക്കുറവുള്ള ഇക്കാലത്തും വാങ്ങിക്കുന്നത്. ഭൂനികുതി ഇന്ന തീയതിയിൽ പിരിയണമെന്നുള്ളതു പിരിഞ്ഞില്ലെങ്കിൽ ഉടനെ ഡിമാൻറു നോട്ടീസുകൾ അയച്ചു ജനങ്ങളെക്കൂടുതൽ നഷ്ടപ്പെടുത്തുന്നു. എന്നുമാത്രമല്ല കരക്കുടിശ്ശിഖയ്ക്കായി വന്നു ലേലത്തിനുള്ള പരസ്യവും ഗസററിൽ ധാരാളം കാണുന്നുണ്ട്. ഭൂസ്വത്തുകാരായ ജനങ്ങൾ—കരം കൊടുത്തു കൊണ്ടിരിക്കുന്നവരായ ജനങ്ങൾ—തീർച്ചയായും ഇവിടം വിട്ടു പുറപ്പെട്ടു പോകയില്ലെന്നു ഗവണ്മെൻറിനറിയാം. അവർക്കു ഭൂസ്വത്തും അവർ തന്നെയും ഇരിക്കുന്നിടത്തോളംകാ

ല്ലാം അവരിൽ നിന്നും ഈടാക്കി എടുക്കാനും പ്രയാസമില്ല. നികുതി ഈടാക്കി എടുക്കണമെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടെങ്കിൽ അവരെ സഹായിക്കണം. ഗവണ്മെൻറു മൂലധനത്തിൽ നിന്നും എടുത്തെങ്കിലും അവരെ സഹായിക്കണം എന്നെല്ലാം ജനങ്ങൾ അപേക്ഷിച്ചു കൊണ്ടിരിക്കുമ്പോൾ ഗവണ്മെൻറിൽ നിന്നും നികുതി പിരിക്കുന്നതിനു നടത്തുന്ന നടപടി നിത്തിവയ്ക്കണമെന്നുള്ള നിശ്ചയത്തിൽപോലും ഗവണ്മെൻറു യാതൊന്നും ചെയ്യുന്നില്ല.

സാമ്പത്തികാധഃപതനത്തെപ്പററി പയ്യാലോചിച്ചു വേണ്ട പരിഹാരങ്ങൾ നിർദ്ദേശിക്കാൻ ഒരു കമ്മിററി ഏർപ്പെടുത്താമെന്നു പ്രജാസഭയിൽ ദിവാൻ പ്രസിഡൻറു പറഞ്ഞു.

പ്രജാസഭാ കാലത്തു പ്രജാസഭാ മെമ്പർമാരുടെ ഒരു പ്രതിനിധിസംഘം പോയപ്പോൾ ഗവണ്മെൻറു എന്തെല്ലാം ചെയ്യാമെന്നു പറഞ്ഞുവോ അതെല്ലാം, ഗവണ്മെൻറിൽ നിന്നും വലിയ സഹായം ലഭിക്കുമെന്നു ആശിച്ചു കൊണ്ടിരിക്കുന്ന ജനങ്ങൾക്കു നിരാശയ്ക്കിടവരുത്താതെ, ഉടനടി ചെയ്യണം. ഈ വിഷയത്തിൽ ഇനിയെങ്കിലും ഗവണ്മെൻറിൻെറ ശ്രദ്ധ പതിഞ്ഞുകണ്ടാൽ കൊള്ളാമെന്നാണ് എനിക്കു പറയുവാനുള്ളത്. നാട്ടിനെ നന്നാക്കി നാട്ടിലെ ജനങ്ങളെ വേണ്ടപോലെ രക്ഷിക്കയത്രേ ഒരു ഗവണ്മെൻറു ചെയ്യേണ്ടതു്. പത്തുവർഷത്തിനു മുമ്പേ എടുത്ത സെൻസസിൽ ജനസംഖ്യ ൪൦ ലക്ഷമായിരുന്നതു ഇപ്പോൾ ൫൧ ലക്ഷമായിവദ്ധിച്ചിട്ടുണ്ടെന്നുള്ളതു നിശ്ചയം. ജനസംഖ്യവദ്ധിച്ചു കൊണ്ടിരിക്കുന്നതോടുകൂടി തന്നെ പത്തുകൊല്ലത്തിനു മുമ്പും ജനങ്ങൾക്കു എന്താദായം കിട്ടിക്കൊണ്ടിരുന്നോ അതിൽനിന്നും ജനങ്ങൾ അധഃപതിച്ചു പോയിരിക്കുന്നു എന്നുകൂടി മനസ്സിലാക്കണം. ഈ രാജ്യത്തു ദാരിദ്ര്യമില്ലെന്നും, ഗവണ്മെൻറിനു പിരിഞ്ഞുകിട്ടാനുള്ള സംഖ്യ പിരിച്ചെടുക്കേണ്ട അവസരം ഇതാണെന്നും വിചാരിക്കുന്നതു തെററാണ്. ഗവണ്മെൻറു ഏതു തരത്തിൽ മുതൽ ഉണ്ടാക്കിയാലും ജനങ്ങളുടെ നന്മയിൽ ശ്രദ്ധിക്കണം.

ഓരോ ഡിവിഷനിലും പേഷ്കാർ, തഹശീൽദാർ ഇവർ മുഖാന്തിരം ഓരോ സ്ഥലത്തെ ജനപ്രതിനിധികളുമായി ആലോചിച്ചു ഓരോഡിവിഷനിലും ക്ഷാമനിവാരണാത്ഥം എന്താണ് ചെയ്യേണ്ടതെന്നു അറിയിക്കാൻ അതാതു ഉദ്യോഗസ്ഥന്മാരെ അനുശാസിക്കണം. അവരുടെ നിർദ്ദേശങ്ങൾ ഗവണ്മെൻറിൽ വന്നശേഷം ഗവണ്മെൻറു അവയെപ്പററി അവധാനപൂവം ചിന്തിക്കണം. അനന്തരം പണം ചിലവു ചെയ്യേണ്ടിവന്നാൽ ഗവണ്മെൻറു മൂലധനത്തിൽ നിന്നു എടുത്തോ അല്ലെ

[Mr. A. C. Kuriakose]

ങ്കിൽ ശക്തിയുള്ള ഗവൺമെൻറുകളിൽ നിന്നും പണം കടം വാങ്ങിയോ രാജ്യത്തെ സുഭിക്ഷമാക്കണം.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഞാനും ഈ പ്രമേയത്തെ ബലമായി പിൻതാങ്ങുന്നു. രാജ്യം ഒട്ടുക്കു വലുതായ ക്ഷാമം നേരിട്ടിരിക്കുന്ന ഈ സമയത്തിൽ ഗവൺമെൻറു ശ്രദ്ധിച്ചു ഉടനടി എന്തെങ്കിലും നിവൃത്തിമാർഗ്ഗം ഉണ്ടാക്കണം എന്നുള്ള അഭിപ്രായം ജനങ്ങളുടെയിടയിൽ നിന്നും പരക്കെ പുറപ്പെടുന്നു. കാർഷികോല്പന്നങ്ങളുടെ വിലക്കുറവു നിമിത്തം വന്നിട്ടുള്ള ക്ഷാമം പരിഹരിക്കാൻ ഗവൺമെൻറിനു എന്തു ചെയ്യാൻ സാധിക്കും. സാമ്പത്തികാധഃപതനത്തിനു ഉടനടി പരിഹാരം ഉണ്ടാക്കണമെന്നു പറയുവാൻ എളുപ്പമാണ്. അതിനെ പൂർണ്ണമായി പ്രവൃത്തിയിൽ കൊണ്ടുവരുവാൻ അസാദ്ധ്യംതന്നെ. അതു സമ്മതിക്കുകതന്നെ വേണം. എന്നാൽ എന്താണ് ഗവൺമെൻറു ചെയ്യേണ്ടതു്. ഇവിടത്തെ പരിതസ്ഥിതിക്കനുസരണമായി എന്തെങ്കിലും പരിഹാരം ഉണ്ടാക്കുവാൻ കഴിവുണ്ടോ എന്നു ഗാഢമായി ആലോചിച്ചു കഴിവുള്ളതു ചെയ്യണം. എന്നാൽ ജനങ്ങൾ ഇതുവരെ പറഞ്ഞിട്ടുള്ളതിൻെറ ഫലമായി ഒന്നും പ്രവൃത്തിച്ചില്ലെന്നുള്ളതാണ് ജനങ്ങൾക്കു ഗവൺമെൻറിനോടുള്ള സങ്കടം. ജനങ്ങളുടെ ക്ഷാമത്തെ ഇപ്പോൾ ഉടനടി പൂർണ്ണമായി പരിഹരിക്കാൻ ഗവൺമെൻറിനു സാദ്ധ്യമല്ല. എന്നാൽ കഴിവുള്ളതു് ചെയ്യുന്നതിനു സന്നദ്ധമാണെന്നു കണ്ടാൽ ജനങ്ങൾക്കു ആശ്വാസമുണ്ട്. ഈ അവസരത്തിൽ ഗവൺമെൻറിൽ നിന്നും ചെയ്യേണ്ടതായ സംഗതികൾ എന്തെല്ലാമാണെന്നു പലരും നിർദ്ദേശങ്ങൾ പറഞ്ഞു. പ്രമേയാവതാരകൻ മിസ്റ്റർ കേശവപിള്ള പല സംഗതികളും പറഞ്ഞു. ഉൽപന്നങ്ങൾക്കു വിലക്കൂടുതൽ കിട്ടുന്നതിനു ശ്രമിക്കുവാൻ ട്രെയിഡ് ഏജൻറിനെ യൂറോപ്പിലൊ മറെറാ അയക്കണമെന്നു പറഞ്ഞു. അതു അത്യാവശ്യമായ ഒരു കാര്യം തന്നെയാണ്. എന്നാൽ അതിലേക്കു വലിയ ചിലവുവരുവാൻ പാടില്ല. മാസം രണ്ടായിരത്തോളം രൂപാ അതിലേക്കു ചിലവു ചെയ്യണമെന്നു പറഞ്ഞു. അതു അധികമാണ്. അതിൽ, പകുതിയിൽ കൂടാൻപാടില്ല. ഇങ്ങിനെ ഒരാളിനെ നിയമിച്ചാൽ എവിടെയെല്ലാം നമ്മുടെ സാമാനങ്ങൾ ചിലവാകും, എന്തെല്ലാം സാമാനങ്ങൾ ചിലവാക്കാം, എന്നുള്ളതു ഏകദേശം അറിയാം. പന്ത്രണ്ടു കോടിയോളം രൂപാ ഇറക്കുമതിയും എട്ടുകോടിയോളം രൂപാ കയററുമതിയും ഉണ്ടല്ലൊ?

MR. R. NILAKANTA PILLAI (*Financial Secretary to Government*): കയറുമതി ൧൧ കോടി രൂപായും ഇറക്കുമതി ൯ കോടി രൂപായും ആണ്.

DEPUTY PRESIDENT: ഇതിലധികവും ബ്രിട്ടീഷിൻഡ്യൻ ട്രെയിഡാണൊ അതല്ല യൂറോപ്യൻ ട്രെയിഡാണൊ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ശരിയായ വിവരം അറിയാൻ കഴിവില്ല. ഇൻഡ്യയുടെ മറുഭാഗങ്ങളിൽ പോയിട്ടു യൂറോപ്പിലും അമേരിക്കയിലും പോകുന്നവയുമുണ്ട്.

MR. R. NILAKANTA PILLAI (*Financial Secretary to Government*): നൂറിനു എൺപത്തൊമ്പതും ബ്രിട്ടീഷിൻഡ്യയുമായിട്ടാണെന്നറിയാമോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഫിനാൻസ്മെമ്പർ അങ്ങനെ പറയുന്നതുകൊണ്ടു സമ്മതിക്കാം.

ഈ സാമാനങ്ങൾ ഇൻഡ്യയിൽനിന്നും പുറത്തു പോകുന്നുണ്ടോ?

MR. R. NILAKANTA PILLAI (*Financial Secretary to Goverrment*): ഉണ്ട്, അതു് ഇംഗ്ലണ്ടിലാണ്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അമേരിക്കയിലേക്കും ഉണ്ട്. നമ്മുടെ നാട്ടിലുള്ള സാധനങ്ങൾക്ക് എല്ലാരാജ്യങ്ങളിലും പ്രചാരം ഉണ്ടാക്കുവാൻ ശ്രമിക്കേണ്ടതു അത്യാവശ്യമാണ്.

MR. MATTHEW MURIKKAN (*Vaikam*): നമ്മുടെ സാമാനങ്ങളെ ബ്രിട്ടീഷിൻഡ്യയിലേക്കല്ലാതെ അന്യനാടുകളിൽഎവിടെയെങ്കിലും അയച്ചുകൂടാ എന്നുണ്ടോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അങ്ങനെ ഒന്നുംഇല്ല.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): ബ്രിട്ടീഷിൻഡ്യയിലേക്കു പോകുന്ന സാമാനങ്ങൾക്കുതന്നെ ശരിയായ വില കിട്ടുന്നുണ്ട് എന്നു നിശ്ചയമുണ്ടോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അതു നിശ്ചയമില്ല.

വലിയ കച്ചവടകേന്ദ്രങ്ങളായ ലണ്ടൻ, ന്യൂയോക്ക് മുതലായ പട്ടണങ്ങളിൽ ഏജൻറ് ഉണ്ടായിരുന്നാൽ നമ്മുടെ സാമാനങ്ങൾക്കു വിലക്കൂടുതൽകിട്ടുമെന്നു പറയുന്നതു പരീക്ഷിച്ചുനോക്കേണ്ടതാണ്.

MR. REVATI NAL RAMAVARMA RAJA (*Edavagai*): ബ്രിട്ടീഷിൻഡ്യയിൽ പോകുന്ന സാമാനങ്ങളൊക്കെ ശീമയിലാണു പോകുന്നതു എന്നറിയാമൊ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): എല്ലാം അങ്ങോട്ടു പോകുന്നില്ല എന്നാണു ഞാൻ വിചാരിക്കുന്നതു്. പാക്കുതന്നെ ഉദാഹരണം.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): നമ്മുടെ ഉല്പന്നങ്ങൾ കൂടുതൽ മാക്കററു കിട്ടുന്നതായ ഇംഗ്ലണ്ടിൽ നേരിട്ടുപോയാൽ കൂടുതൽ ലാഭം അല്ലേ കിട്ടുന്നതു്?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അതു സ്പഷ്ടമാണ്. ഇരുപതുകോടി രൂപായ്ക്കുസാമാനങ്ങൾ ഏററുമതിയുംഇറക്കുമതിയും ചെയ്യുന്നുണ്ടു്. അതിൽ അഞ്ചു്ശതമാനംവീതംകൂടുതൽ നമുക്കു ലാഭം കിട്ടുകയാണെങ്കിലും ഒരു വൻപിച്ച ആദായം രാജ്യത്തു വരുന്നതാണ് അതുകൊണ്ടു് അതിനു സൌകര്യം ഉണ്ടാക്കേണ്ടതു് അത്യാവശ്യമാണ്. നമ്മുടെ രാജ്യം പോലെയുള്ള മൈസൂരിൽ ഈ ഏർപ്പാടു നടപ്പാക്കിയിരിക്കുന്നു.

MR. R. NILAKANTA PILLAI (*Financial Secretary to Government*): മൈസൂരിൽ ചന്ദനത്തൈലം അല്ലാതെ വേറെ വല്ലതിനും മാക്കററു് ഉണ്ടാക്കാനുണ്ടോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അതല്ലാതെ മററൊന്നും ഇല്ല എന്നു പറയുവാൻ എനിക്കു സാധിക്കയില്ല.

MR. R. NILAKANTA PILLAI (*Financial Secretary to Government*): വേറെ വല്ലതുമുണ്ടോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): മൈസൂരിൽനിന്നു തടി, ആനക്കൊമ്പു്, ഏലം, തെള്ളി, കുന്തിരിക്കം മുതലായ വനംവിളവുകളെങ്കിലും പുറത്തു പോകുന്നില്ലെന്നു പറയാൻ വയ്യ.

MR. K MADHAVAN PILLAI (*Trivandrum* cum *Neduvangad*): മൈസൂരിലെ ചന്ദനത്തൈലത്തിനു കൂടുതൽവിലകിട്ടുന്നു എന്നുള്ളതു തീർച്ചയല്ലേ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അതെ. ഗവൺമെൻറിനു പണസംബന്ധമായി വലിയ വിഷമം ഉണ്ടാകാതെ ജനങ്ങളെ സഹായിക്കാൻ എന്താണുമാർഗ്ഗംഎന്നാലോചിക്കണം. അധികം അംഗങ്ങളുള്ള ഒരു കുടുംബത്തിനു ദാരിദ്ര്യം വരികയാണെങ്കിൽ കൃഷിസ്ഥലങ്ങളിൽ തരിശുകിടപ്പുള്ളവയെ കൃഷിചെയ്യിച്ചും പണം കടം കൊടുത്തിട്ടുണ്ടെങ്കിൽ അതു തിരിയെ വാങ്ങിച്ചു അതുകൊണ്ടു തൊഴിൽ ചെയ്യിച്ചും കുടുംബത്തിന്റെ ബുദ്ധിമുട്ടു പരിഹരിക്കണം. അതുപോലെ

തന്നെ രാജ്യമാകുന്ന മഹാകുടുംബത്തിന്റെ കാൎയ്യത്തിലും ഗവണ്മെന്റു ചെയ്യണം. ഒന്നരകോടിരൂപ പുറത്തുകടംകൊടുത്തിരിക്കുന്നതിനെ തിരിയെ വാങ്ങിക്കണം. രാജ്യത്തിൽ ധാരാളം സ്ഥലം കൃഷിക്കു ഉപയോഗപ്പെടുന്നതു വനമായി കിടക്കുന്നുണ്ടു്. ക്ഷാമകാലത്തു ഭക്ഷണത്തിനാണു് വിഷമമധികംവരുന്നതു്. ദീൎഘനാളു പട്ടിണികിടക്കാൻ ആൎക്കു സാധിക്കും. അതിനാൽകൃഷിക്കുപയോഗമുള്ള സ്ഥലങ്ങളെ പതിച്ചുകൊടുത്താൽ അതിൽനെൽകൃഷിയും മരച്ചീനികൃഷിയുംചെയ്തു ജനങ്ങൾ കാലക്ഷേപം ചെയ്യും. ജനസംഖ്യ വളരെ വൎദ്ധിക്കുന്നു എന്നു ഇപ്പോഴത്തെ സെൻസസ്സു വെളിവാക്കുന്നു. വൎദ്ധിച്ചുവരുന്ന ഒരു കുടുംബത്തിലെ അംഗങ്ങൾക്കു ആഹാരം ഉണ്ടാക്കിക്കൊടുക്കുന്നതിനാണല്ലൊ കുടുംബക്ഷേമത്തെ ഉദ്ദേശിക്കുന്ന നായകൻ ഒന്നാമതായി ശ്രമിക്കേണ്ടതു്. മരച്ചീനി ഈ വലിയ ക്ഷാമത്തെ വളരെ തടുത്തുകൊണ്ടിരിക്കുന്ന ഒന്നാണു്. കുരുമുളകു്, ചുക്കു്, പാക്കു്, നാളികേരം ഇവയ്ക്കെല്ലാംകൂടെ നല്ല വില ഉണ്ടായിരിക്കുമ്പോൾ ഒരു വലിയ തുക കയററുമതിയിൽനിന്നും കിട്ടിയിരുന്നു. അന്നു നെല്ലും അരിയും വാങ്ങിക്കാൻ വിഷമം ഉണ്ടായിരുന്നില്ല. ഇപ്പോൾ വില എത്രയൊ വളരെ കുറഞ്ഞിരിക്കുന്നു. അഞ്ചാറുകോടി രൂപ ഇതുനിമിത്തം കുറവുവന്നിരിക്കുന്നു. ഈ സ്ഥിതിക്കു് എങ്ങിനെ ഇറക്കുമതി സാമാനങ്ങൾ വാങ്ങുവാൻ ജനങ്ങൾ ശക്തരാകും. മരച്ചീനികൃഷിയെങ്കിലും ചെയ്തു കാലക്ഷേപം ചെയ്യാൻ തക്കവണ്ണം ജനങ്ങൾക്കു ഭൂമി നല്കണം. പുറത്തു കൊടുത്തിട്ടുള്ള കടങ്ങൾ തിരിയെ എടുത്തു ഭൂസ്വത്തു ജാമ്യബാങ്കു് സ്ഥാപിക്കണം. അങ്ങനെ ഒരു ബാങ്കു് സ്ഥാപിക്കണമെന്നു ഞാൻതന്നെ ഒരു റസല്യൂഷൻ ഇവിടെ കൊണ്ടുവരികയും സഭ പാസാക്കയും ചെയ്തിട്ടുണ്ടു്. പുറത്തുകൊടുത്തിട്ടുള്ള കടം ഉടനടി തിരിയെ കിട്ടിയില്ലെങ്കിൽ അതിനെ ജാമ്യം വച്ചു വേറെ കടം വാങ്ങിച്ചാലും മതി. ഒരു കുടുംബത്തിലെ അംഗങ്ങൾ പട്ടിണികിടക്കുമ്പോൾ ഉള്ളപണം കടംകൊടുത്തു പലിശകൊണ്ടു മേലിൽ സമ്പാദ്യം ഉണ്ടാക്കാമെന്നു വിചാരിക്കുന്നതു യുക്തമല്ല. അതുകൊണ്ടു ആദായമുള്ള തൊഴിൽ ചെയ്കയാണുവേണ്ടതു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഭൂമി പതിച്ചുകൊടുക്കയാണെങ്കിൽ തറവില കെട്ടിവയ്ക്കാൻ പണംവേണ്ടേ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): തറവില പല കൊല്ലങ്ങൾ കൊണ്ടു ഈടാക്കണം. ഗവണ്മെന്റു, കച്ചവടക്കാരെപ്പോലെ, ലാഭംമാത്രം നോക്കരുതു്. ഇപ്പോൾ അതുകൊണ്ടു ചുരുങ്ങിയതറവിലയ്ക്കു ഭൂമിപതിച്ചു കൊടുക്കണം. മൈസൂരിലും മലബാറിലും

[Mr. Tariatu Kunjitomman.]

ഉള്ള ഗവണ്മെൻറുകൾ വളരെക്കാലത്തേക്ക് കരം വേണ്ടെന്നും വളരെക്കാലം കൊണ്ടു തറവിലതന്നാൽ മതിയെന്നുമുള്ള വ്യവസ്ഥയിന്മേൽ ഭൂമിപതിച്ചുകൊടുക്കുന്നുണ്ടു്. ജനസംഖ്യ വദ്ധിച്ചുവരുന്ന തിരുവിതാംകൂറിലെ പ്രജകൾക്ക് അരഏക്കർ വീതം പോലും സ്ഥലം ആളൊന്നിന് ശരാശരിയില്ലാതിരിക്കെ രാജ്യത്തിൻെറ മൂന്നിൽ ഒരുഭാഗവും റിസർവ്വാക്കിവച്ചുകൊണ്ടിരിക്കുന്നതു ആക്ഷേപാർഹമാണ്. കൃഷിക്കാരായ ജനങ്ങൾക്കു കൃഷിചെയ്യുന്നതിനു സൌകൎയ്യം ഉണ്ടാക്കി കൊടുക്കേണ്ടതാണ്. അവരുടെ പരിശ്രമഫലമായി കിട്ടീട്ടുള്ളതും കടംകൊടുത്തിരിക്കുന്നതുമായ പണത്തിനെ തിരിയെ വാങ്ങിച്ച് ഭൂസ്വത്തുജാമ്യബാങ്കിൽസ്ഥാപിച്ച് ഉടനെ കൃഷിക്കാൎക്കു കടമായി വീതിച്ചു കൊടുക്കണം. മുൻപു പറഞ്ഞതു പോലെ ട്രെയിഡ് ഏജൻറിനെ നിയമിക്കണം. കൃഷിക്കാർക്ക് ക്ഷാമം ഉണ്ടായാൽ എല്ലാവൎക്കും വിഷമം തന്നെ. കച്ചവടക്കാൎക്കും ഡാക്ടർമാൎക്കും വക്കീലന്മാൎക്കും എല്ലാം പരക്കെ വിഷമം നേരിടും. അതുതന്നെയാണ് ഇപ്പോഴത്തെ സ്ഥിതി. കൃഷിക്കാൎക്കു പണമില്ലെങ്കിൽ ഒരു സ്ഥലത്തും പണമില്ല. ഉറവുണ്ടെങ്കിലെ ഊററിൽനിന്നും വെള്ളമൊഴുകുകയുള്ളു. അതുകൊണ്ടു കൃഷിക്കാരുടെ കാൎയ്യമാണു ഒന്നാമതായി നോക്കേണ്ടതു്. ഗവണ്മെൻറു ഇക്കാൎയ്യത്തിൽ വളരെ ശ്രദ്ധിക്കേണ്ടതായിരിക്കുന്നു. ഗ്രാമജീവിത സമ്പ്രദായം ഇവിടെ ഇല്ലാത്തതുകൊണ്ടു കൃഷിക്കാർ ഒററ ഒററയായിട്ടാണ് വീടുവച്ചു താമസിക്കുന്നതു്. പട്ടണങ്ങളിൽകൃഷിക്കാർ കുറവാണ്. പട്ടണങ്ങളിലാണു സ്കൂളുകൾ, ആസ്പത്രികൾ, റോഡുകൾ ഇവ വദ്ധിപ്പിക്കുന്നതു്. നാട്ടുംപുറം ഉപേക്ഷിച്ചതു പോലെ കിടക്കുന്നു. കൃഷിക്കാൎക്ക് മുൻപറഞ്ഞ സൗകൎയ്യങ്ങളൊന്നും ശരിയായി ഇല്ലാതിരിക്കെ ഉൽപന്നങ്ങളുടെ വിലക്കുറവു് നിമിത്തമുള്ള ആപത്തു കൂടിവന്നുചേൎന്നിരിക്കുന്നതിനാൽ ഈ അവസരത്തിലെങ്കിലും അവൎക്ക് വേണ്ടസഹായം ചെയ്യേണ്ടതു് അത്യാവശ്യമാണ്. ഉൾനാടുകളിൽ വേണ്ടറോഡുകൾ ഉണ്ടായിരുന്നെങ്കിൽ അതു് നിമിത്തം കൃഷിക്ക് രക്ഷയാകുമായിരുന്നു. ഇപ്പോൾ തുടങ്ങിട്ടുള്ളവയുടെ വേലകൾപോലും നിൎത്തിയിരിക്കുന്നു. കൃഷിക്കാരുടെ പുരയിടത്തിലുള്ള തേക്ക് തടികളെ ഈ അവസരത്തിലെങ്കിലും അവൎക്ക് വിട്ടുകൊടുക്കണം. എല്ലാരാജ്യങ്ങളിലും അതിനെ സ്ഥലമുടമസ്ഥന്മാൎക്ക് തന്നെ വിട്ടിരിക്കുകയാണ്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): തേക്കുതടിയുള്ളവർ ഇപ്പോൾ എത്രപേർഉണ്ടു്?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ഉള്ളവർക്ക് കൊടുത്താൽമതി. മിസ്റ്റർ കേശവപിള്ള പറഞ്ഞതുപോലെ കാൺട്രാക്ട് കൊടുക്കുന്നതും ചെറിയ അംശമാക്കി പലർക്കും കിട്ടത്തക്കവണ്ണം കൊടുക്കണം. അതുകൊണ്ട് ഇപ്പോഴത്തേക്കാൾ കൂടുതൽ ജനങ്ങൾക്ക് കാലക്ഷേപത്തിനു മാർഗ്ഗം കിട്ടും.

ഒരുവർഷത്തെകരം ഇളവ് ചെയ്തു കൊടുക്കണമെന്ന് ഇവിടെ ചിലർപറഞ്ഞു. അതും ഉടൻവേണ്ടതാണ്. എന്നാൽ ഓരോന്നും കൊണ്ട് ഓരോ കൂട്ടക്കാർക്കാണ് രക്ഷകിട്ടുന്നതു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): കരമുള്ളവർ രാജ്യത്തിന്റെ എല്ലാഭാഗങ്ങളിലും ഉണ്ടെന്ന് അറിയാമോ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): എല്ലാവർക്കും കരമില്ല. എന്നാൽ ക്ഷാമം എല്ലാവർക്കുംഉണ്ട്. അതുകൊണ്ട് എല്ലാവർക്കും രക്ഷവേണമെങ്കിൽ മേല്പറഞ്ഞ പലതും ചെയ്യണം. പല തരക്കാർക്കാണ് അതുകൊണ്ടു രക്ഷകിട്ടുന്നതു്. കാൺട്രാക്ട് കൊടുക്കുന്നതു് പലർക്കും കിട്ടത്തക്കവണ്ണം വ്യവസ്ഥചെയ്യണമെന്ന് മിസ്റ്റർ കേശവപിള്ളപറഞ്ഞു. എന്നാൽ അതു്കൊടുക്കുന്ന ഉദ്യോഗസ്ഥന്റെ ജാതിക്കാർക്ക് അധികപങ്കം പോകാതെ കുറഞ്ഞ റേറ്റുകാർക്ക് കിട്ടത്തക്കവണ്ണം വ്യവസ്ഥപ്പെടുത്തണം. ഈ രാജ്യവാസികൾക്ക് ഗവണ്മെൻറിന്റെ പണം ന്യായമായ ഏതു രൂപത്തിലെങ്കിലും കിട്ടത്തക്കവണ്ണം ഗവണ്മെൻറ് ശ്രദ്ധിക്കണം. കാൺട്രാക്റ്റു കഴിയുന്നതും പുറത്തുള്ളവർക്ക് കൊടുക്കരുതു്. ഞാൻഇതു് പറയുന്നതുകൊണ്ട് എനിക്ക് കാൺട്രാക്റ്റുണ്ടെന്നൊ, അതിലേക്ക് ആഗ്രഹമുണ്ടെന്നൊ ആരും തെറ്റിധരിക്കരുതു്. ഞാൻയാതൊരു ഉദ്യോഗസ്ഥന്റേയും അടുക്കൽ ആർക്കുവേണ്ടിയും കാൺട്രാക്റ്റിന് ശുപാർശ്ചെയ്തപോലും ഇതുവരെചെയ്തിട്ടില്ല. നീതിയേയും ജനക്ഷേമത്തേയും കരുതിമാത്രം പറയുന്നതാണ്. അനീതി ഏതു് കാര്യത്തിലും അനുവദിക്കത്തക്കതല്ലല്ലൊ.

ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിന്റെ ഒരു ഭാഗം കുറയ്ക്കണമെന്നിവിടെ പറഞ്ഞു. അങ്ങിനെചെയ്യുന്നതു് വലിയ കഷ്ടമല്ലെ എന്ന് തോന്നും. മുമ്പ് നൂറുരൂപാകൊണ്ട് സാധിക്കുന്ന കാര്യം ഇപ്പോൾ ൬൦ രൂപാകൊണ്ട് സാധിക്കാം. മുമ്പ് നൂറ്രൂപാകിട്ടിവന്ന ഒരു കൃഷിക്കാരന് സാധനങ്ങളുടെ വിലക്കുറവ് നിമിത്തം ഇപ്പോൾ അൻപതൊ അറുപതൊ രൂപായെകിട്ടുന്നുള്ളു. ഇതു് നിമിത്തം വലിയ വിഷമം നേരിട്ടിട്ടുണ്ട്. അവർക്കു ഒരു കൊല്ലത്തെ കരം ഇളവ് ചെയ്വാൻ ൨൫-ശതമാനം

[Mr. Tariatu Kunjitomman.]

ശമ്പളം കുറവ് ചെയ്യുന്നതു്കൊണ്ട് ദോഷമില്ല. പണത്തിന്റെ വിലക്കൂടിയതു കൊണ്ട് നൂറിന്റെ പഴയസ്ഥാനം അറുപതിനോ എഴുപതിനോ ഉണ്ട്.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*) : നൂറു രൂപായും അതിൽ കൂടുതലും ശമ്പളം ഉള്ളവരിലും കടക്കാരുണ്ടെന്നറിയാമോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : ൧൦൦൦ രൂപായുള്ളവരിലും കടക്കാർ കാണും. അതിനു പരിഹാരം ഉണ്ടാക്കുന്നതിനു സാധിക്കയില്ല. അങ്ങനെ ഉണ്ടാകുന്നതു അവരുടെ അമിതവ്യയം കൊണ്ടോ മറ്റോ ആയിരിക്കാം. അതിനാൽ നൂറുരൂപാ ഉണ്ടായിരുന്നവർക്ക് ഇപ്പോൾ എഴുപതുരൂപാ കൊണ്ട് പണ്ടത്തെപ്പോലെ കഴിയാമോ എന്നാണ് നോക്കേണ്ടതു്. ചുരുക്കമായിക്കാണുന്ന വ്യതസ്ഥമല്ല നോക്കേണ്ടതു്.

MR. V. J. OOMMEN (*Commerce and Industry, North*) : ചില രാജ്യങ്ങളിൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറച്ചുവരുന്നതായി മെമ്പർ പത്രങ്ങളിൽ വായിച്ചിട്ടുണ്ടോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): വായിച്ചിട്ടുണ്ട്. ഉദ്യോഗം എല്ലാവർഗ്ഗക്കാർക്കും കൊടുക്കണം. ചിലർക്ക് അതു് മിക്കവാറും കുത്തകയായിരിക്കുന്നു എന്നു തോന്നിപ്പോകുന്നു. അതു എല്ലാവർക്കും കിട്ടാൻ അവകാശം ഉള്ളതാണല്ലോ. കോടിരൂപയാണ് പ്രതിവർഷം ആ ഇനം. ഇതിനു എല്ലാവർഗ്ഗങ്ങൾക്കും അർഹതയുണ്ട്. ഉദ്യോഗസ്ഥന്മാരുള്ള കുടുംബങ്ങൾക്കും ആ വർഗ്ഗത്തിലുള്ളവർക്കുമാണ് മറ്റുള്ളവരെ അപേക്ഷിച്ച് ഇപ്പോൾ ക്ഷേമം. ഒരു രാഷ്ട്രം മറ്റൊരു രാഷ്ട്രത്തെ കീഴ്പ്പെടുത്തി ഭരിയ്ക്കുന്നതുപോലെതന്നെ ചില വർഗ്ഗങ്ങൾ മറ്റുവർഗ്ഗങ്ങളെ അധികാരങ്ങൾ ചെലുത്തി ഭരിക്കുന്നതു കൊണ്ടു കീഴ്പ്പെടുന്ന വർഗ്ഗങ്ങൾക്കു സാമ്പത്തികമായും വലിയ വിഷമങ്ങൾ നേരിടുന്നു.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): ശമ്പളം നെല്ലായിട്ടോ അരിയായിട്ടോ കൊടുക്കുകയാണെങ്കിൽ ഇന്നത്തെ ശമ്പളം കുറയ്ക്കണമെന്നുണ്ടോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അതു വിഷയത്തിനു യോജിച്ച പായിന്റല്ല.

DEPUTY PRESIDENT : അതിനു സംബന്ധമുണ്ടെന്നു തോന്നുന്നില്ല

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഗവണ്മെൻറിൽനിന്നും ഇക്കാര്യങ്ങളെല്ലാം ഉടനേ ശ്രദ്ധിക്കണം. ഇപ്പോഴത്തെ ഉദ്യോഗനിയമന സമ്പ്രദായം ഒരു മത തത്വത്തിനും യോജിക്കുമെന്നു തോന്നുന്നില്ല. സമഭാവന അതിൻെറ സമീപത്തുപോലുംകാണുന്നില്ല. നീതിയും സത്യവും ഒരു മതക്കാരും ഉപേക്ഷിക്കരുതല്ലോ.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): നൂറുരൂപായും കൂടുതലും പെൻഷൻ വാങ്ങിയ്ക്കുന്ന ഉദ്യോഗസ്ഥന്മാർഉണ്ട്. അതിൽനിന്നും കുറയ്ക്കണമെന്നുണ്ടോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അതു ഞാൻ പറഞ്ഞില്ല. ഞാൻ പറഞ്ഞതെല്ലാം വ്യക്തമാണ്. ഇതു സംബന്ധിച്ച് കൂടുതൽ അഭിപ്രായങ്ങളും ഉണ്ടെങ്കിൽ ചോദ്യം കൂടാതെ പറയാം.

MR. MURUVELIL PACHU PILLAI (*Shertallai*): ഉദ്യോഗവിതരണം ക്ഷാമനിവാരണത്തിനുള്ള ഒരു തല്ക്കാലപ്രതിവിധിയാണോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഒരുകോടി രൂപായാണ് ഈ ഉദ്യോഗവിതരണത്തിനുവേണ്ടി വിതരണം ചെയ്യുന്നതു്. അതിൻെറ പങ്ക് കിട്ടുന്നതു്, കിട്ടാതെയിരിക്കുന്നവരെ സംബന്ധിച്ചിടത്തോളം ക്ഷാമനിവാരണത്തിനുതകും. മുമ്പു മി. കേശവപിള്ള പറഞ്ഞതായ കാൺട്രാക്ട്, ടെയിഡ് ഏജൻറ്, ഇവയിലധികം പ്രാധാന്യം ഇതിനുണ്ട്.

MR. MURUVELIL PACHU PILLAI (*Shertallai*): ഒരു കെട്ടിടം ൫൦,൦൦൦ രൂപാക്ക് കാൺട്രാക്ട് എടുക്കുന്നു എങ്കിൽ അതിൻെറ കൂര ഒരാളിന്, ഭിത്തിഒരാളിന് ഇങ്ങനെ പ്രത്യേകം പ്രത്യേകം കാൺട്രാക്ട് കൊടുക്കണമെന്നാണോ പറയുന്നതു്?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) യുക്തിയും വിവേകവും ഒരിടത്തും ത്യജിക്കണമെന്നിവിടെ ആരും പറഞ്ഞില്ല.

MR. R. RAMAN PILLAI (*Kottayam*): സർ, സാമ്പത്തികാധഃപതനം നിമിത്തം നമ്മുടെ രാജ്യത്തിനു നേരിട്ടിരിക്കുന്നവിഷമതകളെപ്പററി എൻെറ പല മാന്യസ്നേഹിതന്മാരും സംസാരിച്ചിട്ടുള്ളതിൽ വിട്ടുപോയി എന്നു എനിക്കു തോന്നുന്ന ചില ഭാഗങ്ങളെപ്പററി സംസാരിക്കുന്നതിനായി ഞാൻ ഈ അടിയന്തിരപ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു. തിരുവിതാംകൂർ ഗവണ്മെൻറിൻെറ ഭണ്ഡാഗാരത്തെ പുഷ്ടിപ്പെടുത്തുന്നതിനു വ്യവസായിക വിഷയത്തിലും നൂതന കൃഷിസമ്പ്രദായമാർഗ്ഗങ്ങളിലും പ്രവേശിച്ച് പല വർഷങ്ങളിലായി ഒരു വലിയ സംഖ്യ നാട്ടുകാർ

[Mr. R. Raman Pillai.]

മററു പല ആളുകളിൽനിന്നും കടം വാങ്ങി മുടക്കികഴിഞ്ഞിട്ടുണ്ട്. കൃഷിയിലും വ്യവസായത്തിലും കിട്ടുന്ന ഉല്പന്നങ്ങളുടെ വില തുലോം കുറഞ്ഞുപോയി. ഇങ്ങനെ വാങ്ങിയിട്ടുള്ള പണമാകട്ടെ എണ്ണി എണ്ണി എണ്ണമായിട്ടുതന്നെ കൊടുക്കയും വേണം. ഈ കടം കൊടുത്തുതീർക്കാൻ നിവൃത്തിയില്ലാതെ പ്രധാനപ്പെട്ട കൃഷിക്കാരും വ്യവസായികളും കഷ്ടപ്പെടുന്നു. അനേകം യോഗ്യന്മാരുടെ പണം ഡിപ്പോസിററായി വാങ്ങിച്ചതു മുഴുവൻ ബാങ്കുകാർ തൊഴിലാളികൾക്കു വിതരണം ചെയ്യുപോയതുനിമിത്തം ഡിപ്പോസിററ്കാൎക്കു ആ പണം തിരികെകൊടുക്കാൻ നിവൃത്തിയില്ലാതെ ബാങ്കുകാർ ബുദ്ധിമുട്ടുന്നു. ആയിരം രണ്ടായിരം രൂപാ വിലപിടിക്കുന്ന സ്വത്തുക്കൾ സിവിൽ കോടതി മുഖാന്തിരം അഞ്ച്, പത്തു, രൂപയ്ക്കു വിററുപോകുന്നു. ഇതു തുടൎന്നുകൊണ്ടിരുന്നാൽ ഇന്നത്തെ കുബേരന്മാരെല്ലാം താമസിയാതെ കുചേലന്മാരായിപോകും. സാധുക്കളെ സംരക്ഷിക്കുന്നതിനു ശക്തിയുള്ള പ്രധാനതൊഴിലാളികൾ നശിച്ചുപോകുന്നപക്ഷം രാജ്യത്തിൻെറ നട്ടെല്ലുതന്നെ തകൎന്നുപോകുന്നതാണ് എന്നു വിചാരിക്കണം.

ഇപ്പോൾ സിവിൽകോടതികളിൽ നടത്തുന്ന വിധിനടത്തു നടപടികൾ ഒട്ടും ചില്ലറയല്ല. കഴിഞ്ഞ കൎക്കടകത്തിൽ ഞാൻ തന്നെ ഒരു വിധിനടത്തു നടപടി നടത്തി. പുള്ളിവന്ന് ആറുമാസത്തെ അവധി വേണമെന്നു പറഞ്ഞു; കൊടുത്തു പണംതന്നില്ല. വീണ്ടും നടപടിനടത്തി. അയാളുടെ ഭാൎയ്യയും കുട്ടികളും വന്ന് എൻെറ വീട്ടിലുള്ള സ്ത്രീജനങ്ങളോടു സങ്കടം പറഞ്ഞു് ഞാൻ ആ നടപടിനിൎത്തിവച്ചു. ഇപ്പോൾ ഇനി എനിക്കുതന്നെ വാറണ്ടു വരികയില്ലയോ എന്നു ഞാൻ സംശയിക്കുന്നു. രാജ്യത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി കടം വാങ്ങിയിട്ടുള്ള ആളുകളുടെ സ്വത്തു സിവിൽ കോടതിമുഖാന്തിരം വിട്ടുപോകാതിരിക്കുന്നതിനു ഗവൺമെൻറിൽനിന്നും രാജാധികാരം പ്രയോഗിച്ചായാലും വേണ്ടില്ല, ഏതാനും കാലത്തേയ്ക്കു ഒരു വ്യവസ്ഥ ഉണ്ടാക്കേണ്ടതു് അത്യാവശ്യമാണ്. ഈ ഏക സംഗതിമാത്രം ഞാൻ ഈ കൌൺസിലിൻെറ ശ്രദ്ധയിൽകൊണ്ടുവന്നു കൊള്ളുന്നു. ബാക്കിയെല്ലാം എൻെറ സ്നേഹിതന്മാർ പറഞ്ഞുകഴിഞ്ഞതിനാൽ ഞാൻ കൂടുതലായി പറയുന്നില്ല.

MR. ITTOOP ITTEECHAN (*Kunnatnad*): സർ, ഞാൻ ഈ പ്രമേയത്തെ ഹാൎദ്ദമായി പിൻതാങ്ങുന്നു. ഉല്പന്നങ്ങളുടെ വിലക്കുറവു കൊണ്ടു ഇവിടെ ക്ഷാമം വൎദ്ധിച്ചിട്ടുണ്ട് എന്നുള്ള സംഗതി എൻെറ ബഹു

റ്റു പ്രസംഗത്തിൽ വളരെ ശക്തിമത്തായി പറഞ്ഞിട്ടുണ്ടായിരുന്നു. അതിലേക്ക വേണ്ട നിവാരണമാൎഗ്ഗങ്ങളുണ്ടാകണമെന്നുള്ള എന്റെ അഭ്യൎത്ഥനയെപ്പററി ഗവണ്മെൻറു ഗൌനിച്ചില്ല. എന്റെ സ്നേഹിതന്മാർ ഇന്നിവിടെ ഇതിനെപ്പററി പല നിർദ്ദേശങ്ങളും ചെയ്തു. എന്നാൽ അവർപറഞ്ഞ ഭാഗങ്ങളൊന്നും സ്പൎശിക്കാതെ അത്യാവശ്യമായി നടത്തേണ്ട ചില സംഗതികളെപ്പററിമാത്രമേ ഞാൻ പറയുന്നൊള്ളു.

എക്സൈസ് ഡിപ്പാർട്ടുമെൻറിൽ നിന്നും രണ്ടു കൊല്ലത്തേക്കാണു അബ്കാരി കുത്തക ലേലം ചെയ്തു കൊടുക്കുന്നതു്. ഇത്തവണത്തെ കൺട്രാക്ടർമാൎക്കു അബ്കാരി കുത്തകയിൽ വലിയ നഷ്ടമുണ്ടു്. എക്സൈസ് കമ്മീഷണർ അവരൊടുക്കേണ്ട പണത്തിൽ ൨൦ ശതമാനം വീതം ഇളവു ചെയ്തു കൊടുത്തു എന്ന സംഗതി സന്തോഷസമേതം അറിയിച്ചുകൊള്ളട്ടെ. എന്നാൽ ഇപ്രകാരം ചെയ്തതു കൊണ്ടുമാത്രം കൺട്രാക്ടർമാരുടെ സങ്കടത്തിനു ഒരു പരിഹാരമാവുകയില്ല.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ഇപ്രകാരം കുറവു ചെയ്തതു തിരുവിതാംകൂർ ഒട്ടുക്കോ അതല്ല മെമ്പറുടെ ഷാപ്പിനുമാത്രമോ? (ചിരി)

MR. ITTOOP ITTEECHAN (*Kunnatnad*): തിരുവിതാംകൂർ ഒട്ടുക്കു. അല്ലാതെ മെമ്പൎക്കു ഷാപ്പില്ല.

ഇപ്പോഴ് കുറച്ചു കൊടുത്തിട്ടുള്ള ൨൦ ശതമാനം ൫൦ ശതമാനമാക്കണമെന്നാണു് എന്റെ അഭിപ്രായം.

MR. K. P. NILAKANTA PILLAI (*Chirayinkil*): അതുകൊണ്ടുള്ള ഗുണം ആൎക്കാണു്.

MR. ITTOOP ITTEECHAN (*Kunnatnad*): അങ്ങിനെ ചെയ്താൽ അടുത്ത കൊല്ലമെങ്കിലും അവൎക്കു നഷ്ടമില്ലാതിരിക്കും. ഗവണ്മെൻറിനും നഷ്ടമുണ്ടാവുകയില്ല.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): കള്ളുകുടിക്കുന്നവൎക്കല്ലേ ലാഭം.

MR. ITTOOP ITTEECHAN (*Kunnatnad*): അപ്പോഴ് പട്ടിണി കിടക്കാതെ ചിലൎക്കു ജീവിക്കാൻ സാധിക്കും.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): കൺട്രാക്ടരുടെ ഉടമ്പടിയനുസരിച്ചു ഗവണ്മെൻറിനു ചേരേണ്ട പണം കൊടുത്തില്ലെങ്കിൽ കൺട്രാക്ടരുടെ വസ്തുറിററു ഈടാകുകയില്ലേ?

MR. ITTOOP ITTEECHAN (*Kunnatnad*): ഈടാക്കും.

MR. P. S. MAHOMED (*Nominated*): കൺട്രാക്ടർമാക്കു ലാഭം ഉണ്ടായിരുന്നാലോ?

MR. ITTOOP ITTEECHAN (*Kunnatnad*): അപ്പോഠം ഗവമെൻറിനും ലാഭം കിട്ടുമെല്ലോ.

MR. A. C. KURIAKOSE (*Minachil cum Devicolam*): കൺട്രാക്ടരുടെ ലാഭത്തിനു തക്കവണ്ണം ആദായനികുതി ഈടാക്കുന്നില്ലേ?

MR. ITTOOP ITTEECHAN (*Kunnatnad*). ഈടാക്കുന്നുണ്ട്.

MR. K. P. NILAKANTA PILLAI (*Chirayinkil*): കുറഞ്ഞ റേററിനു പത്തുമ്പായിരം ഷാപ്പുകൂടി അനുവദിച്ചാൽ ജനങ്ങഠംക്കു സഹായമായിരിക്കുമോ?

MR. ITTOOP ITTEECHAN (*Kunnatnad*): ഞാൻ അതിനെപ്പററി അന്വേഷിച്ചിട്ടില്ല.

MR. A. C. KURIAKOSE (*Minachil cum Devicolam*): കള്ളുഷാപ്പു വദ്ധിപ്പിക്കണമെന്നു മെമ്പർക്കഭിപ്രായമുണ്ടോ?

MR. ITTOOP ITTEECHAN (*Kunnatnad*): എനിക്കങ്ങിനെ അഭിപ്രായമില്ല.

MR. V. CHELLAM PILLAI (*Tovala*): ഷാപ്പു കൺട്രാക്ടർമാരിൽ നിന്നും ആദായനികുതി പിരിക്കുന്നുണ്ടോ?

MR. ITTOOP ITTEECHAN (*Kunnatnad*): ആദായം കൂടുതൽകിട്ടുന്നവരുടെ അടുക്കൽ നിന്നും ഈടാക്കുന്നുണ്ട്.

MR. V. CHELLAM PILLAI (*Tovala*): കഴിഞ്ഞകൊല്ലം അങ്ങിനെആരുടെ അടുക്കൽ നിന്നെങ്കിലും ഈടാക്കിയിട്ടുണ്ടോ?

MR. ITTOOP ITTEECHAN (*Kunnatnad*): എനിക്കറിഞ്ഞുകൂടാ.

ഭൂനികുതി സംബന്ധിച്ചും നിരോധനകരം സംബന്ധിച്ചും പണം കൊടുക്കേണ്ടതിനുള്ള കാലാവധി നീട്ടികൊടുക്കണം.

MR. MURUVELIL PACHU PILLAI (*Shertallai*): ഈ ഇനത്തിൽ കൊടുത്തുപോയ പണത്തെപ്പററി എന്തു പറയുന്നു?

MR. ITTOOP ITTEECHAN (*Kunnatnad*): അതു തിരിച്ചു കിട്ടണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല.

ഇതുപോലെ ആദായനികുതി ഈടാക്കുന്നതിലും കാലദൈർഘ്യം കൊടുക്കണം. കഴിഞ്ഞ കൊല്ലത്തിൽ വലിയ നഷ്ടം വന്നിട്ടുണ്ട്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): നഷ്ടമുണ്ടെങ്കിൽ ആദായനികുതി ഈടാക്കുകയില്ലല്ലോ.

MR. ITTOOP ITTEECHAN (*Kunnatnad*): ഞാൻ ആദായനികുതി കൊടുക്കേണ്ടതായി വരുന്നവരുടെ കാര്യമാണ് പറഞ്ഞത്.

പണം സമയത്തിനു കൊടുക്കാൻ നിവൃത്തിയില്ലാതെ പല വസ്തുക്കളും ലേലനടപടിയിൽ ഇരിക്കുന്നുണ്ട്. കുറെക്കാലംകൊണ്ടു പ്രതിഫലംകൊണ്ടു കുറേശ്ശെ കുറേശ്ശെ പണംവീതം കൊടുപ്പിച്ച് ഈ ലേല നടപടിയിൽനിന്നും വസ്തുക്കൾ നീക്കംചെയ്തുകൊടുക്കണം. അല്ലെങ്കിൽ വിലയേറിയ വസ്തുക്കളെല്ലാം ചുരുങ്ങിയവിലയ്ക്കു പോയേക്കും.

DEPUTY PRESIDENT: അതിനു ഗവർമ്മെൻറു എന്തുചെയ്യണം.?

MR. ITTOOP ITTEECHAN (*Kunnatnad*): ജനങ്ങൾ ഇങ്ങനെ കഷ്ടപ്പെട്ടു വലയുമ്പോൾ ഗവർമ്മെൻറിന്റെ സർവ്വശക്തികളും പ്രയോഗിച്ചു അവരെ സഹായിക്കണം.

MR. K. P. NILAKANTA PILLAI (*Chirayinkil*): പല സംഗതികളും പറഞ്ഞല്ലോ. അതൊക്കെ എത്രകാലത്തേയ്ക്കു ഗവർമ്മെൻറിൽനിന്നു ചെയ്യണം?

MR. ITTOOP ITTEECHAN (*Kunnatnad*): ജനങ്ങൾ വളരെ കഷ്ടപ്പെട്ടുന്നുണ്ട്. ഈ സന്ദർഭത്തിൽ ഗവർമ്മെൻറു വേണ്ട സഹായം ചെയ്തില്ലെങ്കിൽ ഒടുവിൽ ഗവർമ്മെൻറും ജനങ്ങളും ഇല്ലാതെ ആയിത്തീരും. അതിനാൽ എത്രത്തോളം ജനങ്ങളെ രക്ഷിക്കാൻ ഗവർമ്മെൻറു വിചാരിക്കുന്നോ അത്രയുംകാലം ഗവർമ്മെൻറു വേണ്ടസഹായം ചെയ്തുകൊടുക്കണം.

MR. K. P. NILAKANTA PILLAI (*Chirayinkil*): ഇനിയും എത്ര കാലത്തേയ്ക്കു ഈ കഷ്ടാവസ്ഥ ഉണ്ടായിരിക്കുമെന്നു മെമ്പർക്കു പറയാമോ?

MR. ITTOOP ITTEECHAN (*Kunnatnad*): എനിക്കറിഞ്ഞുകൂടാ.

MR. K. P. NILAKANTA PILLAI (*Chirayinkil*); എന്നാൽ അറിയാവുന്നവരെക്കൊണ്ടു പറയാൻ അനുവദിക്കാമോ?

MR. ITTOOP ITTEECHAN (*Kunnatnad*): അനുവദിക്കാം.

പണം എന്നുള്ളതു് പ്രജകൾക്കു് അടിക്കാവുന്ന ഒന്നല്ല. അതില്ലാതെ ജീവിക്കാൻ നിവൃത്തിയില്ല. P. W. D. കൺട്രാക്റ്റ് ചെറിയ അംശങ്ങളാക്കി കൂടുതൽ ജനങ്ങൾക്കു കൊടുക്കണമെന്നു പലരും പറഞ്ഞു. അതു ചെയ്യേണ്ടതാണ്. ഗവർമ്മെൻറു മരാമത്തു ജോലികൾ തുടങ്ങി കൂലിക്കാർക്കു തൊഴിൽ ഉണ്ടാക്കികൊടുക്കണം. ഇതിനുപുറമേ റായൽട്ടി ഇനത്തിൽ ഗവർമ്മെൻറിൽനിന്നും അനാവധിപണം പടികൾ

[Mr. Ittoop Itteechan.]

ക്കു കൊടുക്കാറുണ്ട്. ഈ വക പണം കഴിയുന്നതുംവേഗത്തിൽ കൊടുത്തുതീർത്താൽ ജനങ്ങൾക്കു വലിയ രക്ഷയായിരിക്കും.

ഇത്രയും പ്രസ്താവിച്ചുകൊണ്ടു ഞാൻ ഈ അടിയന്തിരപ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

MR. D. C. JOSEPH (*Agastisvaram*) : Sir, in heartily supporting the adjournment motion of Mr. T. C. Kesava Pillai I want to make a few observations on the subject. This economic distress which is an all-Travancore problem is assuming alarming magnitude. So, it is the duty of those who are responsible for the safety and interest of the population to devise means and to adopt proper measures to alleviate the distress caused by such a problem. Though it has affected the whole of Travancore, it has particularly affected South Travancore, especially Nanjanad. The major portion of the population there are agriculturists.

MR. K. P. NILAKANTA PILLAI (*Chirayinkil*) : May I know whether he has thought about the various causes which led to the present economic depression ?

MR. D. C. JOSEPH (*Agastisvaram*) : That is a world question and it has affected Travancore also. There are so many causes. I am unable to mention them at present.

MR. K. P. NILAKANTA PILLAI (*Chirayinkil*) : What are the special features which affected Travancore adversely ?

MR. D. C. JOSEPH (*Agastisvaram*) : Fall in prices of copra, pepper, rubber and other articles.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*) : May I know whether there is over-production in Travancore ?

MR. D. C. JOSEPH (*Agastisvaram*) : Not at all. We are importing paddy worth more than two crores of rupees. That shows that there is no over-production.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*) : May I know whether we are producing more cocoanuts now than in years past ?

MR. D. C. JOSEPH (*Agastisvaram*) : No, not over-producing. It is only the tariff value that affects cocoanut trade.

MR. K. P. NILAKANTA PILLAI (*Chirayinkil*) : May I know whether there was famine here in Travancore in recent years ?

MR. D. C. JOSEPH (*Agastisvaram*) : There was famine.

MR. K. P. NILAKANTA PILLAI (*Chirayinkil*) : What was the nature of the famine here ?

MR. D. C. JOSEPH (*Agastisvaram*) : The market value of food stuffs and other articles was high.

Sir, if I am interrupted like this I cannot proceed.

MR. K. P. NILAKANTA PILLAI (*Chirayinkil*) : I want to elicit information. I have asked questions to several members. But I have not been able to get anything.

May I know whether there is poverty or plenty in Travancore?

MR. D. C. JOSEPH (*Agastisvaram*) : Poverty.

MR. K. P. NILAKANTA PILLAI (*Chirayinkil*) : May I know whether if there is plenty of food stuffs, where all the money is locked up?

MR. D. C. JOSEPH (*Agastisvaram*) : In the hands of money lenders and in Banks.

There are about 48 thousand acres in Nanjanad. Agriculture is the chief occupation in Nanjanad and according to the words of Mr. Vaidyalingom Pillai as President of the Banking Enquiry Committee the average debt of a family in Nanjanad is Rs. 304 and similar statements according to the situation prevailing elsewhere. This shows that economically people are very poor in Nanjanad and the price of paddy has gone down terribly.

MR. K. P. NILAKANTA PILLAI (*Chirayinkil*) : May I know when this average debt of the agriculturists of Nanjanad was ascertained? Was it when there was depression of trade?

MR. D. C. JOSEPH (*Agastisvaram*) : The information is given in the report. That is all I know.

MR. K. P. NILAKANTA PILLAI (*Chirayinkil*) : My question is whether the average debt represents the accumulation of the past years or whether it represents the debt due to the present depression of trade?

MR. D. C. JOSEPH (*Agastisvaram*) : I cannot say that. The information is in the report.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*) : Is the depression due to locking up of money in foreign countries?

MR. D. C. JOSEPH (*Agastisvaram*) ; I cannot say. I do not think. Owing to the fall in the price of paddy, it has become almost impossible to carry on paddy cultivation.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*) : May I know why the price of paddy is falling?

MR. D. C. JOSEPH (*Agastisvaram*) : There is no money in the market. Now paddy is imported from foreign countries. That is the chief cause for the fall in the price of paddy—paddy being dumped into our market.

DEPUTY PRESIDENT : If there is loss of paddy in the country the price ought to go up.

MR. D. C. JOSEPH (*Agastisvaram*) : We are not able to produce for local demand. We are importing from outside.

DEPUTY PRESIDENT : Then the price ought to go up instead of coming down.

MR. V. CHELLAM PILLAI (*Tovala*) : നെല്ലിന് മുമ്പിരുന്ന വിലയിൽ നിന്നും ഇപ്പോൾ കൂടുതലൊ കുറവൊ?

MR. D. C. JOSEPH (*Agastisvaram*) : ഇപ്പോൾ നെല്ലിന് വളരെ വിലകുറവാണ്.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Does the member want price of foreign paddy to increase or decrease?

MR. D. C. JOSEPH (*Agastisvaram*): I do not say that.

In Nanjanad paddy is sold at 5 rupees per kotta. Now owing to so many reasons the ryots there are not able to get proper yield from the field. They get only 7 or 8 kottas per acre.

MR. K. P. NILAKANTA PILLAI (*Chirayinkil*): May I know whether the yield was low in the whole of Travancore during the last harvest?

MR. D. C. JOSEPH (*Agastisvaram*): But in Nanjanad it was very poor. They got only 40 rupees per acre. We are heavily taxed. We have to pay 25 rupees per acre to Government. The balance is only 15 rupees and with that we are unable to do any cultivation on one acre of land.

MR. V. CHELLAM PILLAI (*Tovala*): ഒരേക്കർ സ്ഥലം കൃഷി ചെയ്യുന്നതിന് എത്ര രൂപാ ചിലവാക്കണം?

MR. D. C. JOSEPH (*Agastiscaram*): Approximately between 60 and 70 rupees per acre. Now according to the present rate the yield comes to only 40 rupees. At this rate all the agriculturists in Nanjanad will have to give up cultivation.

DEPUTY PRESIDENT: Suppose we go back to the days when tax was paid in kind. Do you think that would be better?

MR. D. C. JOSEPH (*Agastisvaram*): I do not think that would help to reduce our distress. We have no money. This is the situation there.

There is another disadvantage also in regard to Nagercoil. There are too many buses there. Between 2 to 3 thousand rupees is being drained out of towns every day by way of motor accessories and petrol. This is another drain which has greatly affected the people.

DEPUTY PRESIDENT: Do you want the Government to stop it?

MR. D. C. JOSEPH (*Agastisvaram*): What I say is that licenses and permits are now being given to too many cars. For instance on the main road there are between 80 to 100 cars running. There is a regular struggle for existence.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Has it not lessened the fares?

MR. D. C. JOSEPH (*Agastisvaram*): But it has materially affected the people.

MR. V. CHELLAM PILLAI (*Tovala*): Which people?

MR. D. C. JOSEPH (*Agastisvaram*): The agriculturists.

MR. L. A. BISHOP (*Commissioner of Police*): How does it affect the agriculturists?

MR. D. C. JOSEPH (*Agastisvaram*): Every day-labourer who is not able to get 4 chs. a day wants to get into a bus to go to the field He wants money for his luxury also and more is demanded from the agriculturist who is already unable to get any profit from the land. It is a real temptation. In that way the general population is affected. The department has granted too many licenses in places like Nagercoil.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*) : Is not competition advantageous to the public ?

MR. D. C. JOSEPH (*Agastisvaram*) : But it is ruinous now. There must be healthy competition.

MR. N. K. KRISHNA PILLAI (*Neyyattinkara*): Do not more people get work on account of the increase in the number of cars ?

MR. D. C. JOSEPH (*Agastisvaram*) ; Only few people. That would not help the present condition.

MR. A. THANU PILLAI (*Trivandrum*) : Sir, may I suggest that the rule of time limit be observed ? We wish to know whether the official side has anything to say.?

DEPUTY PRESIDENT : Official side has plenty to say and even before you suggested I began to observe the time limit. I want Government members to reply and I am preserving time for it.

MR. D. C. JOSEPH (*Agastisvaram*) : The Industrial Department, Co-operative Department and other departments of Government must come to the rescue of the people.

DEPUTY PRESIDENT : You want Government experts to devise ways and means to alleviate your distress ?

MR. D. C. JOSEPH (*Agastisvaram*) : With regard to Agastisvaram I want to say a word. We are now spending 16 lakhs of rupees for producing one lakh worth of salt. The situation is very serious as far as salt manufactures of Agastisvaram are concerned. Government must help them as much as possible. With these words I strongly support the motion of Mr. T. C. Kesava Pillai.

MR. K. GEORGE (*Chief Secretary to Government*) : Sir, the vehemence of the speeches made in this House to-day would convince even the most hard hearted Government that there is economic depression in the country to-day. But none of us need be reminded of the fact of the existence of economic depression now. We see it all around us. We read of it almost daily in the newspapers. So, Government are as much aware as the members here of the existence of economic depression in Travancore to-day. This however is not a condition peculiar to Travancore. We all know that the depression is universal. Now we are not in a position, even the economic experts are not in a position, to exactly understand the causes which have brought about the present state of affairs. Various opinions are given. Various theories are propounded. But no one is able to say with certainty what is the exact cause of the trouble which is affecting the world to-day. The position is this. We in Travancore as elsewhere in India and other parts of the world do not get sufficient value for our produce. That is because those who consume our articles are not in a position to pay for those articles the prices which they used to pay and that is because there is a loss of buying power in those countries. Now a deduction from that can be made. No action of ours alone could restore to us the conditions which prevailed in this country in the days when our commodities fetched attractive and remunerative prices. Conditions in the world generally have to change.

[Mr. K. George.]

Now, Sir, a great deal of heat was generated here on the question of the delay on the part of the Government.................................

MR. K. P. NILAKANTA PILLAI (*Chirayinkil*): The fire engine is near by.

MR. K. GEORGE (*Chief Secretary to Government*): The charge has been levelled against Government that they have been unmindful and indifferent to the conditions of the ryots of Travancore. My first duty is to disabuse the House of that charge. Sir, the decline in prices of our articles is recent. The prices no doubt have been falling for some time, but it is only recently that the decline became marked. The fall was noticed by Government and even before anybody began to agitate about their difficulties Government were mindful of the conditions of the people. The Dewan in his opening Address to the Assembly made distinct reference to it. He pointed out how the prices have been declining and how people are put to great difficulties on account of that. That was early in March. In his address he promised to do two things. One of them was that he would grant an additional allotment to be distributed to the poor agriculturists in the shape of agricultural loans. That was on the 2nd March 1931, and Government have already issued the necessary orders in this matter to the Head of the Revenue Department. Government have in the Budget of 1106 provided 2 lakhs of rupees for agricultural loans. They have now given in addition a lakh and a half with instructions that rupees one lakh out of it should be earmarked for distribution of loans to the poor agriculturists, the amount of each loan not to exceed rupees 200. That is intended for the poorman alone.

MR. MATTHEW MURIKKAN (*Vaikam*): May I know whether that amount is to be distributed without any security whatsover?

MR. K. GEORGE (*Chief Secretary to Government*); The law does not allow us to give loans without security.

MR. MATTHEW MURIKKAN (*Vaikam*): Then the Government cannot help the poor people.

MR. K. GEORGE (*Chief Secretary to Government*): It is for agricultural purposes that this is given. Does the House say that Government should pay over the taxpayers' money to particular individuals without any security? I believe the House will not accept such a proposition.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): May I know the amount of money that has actually been distributed out of this allotment till this day?

MR. K. GEORGE (*Chief Secretary to Government*): There has already a provision of 2 lakhs. I believe the whole of that has been exhausted.

MR. N. K. KRISHNA PILLAI (*Neyyattinkara*): Will not Government be satisfied with the surety instead of immovable property security?

MR. K. GEORGE (*Chief Secretary to Government*): That will depend upon the provisions of the Regulation.

DEPUTY PRESIDENT: It is regulated by the Statute of loan.

MR. V. CHELLAM PILLAI (*Tovala*) : കൃഷിക്കാരായ ഞങ്ങൾ കൃഷിചെയ്തുണ്ടാക്കുന്ന സാമാനങ്ങൾക്കു നല്ല വിലകിട്ടുന്നില്ലാത്തതുകൊണ്ടു ഞങ്ങൾ കഷ്ടപ്പെടുന്നു എന്നല്ലെ പറയുന്നതു്. അങ്ങിനെയിരിക്കുമ്പോൾ പണം കടംകൊടുത്തിട്ടു എന്താവശ്യമാണ് ഉള്ളതു്?

MR. K. GEORGE (*Chief Secretary to Government*): The poor agriculturists have various needs ; and their products do not sell.

MR. V. CHELLAM PILLAI (*Tovala*) : പണം കിട്ടിയാലും ഉണ്ടാകുന്ന സാമാനങ്ങൾക്കു് വില കിട്ടാതെയിരുന്നാൽ എന്തുചെയ്യും?

MR. K. GEORGE (*Chief Secretary to Government*): The only thing they now lack is money. They have everything else. They have grain ; other articles are cheap. So if they get money, it is sure to relieve the strain considerably.

MR. V. CHELLAM PILLAI (*Tovala*) : ഇപ്പോഴും നിലം വിതയ്ക്കുന്നുണ്ടു്. അതു് വിളയുന്നുമുണ്ടു്.

MR. K. GEORGE (*Chief Secretary to Government*): The agriculturists must somehow live on ; and for that they want money. In order to eke out their livelihood they must have some work to do. Mostly, the poor people work on land ; and, for that they require seed, manure, implements. All these, could be procured only if they have money. And, further the present extreme difficulty is not going to continue for ever. If the poor agriculturists are somehow helped now to tide over this critical period, they would be in a position to manage for themselves. So, even the smallest amount that they are able to get in cash now is sure to be of immense use to them.

MR. V. CHELLAM PILLAI (*Tovala*) : കൂടുതൽ വളം വാങ്ങിച്ചു് ഉപയോഗിച്ചാൽ എന്തു പ്രയോജനം?

MR. K. GEORGE (*Chief Secretary to Government*): I cannot go into that question in detail just at present. My point is that the charge of delay on the part of Government does not exist. Government have already issued orders———--

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : ആളൊന്നിനു് ൨൦൦ രൂപാവീതം കൊടുത്താൽ ഒരുലക്ഷംരൂപാ എത്രപേൎക്കു കൊടുക്കാൻ സാധിക്കും?

MR. K. GEORGE (*Chief Secretary to Government*) : It is easy for the member himself to divide 1,00,000 by 200 and find out how many would be able to benefit by the grant.

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : തിരുവിതാംകൂറിലെ ൫൦൦൦ പേൎക്കു് രക്ഷയുണ്ടായിക്കഴിഞ്ഞാൽ മറ്റെല്ലാപേൎക്കും രക്ഷയുണ്ടായി എന്നു വിചാരിക്കാമൊ?

MR. K. GEORGE (*Chief Secretary to Government*): ൨൦൦ രൂപാ എന്നു പറഞ്ഞിരിക്കുന്നതു് കൊടുക്കാമെന്നുദ്ദേശിക്കുന്ന തുകയുടെ ഏറ്റവും കൂടിയ സംഖ്യയാണു്. അതിൽ കുറച്ചുംകൊടുക്കാം.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): ൨൦൦ രൂപായിൽ കൂടാതെയുള്ള തുക സാധുക്കൾക്കു് കൊടുക്കണമെന്നാണൊ ഉദ്ദേശിക്കുന്നതു്?

MR. K. GEORGE (*Chief Secretary to Government*): A sum of Rs. 50,000 has also been allotted as extra grant to supplement the original two lakhs allotted for ordinary agricultural loans.

MR. K. P. NILAKANTA PILLAI (*Chirayinkil*): May I know whether any concessional terms have been offered in regard to the repayment of the loans now given?

MR. K. GEORGE (*Chief Secretary to Government*): The terms of repayment are easy and convenient, I think, under the Regulation itself. That is a matter which is guided solely by the Regulation.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): പണം തിരിയെകൊടുക്കുമ്പോൾ അവക്ക് എന്തെങ്കിലും കൺസെഷൻ കൊടുത്തിട്ടുണ്ടോ?

MR. K. GEORGE (*Chief Secretary to Government*): If members would kindly permit me to proceed I shall speak on that point also.

So, one of the promises that the Dewan made during the last session of the Assembly has already been fulfilled.

The other promise that he made was the appointment of a committee to enquire into and report on the conditions prevailing in the country to-day.

MR. K. P. NILAKANTA PILLAI (*Chirayinkil*): If the causes of the present situation are unknown even to the greatest experts in the world and if even such experts are not able to lay there fingers on the real causes, what is the use of appointing a committee?

MR. K. GEORGE (*Chief Secretary to Government*): I did not say that even experts could not suggest *remedies*. It is only the real *cause* that is not known. Many *can* suggest remedies. Even to-day, in this House, many remedies *have been* suggested. I admit that it may not be possible, even by following the advice of the greatest experts, to restore, *finally and completely*, the old condition of things. But, certainly, the situation can be *improved*.

I was submitting, Sir, that the second measure in this direction was the appointment of a committee to enquire into and report on the situation in the country. The G. O. on that is on the verge of issue It may not take more than two weeks at the most. Government have been considering the terms of reference to the Committee, and the personnel. The G. O. is now ready; and I hope Government would be in a position to publish it shortly. Government, therefore, have not been unmindful of the situation and its seriousness.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Are these the only two steps taken by Government?

MR. K. GEORGE (*Chief Secretary to Government*): These are the two immediate steps which the Dewan promised.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): The Dewan had stated in the Assembly that Government were prepared to resort to other measures also for remedying the present distress. That is what he said in reply to a representation in the Assembly. May I know whether Government have taken any other step in this direction?

MR. K. GEORGE (*Chief Secretary to Government*): I cannot say that Government have actually taken any other step in this direction. Government have received certain representations from the public and are anxiously examining the suggestions contained therein.

ടതിക്കു കൊടുപ്പിക്കാം. അതിൽ കൂടുതലാണെങ്കിൽ ആ തുക ഈടാക്കി കൊടുക്കാൻ കോടതിക്കധികാരമില്ല. ഇങ്ങിനെയാണ് ൭-ാംവകുപ്പുപോകുന്നതു്. ഈ വകുപ്പുകൊണ്ടു രണ്ടുതരത്തിലുള്ള ഉപദ്രവം ഉണ്ടു്. ഇപ്പോൾ ക്രിസ്ത്യാനികളുടെ നിയമപ്രകാരം ഭാഗവ്യവസ്ഥ കുറെവ്യത്യസ്ഥമായതുകൊണ്ട് ഈ നിയമം ബാധിക്കയില്ലെന്നു വാദത്തിനുവേണ്ടി സമ്മതിക്കാം. എന്നാൽ തിരുവിതാംകൂറിലുള്ള മറ്റുനിവാസികളുടെ അവകാശത്തെ പാടെഹനിക്കുന്നതു് ഒരിക്കലും ശരിയല്ല. ഒരു പിതാവു സ്വസന്താനങ്ങൾക്കു സ്വത്തു വീതിച്ചുകൊടുക്കാതെ മരിച്ചുപോകുന്നു. അതു കഴിഞ്ഞു സന്താനങ്ങൾ തമ്മിൽ സ്വത്തു വീതിച്ച് എടുക്കാൻ ശ്രമിക്കുന്നു. ഇങ്ങനെ നാലോ അഞ്ചോ അംശങ്ങളായി അവർ വീതിച്ചെടുത്തതിന്റെ ശേഷം അതിൽ ഒരാൾ അയാളുടെ വീതം ഒരന്യനു വിലയ്ക്കു കൊടുത്തിട്ടു ബ്രിട്ടീഷ്മലബാറിലേക്കോ മറെറാ പോകുന്നു. അയാൾക്ക് അതിൽ പത്തെഴുന്നൂറു രൂപായായിരിക്കും കിട്ടിയതു്. വാങ്ങിച്ചയാൾ അയാളുടെ സർവസ്വവും കൊടുത്തു വാങ്ങിച്ചിരിക്കാം. അതിൽ അയാൾ ഒരു പുരയും വച്ചുതാമസിക്കുന്നു. ഈ വസ്തു തനിക്കു കിട്ടേണ്ടതാണെന്നു കൊടുത്തയാളിന്റെ കൂട്ടുകുടുംബപ്രകാരം ഓഹരിക്കവകാശമുള്ളവരിൽ ആരെങ്കിലും ഒരാൾ കോടതിയിൽ കേസുകൊടുത്തു വിധി സമ്പാദിച്ചാൽ ഈ വാങ്ങിച്ചയാളിന്റെ സ്ഥിതിയെന്താണ്?

സാധുകുടുംബങ്ങളെ സംരക്ഷിക്കുന്നതിനു ഈ നിയമം ഉതകും എന്നുപറഞ്ഞ ഭാഗം ഞാൻ വിശ്വസിക്കുന്നില്ല. ക്രയ വിക്രയ സ്വാതന്ത്ര്യമില്ലാതെ വസ്തു അനുഭവിച്ചു കൊള്ളണമെന്നു വരുമ്പോൾ ആ വസ്തു പണം കൊടുത്തു വാങ്ങിക്കാൻ ആരും ഉണ്ടാവുകയില്ല. ചുരുക്കത്തിൽ വസ്തു ഉള്ളതുകൊണ്ടു ഒരു പ്രയോജനവുമില്ലെന്നു വന്നുകൂടും.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): കാലഹരണ ദോഷമുണ്ടെന്നറിയാമോ?

MR. A. C. KURIAKOSE (*Minachil* cum *Devicolam*): എത്രകാലത്താണു കാലഹരണദോഷം വരുന്നതു്എന്ന് ഇതിൽ പറഞ്ഞിട്ടില്ല.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): കാലഹരണനിയമത്തിൽ വകുപ്പുണ്ടു്.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): അതു പോലെതന്നെ മററനേകം വകുപ്പുകൾ മററു പല നിയമങ്ങളിലും ഉള്ള

സ്ഥിതിക്കു ഈ റെഗുലേഷന്റെ ആവശ്യമെന്താണ്? തിരുവിതാംകൂറിലെ പൌരന്മാരെ പൊതുവെ ബാധിക്കുന്നനിയമമുണ്ട്. അതനുസരിച്ചു പിൻതുടർച്ചാവകാശം സ്ഥാപിച്ചിട്ടുണ്ട്. കോടതികളിലെ വിധികളാൽ ഇതു സുസ്ഥാപിതവും ആക്കിയിട്ടുണ്ട്. അങ്ങിനെയിരിക്കുന്ന സന്ദർഭത്തിൽ തിരുവിതാംകൂറിലെ പൌരന്മാരെ പൊതുവെ ബാധിക്കുന്ന ഈ നിയമത്തിന്റെ ആവശ്യമെന്താണ്. വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്നതുനിമിത്തം പലകുഴപ്പങ്ങളും ഉണ്ടാകും. അതിനാൽ ഈ ബിൽ, ഭയങ്കരമായ ഒരു ഭാവിയിലേക്കു ജനങ്ങളെ നയിക്കുന്നതിനു പര്യാപ്തമായി തീരാവുന്ന ഈ ബിൽ, ഈ നിയമസഭ മുന്നോട്ടുകൊണ്ടുപോകാൻ അനുവദിക്കരുതെന്നും, ഇങ്ങനെയുള്ള ഒരു ബിൽ തിരുവിതാംകൂർ നിവാസികളുടെ പൌരാവകാശത്തിനും ജന്മാവകാശത്തിനും ഹാനികരമാണെന്നും ഉള്ള അഭിപ്രായത്തെ ഇവിടെ പ്രകടിപ്പിച്ചുകൊണ്ടു ഞാൻ ഈ ബില്ലിനെ പാടെ നിഷേധിച്ചുകൊള്ളുന്നു.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*) : സർ, ഞാൻ മി. ആശാന്റെ ബില്ലിനെ എതിർത്തുകൊള്ളുന്നു. പാർട്ടിഷൻ ബിൽ എന്ന നാമകരണത്തിൽ കൊണ്ടുവന്നിട്ടുള്ള ഈ ബിൽ യഥാർത്ഥത്തിൽ എന്തോ ചില വ്യാജപ്രസ്താവനകളോടുകൂടിയ ഒരു നിയമം നായർറഗുലേഷനിൽ ചേർക്കണമെന്നുള്ള മുൻകരുതലോടുകൂടിയാണെന്നു കാണുന്നുണ്ട്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : I object to the word "വ്യാജ പ്രസ്താവന."

PRESIDENT : He says that with reference to the objects of the Bill.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ഭാഗം എന്നുള്ളതിന്റെ definition എന്താണെന്ന് ഈ ബില്ലിൽ കാണിച്ചിട്ടില്ല. അതിലേക്കു ഒരു വ്യവസ്ഥ പ്രത്യേകം ചെയ്യേണ്ടതായിരുന്നു. ഈ ബില്ലിൽ പ്രധാനമായി പറയുന്നഭാഗം, ഭാഗിക്കാൻ പാടില്ലാത്ത വലിയ സ്വത്തുക്കളെ ഏതുവിധത്തിൽ കൈകാര്യം ചെയ്യണം; നായർ റഗുലേഷനിലെ ൩൯-ാം വകുപ്പു ഏതുരീതിയിൽ തിരുവിതംകൂറിലെ ജഡ്ജിമാർ മനസ്സിലാക്കണം; എന്നൊക്കെയാണ്.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*changanachery* cum *peermade*): ൩൯-ാം വകുപ്പ് എന്താണ്?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*):വായിക്കാം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : വ്യാജപ്രസ്താവന ഇതിനകത്തു എവിടെയാണുള്ളത്?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ൩൯-ാംവകുപ്പ് ഇതാണ്.

"Until partition no member of the Tarwad shael be deemed to have a definite share in Tarwad property liable to be seized in execution nor shall such member be deemed to have any alienable or heritable interest therein".

ഈ ൩൯-ാം വകുപ്പിനെതുടൎന്നുള്ള ഒരു വകുപ്പു ൩൩-ആണ്. അതായതു്:

"Subject to the provisions of sections 34, 35 and 36, every adult member of a Tarwad shall be entitled to claim his or her share of the properteis of the Tarwad".

ഈ മൂന്നു വകുപ്പിൽ പറയുന്നതായ സംഗതികളൊഴികെ നായന്മാൎക്കു ഭാഗം കിട്ടാമെന്നാണു പറയുന്നതു്. ഈ വകുപ്പുകളിൽ പ്രസവം മാറിയ ഒരമ്മയുടെ മക്കൾ എന്നു ചില ലിമിറേഷൻസുണ്ടു്. നായർ ബിൽ വാദപ്രതിവാദം നടന്ന അവസരത്തിൽ ഭാഗത്തെ സംബന്ധിച്ചു 'ഫയിനൽ ഡിക്രിയാകുന്നകാലത്തു' എന്നു പറഞ്ഞിട്ടുണ്ടു്. ഫയിനൽ ഡിക്രി എന്നു പറയുന്നതു് അന്യായം കൊടുക്കുന്ന കാലമോ അതല്ലാ യഥാൎത്ഥത്തിൽ ആമീൻ പോയി വസ്തു കൈവശപ്പെടുത്തി കൊടുക്കുന്നസന്ദൎഭമോ എന്നുള്ളതു സംശയത്തിലിരിക്കുന്നു. ഇതിനെ സംബന്ധിച്ചു അനവധി കേസുകൾ നാടൊട്ടുക്കു ഉണ്ടായി. അതിൽ ചിലതുഹൈക്കോടതിയുടെ തീരുമാനത്തിലിരിക്കയാണു്.

MR. R. RAMAN PILLAI (*Kottayam*): വസ്തു ഭാഗിക്കുന്നതു് ആമീൻ ആണോ?

PRESIDENT: When you said 'amins' you meant commissioners?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): Mr. Raman Pillai knows better.

PRESIDENT: What did you mean?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): I meant commissioners.

ഒരു വിധി കൊണ്ടു നായന്മാൎക്കു ജനനാൽ തന്നെ വസ്തുവിൽ അവകാശമില്ലെന്നും, ഭാഗിച്ചു ശേഷമേ ഉള്ളു എന്നും പറയുന്നു. ഒരു സെറുകാർ ഭാഗത്തിനു് അന്യായം കൊടുത്ത തീയതി മുതൽ വസ്തുവിൽ അവകാശമുണ്ടെന്നു പറയുന്നു. മി. ആശാൻെറ ബില്ല് ഇതിലൊരഭിപ്രായത്തോടുകൂടി യോജിച്ചാണു ഇരിക്കുന്നതു്. ഇതിൽ വിപരീതാഭിപ്രായക്കാരും ധാരാളമുണ്ടു്. ഈ രണ്ടഭിപ്രായത്തിലുമുള്ള ഗുണദോഷത്തെപ്പററി ഞാൻ രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. ഭാഗത്തിനു അവകാശമില്ലാത്തതായ ഒരാൾ അല്ലെങ്കിൽ പ്രസവിക്കാനുള്ള കാലം ഇനിയും

ഉണ്ടായിരിക്കുന്നതായ ഒരമ്മയുടെ മകൻ, ഭാഗം കിട്ടണമെന്നു നോട്ടീസു അയച്ചാൽ ഭാഗിച്ചു കൊടുക്കാമോ പാടില്ലയോ എന്നുള്ള സംഗതി ഏതെങ്കിലും ഒരു കോടതിയിൽ നിന്നും നിയമപ്രകാരം തീരുമാനിച്ചു ശേഷമല്ലാതെ സാധൂകരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ടു ഒരു രജിസ്റ്റർ നോട്ടീസ് എന്നു പറഞ്ഞിരിക്കുന്നതു ശരിയല്ല. ഭാഗത്തിനായി അന്യായം കൊടുക്കുന്ന തീയതി മുതൽ വസ്തുവിൽ അവകാശമുണ്ടോ ഇല്ലയോ എന്നുള്ള സംഗതിയും കോടതി തീരുമാനിച്ചു ശേഷമേ നിശ്ചയിക്കാൻ തരമൊള്ളു. മി. ആശാന്റെ ബിൽ അനുസരിച്ചു അന്യായം കൊടുക്കുന്ന തീയതി മുതൽ വസ്തുവിൽ അവകാശം ലഭിക്കുന്നു. ആ ആൾക്കു കടമുണ്ടായിരിക്കാം. ഉടനെ കടക്കാരൻ ഈ വസ്തു ജപ്തി ചെയ്തു ഇടുന്നു. ഇയാൾക്കു് ഭാഗത്തിനു് അവകാശമില്ല, ഇയാളുടെ അമ്മയുടെ പ്രസവിക്കാനുള്ള കാലം കഴിഞ്ഞില്ല, എന്നു എതൃകക്ഷി തർക്കിച്ചു തെളിയിക്കുമ്പോൾ ഈ കടക്കാരൻ അപകടത്തിലായി. ഇതുകൊണ്ടാണു വ്യാജപ്രസ്താവനയോടുകൂടിയ ചില വകുപ്പുകൾ ഈ ബില്ലിൽ ഉണ്ടെന്നു ഞാൻ പറയാനിടയായതു്. അതിൽ മി. ആശാൻ എന്നെ തെററിദ്ധരിക്കേണ്ട ആവശ്യമില്ല. അതുകൊണ്ടു നായർ റഗുലേഷൻ ൩൨, ൩൭, ൩൮ ഈ വകുപ്പുകളനുസരിച്ചു വരുന്ന സംഗതിയിൽ ഭാഗം കോടതിയുടെ അവസാന തീരുമാനം വന്നശേഷമേ നടത്താൻ പാടൊള്ളു.

ഇതിനും പുറമേ മി. ആശാന്റെ ബില്ലനുസരിച്ചു തന്നെ ആയാലും, അന്യായം കൊടുക്കുന്ന സമയത്തു് ഒരു സ്ത്രീക്കു ഗർഭം ഉണ്ടായിരുന്നു എന്നു വിചാരിക്കുക. അന്യായം കൊടുത്തു് അഞ്ചോ എട്ടോ മാസം കഴിയുമ്പോൾ ആ സ്ത്രീ പ്രസവിക്കുന്നു. ആ കുഞ്ഞിനു ഭാഗം ഉണ്ടോ ഇല്ലയോ എന്നുള്ള സംഗതിയും വ്യക്തമാകുന്നില്ല. ഇങ്ങനെ പല കുഴപ്പങ്ങളും ഉണ്ടു്. ഹിന്ദു ലാ അനുസരിച്ചു ഇതിനെ സംബന്ധിച്ചു പ്രത്യേകം തീരുമാനമുള്ള സ്ഥിതിക്കു ഈ പതനത്തിൽ ഇങ്ങനെ ഒരു റഗുലേഷൻ കൂടി പാസാക്കി ദുഷിപ്പിച്ചു കളയാതെയിരിക്കയാണു നല്ലതു്.

നായർ റഗുലേഷൻ തന്നെ പല മഹാന്മാരും ബുദ്ധിമുട്ടി നാടൊട്ടുക്കു നടന്നു തെളിവു എടുത്തു് ഉണ്ടാക്കിയതാണു്. ഇതിൽ ൩൯-ാം വകുപ്പു കൊണ്ടു ഉപദ്രവം ഉണ്ടെന്നു ജനങ്ങളുടെ ഇടയിൽ നിന്നു ആക്ഷേപം വന്നതിനു ശേഷമല്ലാതെ ഇങ്ങനെ ഒരു നിയമത്തിന്റെ ആവശ്യമില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) ഹിന്ദു ലാ അനുസരിച്ചു ഭാഗം എങ്ങിനെയാണു നടത്താവുന്നതു്?

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): അതുമെം ബക്കു തന്നെ അറിയാമല്ലോ.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): എങ്ങിനെയാണു്?

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): എനിക്കുള്ള സമയം പരിമിതമാണു്.

കൂടാതെ ഒരു ഭാഗത്തു മരുമക്കത്തായം ലാ അനുസരിക്കുന്നവരും ഉണ്ടു്. അനേകം വിധികൾ കൊണ്ടു തന്നെ തറവാട്ടു വസ്തുക്കൾ ജൂനിയർ അംഗങ്ങളുടെ കൈവശം ഇരിക്കുന്നുണ്ടു്. അതു രേഖാമൂലമായ കൈവശാനുഭവമാണോ, അതു ഫാമിലിമാനേജ്മെൻറിനായി വിട്ടുകൊടുത്തിട്ടുള്ളതാണോ, അതല്ല മെയിൻറനൻസിനു കൊടുത്തിട്ടുള്ളതാണോ എന്നൊക്കെ നോക്കണം. തറവാട്ടു സ്വത്തു അഭിവൃദ്ധിപ്പെടുത്തിട്ടുള്ള ആളിനു് എത്ര ആദായം കൊടുക്കണമെന്നു ക്ലിപ്തമായ ഒരു വ്യവസ്ഥമി. ആശാൻെറ ബില്ലു കൊണ്ടും വ്യക്തമാകുന്നില്ല. ട്രസ്പാസേർസുപോലും ദേഹാദ്ധ്വം കിട്ടണമെന്നു പറയുന്നുണ്ടു്. ഇങ്ങിനെ പല കുഴപ്പങ്ങളും ഉള്ളതു കൊണ്ടു ഇതിനെപ്പററി ഒന്നുകൂടി ക്ഷമയോടുകൂടി ആലോചിക്കണം. നായർ റഗുലേഷൻ കൊണ്ടു മിക്കവാറും ഉള്ള കുടുംബങ്ങളൊക്കെ ഭാഗിച്ചു കഴിഞ്ഞു. അതിൻെറ സുഖാസുഖങ്ങൾ ഇപ്പോൾ അനുഭവിച്ചു വരികയാണു്.

ഇതിനും പുറമേ വിശേഷാൽ വകുപ്പുകളിൽ പറയുന്നതു പോലെ ഒരാൾ തറവാട്ടു മാനേജർ എന്ന നിലയിൽ ഇരിക്കുമ്പോൾ തറവാട്ടു വസ്തു വിററുകളഞ്ഞാൽ അയാളുടെ വീതത്തിൽ നിന്നു എടുക്കണമെന്നും മററും പല വകുപ്പുകളും ഉണ്ടു്. ഇപ്രകാരമുള്ള വകുപ്പുകളൊന്നും ആവശ്യമില്ല. ആന തുടങ്ങിയുള്ള ജന്തുക്കളെ ഭാഗിക്കേണ്ട ആവശ്യമൊന്നും ഇപ്പോഴില്ല. എല്ലാവരും യോജിച്ചു ഭാഗിക്കുന്ന പക്ഷം വലിയ വസ്തുക്കളുടെ ഭാഗത്തെ സംബന്ധിച്ചു പ്രത്യേകം ഏർപ്പാടുകൾ ഒന്നും ആവശ്യമില്ല. കോർട്ടുമൂലം ഭാഗം കിട്ടണമെങ്കിൽ അതിലേക്കും കോടതിക്കധികാരം ഉണ്ടു്.

പിന്നീടു കോടതിയിൽ മദ്ധ്യസ്ഥന്മാർവേണമെന്നു പറയുന്നുണ്ടു. മദ്ധ്യസ്ഥന്മാർ കോടതിയേക്കാൾ ഉപദ്രവികളായിരിക്കും. അതു കൊണ്ടു ആ വാദവും ശരിയല്ല.

ഭാഗത്തെ സംബന്ധിച്ചു എല്ലാജനങ്ങളേയും ബാധിക്കാതെ നായർ, ഈഴവർ എന്നീ സമുദായങ്ങളെ മാത്രം ബാധിക്കുന്ന ഒരു വ്യവസ്ഥ

ഉണ്ടാക്കുന്നതു ശരിയല്ല. ഈഴവസമുദായത്തിൽ ഭാഗം നിർബന്ധമായി കാണുന്നില്ല. നായർ സമുദായത്തിൽ ഭാഗം നിർബന്ധമാണ്. അതുകൊണ്ടു ഞാൻ ഈ ബില്ലിന്റെ തത്വത്തെ തന്നെ എതിർക്കുന്നു.

MR. MURUVELIL PACHU PILLAI (*Shertllai*): ഇപ്പോൾ മെംബർ സൂചിപ്പിച്ചതുപോലെയുള്ള കാര്യങ്ങൾ കോടതിയിൽ നിന്നും ഉണ്ടാകുന്ന ചില വിധികളുടെ സ്വഭാവം എന്താണെന്നറിഞ്ഞതിനുശേഷം നിയമം ഉണ്ടാക്കുന്നതിനു ശ്രമിക്കുന്നതു കൊള്ളാമെന്ന് അഭിപ്രായപ്പെട്ടു. എന്നാൽ ഇപ്പോൾ ഇവിടെ സൂചിപ്പിച്ച സംഗതികളെപ്പററി പരസ്പര വിരുദ്ധമായ വിധികൾ ഉണ്ടായിട്ടുണ്ടെന്ന് അറിയാമോ ?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): കോടതിയിൽ വരുന്ന കേസുകൾ പ്രത്യേകം ഒരു വാദവിഷയത്തെ സംബന്ധിച്ചായിരിക്കും. കോടതിയിൽനിന്നും അതിനുമാത്രം പായിൻറു ഏർപ്പെടുത്തി തെളിവെടുത്തു വിധി കല്പിക്കാനെ സാധിക്കുകയൊള്ളു. നാം ഇവിടെ പൊതുവേയുള്ള സംഗതിക്കു ഒരു നിയമം ഉണ്ടാക്കുവാനാണ് വിചാരിക്കുന്നതു്.

നായർബിൽ ഇവിടെ വാദപ്രതിവാദം നടന്നകാലത്തു് അതിലെ ൩൯-ാം വകുപ്പു എങ്ങിനെ വ്യാഖ്യാനിക്കണമെന്നു പറഞ്ഞിട്ടുണ്ടു്. ഏതെങ്കിലും കോടതി തിരുവിതാംകൂർ നിയമസഭയെ ബഹുമാനിക്കുന്നുണ്ടെങ്കിൽ, ജഡ്ജ്മെൻറു എഴുതുന്നകാലത്തു് ഇതു നോക്കിയെ എഴുതുകയൊള്ളു.

MR. R. RAMAN PILLAI (*Kottayam*) : നായർബിൽ കൌൺസിലിന്റെ പര്യാലോചനയിൽ ഇരുന്ന അവസരത്തിൽ ഇവിടെ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായമനുസരിച്ചു ജഡ്ജിമാർ വിധി എഴുതണമെന്നാണോ പറയുന്നതു്?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): വിധി എഴുതുമ്പോൾ ഇവിടെ നടന്ന വാദപ്രതിവാദം കൂടി മനസ്സിലാക്കി എഴുതണം.

MR. R. RAMAN PILLAI (*Kottayam*) : അതു നോക്കാൻ പാടില്ല എന്ന നിയമമുള്ളതായിട്ടു മെംബർക്കു് അറിയാമോ?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): സംശയം ഉണ്ടെങ്കിൽ നോക്കാം.

ഇങ്ങനെ ഈ ബിൽ അവശേഷം ഇപ്പോഴത്തെ സ്ഥിതിക്കു യോജിച്ചതല്ലാത്തതുകൊണ്ടു് ഞാൻ ഇതിനെ എതിർത്തുകൊള്ളുന്നു.

MR. A. THANU PILLAI (*Trivandrum*): I rise to support the principle of the Bill. Though in the Statement of Objects and Reasons, Mr. Damodaran Asan refers specifically to the Nayar, and Ezhava Regulations, this Bill, it seems to me, is intended to provide a partition law applicable to all communities and to all cases where partition has to be effected by courts of law. Mr. Damodaran Asan seems to refer to these two Regulations merely to point out the fact that in consequence of the enactment of these Regulations, partition cases have become much more numerous than previously. It is intended to provide by this Bill certain guides to courts of law in disposing of partition suits. I do not see any cause for alarm as Mr. Kuriakose seems to find in this Bill. It merely provides for the selling away of properties where that would seem to be beneficial to the parties *i. e.*, where a holding has to be divided and where it happens to be very small in extent or cannot be divided without making it less useful or when a division would seriously affect its value or utility. In such cases, this Bill provides that the courts can sell away the property. Now it is doubtful whether the courts would be justified in selling away property which is sought to be divided. I do not mean to say that in no circumstances will a court be justified in doing that, but a positive provision to that effect will be of great help to the courts in this matter. That is all that Section 2 seeks to provide. There is already a provision in the Nayar Regulation that such holdings can be sold and the proceeds divided in partition, but clause 2 of this Bill seeks to extend that law to all cases of partition. At any rate, it gives statutory sanction to the courts to do that. In clause 3 it is provided that when a sharer or sharers apply to have a property sold and their portion of the proceeds paid to them, the court may sell the share or shares to other sharers if they are willing to purchase them. That is a very beneficial provision and absolutely no objection can be made to it. According to clause 4, where a shareholder has sold his share and the transferee seeks partition of the property and the property happens to be a dwelling house or land on which there is a dwelling house, the share can be valued and the other shareholders are allowed to purchase that share. That is evidently intended to ensure that owners shall enjoy dwelling houses without any inconvenience to them. That does not apply to the other properties. I was not sure that Mr. Kuriakose did not take it to apply to all properties. It applies to dwelling houses only. As a matter of broad principle, we must not object to any body living in one portion of the house the other portion of which is occupied by any other person. We see in actual practice that strangers, especially strangers belonging to other communities occupy different portions of the same buildings, and the clause relates to such matters.

While on this clause, I may also bring to the notice of the House that it will be for the Select Committee to decide what would constitute a single dwelling house so far as this clause is concerned. The Select Committee may so provide as to make it possible for a sharer to sell it. If it happens that such a thing is not possible, then it should be sold to

people who can occupy the buildings and who can agree with each other. In such cases this clause will be used. The Select Committee should see that the operation of this clause is restricted to where it is necessary and then the fears entertained by Mr. Kuriakose that it would interfere with the personal liberty of the persons in disposing of properties will have no scope.

The next clause is a similar one and refers to a case where one of the co-owners transfers his share. That clause also provides that the other sharers may purchase this share. Of course suitable modifications will have to be proposed to the clause.

Then there are some provisions which are only subsidiary provisions and we come to clause 10. Clauses 10 and 11 relate to cases where a joint family property has been in the possession of co-owners or members of the joint family separately. One branch or individual is in possession of the joint family property. He makes improvements and when the time for partition comes, he claims compensation for the work done in regard to the improvement of the property. Clause 10 provides that he should be given that compensation. As Mr. T. C. Kesava Pillai observed there may be cases where compensation will have to be refused. That will depend upon the conditions under which the person enjoys the property and effects improvements. Suppose under the family arrangement a property is given to him under the specific agreement that he should improve the property in his possession, then he should not be given compensation. Anyhow that is a matter for the Select Committee. It is not in every case that a man who is holding a property separately effects improvements.

The next provision relates to waste and wrongful alienation. In the case of a joint family property how far it can be countenanced is another matter. That will also have to be considered by the Select Committee. When waste is committed and loss thereby accrues to the other share-holders, certainly, that ought to be debited against him and clause 11 makes provision for that. Clause 12, deals with a very controversial matter. Mr. Damodaran Asan refers to Section 39 of the Nayar Regulation. I am not sure whether Mr. Damodaran Asan intends by this clause to limit its operation to the Nayar Regulation alone, or to all cases of partition. I think in this Bill, provision should as far as possible be made in such a way as to be applicable to all cases, whether partition can be claimed by Christians, Mahomedans, or Mithakshara Law Hindus, or Ezhavas. Of course, we know that under the Mithakshara Law, a person will be declared to have become divided from his family or his co-partners much more easily than in the case of a Nayar family. It is doubtful what would constitute partition under the Nayar Regulation. Whether the filing of a suit or passing of a decree, would constitute partition is now a much debated question and as was pointed out here the question is engaging the consideration of the High Court and the matter has not been decided. In the case of the Mithakshara Law Hindu, it is not necessary that the courts should declare a partition. How far we should act in accordance with

[Mr. A. Thanu Pillai.]

the Mithakshara Law or other Laws in the matter is a question for the Select Committee to consider. Clause 12 will have to undergo considerable alteration. Anyhow, that the matter should be settled is clear and when it is done it should as far as possible be made applicable to all cases where partition can be claimed. The reference to Section 39 of the Nayar Regulation will have to be made if at all merely to show how that provision in the Nayar Regulation will be affected. That ought not to find a prominent part in the Section. Those are the alterations the Select Committee will have to make. Then there are subsidiary provisions which provide for the appointment of assessors, etc. These are the only clauses in the Bill. I referred in such detail to these clauses to show that after all there is no cause for alarm so far as this Bill is concerned. It merely wants to make some guides and no principle is likely to be violated by the passing of this Bill. On the contrary, it will be of great help if this Bill is passed into Law. There are several matters in which courts now act without authority. And it will be of great help to them and to the parties who are engaged in litigation and partition, if this is passed with suitable alterations. With these words I support Mr. Damodaran Asan.

MR. P. S. MAHOMED (*Nominated*): സർ, ഈ കൌൺസിലിൻെറ ശ്രദ്ധക്കു വിഷയീഭവിച്ചിട്ടുള്ള മി. ആശാൻെറ ബില്ലിനെ സംബന്ധിച്ചു എനിക്കും രണ്ടു വാക്കു പറയാനുണ്ടു്. മി. ആശാൻെറ ബിൽ നായർ സമുദായത്തേയും ഈഴവസമുദായത്തേയും മാത്രമെ ബാധിക്കയുള്ളു എന്നാണ് ഞാൻ വിചാരിച്ചതു്. എന്നാൽ ഇതു എല്ലാവരേയും ബാധിക്കുന്ന ഒന്നായി കാണുന്നതുകൊണ്ടു് എനിക്കുള്ള അഭിപ്രായംകൂടി പറയാതിരിക്കുന്നതു ശരിയല്ല എന്നു എനിക്കു തോന്നുന്നു. നായർ, ഈഴവർ എന്നീ സമുദായങ്ങളിൽ ഭാഗം നടപ്പിലായിട്ടു കുറെ കാലമേ ആയിട്ടൊള്ളു. അതുകൊണ്ടു ഇങ്ങനെ ഒരു ബില്ലിൻെറ ആവശ്യകത ഉണ്ടെന്നു തോന്നിയതുകൊണ്ടായിരിക്കണം ഈ ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. എന്നാൽ മററു നിയമങ്ങളാൽ ഭാഗം അനുവദിക്കപ്പെട്ടിട്ടുള്ള മററു സമുദായങ്ങൾ ഭാഗം നടത്തിക്കൊണ്ടിരിക്കുന്നുണ്ടു്. അവർക്കു് ഇതുവരെ ഇങ്ങനെ ഒരു നിയമം ഉണ്ടാകേണ്ട ആവശ്യകത അനുഭവപ്പെട്ടിട്ടില്ല. ആ നിലക്കു ആവശ്യമില്ലാത്ത സമുദായങ്ങളെ കൂടി ഇതിൽ ചേർക്കേണ്ട ആവശ്യമുണ്ടോ എന്നു കൂടി ആലോചിക്കണം. എന്നാൽ നായർ, ഈഴവ ഈ രണ്ടു സമുദായങ്ങൾക്കും ഇതു ആവശ്യമുണ്ടെന്നു തോന്നുന്നതുകൊണ്ടു ഞാൻ ഇതിൻെറ മൂലതത്വത്തെ എതൃക്കുന്നില്ല. ഈ ബിൽ സിലക്ട് കമ്മിററിയിൽ വരുമ്പോൾ ഇതു് ഏതെല്ലാം സമുദായങ്ങളെ ബാധിക്കണമെന്നുള്ള സംഗതി പ്രത്യേകം വിഷയീഭവിക്കണമെന്നും, ആ സമുദായങ്ങളുടെ അഭിപ്രായം കൂടി അറിഞ്ഞിട്ടെ ഇതു

പ്രാസാക്കാൻ പാടൊള്ളു എന്നും, ഉള്ള എന്റെ അഭിപ്രായത്തെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

MR. A. G. MENON (*Parur*): I beg to give my hearty support to Mr. Asan's Bill. I was surprised to hear that Mr. Kuriakose and Mr. Kesava Pillai made speeches opposing the provisions of this Bill. A casual perusal of the provisions of this Bill will clearly show that it is absolutely innocent except one provision regarding the separation of the joint family status. That provision was inserted by Mr. Asan, I think, just to give expression, to what was practically agreed at the time the Nayar Bill was under discussion, namely, that the separation of status will be expressed by a clear wish of the shareholder who wants to get separated from others. From my friends, I now understand, that, there is a difference of opinion as regards the time at which partition takes effect. If I remember correctly, the opinion that was expressed at the time when that Section was framed in the Nayar Bill it will take effect at the time when the share-holder gives clear expression of his intention to separate himself from the family. That is the practical law in the Hindu joint family system. It is assumed that the same law would be followed in deciding Marumakkatayam cases also.

With regard to the other provision of this Bill, namely, as regards dwelling houses, I do not think anybody can object to a provision like that. Nobody would like to propose, even my Christian friends will not like an utter stranger coming and dwelling in a portion of the family house. It may be that, the family house may fall to more than one share-holder and they may live amicably for some time. Perhaps they may fall out and in order to spite one of them, the other man will sell it to a man of a different community. So long as we recognise different castes and communities, we cannot shut our eyes to the difficulty such a situation brings. I think nobody can object, reasonably take any objection for meeting such difficulties as regards partition. There are no provisions in the Bill which require any material change. They are only procedure. I was surprised to hear that my friends Messrs. Kuriakose and Kesava Pillai should have objected to the principle of the Bill on that ground. If any community who wants to be excluded from the operation of this Bill it can be done by the Select Committee or by the Council itself when the Bill comes for discussion. I do not think that Mr. Asan can force a Bill against a community that does not require it. So far as I know both Nayars and Ezhavas do require provisions like this in regard to safeguard their interests in partition.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): We would like to hear the Law Member.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): On a perusal of the Bill it could be seen that the Bill, generally speaking, deals with the procedure to be followed in the partition of the properties liable to partition. Although under the Civil

[Mr. Kayalam Paramesvaran Pillai.]

Procedure Code, Civil courts may have inherent power to effect equitable adjustments in partition of properties it is perhaps better to have some statutory provision dealing with partition. As I understand Mr. Asan's Bill, all that he proposes is that the matter should be considered by a Select Committee, because in the statement of objects and reasons he does not lay down any specific principle of partition and I take it he will be quite satisfied that the matter is considered deeply by the Select Committee, so that this House will again have ample time and opportunity for a thorough consideration of the porovisions of the Bill.

There is however one provision which is controversial, and, that is Section 12 of the Bill. That also relates in some sense to a matter of procedure. I know as a matter of fact, that, that is a question on which much controversy and perhaps much heat may be generated in its disposal. That is a matter mainly for the non-official members of the House to decide. And that is, whether the divided status should be effected by filing a suit or the issue of notice or any registered declaration and so on. It seems to me there is no objection in that also being considered by a Select Committee.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): I have to make only one or two observations in reply to Mr. Kuriakose and Mr. Kesava Pillai. My friends, Mr. Mahomed also included, were doubting whether this Bill is intended for all communities, or, whether, it is intended for Nayars and Ezhavas. What I have said is that the Bill is intended, as a general law of procedure, for partition, and in the statement of objects and reasons, I have just referred the Nayar and Ezhava Regulations, just to show the urgency of such a measure which deals with the procedure of partition. Of course, if Mr. Mahomed or Mr. Kuriakose thinks that their community does not like to have such a procedure for partion, I have no objection in excluding those communities. But, the sense of the community has to be ascertained. With regard to that matter, that could be done if necessary by the Select Committee.

With regard to Section 12 about which even the Law Member fears that some heat is likely to be generated at the time of discussion, I have put in a clause which appeared to me to be most suitable to meet the present situation in consononce with the opinion of the community. Of course the Select Committee is free to amend and improve the Bill in any form it desires. I find that certain measures in the Section as drawn up will have to be improved only by the Select Committee at its sittings.

MR. G. P. NILAKANTA PILLAI (*Karunagapalli*): Is it not more appropriate to bring such provisions in an Amendment Bill?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Even at the first stage I stated that I consider it to be a question mainly of procedure, though it might distinctly affect substantive rights. A similar question was raised this morning in Mr. Madhavan Pillai's Bill

when it was considered. I consider it only to be a question of procedure. So I have introduced that Section here. If the Select Committee thinks that alteration is necessary in that Section I have no objection. Anyhow the community must know where it stands and how and when partition is effected or when the status becomes divided. I do not think that it is inappropriate to have such a Section in this Bill.

Then Mr. Kesava Pillai and others were saying that divided status at the time of instituting a suit is very hard. As far as my knowledge goes, I think, amongst the Christians as soon as a father dies, right of division exists and even in Hindu Law when intention is declared there is division of status and the only Regulation where there is some ambiguity as regards the time at which division is effected is the Nayar Regulation. That is why I have made a specific mention about it.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ഈഴവറഗുലേഷനിൽ ഇങ്ങനെ ഒരു വകുപ്പുണ്ടോ?

MR. A. S. DAMODARAN ASAN (*Maveliara* cum *Kartikapalli*): ഈഴവറഗുലേഷനിൽ അങ്ങിനെ ഒരു വകുപ്പില്ല.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ജനനംകൊണ്ടു തറവാട്ടു സ്വത്തിൽ അവകാശമുണ്ടോ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): പഴയ മരുമക്കത്തായം ലാ അനുസരിച്ച് അവകാശമില്ല.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): മി. ആശാന്റെ ഫാമിലിയിൽ മി. ആശാനു എത്ര അവകാശമുണ്ടെന്നു പറയാമോ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അതുപോലെയുള്ള സംഗതികൾ അറിയാനാണ് ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഒരാൾ ഭാഗത്തിനായി കേസുകൊടുത്തു ൧൦ കൊല്ലം കഴിഞ്ഞാണ് ഭാഗം ഉണ്ടെന്നു തീരുമാനിക്കുന്നതെങ്കിൽ അയാൾക്ക് അതു കിട്ടണം.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): അതു ലാസ്ഡിലേസ് കമ്മീഷണരോടു പറഞ്ഞാൽ പോരെ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അതുകൊണ്ട് സാധിക്കുമെന്നു തോന്നുന്നില്ല. വേണമെങ്കിൽ പരാതി പറഞ്ഞുകൊള്ളണം. എങ്കിലും ഞാൻ അതു നിശ്ചയിച്ചിട്ടില്ല.

Mr. Kuriakose was saying that it affects the fundamental rights of the citizens and my friend Mr. Thanu Pillai has answered the questions raised by him and so I do not want to take up the time of the House by giving further answers to the points raised by my friends in the course of the discussion.

PRESIDENT: The principle of the Bill is now before the House. Whether the House accepts the principle of the Bill has to be ascertained. Those who are in favour of the principle of the Bill will please raise their hands.

A large number voted for the motion.

The motion was carried.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): I move that the Bill be referred to a Select Committee consisting of the Law Member and the Mover and the other members.

PRESIDENT: That need not be said now.

MR. A. G. MENON (*Parur*): I second it.

The motion was carried.

The Secretary to the Council then read the title of the Bill.

A BILL TO AMEND THE LAW RELATING TO INHERITANCE AND SUCCESSION AMONG MUSLIMS OF TRAVANCORE.

MR. P. S. MAHOMED (*Nominated*): മുസ്ലിമീങ്ങളുടെ ദായക്രമത്തെ സംബന്ധിച്ചു ഒരു ഭേദഗതിബില്‍ ഈ കൌണ്‍സിലില്‍ വായിക്കണമെന്നു ഞാന്‍ അഭിപ്രായപ്പെടുന്നു.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): ഞാന്‍ അതിനെ പിന്‍താങ്ങുന്നു.

MR. P. S. MAHOMED (*Nominated*): സര്‍, ഈ രാജ്യത്തുള്ള മുസ്ലിമീങ്ങളില്‍ ഭൂരിപക്ഷവും മററുദേശത്തെ മുസ്ലിമീങ്ങളെപ്പോലെതന്നെ മഹമ്മദന്‍ലാ അനുസരിച്ചു ദായക്രമം, പിന്‍തുടച്ചാവകാശം, ഇവയില്‍ പ്രവൃത്തിക്കുന്നവരാണു്. ദായക്രമത്തെസംബന്ധിച്ചു മഹമ്മദന്‍ലാ മററു നിയമങ്ങളെ അപേക്ഷിച്ചു സ്തുത്യര്‍ഹമായിട്ടുള്ളതാണെന്നു പലരും അഭിപ്രായപ്പെട്ടിട്ടുള്ളതായി എനിക്കറിയാം. ഈ രാജ്യത്തു അപൂര്‍വം ചില മുസ്ലിമീങ്ങള്‍ പരമ്പരയായി മരുമക്കത്തായലാ അനുസരിച്ചു നടന്നുവരുന്നതായികാണുന്നുണ്ടു്. അവര്‍ക്കു മരുമക്കത്തായം ലാ വിട്ടു മഹമ്മദന്‍ ലായിലേക്കു കടക്കണമെന്നുള്ള ആഗ്രഹം ക്രമത്തിലധികമായിട്ടുണ്ടു്. എന്നു മാത്രമല്ല പരിഷ്കാരം കൂടിവരുന്തോറും മരുമക്കത്തായം പരമ്പരയായി ആചരിച്ചുവന്നിരുന്ന ആളുകള്‍കൂടി മക്കത്തായം വേണമെന്നു ആഗ്രഹിച്ചു പ്രവൃത്തിച്ചുവരുന്ന ഈ സന്ദര്‍ഭത്തില്‍ ന്യായമായരീതിയില്‍ മക്കത്തായത്തെസംബന്ധിച്ചു് നിയമമുള്ള മുസ്ലിമീങ്ങളില്‍ ഒരുകൂട്ടര്‍ മരുമക്കത്തായം വിട്ടു മഹമ്മദന്‍ലാ അനുസരിച്ചുള്ള മക്കത്തായത്തിലേക്കു കടക്കണമെന്നു ആഗ്രഹിക്കുന്നുണ്ടെങ്കില്‍ അതു് ഒരുവിധത്തിലും തടയാന്‍ പാടുള്ളതല്ല. അവരുടെ പ്രതിനിധികള്‍ പ്രജാസഭയില്‍ വന്നപ്പോള്‍ അതില്‍ പല

ങ്ങം ഈ വിവരം ഗവണ്മെൻറിനെ ധരിപ്പിക്കയും ഗവണ്മെൻറു മുസ്ലീം മെമ്പർതന്നെ ഇങ്ങനെ ഒരു ബിൽ കൌൺസിലിൽ അവതരിപ്പിക്കട്ടെ എന്നു മറുപടിപറയുകയുംചെയ്തു. അതുകൂടാതെ പലയോഗങ്ങളുംകൂടി നിശ്ചയങ്ങൾ പാസാക്കി അവരുടെ ആഗ്രഹം ഗവണ്മെൻറിനെ അറിച്ചിട്ടും ഉണ്ട്. അവരുടെ ആഗ്രഹം പ്രവൃത്തിപദ്ധതിയിൽ കൊണ്ടുവരിക എന്നുള്ള ഒരു ചുമതല മാത്രമേ ഞാൻ ഇപ്പോൾ നിർവഹിക്കുന്നുള്ളു. ഇപ്പോൾ മരുമക്കത്തായം അനുഷ്ഠിക്കുന്ന മുസ്ലിമീങ്ങളെ മഹമ്മദൻലായുടെ പരിധിയിൽ ചേർക്കണമെന്നുമാത്രമേ ഞാൻ ഈ ബില്ലുകൊണ്ടു ഉദ്ദേശിക്കുന്നുള്ളു. അതിനാൽ ഇതിലേക്കു വലിയപ്രസംഗം ഒന്നും ആവശ്യമില്ല. ഈ ബിൽ അവതരിപ്പിക്കുന്നതിനു അനുവാദംകൊടുക്കണോ വേണ്ടയോ എന്നു ഗവണ്മെൻറു ഗസററിൽ പരസ്യം ചെയ്യുകയും ഇതിനെ അനുകൂലിച്ചു പല അപേക്ഷകളും ഗവണ്മെൻറിലേക്കു വരികയുംചെയ്തിട്ടുണ്ട്. ഒരൊററകുഞ്ഞുപോലും ഇതിനെ എതിർത്തിട്ടില്ല. ഇതിൽ പ്രത്യേകമായി ഒരു വാദവിഷയം വരുന്നതു തറവാട്ടുസ്വത്തുക്കളെ ഏതുരീതിയിൽ പരിഗണിക്കണമെന്നുള്ളതാണ്. അതിനെസംബന്ധിച്ചു ഞാൻ ഈ ബില്ലിൽ ഒന്നുംതന്നെ പറയാതിരിക്കുന്നതിനുള്ള കാരണം, ഇതു് സിലക്ട്കമ്മിററിയിൽവന്നശേഷം തറവാട്ടുസ്വത്തുള്ള ആളുകൾക്കുകൂടി ദോഷം വരാത്തവിധത്തിൽ എന്തെങ്കിലും ചെയ്യാമെന്നുള്ള ഉദ്ദേശമാണ്.

MR. A. THANU PILLAI (*Trivandrum*) : തറവാട്ടുസ്വത്തുക്കളെപ്പററി വ്യവസ്ഥ ഒന്നും വേണ്ടാ എന്നാണോ പറയുന്നതു്?

MR. P. S. MAHOMED (*Nominated*) : പ്രത്യേകമായി ഇതിൽ പറയാത്തതു് സിലക്ട്കമ്മിററിയിൽ വരുമ്പോൾ വേണ്ടവിധത്തിൽ ചേർത്തുകൊള്ളാമെന്നുള്ള ഉദ്ദേശംകൊണ്ടാണ്.

MR. A. THANU PILLAI (*Trivandrum*) : ഇപ്പോഴത്തെ നിലയ്ക്കു തറവാട്ടുസ്വത്തുക്കളെസംബന്ധിച്ചല്ലെ കൂടുതൽ വ്യവസ്ഥവേണ്ടതു്?

MR. P. S. MAHOMED (*Nominated*) : അല്ല. എന്തുകൊണ്ടെന്നാൽ ആ പ്രദേശത്തു തറവാട്ടുസ്വത്തുള്ളവരെക്കാൾ അധികം സ്വന്തസമ്പാദ്യമുള്ളവരാണുള്ളതു്. തറവാട്ടുസ്വത്തു രണ്ടുമൂന്നുകുടുംബത്തിലേക്കേ ഉള്ളു. ആ രണ്ടുമൂന്നുകുടുംബത്തിലേക്കു ദോഷംവരാതിരിക്കത്തക്കവണ്ണം ഏതെങ്കിലും ഒരു വ്യവസ്ഥചെയ്താൽമതി. അവരാരും ഇതിനെ എതിർത്തിട്ടില്ല.

MR. A. THANU PILLAI (*Trivandrum*) : ഇങ്ങനെ മരുമക്കത്തായം ആചരിക്കുന്ന കുടുംബക്കാർ എത്രയുണ്ടു്?

MR. P. S. MAHOMED (*Nominated*) : ൨൦൦ വീട്ടുകാർ കാണും. ഇവരൊക്കെ ഇടവാ, ഓടേററ്, പരവൂർ ഈ സ്ഥലങ്ങളിലുള്ളവരാണ്,

[Mr. P. S. Mohomed.]

ഇവർ വളരെക്കാലംകൊണ്ടു നിലവിളിച്ചതിന്റെ ഫലമായിട്ടാണ് ഈ ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു.

MR. A. THANU PILLAI (*Trivandrum*) : മഹമ്മദൻലാ അനുസരിച്ചു ഒരു പ്രകാരത്തിലുള്ള ദായക്രമമേയൊള്ളോ?

MR. P. S. MAHOMED (*Nominated*) : ഒന്നേയൊള്ളു.

MR. A. THANU PILLI (*Trivandrum*): ഷീയാസ് എന്ന വർഗ്ഗക്കാരുടെ ദായക്രമം എങ്ങിനെ?

MR. P. S. MAHOMED (*Nominted*): ഷീയാസ് എന്നൊരുവർഗ്ഗംതിരുവിതാംകൂറിലില്ല. മഹമ്മദൻലാ എല്ലാ മഹമ്മദീയരേയും ബാധിക്കുന്ന ഒന്നാണ്. ഷാഫി, ഹനഫി ഇവക്കൊക്കെ ഒരു ദായക്രമമാണ്. ഷീയാവിനുമാത്രം കുറച്ചു വ്യത്യാസമുണ്ടു്. എങ്കിലും അവരും മഹമ്മദൻലായിൽ ഉൾപ്പെടും.

MR. A. THANU PILLAI (*Trivandrum*) : അവരെക്കൂടി ഇതിൽ ചേർത്താൽ എങ്ങിനെയാണ്?

MR. P. S. MAHOMED (*Nominated*) : മഹമ്മദൻലായിൽ ഇവരെ എല്ലാവരേയുംപററി പറയുന്നുണ്ടു്. ഞാൻ പറഞ്ഞ സ്ഥലങ്ങളിലുള്ളവർ ഒക്കെയും സുന്നികളാണ്.

PRESIDENT : I believe what Mr. Mahomed means is that even among Marumakkathayam Mahomedans there may be Shiyas and Sunnis and whether they are Shiyas or Sunnis, Mahomedan Law may be applied but not Marumakkatayam law. Is it right, Mr. Mahomed?

MR. P. S. MAHOMED (*Nominated*) : Yes, Sir.

MR. A. THANU PILLAI (*Trivandrum*) : ഷീയാവിനും സുന്നിക്കും തമ്മിലുള്ള വ്യത്യാസമെന്താണ്? അതായതു് ഒരാൾ ഷീയാ വേറൊരാൾ സുന്നി എന്നുപറഞ്ഞാൽ എന്താണ് ഞാൻ മനസ്സിലാക്കേണ്ടതു്?

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): മഹമ്മദൻലാ പഠിച്ചാൽ ഇതൊക്കെ മനസ്സിലാവുകയില്ലേ?

MR. P. S. MAHOMED (*Nominated*) : മനസ്സിലാകും.

MR. A. THANU PILLAI (*Trivandrum*) : പാർട്ടിഷനെ സംബന്ധിച്ചു മനസ്സിലാക്കാനാണ് ചോദിക്കുന്നതു്.

MR. P. S. MAHOMED (*Nominated*): പാർട്ടിഷൻ വരുമ്പോൾ ഷീയാ എന്നോ സുന്നി എന്നോ ഉള്ള തർക്കമില്ല. മഹമ്മദൻലായിൽ ഓരോരുത്തരെപ്പററിയും പറയുന്നുണ്ടു്. അതാതുവിഭാഗക്കാർ അതാതുനിയമം അനുസരിച്ചുകൊണ്ടാൽ മതി.

MR. A. THANU PILLAI (*Trivandrum*) : കൂട്ടുകുടുംബസ്വത്തിനെപ്പററി മഹമ്മദൻലാ ഏർപ്പെടുത്തണമെങ്കിൽ എങ്ങനെചെയ്യണമെന്നാണു മെമ്പറുടെ അഭിപ്രായം?

MR. P. S. MAHOMED (*Nominated*) : എൻെറ അഭിപ്രായം ഓരോരുത്തക്കും ആളോഹരിവീതം കിട്ടണമെന്നാണ്. തറവാട്ടുസ്വത്തുള്ളവക്കു തടസ്ഥമുണ്ടെങ്കിൽ അവക്കുംകൂടി യോജിച്ചു പോകത്തക്കവിധത്തിൽ വല്ലതും ചെയ്യുന്നതു എനിക്കു സമ്മതമാണ്.

MR. A. THANU PILLAI (*Trivandrum*) : ഇതിനെസംബന്ധിച്ചു തെളിവെടുക്കണോ?

MR. P. S. MAHOMED (*Nominated*) : സിലക്ട്കമ്മിററിക്ക് ആവശ്യമുണ്ടെന്നു തോന്നുന്നപക്ഷം തെളിവെടുക്കാം.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*) : മരുമക്കത്തായം ആചരിച്ചുവരുന്നവരുടെ ശ്രദ്ധയിൽ ഈ ബിൽ പെട്ടിട്ടുണ്ടോ?

MR. P. S. MAHOMED (*Nominated*) : അവരാണ് ഈ ബിൽ കൊണ്ടുവരണമെന്നു അപേക്ഷിച്ചതു്.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): അവരിൽ ചിലരെക്കൂടി സിലക്ട്കമ്മിററിയിൽ ചേക്കുന്നതുകൊണ്ട് മെമ്പക്കു വിരോധമുണ്ടോ?

MR. P. S. MAHOMED (*Nominated*) : എനിക്കൊരുവിരോധവുമില്ല.

MR. K. P. NILAKANTA PILLAI (*Chirayinkil*): Sir, I wish to make a few observations about the Bill. I did not decide whether I should support or oppose the Bill. The Bill was only published and placed in our hands very recently. Therefore I had a talk with Mr. Mahomed as to whether that section of the Mahomedan community in Edava and Odattil supported the principle of the Bill. Mr. Mahomed assured me that a large majority of the people were in favour of the Bill though nothing has appeared for or against that either in the Press or in the Platform.

MR. P. S. MAHOMED (*Nominated*) : You can find from the newspapers.

MR. K. P. NILAKANTA PILLAI (*Chirayinkil*) : Nothing came to my notice in that direction.

I raised that point to Mr. Mahomed and because the Muslims of Edava and Odattil did not say anything against the Bill it cannot be said that they are wholeheartedly in support of a measure likethe present one. This Bill seems to affect the Mahomedans living at Edava and Odathil which are in my constituency and Paravur which is a part of Quilon. Therefore this Bill only affects the law of inheritance of the people in these three places who are now following the Marumakkathayamlaw.

[Mr. K. P. Nilakanta Pillai.]

For the time being on the assurance of Mr. Mahomed I have not the least objection for the Bill being referred to a Select Committee. I am of opinion, because I had not the opportunity seeing members of the Mahomedan community of the said places and conversing with a large majority of them, it would be advisable, that one or two from among the respectable men of those localities, may be nominated as members of the Select Committee which is to consider the further progress of this Bill. With these observations I support the principle of the Bill.

MR. P. S. MAHOMED (*Nominated*): ഈ ബിൽ വേണ്ടവിധത്തിൽ പരസ്യംചെയ്തില്ലയോ എന്നൊരു സംശയം ഇവിടെ പറയുകയുണ്ടായി. ഈ ബിൽ പരസ്യം ചെയ്തതുപോലെ മറ്റൊരു ബില്ലും തന്നെ പരസ്യപ്പെടുത്തിയിട്ടില്ല. ഗസററിൽ അനുവാദം തരുന്നതിനുമുമ്പേതന്നെ പരസ്യംചെയ്തു. മുസ്ലീംപത്രത്തിലും വളരെകാലം പരസ്യം ചെയ്തിരുന്നു. പല യോഗങ്ങളുംകൂടി ഇതിനെസംബന്ധിച്ച് റസല്യൂഷൻസ് പാസാക്കി അയച്ചിട്ടുണ്ട്. പ്രജാസഭയിൽ മെമ്പർമാർ ഗവർണ്മെൻറിനെ അറിയിച്ചു. ഈ സംഗതിയിൽ എതിർ ഇല്ല എന്ന സംഗതി ഈ നിയമം വേണമെന്നു ആവശ്യപ്പെടുന്നവരുടെ താലൂക്ക പ്രതിനിധിയായ മി. കെ പി. നീലകണ്ഠപ്പിള്ളയോടു അവരാരുംതന്നെ ഇതിലേക്ക എതിർ ഉണ്ടെന്നു പറയാത്തതിൽനിന്നും സ്പഷ്ടമാകുന്നുണ്ട്. സമുദായത്തിലെ മെമ്പർതന്നെ ഒരു ബിൽ കൊണ്ടുവരട്ടെ എന്നു ഗവണ്മെൻറു മറുപടി പറഞ്ഞതുകൊണ്ട് അവർ മുസ്ലീം മെമ്പറെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു എന്നേയൊള്ളു. ഇതിൽ അവക്ക എതിരഭിപ്രായം ഉണ്ടായിരുന്നാൽ അവർ ഉടൻതന്നെ മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ അടുക്കൽ പോകുമായിരുന്നു. ഇതിൽനിന്നും എതിർ ഇല്ല എന്നുള്ളതു നിശ്ചയം.

The question that the principle of the Bill to amend the law relating to inheritance and succession among Muslims of Travancore be accepted and the Bill be read in Council, was then put to the vote of the House and carried *nem con.*

The Secretary to the Council then read the title of the Bill.

MR. P. S. MAHOMED (*Nominated*): ഈ ബിൽ ലാമെംബർ നാമിനേററുചെയ്യുന്ന അംഗങ്ങളടങ്ങിയ ഒരു സിലക്ട്കമ്മിററിക്ക റഫർ ചെയ്യണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

PRESIDENT: You say you would prefer to nominate members to the Select Committee at a subsequent meeting of the Council?

MR. P. S. MAHOMED (*Nominated*): Yes, Sir.

MR. A. G. MENON (*Parur*): I second it.

The motion that the Bill be referred to a Select Committee, the members to which would be nominated at a subsequent meeting of the Council, was then put to the vote of the House and carried *nem con.*

RESOLUTIONS ON MATTERS OF GENERAL PUBLIC INTEREST.

CONSTITUTION OF A COMMITTE TO TAKE STEPS TO RELIEVE THE PEOPLE FROM THE PRESENT FINANCIAL CRISIS.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Sir, I beg to move the following resolution:

> This Council recommends to the Government that a committee with an elected non-official majority and the necessary financial aid from the Government be constituted immediately for taking prompt steps to relieve the people from the present financial crisis.

Sir, unfortunately, this subject of economic depression is not a new one. Economic depression has been felt in the country for the last eighteen months.

PRESIDENT: In view of the discussion that has taken place in the House, the day before yesterday, on the same subject, have you anything to say?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): The adjournment motion was on the delay on the part of Government in taking steps to relieve the people of this economic depression.

PRESIDENT: I merely wanted to suggest it to you in order to know whether you really wish to discuss your present resolution.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): This subject is not new to this Council. It was referred to when the adjournment motion on the delay on the part of Government to take remedial measures was discussed in this House two days back. Many constructive suggestions have been made by most of the members on this side of the House. The fact that the Government are not unaware of the seriousness of the situation is evident from the fact that the Dewan, in his Address to the Popular Assembly, has made reference to it. But the committee which was then promised by the Dewan is different from the committee which I have now suggested in this resolution. The committee promised by the Dewan is to enquire into the causes of the present economic depression and to submit a report to Government.

PRESIDENT: It is to suggest remedies also.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): It can suggest remedies only in its report. But the committee I suggest in my resolution is a committee for taking immediate steps for relieving the people from the present financial crisis.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Without knowing the causes, the committee is going to take immediate steps to remedy the situation?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): The committee will look into the causes and take remedial measures to relieve the people. Perhaps, my suggestion appears to be very novel.

PRESIDENT: You may explain it.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): This situation which we have now to face, Sir, is not a matter which can be referred to a committee for enquiry and submission of a report at some distant date. There are certain matters on which urgent action has to be taken by Government; and, the economic depression and the distress caused to the people thereby are such urgent matters. If we are to draw inferences from the time taken by the various committees that have so far been constituted, it is more or less certain, that this committee also would take a long time to submit its report. So, what I suggest is that, even apart from and without prejudice to the committee promised by the Dewan, the committee that I now suggest in my resolution may be appointed. Sir, if I remember right, in reply to a representation in the Popular Assembly, the Dewan stated that though a committee to enquire into the causes of the depression would be appointed, that would not debar the Government from taking other steps to relieve the people even before the committee submits its report. My present suggestion is that, that matter of taking immediate steps to relieve the distress might be entrusted to a committee with an elected non-official majority. Since the committee is to take immediate action and to spend money, I know it should consist of responsible officials also. I would be very glad if the Dewan himself is the President of the Committee, so that there may not be any difficulty or delay in getting the expenditure, recommended by the committee, sanctioned by Government, or in taking other steps. The committee must be given adequate funds to meet the situation. Anyhow, since the time is very limited I do not want... ..

PRESIDENT: But, I do not think you have made the position clear. What is the committee to do? Where is to get the money from?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Government should give the necessary funds.

PRESIDENT: The committee should pass resolutions and get money from Government.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Yes.

PRESIDENT: That is exactly what the other committee also is going to do.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): The other committee has first to submit its report which the Government would consider, and then take steps.

MR. K. P. NILAKANTA PILLAI (*Chirayinkil*) : May I know from the member, what are the functions of the committee now suggested by him? He may explain it by illustrations, or suggestions, or by description.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : I have clearly stated it here in my resolution.

"............for taking prompt steps to relieve the people from the present financial crisis."

My friend Mr. T. C. Kesava Pillai suggested that the allotment for loans may be increased, that some extension of time may be granted to the people for the payment of taxes, that the tax may be remitted and that more money may be allotted for the Public Works Department in the different parts of the State so that more people may get work to relieve them from unemployment and distress. In regard to all these and various other steps, the committee which I suggest, will immediately take action without waiting to make a report or to get it approved by Government for further action by them.

PRESIDENT : What is the action that the committee is going to take?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): The committee will suggest steps to be taken, and make the Government allot money for them.

PRESIDENT : That is exactly what the other committee is going to do.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : The committee will itself pass orders sanctioning more money for loans, pass orders remitting taxes, pass orders giving more time for the payment of taxes. All these things the committee can do directly and immediately if the Dewan or the Chief Secretary is in the committee.

PRESIDENT : Even if the Dewan presides, the Committee would not be Government ; it would only be a committee.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : The Dewan, forming part of the committee, will feel the necessity to take immediate action suggested by the committee.

PRESIDENT : You do not seem to understand me, Mr. Asan. A committee is proposed to be constituted by Government.......

MR. K. GEORGE (*Chief Secretary to Government*) : Orders have already been issued.

PRESIDENT : The G. O. constituting the committee has already been issued. It is a committee of officials and non-officials and it has to consider this question of economic distress, its causes, and to suggest remedial measures. The suggestions of the committee will be considered by Government with all the weight that they deserve. I do not understand what more *your* committee is going to do. Even from what you have been saying hitherto, I have not been able to understand

[President.]

what you mean. Whatever may be the constitution of the committee, it will only be a committee; and the most it can do is tosuggest things to Government. It cannot do anything more than that.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): The committee constituted by Government can only make a report to Government, while the one that I suggest can itself take immediate action.

PRESIDENT: Why do you think that the committee constituted by Government would take more time to make suggestions than the committee you now suggest?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Because, the committtee constituted by Government can only report to Government; and Government will consider the report and then take action. On the other hand, the committee that I now suggest can directly take immediate action.

MR. K. GEORGE (*Chief Secretary to Goverment*): Is it the member's idea that the committee that he suggests should be entrusted with money and should be allowed to make cash loans as they like without even getting any security? Does he suggest that the tax-payers' money should be freely distributed like that?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*)): No, no.

MR. K. GEORGE (*Chief Secretary to Government*): What is the financial aid that he speaks of in his resolution?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikpalli*): The financial aid recommended by the committee must be given by Government. The committee must be given the financial aid where they require it. I do not suggest that the committee should be allowed to spend money without Government sanction.

MR. K. GEORGE (*Chief Secretary to Government*): Then, I cannot understand any distinction between the committee now suggested by the member and the one constituted by Government.

